



2013 ഫെബ്രുവരി / വോള്യം 5 / ലക്കം 2/ വില ₹ 15

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## സ്ത്രീ, കൃഷി, പരിസ്ഥിതി – ഹരിത ചിന്തകൾ





# സംഘടിത

ഫെബ്രുവരി 2013-വാല്യം 5-ലക്കം 2


## ഉള്ളടക്കം





തിരിച്ചറിവിലൂടെ
എലിസബത്ത് ജോസഫ്






സ്ത്രീകൾ മണ്ണിന്റേയും വിത്തിന്റേയും സംരക്ഷകർ
എസ്. ഉഷ






'എന്റെ'
സുനീത ടി.വി

7. എരയാംകുടി സമരനായിക -ചാരുലത
11. കാർഷികമേഖലയിലെ ചില സ്ത്രീചിന്തകൾ - വി.എം.ദീപ
13. ഇടനിലങ്ങൾ-ശ്രീജ ആറങ്ങോട്ടുകര
27. വഴികാട്ടിയ വൈകുന്നേരങ്ങൾ-ശില്പ.സി.എസ്
27. എന്റെ കൃഷി അനുഭവങ്ങൾ - അമൃത.കെ.ബി
32. മ്സ്വാഖെ മ്ബുലി കവിയും കൊള്ളക്കാരനും - അനിത തമ്പി
37. പെൺപക്ഷം - അജിത. കെ
40. ചെറുത്തു നിൽപ്പിന്റെ പാടുകൾ - ഉഷ പി.ഇ
43. സാറാജോസഫിന്റെ നോവലുകൾ - 2
ദേശം-സംസ്കാരം-പ്രതിരോധം - ഡോ. ഖദീജ മുംതാസ്
45. വാസ്തവം - ജാൻസി
46. കാർഷികവൃത്തിയിൽ ഒരു വിദ്യാർത്ഥികൂട്ടായ്മ -രോഹിണി.കെ
47. ഉള്ളിൽ ഒരു കടലിരമ്പുന്നു- ഡോ. എൽ. സുഷമ
50. ശബ്ദം അപഹരിക്കപ്പെട്ട ഇരകൾ -ഡോ.മിനിപ്രസാദ്
53. അപരിഹാര്യം-കഥ -പ്രസീത.കെ.പി

**കവിതകൾ**

മുലകൾ - ദിവ്യ ദിവാകരൻ
മിന്നാമിനുങ്ങുകൾ - സുനില എ രാജ
അവൾ - ആർ. ശ്രീലതാവർമ്മ
പെൺകുരുന്നിന്റെ ദുഃഖം - ലീലാവാസുദേവൻ



എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
ഗസ്റ്റ് എഡിറ്റർ : ശ്രീജ ആറങ്ങോട്ടുകര
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com

www.anweshi.org www.sanghaditha.com




## പ്രതികരണം

*പ്രിയപ്പെട്ട ശ്രീമതി സാറാജോസഫ്,*

*'സംഘടിത' പതിവായി കിട്ടുന്നു. ദളിത്സ്ത്രീ- പ്രത്യേകപതിപ്പ് വളരെ ശ്രദ്ധേയമായി. ഈടുള്ള പ്രസിദ്ധീകരണത്തിന് അഭിനന്ദനങ്ങൾ. തുടർന്നും ഇതുപോലുള്ള കാതലായ കാലികപ്രശ്നങ്ങൾ 'സംഘടിത'ക്ക് പ്രമേയമാകട്ടെ എന്നാഗ്രഹിക്കുന്നു. ആശംസകളോടെ.*

**കെ.ജയകുമാർ**
*വൈസ് ചാൻസലർ,*
*തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല,*
*തിരൂർ*

സ്ത്രീസമത്വവാദത്തിന്റെ

## 30 വർഷങ്ങൾ

സ്ത്രീപക്ഷവീക്ഷണം ജീവിതത്തിലും
സമൂഹത്തിലുമുണ്ടാക്കിയ
സംവേദന ക്ഷമതകളും പ്രതിബന്ധങ്ങളും
മൂന്നു തലമുറയിലെ സ്ത്രീപ്രവർത്തകർ
അനുസ്മരിക്കുന്നു, വിലയിരുത്തുന്നു.

കാണുക, സംഘടിത മാർച്ച് ലക്കം

ഗസ്റ്റ് എഡിറ്റർ : ഗിരിജ കെ.പി





## എഡിറ്റോറിയൽ



സാറാ ജോസഫ്



## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

# സ്ത്രീ, കൃഷി, പരിസ്ഥിതി - ഹരിത ചിന്തകൾ

**ശ്രീജ ആറങ്ങോട്ടുകര**

**കൃ**ഷി മനുഷ്യരുടെ ആദ്യത്തെ ജീവിതവൃത്തികളിലൊന്നാണ്. Agriculture -ൽ നിന്നാണ് culture ഉണ്ടായതെന്ന് പറയാറുണ്ട്. ഓരോരുത്തരും അവരവർക്ക് വേണ്ടത് ഉണ്ടാക്കിയെടുക്കുന്ന കൃഷിരീതി പതുക്കെ മാറി വരികയും കാർഷികവൃത്തി ചിലരുടെ മാത്രം ചുമതലയായി മാറുകയും ചെയ്തു. അദ്ധ്വാനിച്ച് ലോകത്തെ മുഴുവൻ ഊട്ടേണ്ട ഉത്തരവാദിത്വം അവർക്ക് മാത്രമായി. മുഴുവൻ പേർക്കും ഭക്ഷണമുണ്ടാക്കി ഊട്ടേണ്ട ഉത്തരവാദിത്വം സ്ത്രീയുടെ മേൽ വന്നത് ഇതിനോട് കൂട്ടിവായിക്കാവുന്നതാണ്. കാർഷികവൃത്തിയിൽ പ്രത്യേകിച്ച് ധാന്യകൃഷിയിൽ സ്ത്രീകൾക്ക് വളരെയേറെ പങ്കു വഹിക്കാനുണ്ടായിരുന്നു. അഗ്രികൾച്ചർ, അഗ്രിബിസിനസ്സ് ആയി മാറിയതും യന്ത്രവൽക്കരണവും എല്ലാം കൃഷിയിൽ സ്ത്രീകളുടെ പങ്കിനെ വളരെയേറെ കുറച്ചുകൊണ്ടിരിക്കുന്നുണ്ട്.

ഒരർത്ഥത്തിൽ പ്രകൃതിയിൽ മനുഷ്യരുടെ ആദ്യത്തെ കടന്നുകയറ്റമാണ് കൃഷി. പ്രകൃതിയിൽ സ്വയമേവ ഉണ്ടായിരുന്നവ ഭക്ഷിച്ച് ജീവിച്ചിരുന്ന മനുഷ്യർ നദീതീരത്തും കാട് വെട്ടിത്തെളിച്ചും തങ്ങൾക്ക് വേണ്ടത് ഉണ്ടാക്കിയെടുക്കാൻ തുടങ്ങി. ആവശ്യങ്ങൾ കൂടിക്കൂടി ആർത്തിയും സ്വാർത്ഥതയും ചൂഷണവുമെല്ലാമായി മാറിയതോടെ വിഷരാസവസ്തുക്കൾ വാരിയെറിഞ്ഞ് വിഷം ഉത്പാദിപ്പിച്ച് ഊട്ടുന്ന, ഭൂമിയേയും ജീവനേയുമെല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുന്ന കൃഷിരീതി ഉണ്ടായിവന്നു. എവിടെയാണ് എങ്ങിനെയാണ് ഈ കുത്തൊഴുക്കിന് കൊടുങ്കാറ്റിന് തടയിടേണ്ടതെന്ന് ആലോചിക്കാൻ വൈകിയിരിക്കുന്നു. കടന്നുവന്ന ആയിരത്താണ്ടുകൾ മറക്കാനോ പിറകിലേക്ക് പോകാനോ നമുക്ക് കഴിയില്ല. മുന്നോട്ട് പോയിക്കൊണ്ടുതന്നെ ഈ പാടം, പുഴ, കാട്, കടൽ, ഭൂമി, ആകാശം എന്നിവയൊക്കെ അളന്ന് മുറിച്ച് വിൽക്കാനും കയ്യേറ്റം ചെയ്ത് നശിപ്പിക്കാനും നമുക്കെന്ത് അവകാശമാണുള്ളതെന്നും ഇതിനെയൊക്കെ എത്രമാത്രം ക്രിയാത്മകവും ശുദ്ധവും നന്മയും ഉള്ളവയാക്കാം എന്നും നമ്മൾ ആലോചിക്കേണ്ടതുണ്ട്, അതിനായി ശ്രമിക്കേണ്ടതുണ്ട്.

മുഴുവൻ പേർക്കും കഴിയില്ലെങ്കിലും ഭൂരിപക്ഷത്തിനും ഇപ്പോഴും അവരവർക്ക് വേണ്ടത് കുറച്ചെങ്കിലും ഉണ്ടാക്കിയെടുക്കാനുള്ള സാദ്ധ്യത തുറന്നു കിടക്കുന്നുണ്ട്. ഈ സാദ്ധ്യതകൾ പരമാവധി ഉപയോഗിക്കുന്നതിലൂടെ കൃഷിയുടെ അതിവാണിജ്യവത്ക്കരണവും പരിസ്ഥിതി നശീകരണവും കുറയ്ക്കാൻ സാധിക്കും. ഏത് പണിയെടുക്കുന്നവരും സ്വന്തം അടുക്കളയിൽ പാചകം ചെയ്ത് കഴിക്കുന്നതുപോലെ അതിലേക്കുള്ള ഭക്ഷ്യവസ്തുക്കൾ സാദ്ധ്യമായവ -കൃഷിയിലൂടെ സ്വന്തമായി ഉത്പാദിപ്പിക്കാനും നമുക്ക് കഴിയണം. ഇതിലെല്ലാം സ്ത്രീയും പുരുഷനും കുട്ടികളും ഒരുപോലെ പങ്കാളികളാവുകയും വേണം. ഒരു ഉരുള ചോറുണ്ണുമ്പോൾ നാം അറിയേണ്ടതുണ്ട്, എത്രയേറെ സസ്യങ്ങളുടെ, ജന്തുക്കളുടെ സൂക്ഷ്മജീവികളുടെ, മനുഷ്യരുടെ അദ്ധ്വാനം കൊണ്ടാണ് എവിടെയോ ഏതോ മണ്ണിൽ വിളയുന്ന ധാന്യവും പച്ചക്കറികളുമെല്ലാം എത്രയൊക്കെയോ സഞ്ചരിച്ച് നമ്മുടെ മുന്നിൽ എത്തുന്നതെന്ന്. ക്ലോണിങ്ങോ മറ്റെന്ത് ശാസ്ത്രസാങ്കേതികത വന്നാലും ആത്യന്തികമായി ഉത്പാദകർ പ്രകൃതിയിലെ സസ്യജാലങ്ങൾ തന്നെയാണ്. ആദ്യത്തെ കൃഷിയിടവും അടുക്കളയും പ്രകൃതി തന്നെയാണ്. പാടം നെല്ലും മറ്റു ധാന്യങ്ങളുമുണ്ടാക്കുന്ന അടുക്കളയാണ്. പറമ്പ് നാളികേരവും പച്ചക്കറികളും കിഴങ്ങുകളും ഇലക്കറികളും ഉണ്ടാക്കുന്ന അടുക്കളയാണ്. കുളവും പുഴയും കടലുമെല്ലാം വെള്ളം തരുന്ന, മത്സ്യങ്ങളെയും മറ്റനേകജലജീവികളേയും തരുന്ന അടുക്കളയാണ്. ഇവയിൽ നിന്ന് ഏതിനെ എങ്ങനെ നമുക്കെടുക്കാൻ അവകാശമുണ്ട്, എത്രമാത്രം നാം അവയെ ചൂഷണം ചെയ്യുന്നുണ്ട്, നശിപ്പിക്കുന്നുണ്ട് എന്നെല്ലാം ആലോചിക്കാൻ വൈകിയിരിക്കുന്നു.

നമുക്കു ജീവനും ജീവിതവും നിലനിർത്തുന്ന സസ്യങ്ങളേയും ജീവജാലങ്ങളേയും മണ്ണിനേയും വായുവിനേയും ജലത്തേയുമൊക്കെ ഉള്ളുകൊണ്ടു നമസ്കരിക്കാൻ കഴിയുന്ന ചിന്ത ഹരിത ചിന്ത ഉണ്ടാകുന്നതോടെ ഒന്നിനേയും ആരേയും ചൂഷണം ചെയ്യാനോ, നശിപ്പിക്കാനോ ദ്രോഹിക്കാനോ നമുക്ക് കഴിയാതാവുന്നു.

സാറടീച്ചറുടെ പ്രസിദ്ധമായ ആശയമാണ് അടുക്കള തിരിച്ചുപിടിക്കുക എന്നത്. പ്രകൃതിയിലെ ഓരോ അടുക്കളയേയും തിരിച്ചുപിടിക്കാതെ നമുക്കിനി മുന്നോട്ടുപോകാൻ കഴിയില്ല. കണ്ണടച്ചു തുറക്കും മുമ്പ് അപ്രത്യക്ഷമാകുന്ന കുന്നുകളും വലിയ കെട്ടിടങ്ങളും വിമാനത്താവളങ്ങളുമായി മാറുന്ന നെൽപ്പാടങ്ങളും കുപ്പിവെള്ളക്കമ്പനികളും ടൂറിസ്റ്റ് റിസോർട്ടുകളായി മാറുന്ന കാടും പുഴയും കായലുമൊക്കെ തിരിച്ചു പിടിക്കാതെ എങ്ങിനെയാണ് നമ്മൾ വളരുക? വികസിക്കുക. സ്ത്രീയുടെ സഹനവും സമരവുമെല്ലാം ഈ അടുക്കളകളെ തിരിച്ചുപിടിക്കാൻ കൂടിയാണ്. സ്ത്രീരാഷ്ട്രീയവും ദളിത്-ആദിവാസി രാഷ്ട്രീയവും കൃഷി-പരിസ്ഥിതി രാഷ്ട്രീയവുമെല്ലാം ഒന്നുചേരുന്നത് ഇങ്ങനെയാണ്- ഇതിനെയെല്ലാം ഉൾക്കൊള്ളുന്ന ഹരിതചിന്തയുടെ രാഷ്ട്രീയം.

സംഘടിതയുടെ ഈ കാർഷികപതിപ്പ് ഇത്തരം ആലോചനകൾക്കുള്ള ഒരു ചെറിയ ശ്രമമാവണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

**അഭിമുഖം**



ചാരുലത

# ജീവിതം സമരങ്ങളിലൂടെ...



ഒരു കറിവേപ്പിലചെടിപോലും
മലയാളിയുടെ മുറ്റത്തിന്നില്ല.
നമുക്ക് നമ്മോടില്ലാത്ത
ഉത്തരവാദിത്വം വേറൊരാൾക്ക്
ഉണ്ടാകണമെന്ന ശാഠ്യം പരിഹാസ്യമാണ്.
"ജൈവകൃഷി രംഗത്ത് ഞാനിപ്പോൾ
ചെയ്യുന്നത് ഒരു സമരമാണ്."
ജയശ്രി ടീച്ചർ പറയുന്നു....
എരയാംകുടി സമരനേതൃത്വനിരയിൽ
ഉണ്ടായിരുന്ന ടീച്ചർ ജൈവകൃഷി
രംഗത്തും സജീവമായി നിൽക്കുന്നു.

*എരയാംകുടിപാടശേഖരത്തിൽ ഇഷ്ടിക ക്കളക്കാർക്കെതിരെ ജയശ്രിടീച്ചറുടെ നേതൃത്വത്തിൽ നടന്ന ഭൂസമരം ഒരുപക്ഷേ കേരളത്തിന്റെ ഭൂസമര ചരിത്രത്തിൽ മറക്കാനാവാത്ത ഒരു സംഭവം തന്നെയാണ്. ആ സമരം വിജയവുമായിരുന്നു. ഇങ്ങനെ ഒരു സമരത്തിലേക്ക് നയിച്ച സാഹചര്യം എന്തായിരുന്നു?*

എരയാംകുടി പാടശേഖരം അന്ന് ഇഷ്ടിക വ്യവസായികളുടെ പിടിയിലായിരുന്നു. യാതൊരു മാനദണ്ഡവുമില്ലാതെയാണ് ഇഷ്ടികക്കളക്കാർ അന്നു മണ്ണെടുപ്പ് നടത്തിക്കൊണ്ടിരുന്നത്. ഈ മണ്ണെടുപ്പു കൊണ്ട് പാടശേഖരത്തിന്റെ ഒരു ഭാഗം മുഴുവൻ നശിച്ചുപോയിരുന്നു. എന്തുവിലകൊടുത്തും ബാക്കി ഭാഗമെങ്കിലും സംരക്ഷിക്കണമെന്ന് ഞങ്ങൾ തീരുമാനിച്ചു.ഞങ്ങളുടെ ആവശ്യം വളരെ ലളിതമായിരുന്നു, പാടശേഖരത്തിൽ ഇഷ്ടികയല്ല വിളയേണ്ടത് നെല്ലാണ് വിളയേണ്ടത്. ഏക്കറുകണക്കിന് ഭൂമി തരിശായി ഇട്ടിട്ടാണ് ഭക്ഷണത്തിനും വെള്ളത്തിനും വേണ്ടി കേരളജനത നെട്ടോട്ടമോടുന്നത്. 2007 നവംബർ 27ന് സാറട്ടീച്ചർ വിത്ത് വിതച്ച് സമരം ഉത്ഘാടനം ചെയ്തു. സമരപരിപാടിയുടെ ആലോചനായോഗത്തിൽ സി.ആർ.നീലകണ്ഠൻ സമരത്തിനൊരു ഗൈഡൻസ് തന്നു. ജനകീയസമരവും നിയമയുദ്ധവും ഒരുമിച്ചുനടന്നു.

*പല ജനകീയ മുന്നേറ്റങ്ങളും തകർക്കാൻ ശ്രമിക്കുന്നവരുടെ സ്ഥിരം പല്ലവി ഇവിടെയും കേട്ടിരുന്നു; താങ്കൾ തീവ്രവാദിയാണ്, നക്സലൈറ്റ് ആണ് എന്നെല്ലാം. വളരെവേഗം ഒരാൾ മുദ്രകുത്തപ്പെടുകയാണ്! രാഷ്ട്രീയ- സാംസ്കാരിക നേതാക്കളുടെ നിലപാട് ഇത്തരുണത്തിൽ എന്തായിരുന്നു.*

എനിക്കെതിരെ ചുവരെഴുത്തും നോട്ടീസുകളും... എന്റെ ധൈര്യം കൂടുകയായിരുന്നു. എന്തെല്ലാമോ നഷ്ടപ്പെടുന്നു എന്ന് തോന്നിയപ്പോഴും തളർന്നില്ല. ജീവിതം മുന്നോട്ട് പോയേ തീരൂ. ഇഷ്ടിക ഉണ്ടാക്കരുതെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകൾ സ്വന്തമായുള്ള കേരളം, ബംഗാളിയോടും ആന്ധ്രാക്കാരോടും അരി ഇരക്കുന്നു. പാടങ്ങളായ പാടങ്ങളെല്ലാം കശാപ്പുകാർക്ക് വിൽക്കുകയാണ്. എങ്ങനെയാണ് നമുക്ക് ഇങ്ങനെയൊരവസ്ഥ വന്നത്. നോട്ടുകെട്ടു കാണുമ്പോൾ മലയാളിക്ക് കണ്ണുമഞ്ഞളിച്ചു പോകുന്നുവോ? ഈയവസ്ഥ മാറണം. 2007 ജനുവരി 26ന് എന്റെ വീട്ടിൽ പോലീസ് റെയ്ഡ്.

മല്ലരാജാറെഡ്ഢി എന്ന ക്രമിനലിന്റെ ലാപ്ടോപ്പ് തേടി യായിരുന്നു റെയ്ഡ്. ചിലരുടെ ഒത്തുകളിയോടു കൂടി രണ്ടരമണിക്കൂർ നീണ്ടു നിന്ന ഈ സർക്കാർ നാടകത്തിനൊടുവിൽ തൊണ്ടിസാധനമൊന്നും കിട്ടിയില്ല എന്ന് മഹസർ എഴുതി പോലീസ് കൈക ഴുകി. ജസ്റ്റിസ് കൃഷ്ണയ്യർ റെയ്ഡിനെ അപലപി ച്ചത് സമരത്തിന്റെ വിശ്വാസ്യത കൂട്ടി. വിവിധ രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകർ പിന്തുണയു മായി രംഗത്തുവന്നു, സുഗതകുമാരി ടീച്ചർ, ലീലാ മേനോൻ, കെ.ജി.ശങ്കരപ്പിള്ള, ജ്യോതിനാരായണൻ, സി.കെ.പി, വി.ഡി.സതീശൻ, തോമസ് ഉണ്ണ്യാടൻ, വിഷ്ണുനാഥ്, ടി.യു.രാധാകൃഷ്ണൻ, കെ.അജിത, കുരീപ്പുഴ ശ്രീകുമാർ.... ഇവരുടെ പിന്തുണ സമര ത്തിന് ഒരാവേശവും ധൈര്യവുമായിരുന്നു. സി. പി.ഐ ജില്ലാസെക്രട്ടറി ജയദേവേട്ടനും മുല്ലക്കര രത്നാകരനും പാടശേഖരം സന്ദർശിച്ച് സമരം അവ സാനിപ്പിക്കാൻ മുൻകൈയ്യെടുക്കാമെന്ന് ഉറപ്പുതന്നു. മാർച്ച് 8ന് മന്ത്രി മുല്ലക്കരരത്നാകരന്റെ സാന്നിദ്ധ്യ ത്തിൽ നടന്ന ചർച്ചയിൽ മെയ് 31നുള്ളിൽ ഇഷ്ടിക ക്കളങ്ങൾ നിർത്താനും അടുത്ത സീസൺ മുതൽ കൃഷി ആരംഭിക്കാനും നശിച്ചുപോയ സ്ഥലത്ത് എന്തുചെയ്യാനാവുമെന്ന് പരിശോധിക്കാൻ കാർഷിക സർവ്വകലാശാലയിൽ നിന്നും വിദഗ്ദരെ നിശ്ചയിക്കാനും എല്ലാകാര്യങ്ങളും ഭംഗിയായി നട ക്കുന്നില്ലേ എന്നറിയാൻ കളക്ടറുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി ഉണ്ടാക്കാനും തീരുമാ നിച്ചു. മാർച്ച് 9ന് കെ.ജി.എസ് എത്തി. കൊയ്ത്തുൽസവം നടത്തി സമരമവസാനിപ്പിച്ചു.

*സമരങ്ങൾക്കും ഒത്തുതീർപ്പുകൾക്കും ശേഷം, കാര്യങ്ങൾ പഴയപടിതന്നെ നടക്കുന്നതായാണ് നമ്മൾ കാണുന്നത്. എരയാംകുടി സമരത്തിനു ശേഷം എന്താണ് കൃഷിയുടെ അവസ്ഥ? മുഴുവൻ പാടശേഖരത്തും നെൽകൃഷി നടത്തുന്നുണ്ടോ?*

മുഴുവൻ പാടശേഖരത്തും കൃഷി നടത്തുന്നില്ല. എന്നാലും എറെക്കുറെ എല്ലാപാടങ്ങളിലും ഇന്നു കൃഷിനടക്കുന്നു. അന്ന് ഇഷ്ടികക്കളം നടത്തിയി രുന്ന പല ആൾക്കാരും ഇപ്പോൾ ഇഷ്ടിക പ്പണി നിറുത്തി. കൃഷിയിലേക്ക് തിരിച്ചുവ ന്നു- ഉദാ:സിദ്ധാർത്ഥൻ. അതു പോലെത്തന്നെ ചില ആൾക്കാർ പാടം പാട്ട ത്തിന് കൃഷിചെയ്യാൻ കൊടുത്തിരിക്കുന്നു. എരയാംകുടിപാടത്ത് വൈക്കോൽ കിട്ടുമെ ന്നറിഞ്ഞ് അത് എടുക്കുവാനായി ലോറികൾ വരുന്നുണ്ട്. ഇവിടെ ഇപ്പോൾ നല്ലരീതിയിൽ കൃഷി നടക്കുന്നു. പക്ഷേ തരിശായ കുറച്ചു നിലങ്ങൾ ഇപ്പോഴും ഇവിടെ കിടക്കുന്നുണ്ട്.

*ഇന്ന് നെൽകൃഷി ചെയ്യുന്ന കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പല താണ്- തൊഴിലാളികളെ കിട്ടുന്നില്ല, മാർക്ക റ്റിംഗിന്റെ പ്രശ്നം ഇങ്ങനെ പലതും- എര യാംകുടി പാടശേഖരത്തിൽ ഇതിനുപരി യായി കൃഷിക്കാർ എന്തെങ്കിലും പ്രശ്ന ങ്ങൾ നേരിടുന്നുണ്ടോ?*

വേണ്ട രീതിയിൽ വെള്ളം കിട്ടുന്നില്ല എന്ന താണ് ഏറ്റവും വലിയ പ്രശ്നം. ധാരാളം വെള്ളം ലഭിക്കുന്ന ഒരു പ്രദേശമാണ് എരയാംകുടി. പാട ത്തിന്റെ ഒരു ഭാഗത്ത് ഒരു ഷട്ടറുണ്ടായിരുന്നു. ഇന്ന് ആ ഷട്ടർ പ്രർത്തനക്ഷമമല്ല. ഇഷ്ടികക്കളക്കാർ ഷട്ട റിന്റെ പലകയെടുത്ത് കളഞ്ഞിരിക്കുന്നതുകൊണ്ട് പാടത്തെ വെള്ളം ഒന്നായി വാർന്നു പുഴയിലേക്ക് ഒലിച്ചുപോവുകയാണ്. അതുകൊണ്ട് പാടത്ത് വെള്ളം കെട്ടിനിർത്താൻ കഴിയുന്നില്ല. വെള്ളമില്ലാ ത്തതുകൊണ്ട് അവിടെ ഒരു കൃഷിയേ ചെയ്യാൻ കഴിയുന്നുള്ളൂ. സമരകാലത്ത് ഇവിടം സന്ദർശിച്ച ശ്രീ. ഉമ്മൻചാണ്ടി ഷട്ടർ ഇട്ടുതരാമെന്ന് പറഞ്ഞ വാർത്ത പത്രങ്ങളായ പത്രങ്ങളിലെല്ലാം വലിയ തല ക്കെട്ടുകളിലച്ചടിച്ചു വന്നിരുന്നു. പക്ഷേ ഒന്നും നട ന്നില്ല. ഇപ്പോൾ 25 ലക്ഷം ഇതിനുവേണ്ടി അനുവ ദിച്ചു എന്നൊരു വാർത്ത കേൾക്കുന്നു. രണ്ടാമതായി കൃഷിക്കാർ കൃഷിചെയ്യാൻ തയ്യാറാവുന്നില്ല. കൃഷി ചെയ്യാതിരിക്കാനുള്ള കാരണങ്ങൾ പലതാവാം. അതുകണ്ടെത്തി പരിഹരിക്കാനുള്ള ആർജ്ജവം ഗവൺമെന്റോ ഗവൺമെന്റിന്റെ പിൻബലത്തിൽ നിൽക്കുന്ന കുടുംബശ്രീ പോലുള്ള യൂണിറ്റുകളോ കാണിക്കണം.

*സാധാരണ പരിസ്ഥിതി പ്രവർത്തകരിൽ നിന്ന് ടീച്ചറിൽ കാണുന്ന വ്യത്യാസം നഗരം വിട്ട് ഉൾനാ ട്ടിൽ വന്ന് താമസിച്ച് കൃഷിക്ക് വളരെയേറെ മുൻതൂക്കം കൊടുത്തുകൊണ്ടുള്ള ഒരു ജീവിതമാ ണ് എന്നതാണ്. എന്തെല്ലാമാണ് ടീച്ചർ സ്വന്തമായി കൃഷി ചെയ്യുന്നത്?*

ഞങ്ങൾക്ക് വേണ്ടതെല്ലാം, നെല്ലുൾപ്പെടെ ഞങ്ങളിവിടെ കൃഷി ചെയ്യുന്നു. എരയാംകുടി സമ രത്തിനു ശേഷം ഏതാണ്ടു മുഴുവൻ സമയവും കൃഷിയിൽ തന്നെയാണ്. ഉരുളക്കിഴങ്ങ്, പരിപ്പ്... ഇങ്ങനെ ചില സാധനങ്ങൾ മാത്രമേ പുറത്തുനി ന്നു വാങ്ങേണ്ടി വരുന്നുള്ളൂ. ഇതിനു പുറമെ വെച്ചൂ രിപശു ഉൾപ്പെടെ പലതരം പശുക്കൾ, പലതരം



*കോഴികൾ, താറാവ് എന്നിവയും ഞങ്ങൾ വളർത്തുന്നുണ്ട്.*

*ജൈവഉത്പന്നങ്ങൾക്ക് മറ്റ് ഉത്പന്നങ്ങളേക്കാൾ അധികവിലയാണ് കമ്പോളത്തിൽ നൽകേണ്ടിവരുന്നത്. ഇതിന്റെ ഗുണം മനസ്സിലാക്കുന്നവർ എന്തു വിലകൊടുത്തും ഇത്തരം ഉത്പന്നങ്ങൾ വാങ്ങാനും തയ്യാറാകുന്നു. എന്നിട്ടും കൃഷി ലാഭകരമല്ല എന്ന് പറയുന്നത് എന്തുകൊണ്ടാണ്.*

ഇന്ന് കർഷകൻ അനുഭവിക്കുന്ന ഏറ്റവും വലിയൊരു പ്രശ്നമാണ് മാർക്കറ്റിംഗ്. ഇടത്തട്ടുകാരാണ് ലാഭം തട്ടിയെടുക്കുന്നത്. ഒരു നാടൻ കോഴിമുട്ടക്ക് ആറു രൂപയെങ്കിലും കിട്ടിയെങ്കിലെ കർഷകന് ചെലവായ പണം കിട്ടുകയുള്ളൂ. പക്ഷേ കിട്ടുന്നതോ മൂന്നു മൂന്നരരൂപമാത്രം. നേരിട്ടു കൊടുക്കുകയാണെങ്കിൽ കുറച്ചുകൂടി കിട്ടുമായിരിക്കും. പച്ചക്കറികൾ കൊടുക്കാൻ ഇവിടെ അടുത്തൊരു കടയുണ്ട്, അവിടെ കൊടുക്കും. ഞങ്ങളുടെ ആവശ്യം കഴിഞ്ഞ് ബാക്കി പാൽ തൈരാക്കും. അതു കടഞ്ഞ് വെണ്ണ മാറ്റിയ മോര് കടയിൽ കൊടുക്കും. വെണ്ണയുരുക്കി നെയ്യാക്കും. നാട്ടിൻ പുറത്ത് ഇമ്മാതിരി സാധനങ്ങൾക്ക് നഗരത്തിലെ പോലെ വലിയ ആവശ്യക്കാർ ഉണ്ടാവാറില്ല. അപ്പോൾ നമ്മളിതുമായി ടൗണിൽ പോകണം. ജൈവസാധനങ്ങൾ വിൽക്കുന്ന കട കണ്ടുപിടിച്ച് അവിടെ കൊടുക്കണം. നെയ്യ്, മുട്ട ഇത്തരം സാധനങ്ങൾ കൊണ്ടുപോകാൻ പലപ്പോഴും വാഹനം പിടിച്ചുപോകേണ്ടി വരും. പിന്നെ നമുക്ക് മിച്ചമൊന്നും ഉണ്ടാകുന്നില്ല

*ജൈവകൃഷി എന്നു പറയുമ്പോൾ ഏതുതരത്തിലുള്ള വളങ്ങളാണ് ഉപയോഗിക്കുന്നത്. പച്ചില വളവും, ചാണകവുമല്ലാതെ മറ്റെന്തെങ്കിലും ഉപയോഗിക്കുന്നുണ്ടോ?*

സുഭാഷ് പലേക്കറുടെ ജൈവകൃഷിയുടെ രീതിയാണ് ഞാൻ പിന്തുടരുന്നത്. കേരളത്തിൽ പലയിടത്തും ഇപ്പോൾ ഈ രീതി പ്രചാരത്തിലുണ്ട്. രണ്ടു കൊല്ലം മുമ്പ് പലേക്കർ മുവാറ്റുപുഴ വന്ന് ഒരുക്ലാസ്സെടുത്തിരുന്നു. ഞാനാക്ലാസ്സിൽ പങ്കെടുത്തിരുന്നു. അതിനുശേഷമാണ് നാടൻപശുവിന്റെ മൂത്രവും ചാണകവുമെല്ലാം എങ്ങനെ ഉപയോഗിക്കാമെന്ന് മനസ്സിലാക്കിയത്. 'ജീവാമൃത'മാണ് കൃഷിക്ക് വളമായി പ്രധാനമായും ഉപയോഗിക്കുന്നത്. സാധാരണ വളം ഉപയോഗിക്കുന്നതിനേക്കാൾ ഇരട്ടി വിളവ് ഈ മിശ്രിതം ഉപയോഗിച്ച് കൃഷിചെയ്യുമ്പോൾ ലഭിക്കുന്നു.

*എന്താണ് ജീവാമൃതം? ഇത് വീട്ടിലുണ്ടാക്കാൻ കഴിയുമോ?*

ജീവാമൃതം ഞാൻ സ്വന്തമായി വീട്ടിലുണ്ടാക്കുകയാണ് ചെയ്യുന്നത്. ഇത് ആർക്കും ഉണ്ടാക്കാൻ പറ്റുന്നതാണ്. നാടൻപശുവിന്റെ ചാണകവും മൂത്രവും ഉപയോഗിച്ചാണ് ജീവാമൃതം ഉണ്ടാക്കുക. നമ്മുടെ നാടൻപശുവും സങ്കരയിനംപശുവും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. 200 ലിറ്റർ വെള്ളത്തിൽ നാടൻപശുവിന്റെ 5 ലിറ്റർ മൂത്രവും പത്തുകിലോ ചാണകവും നന്നായി കലർത്തി അതിലൊരു കിലോ ശർക്കരയും രണ്ടുകിലോ പയറുപൊടിയും നമ്മുടെ പറമ്പിലെ തണലിലുള്ള രാസവളം ചേർക്കാത്ത ഒരുപിടി മണ്ണും ഇട്ട് ഇടതുവശത്തേക്കു മാത്രം കറക്കി മൂന്നു ദിവസം വെച്ചിരുന്നാൽ പുളിച്ചു പൊങ്ങിവരുന്ന ഒരു മിശ്രിതം നമുക്ക് കിട്ടും. ഇതാണ് ജീവാമൃതം. ഒരു നല്ല മണമാണ് ഈ മിശ്രിതത്തിന്. 3 ഏക്കർ സ്ഥലത്തേക്ക് മാസത്തിൽ ഒരു തവണ ഇത് കലക്കിയൊഴിച്ചാൽ മതി. വേറെ ഒരു വളവും ചെയ്യണ്ട.

**ഞങ്ങൾക്ക് വേണ്ടതെല്ലാം, നെല്ലുൾപ്പെടെ ഞങ്ങളിവിടെ കൃഷി ചെയ്യുന്നു. എരയാംകുടി സമരത്തിനു ശേഷം ഏതാണ്ട് മുഴുവൻ സമയവും കൃഷിയിൽ തന്നെയാണ്. ഉരുളക്കിഴങ്ങ്, പരിപ്പ്... ഇങ്ങനെ ചില സാധനങ്ങൾ മാത്രമേ പുറത്തു നിന്നുവാങ്ങേണ്ടി വരുന്നുള്ളൂ.**



*കൃഷി വകുപ്പിൽ നിന്ന് എന്തെങ്കിലും സഹായം ലഭിക്കുകയോ, കൃഷി ഓഫീസർമാർ പറമ്പിൽ വന്ന് കൃഷിക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യാറുണ്ടോ?*

ഓഫീസർമാർ പറമ്പിലേക്കു വരുന്ന പ്രശ്നമേയില്ല. കാർഷിക ക്ലബ്ബിന്റെ ഭാഗമായി ഞങ്ങൾ പുറത്തേക്ക് പോകാറുണ്ട്. അതിന്റെ ഭാഗമായിട്ട് ഞാൻ വെർജിൻ കോക്കനട്ട് ഓയിലിന് ഡിമാന്റ് ഉണ്ടെന്ന് മനസ്സിലാക്കി അതുണ്ടാക്കാൻ തുടങ്ങി. ടൗണിൽ പോകുമ്പോൾ ഇത് ചെറിയ കുപ്പികളിലാക്കി ജൈവകടകളിൽ കൊണ്ടുകൊടുക്കും. ഇത് ഉണ്ടാക്കാൻ ധാരാളം ഇന്ധനം ചെലവുണ്ട്. ബയോഗ്യാസ് സ്വന്തമായി ഉള്ളതുകൊണ്ട് ഇന്ധനപ്രശ്നം വല്ലാതെ ബാധിക്കാറില്ല. കഴിഞ്ഞ ഒന്നര വർഷമായിട്ട് ഒരു കുറ്റി ഗ്യാസാണ് എനിക്ക് പുറമെ നിന്നു വാങ്ങേണ്ടി വന്നത്. ഭക്ഷണമുണ്ടാക്കുന്നത് ഇന്നും സ്ത്രീയുടെ മാത്രം പണിയാണ്. അതുകൊണ്ട് തന്നെ ഗ്യാസിന്റെ അപര്യാപ്ത വളരെ വേഗം അവരെയാണ് ബാധിക്കുന്നത്. കുറച്ചൊന്നു ശ്രദ്ധിച്ചാൽ നമുക്ക് വീട്ടിൽ



തന്നെ ഉണ്ടാക്കാൻ കഴിയുന്ന ഒന്നാണ് ബയോഗ്യാസ്.

*നമ്മുടെ കാർഷികസംസ്ക്കാരം ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ തലമുറ പൊതുവെ കൃഷിയിൽ താല്പര്യം കാണിക്കുന്നില്ല. എന്തുകൊണ്ടാണ് കൃഷിമേഖലയിലേക്കുവരാൻ ആളുകൾ താലപര്യം കാണിക്കാത്തത്? കൃഷിയോടുള്ള താല്പര്യം കൊണ്ടായിരുന്നോ അധ്യാപികയുടെ ജോലി ഉപേക്ഷിച്ച് കൃഷിപ്പണിയിലേക്ക് ശ്രദ്ധതിരിച്ചത്?*

വ്യക്തിപരമായ ചില പ്രശ്നങ്ങൾ കൊണ്ടാണ് എനിക്ക് അധ്യാപികയുടെ ജോലി ഉപേക്ഷിക്കേണ്ടി വന്നത്. അന്ന് ജോലി രാജിവെക്കുകയേ നിവർത്തിയുണ്ടായിരുന്നുള്ളു. പക്ഷേ സമൂഹത്തിൽ നിന്നോ ജീവതത്തിൽ നിന്നോ ഒളിച്ചോടാൻ ഞാൻ തയ്യാറായിരുന്നില്ല. ഒരു വിധിപോലെ ഞാൻ എരയാംകുടിയിലെത്തിപ്പെടുകയായിരുന്നു. ഇന്നൊരു സർക്കാരുദ്യോഗസ്ഥൻ പണിയെടുക്കുന്നുണ്ടോ ഇല്ലയോ എന്നത് വിഷയമല്ല; മാസാവസാനം ശമ്പളം, പെൻഷൻ പറ്റിയാൽ പെൻഷൻ. ജീവിതം സുരക്ഷിതമാണ്. പക്ഷേ കർഷകന് എന്തുകിട്ടുന്നു. കർഷകനില്ലെങ്കിൽ ഇന്ത്യയുണ്ടോ? എറണാകുളത്തുകാരനും തിരുവനന്തപുരത്തുകാരനും ചോറുണ്ണുകയും പാലുകുടിക്കുകയും ഒക്കെ വേണ്ടേ. അതിന് പാവം കർഷകൻ വേണം. 50 വയസ്സു കഴിഞ്ഞവർ മാത്രമാണ് ഇപ്പോൾ കൃഷിപ്പണി ചെയ്യുന്നത്. അവരിപ്പോഴും തുച്ഛമായ വിലക്ക് സർക്കാരിന് നെല്ലുകൊടുത്തിട്ട് അഞ്ചും ആറും മാസം കാത്തിരിക്കുകയാണ് കാശുകിട്ടാൻ. അവിടം മുതൽ അഴിമതി തുടങ്ങുകയായി. സർക്കാർ ഇത് ഏതോ മില്ലിൽ കൊണ്ടുപോയി കൊടുത്ത് പകരം പൊട്ട അരി കൊണ്ടു വന്ന് മട്ടയാണെന്നു പറഞ്ഞു കൊടുക്കുന്നതാണ് പരിപാടി. ഇതൊന്നും കർഷകനറിയുന്നില്ല. പലരും പല കെട്ടുപാടുകളിൽ കിടക്കുകയാണ്. പശുവിനെ വാങ്ങുമ്പോൾ സബ്സിഡി കിട്ടിയിട്ടാണ് വാങ്ങുന്നത്. തിരിച്ച് പാല് മിൽമക്ക് കൊടുത്തുകൊള്ളാം എന്നായിരിക്കും കരാർ. അപ്പോൾ പാൽ അവിടെ കൊണ്ടുകൊടുക്കണം. അല്ലെങ്കിൽ പൈസ തിരിച്ചടക്കണം. ഏതുകാര്യമായാലും മാർക്കറ്റിംഗ് കർഷകന് പറ്റുന്നില്ല. ഇത് ഗവൺമെന്റ് ഏറ്റെടുക്കണം. പശുവിനെ വളർത്തിയിട്ട് സർക്കാരു പറയുന്ന വിലക്ക് പാലുകൊടുക്കാം. പക്ഷേ നൂറ് ശതമാനം സബ്സിഡിയായി കാലിത്തീറ്റ കിട്ടണം. അല്ലെങ്കിൽ ഇതൊന്നും വേണ്ട കർഷകനു ശമ്പളം തന്നാൽ മതി. സർക്കാരുദ്യോഗസ്ഥനു മാന്യമായൊരു സ്ഥാനം സമൂഹം കൊടുക്കുന്നു. എന്നാൽ കർഷകനെ പൊതുസമൂഹം എങ്ങനെയാണു കാണുന്നത്. അതാണ് ഞാൻ പറയുന്നത് കർഷകന് ശമ്പളം കൊടുക്കണമെന്ന്. സാലറി സ്ലാബ് ഉത്പാദനം നോക്കി നിശ്ചയിക്കണം. ഇതിനൊക്കെ ബുദ്ധിമുട്ടാണ്. ബുദ്ധിമുട്ടണം. സംവിധാനമുണ്ടാക്കണം. കർഷകന് ചെലവാകുന്ന പൈസക്ക് പുറമെ ശമ്പളം കിട്ടണം. അപ്പോൾ ഒരാൾക്കും പ്രശ്നം വരില്ല. നല്ല സാധനങ്ങൾ എല്ലാവർക്കും കിട്ടും. അങ്ങനെയാവുമ്പോൾ തമിഴ്നാടും വേണ്ട കർണാടകയും വേണ്ട. എല്ലാം ഇവിടെ തന്നെയുണ്ടാവും. ടെറസ്സിന്റെ മുകളിൽ വരെ ആൾക്കാർ കൃഷി ചെയ്യാൻ തുടങ്ങും. ഉറപ്പാണ്. ഒന്നു പരീക്ഷിച്ചു നോക്കട്ടെ.

*വ്യക്തിപരമായി ഒരുപാട് പ്രശ്നങ്ങൾ നേരിടുമ്പോഴും തീരാനഷ്ടങ്ങൾ അവശേഷിക്കുമ്പോഴും ഒരിക്കൽ പോലും ടീച്ചർ ജീവിതത്തോട് മുഖംതിരിച്ചു നിന്നില്ല. എന്താണ് ടീച്ചർക്ക് സ്ത്രീകളോട് പറയാനുള്ളത്?*

സ്ത്രീകൾ ഒന്നിനും പിറകോട്ട് നിൽക്കാൻ പാടില്ല. ഓരോ കുടുംബത്തിലും ഓരോന്നാവും അവസ്ഥ. പക്ഷേ ഓരോ സ്ത്രീയും അവളുടെ വഴി കണ്ടെത്തണം. ഞാനിതു പറയുമ്പോൾ ചിലരെങ്കിലും പറയും കുടുംബം കലക്കുന്ന വർത്തമാനമെന്ന്. അല്ല.... അനാരോഗ്യം മാത്രമാണ് നമ്മുടെ ശത്രു. ആരോഗ്യമുണ്ടെങ്കിൽ ഒന്നും പേടിക്കാനില്ല. പിന്നെ കള്ളനാണയങ്ങളെ തിരിച്ചറിയണം. നമ്മളെ ഉപയോഗിക്കാൻ പലരുമുണ്ടാകും. നിന്നുകൊടുക്കരുത്. ജീവിതമൊരു സമരമാണ്. ഇവിടെ ഞാനിപ്പോൾ ജൈവകൃഷിരംഗത്ത് ചെയ്യുന്നതും ഒരു സമരമാണ്. ഒരു പുരുഷന് ജീവിക്കാൻ എത്രത്തോളം സ്വാതന്ത്ര്യമുണ്ടോ അത്രത്തോളം സ്ത്രീക്കുമുണ്ട്. കൂടെ ആരെല്ലാമുണ്ടാകുമെന്ന് തിട്ടപ്പെടുത്തിയിട്ടൊന്നും ജീവിക്കാൻ തുടങ്ങണ്ട... ആരെങ്കിലും ഉണ്ടാകും... നമുക്കും ജീവിക്കണം... ജീവിച്ചേ മതിയാവൂ....!

●






വി.എം.ദീപ

# കാർഷികമേഖലയിലെ ചില സ്ത്രീചിന്തകൾ

**ഒ**രു സ്ത്രീ പ്രകൃതിയുമായി ഇടപെടുന്നത് പുരുഷൻ ഇടപെടുന്നതുപോലെ തന്നെയാണോ എന്നത് തർക്കവിഷയമാണ്. ഏതായാലും സ്ത്രീയെ പ്രകൃതിയോടുപമിച്ച്, വിത്തിറക്കാനുള്ള മണ്ണായും ഉർവ്വരമായ ഭൂമി തന്നെയായും, താരതമ്യങ്ങൾ നമ്മുടെ സാഹിത്യത്തിലും കലകളിലും നിറച്ചുമുണ്ട്. സംസ്കാരം എന്നൊന്ന് മനുഷ്യന്റെ ജൈവികചോദനകളെ മാറ്റിത്തീർക്കുന്നു എന്ന വസ്തുത കണക്കിലെടുക്കാതിരുന്നാൽ ഈ ഉപമകൾ ശരിയുമാണ്. വീക്ഷണകോൺ മാറുന്നതനുസരിച്ച് സങ്കൽപ്പങ്ങൾ മാറുന്നു. അറിവുകളും. എങ്കിലും ഞാൻ വിചാരിക്കുന്നതിങ്ങനെയാണ്. സ്ത്രീയെന്ന പോലെ പുരുഷനും പ്രകൃതിയാണ്. പ്രകൃതിയിൽനിന്ന് വേറിട്ട ഒരു മനുഷ്യാസ്തിത്വം ഇല്ലതന്നെ.

കേരളത്തിൽ എത്ര കർഷകസ്ത്രീകളുണ്ടെന്നോ എത്ര സ്ത്രീ പരിസ്ഥിതി പ്രവർത്തകരുണ്ടെന്നോ കൃത്യമായ കണക്കൊന്നുമില്ല. നാലഞ്ചുവർഷക്കാലം കേരളത്തിലും ഇന്ത്യയുടെ പലഭാഗത്തും കൃഷിയെപ്പറ്റിയും പരിസ്ഥിതിയെപ്പറ്റിയും ടെലിവിഷൻ പരിപാടി അവതരിപ്പിച്ചും അതിന്റെ സ്ക്രിപ്റ്റ് തയ്യാറാക്കിയുമുള്ള അനുഭവങ്ങൾ പങ്കുവെക്കാം.

ഒരു കൃഷി പരിപാടിയുടെ അവതാരക, സ്ക്രിപ്റ്റ് റൈറ്റർ എന്നീ നിലകളിൽ ആദ്യത്തെ എപ്പിസോഡിൽ പരിചയപ്പെട്ടത്, ഭർത്താവ് പെട്ടെന്ന് മരിച്ചതിനാൽ അദ്ദേഹം തുടങ്ങിവെച്ച ഫാം ടൂറിസം സംരംഭം സ്വയമേറ്റെടുത്ത് വിജയകരമായി നടത്തുകയായിരുന്ന, അന്ന് 32 വയസ്സുമാത്രമുണ്ടായിരുന്ന, അനുവിനെ. മൂന്നുകുട്ടികളുടെ ഉത്തരവാദിത്വം അവരുടെ ചുമലിലായിരുന്നു. ഭർത്താവിന്റെ അമ്മയും അനുവും ചേർന്ന ആ ബിസിനസ് കൂട്ടായ്മക്ക്, അവർ പങ്കുവെക്കുന്ന, പ്രിയപ്പെട്ട ഒരാളിന്റെ വേർപാടിന്റെ, ദുഃഖച്ഛായയുണ്ടായിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ആ സംരംഭം വിപുലമായി. മധ്യകേരളത്തിലെ ഏറ്റവും മികച്ച ഫാം ടൂറിസം സംരംഭങ്ങളിലൊന്നായി അത് വളർന്നു. കുടുംബത്തിന്റെ താങ്ങും തണലുമായ ഒരാൾ ഇല്ലാതാവുമ്പോൾ മാത്രമാണല്ലോ പലപ്പോഴും സ്ത്രീ അവളുടെ കഴിവുകൾ ഉപയോഗിക്കുന്നത് എന്ന ഒരു സ്ത്രീപക്ഷചിന്ത ആ എപ്പിസോഡിനെക്കുറിച്ച് ആലോചിക്കുമ്പോൾ തോന്നാറുണ്ട്. അതുവരെ അവൾ പ്രിയപ്പെട്ടവന്റെ തണലിലാണ്. 500 എപ്പിസോഡുകളിലേക്ക് ആ ടെലിവിഷൻ ഷോ വളർന്നപ്പോൾ അത്തരം തണലുകളിലാണ് സ്ത്രീകളെ കൂടുതലും കണ്ടത്. ഏതെങ്കിലും ഒരു കൃഷിക്കാരന്റെ പത്നിയായി, അമ്മയായി, മകളായി. ഈ സ്ത്രീകളും ആ കൃഷിയിടങ്ങളിലെ ആടുമാടുകളും തമ്മിൽ വലിയ അന്തരമില്ലല്ലോ എന്ന് ചിന്തിച്ച ചില സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. അത് കൃഷിക്കാരന്റെ കുറ്റമല്ല. അയാളും അവിടെ രാപകലില്ലാതെ അധ്വാനിക്കുക തന്നെയാണ്. എങ്കിലും ആ കൃഷിയിടം നേടുന്ന വിജയത്തിന്റെ ആകെത്തുക മിക്കവാറും അയാൾക്കവകാശപ്പെട്ടതാണ്. മിക്കവാറും, കൃഷിഭൂമിയും അയാളുടെ പേരിലായിരിക്കും. അയാളവളെ അകമഴിഞ്ഞ് സ്നേഹിക്കുന്നുണ്ടാവാം. അവൾ പൂർണ്ണസംതൃപ്തയുമാവാം. പക്ഷെ, നാളെ (അങ്ങനെസംഭവിക്കാതിരിക്കട്ടെ) അവർ വഴക്കിട്ടാൽ, ആ ബന്ധം പിരിഞ്ഞാൽ, അവളുടെ അധ്വാനത്തിന്റെ കണക്ക് എവിടേയും രേഖപ്പെടുത്തിയിട്ടുണ്ടാവില്ല.

തമിഴ്നാട്ടിലെ ഒരു കർഷകനെ ആദ്യം കണ്ട് ഒരുവർഷത്തിനുശേഷം ഞങ്ങൾ മറ്റൊരു യാത്രക്കിടയിൽ വെറുതെയൊന്ന് സന്ദർശിച്ചു. ആദ്യം ചെന്നപ്പോൾ കണ്ട സ്ത്രീയല്ല, ഇപ്പോൾ അയാളുടെ ഭാര്യ. ആദ്യഭാര്യ അസുഖം വന്ന് മരിച്ചുപോയി. കൃഷിസ്ഥലത്തെ കാര്യങ്ങൾ നോക്കാനാളില്ലാത്തതിനാൽ ഉടനെതന്നെ അ



യാൾ മറ്റൊരു വിവാഹം കഴിച്ചു. ജീവിതത്തിന്റെ വെല്ലുവിളികൾ പങ്കുവെക്കാൻ ഒരു പങ്കാളി വേണമെന്ന അയാളുടെ ആവശ്യത്തെ കുറച്ചുകാണുകയല്ല. എങ്കിലും ഒരു സെക്കന്റുപോലും വിശ്രമിക്കാതെ ഓടിനടന്ന് ജോലികൾ ചെയ്തിരുന്ന ആദ്യഭാര്യയുടെ മുഖവും ഇപ്പോൾ അതേ വേഗതയിൽ കൃഷിയിടത്തിൽ ജോലികളിൽ മുഴുകുന്ന പുതിയ സ്ത്രീയുടെ മുഖവും ഒരേ ഛായ തോന്നിച്ചു. രണ്ടുപേർക്കും ഇന്ത്യൻ വീട്ടമ്മമാരുടെ മുഖമുദ്രയായ രക്തക്കുറവുമൂലം വിളറിയ മുഖങ്ങളും, തിരക്കിനിടയിൽ ശ്രദ്ധിച്ചു പരിചരിക്കാത്തതിനാൽ പാറിപ്പറന്ന തലമുടിയും ഉണ്ടായിരുന്നു.

ഇന്ത്യൻ കാർഷികഗവേഷണ കൗൺസിൽ അടുത്തകാലത്താണ് കാർഷികമേഖലയിൽ സ്ത്രീകൾ ചെയ്യുന്ന കാണാപ്പണിയെക്കുറിച്ച് സംസാരിച്ചുതുടങ്ങിയത്. ഈ തിരിച്ചറിവിന്റെ പശ്ചാത്തലത്തിൽ കൃഷിയിടങ്ങളിലെ സ്ത്രീകളുടെ ജോലിഭാരം ലഘൂകരിക്കാൻ ചെറുയന്ത്രങ്ങൾ വികസിപ്പിക്കുക എന്നത് ഒരു പ്രഖ്യാപിതനയമായി കൗൺസിൽ സ്വീകരിച്ചു.

കുടുംബത്തിന്റെ മനസ്സറിഞ്ഞ പിന്തുണ ലഭിക്കുന്ന കർഷകരാണ് എപ്പോഴും പ്രകടമായ വിജയം നേടുന്നത് എന്ന് നിസ്സംശയം പറയാവുന്നതാണ്, നാലഞ്ചുവർഷത്തെ കാർഷികറിപ്പോർട്ടിംഗിന്റെ അനുഭവത്തിൽനിന്ന്. മൾട്ടിടാസ്കിംഗ് അഥവാ ഒരേ സമയം പല കാര്യങ്ങൾ ഒരുമിച്ച് ചെയ്യാനുള്ള സ്ത്രീകളുടെ കഴിവുതന്നെയാണ് അത്തരം വിജയകഥകളെ അങ്ങനെയാക്കുന്നതിനുപിന്നിലെ മുഖ്യഘടകങ്ങളിലൊന്ന്. ഭർത്താവിന്റെ കാർഷികജോലികൾ ഭാര്യ പങ്കുവെക്കുന്ന അതേതോതിൽ ഭാര്യയുടെ അടുക്കള ജോലികൾ ഭർത്താക്കൻമാർ പങ്കുവെക്കുന്നതായി അപൂർവ്വം ചില കർഷകദമ്പതിമാരുടെ ജീവിതത്തിൽ മാത്രമാണ് കണ്ടത്.

ഏതൊക്കെ കാർഷികമേഖലകളിലാണ് സ്ത്രീ സാന്നിദ്ധ്യം ഉള്ളത് എന്ന് പരിശോധിക്കുമ്പോൾ, പൂക്കൃഷി, വിവിധ കാർഷികവിഭവങ്ങൾ കൊണ്ടുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുണ്ടാക്കൽ, കോഴിവളർത്തൽ, പശുവളർത്തൽ, കൂൺ കൃഷി, തുടങ്ങിയ മേഖലകളാണ് മുന്നിൽ. താരതമ്യേന ലാഭം കുറവുള്ള കാർഷികമേഖലകളാണിവ. ഒന്നോ രണ്ടോ പശുവിനെ വളർത്തുന്ന സ്ത്രീകൾ സുലഭം. എന്നാൽ ഡയറിഫാം നടത്തുന്നവരെല്ലാം പുരുഷൻമാർ. കൃഷിയെ അധികവരുമാനമാർഗ്ഗം മാത്രമായി സ്ത്രീകൾ കാണുമ്പോൾ പുരുഷനതിനെ കാർഷികസംരംഭമാക്കി മാറ്റുന്നു. ഇതിനെല്ലാം അപവാദങ്ങളില്ലെന്നല്ല. പക്ഷെ, കുറവാണ്.

കൃഷിയിലൂടെ പുതിയൊരു പാരസ്പര്യം കണ്ടെത്തിയ കർഷകദമ്പതിമാരുമുണ്ട്. പ്രകൃതി നടത്തുന്ന സാന്ത്വനചികിത്സ മനുഷ്യരെ പരസ്പരം കൂടുതൽ സ്നേഹിക്കാൻ പ്രാപ്തരാക്കുന്നു എന്ന് തിരിച്ചറിയാൻ സഹായിച്ച ചില ഉദാഹരണങ്ങൾ. ജീവിതത്തിന്റെ നഷ്ടങ്ങൾ മറക്കാൻ, രോഗാവസ്ഥകളെ മറികടക്കാൻ, വീണ്ടും ആനന്ദം വീണ്ടെടുക്കാൻ, കൃഷിയിലേക്ക് ചുവടുമാറിയവരിൽ സ്ത്രീകളും പുരുഷൻമാരുമുണ്ട്. എങ്കിലും സ്ത്രീകളിൽനിന്നാണ് ഇനി പറയുന്ന വാചകം പലതവണ കേട്ടത്- “ഓരോ ചെടിയും എനിക്ക് മക്കളെപ്പോലെയാണ്.” പൂക്കൃഷി ചെയ്യുന്ന ആൽബീനയും സാബിറാ മൂസയും പറയുന്നു- “പൂക്കൾ മുറിച്ചെടുക്കാൻ തോന്നുന്നില്ല.” പൂക്കൃഷി ചെയ്യുന്ന ഒരു പുരുഷനും ഇതു പറയാതിരുന്നത്, ഒരുപക്ഷെ യാദൃശ്ചികം മാത്രമാവാം. അതോ, പ്രണയത്തിലെന്നപോലെ കൃഷിയിലും സ്ത്രീയുടെ ആനന്ദം അധികവും ശരീരത്തിൽ മാത്രമല്ല (മണ്ണിൽ മാത്രമല്ല) മനസ്സിലുമാണെന്ന് വരുമോ.

സ്ത്രീകൾ പ്രകൃതിയിലിടപെടുമ്പോൾ ഈ കരുതൽ ഉണ്ടെന്നുവേണം കരുതാൻ. കൃഷിയിലെ ചെറിയ ചെറിയ വരുമാനസ്രോതസ്സുകളെ കൂട്ടിയിണക്കുന്ന ഒരു കാർഷികമാതൃകയാണ് സ്ത്രീകൾ തനിച്ചുനടത്തുന്ന പല കാർഷികസംരംഭങ്ങളിലും കാണാനാവുക. മലയാറ്റൂരിലെ ഷാന്റിയുടെ കൃഷിയിടത്തിൽ ആടുണ്ട്, പശുവുണ്ട്, കോഴിയുണ്ട്, കാടയുണ്ട്, കൂണും പച്ചക്കറിയും തീറ്റപ്പുല്ലും ബയോഗ്യാസുമുണ്ട്. എല്ലാം ചേരുമ്പോൾ മാസത്തിൽ 20,000 രൂപ വരെ വരുമാനമായി. വലിയ മൂലധനമിറക്കിയുള്ള പവർ കൾട്ടിവേഷന്റെ വക്താക്കൾ എന്നും പുരുഷൻമാരായിരുന്നു. കൂടുതൽ മൂലധനമിറക്കി കൂടുതൽ ലാഭം കൊയ്യുന്ന രീതിയാണത്. സ്ത്രീയുടെ കാർഷികമൂലധനം അവളുടെ അധ്വാനം മാത്രമായിരുന്നു പലപ്പോഴും. അവളുടെ കയ്യിൽ മറ്റൊരു വിധത്തിലുള്ള മൂലധനം ഉണ്ടാകാറില്ല എന്നതും കാരണമാവാം. സ്ത്രീകളുടെ സ്വത്തവകാശം നമ്മുടെ നാട്ടിൽ യഥാർത്ഥത്തിൽ മറ്റൊരുതരം സ്ത്രീധനമായി മാറുകയാണല്ലോ പതിവ്. സ്ത്രീകൾ മൂലധനത്തിന്റെ പിന്തുണയില്ലാതെ നടത്തുന്ന ഇത്തരമൊരു കാർഷികപദ്ധതിയിൽ ചെലവുചുരുക്കലിനാണ് പ്രാധാന്യം. അതുകൊണ്ട് വിലകൊടുത്തുവാങ്ങിയുള്ള രാസവളങ്ങൾക്കും കീടനാശിനികൾക്കുമല്ല, മറിച്ച് കൃഷിയിടത്തിൽത്തന്നെ ഉത്പാദിപ്പിക്കാവുന്ന ചാണകത്തിനും ചാരത്തിനുമൊക്കെയാണ് ഈ സ്ത്രീകളുടെ വളപ്രയോഗത്തിലും കീടനിയന്ത്രണത്തിലും സ്ഥാനമുള്ളത്. പുരയിടക്കൃഷി എന്ന് പേരിട്ട് ഇന്ന് നമ്മുടെ കൃഷിവകുപ്പും മറ്റും കൊട്ടിഘോഷിക്കുന്ന കാർഷികമാതൃകയുടേയും ചാലകശ

*(ശേഷം പേജ് 42ൽ)*

**നാടകം**





ശ്രീജ ആറങ്ങോട്ടുകര



**രംഗം-1**

(താഴ്ന്ന ഇടത്തരം കർഷകകുടുംബത്തിന്റെ വീട്. ഒരു വശത്ത് തൊഴുത്ത്: വൈക്കോൽ കൂന. പ്രഭാത സമയം. കൃഷിക്കാരനായ കുഞ്ഞികൃഷ്ണൻ ഉമ്മറത്തിരുന്ന് താടി വടിക്കാനായി കണ്ണാടി നോക്കി സോപ്പ് പതപ്പിക്കുന്നു. മുഖം നിറയെ പത തേച്ച് കണ്ണാടി നോക്കി സ്വയം ആസ്വദിക്കുന്നു.)

കുഞ്ഞി : ഒരു ബോർഡു വേണം. നല്ല ചന്തത്തിലെഴുത്യേ ഒരു ബോർഡ്. അത് കണ്ടിട്ട് വേണം ആൾക്കാര് കടേൽക്ക്ങ്ങനെകേറി വരാൻ. പിന്നെ ചുറ്റും ചില്ലലമാര. അതില് നെറയെ സാധനങ്ങള്. ആര് വന്നാലും സാധനം കിട്ടാതെ മടങ്ങിപ്പോവരുത്. പിന്നെ ഒരു മേശേം കസേരേം. ആ കസേരയിലിങ്ങനെഇരുന്ന് കാശ്ങ്ങനെ എണ്ണ്വാന്ന് വെച്ചാ അതൊരന്തസ്സന്ന്യാ.(മടിയിൽ നിന്ന് പണമെടുത്ത് എണ്ണി നോക്കുന്നു) ഇത്പ്പോ അഡ്വാൻസ് കൊടുക്കാൻ തെകയ്വോ ? തത്ക്കാലം ഇത് കൊടുക്കാം.(മുറ്റത്ത് കിടക്കുന്ന കയർ കാണുന്നു. അതെടുത്ത്) എന്തായാലും വിചാരിച്ചതിനേക്കാൾ കിട്ടി. വിക്കണംന്ന് വിചാരിച്ചതല്ല. നല്ല വെഷമംണ്ടേനും. പക്ഷേ ഇതല്ലാതെ ഇപ്പോ വേറെ എന്താ ഒരു വഴി? ഇന്ന്പ്പോ വെള്ള്യാഴ്ച. ഞായറാഴ്ച മീനാക്ഷി മടങ്ങി വരും. അതിനുമുമ്പെ കാര്യങ്ങളൊക്കെ ശര്യാക്കണം. ആ ബാലകൃഷ്ണൻ ഇന്ന് വരാംന്ന് പറഞ്ഞതാ. കാണാൻല്ല്യ. അയാളെ അങ്ങട്ട് പോയി കാണ്വാവും നല്ലത്.

(പെട്ടെന്ന് കണ്ണാടിയിൽ ഭാര്യ-മീനാക്ഷിയുടെ-നിഴൽ കാണുന്നു. ഞെട്ടി നോക്കുമ്പോൾ മീനാക്ഷി പടിക്കലെത്തിയത് കാണുന്നു. പരിഭ്രമിച്ച് കയർ ഒളിപ്പിച്ച് വെക്കുന്നു. ഒന്നുമറിയാത്തപോലെ വീണ്ടും താടി പതപ്പിച്ചിരിക്കുന്നു.)

മീനാക്ഷി : (പുറത്ത് നിന്ന്) വെളുമ്പ്യേ.... മാളോ ? ഇങ്ങളെവിട്യാ ? ദാ ഞാൻ വന്നൂട്ടോ. (മീനാക്ഷി തലയിൽ ചക്കയും കയ്യിൽ സഞ്ചിയുമായി പടികടന്നു വരുന്നു. തൊഴുത്തിൽ നോക്കുന്നു.)

അല്ലാന്നും വെളുമ്പീം മാളൂം എവ്ടെ. തൊഴുത്തില് കാണാൻല്ല്യാലോ. ഇത്ര നേർത്തെ ഇങ്ങള് അവിറ്റോളെ പൊറത്ത് കൊണ്ടോയി കെട്ട്യോ ?

കുഞ്ഞി :(മീനാക്ഷിയുടെ മുഖത്ത് നോക്കാതെ പരുങ്ങിക്കൊണ്ട്) : വരുമ്പഴക്കും ഒരു വെളുമ്പീം മാളൂം. ഇവ്ടൊരാള് രണ്ടൂസായി എന്തെങ്കിലും കഴിച്ചോ ? കുടിച്ചോന്നുള്ള ഒരന്വേഷണോല്ല്യ.

മീനാക്ഷി : എങ്ങിന്യാ അങ്ങനല്ലാതിരിക്ക്യാ ? ഓറ്റങ്ങളേ, ന്റെ നെഴല് പടിക്കല് കാണുമ്പഴക്കും എന്നെ വിളിച്ച് നെലോളിക്കണതാ. ഇങ്ങക്കിപ്പോ ഞാൻ വന്നാലെന്താ,പോയാലെന്താ.

(അകത്തേക്ക് പോവാൻ തുടങ്ങുന്നു.)

കുഞ്ഞി : നെന്റെ തലേലെന്താ ചക്ക്യോ ?

മീനാക്ഷി : എന്തേ . ഇങ്ങക്ക് പിടിച്ചില്ല്യേ ചക്ക?

കുഞ്ഞി : നെനക്ക് ചക്ക തിന്നണെങ്കിൽ അവ്ടന്ന് തിന്നട്ട് പോന്നാ പോരെ ? അല്ലെങ്കി അത് ചൊളപറിച്ച് സഞ്ചീലാക്കി കൊടന്നാ പോരെ ? ഇതും ഏറ്റിപ്പിടിച്ചിങ്ങനെ.....

മീനാക്ഷി : (തിരിച്ച് വന്ന്) എനിക്ക് ചക്ക തിന്നണെങ്കിലോ? രണ്ട് ചക്ക ഒറ്റ ഇരിപ്പിന് തിന്നണ ആളല്ലേന്നും ഇങ്ങള്? എന്നിട്ട് എനിക്ക് തിന്നാനാത്രേ. പിന്നേയ് ചൊളപറിച്ച് കൊണ്ടന്നാലേ, ചകിണീം

മടലും ഒക്കെ വെളുമ്പിക്കും മാളൂനും കൊടുക്കാൻ പറ്റോ? അല്ല ഇങ്ങള് അവറ്റോളെ എവിട്യാ കൊണ്ടോയി കെട്ടീത് ? അത് പറയിൻ.

കുഞ്ഞി : അല്ലാ...എപ്പഴും വയ്യാ വയ്യാന്നുള്ള ആവലാത്യല്ലേ...അതോണ്ടാ.

മീനാക്ഷി : ഓ എന്തൊരു സ്നേകം.(അകത്തേക്ക് പോയി സഞ്ചിയും ചക്കയും വെച്ച് പുറത്തേക്ക് വരുന്നു) ഇങ്ങള് പയ്യിനേം കുട്ടീനേം എവിട്യാ കെട്ടീത്ന്ന് പറയിൻ.

കുഞ്ഞി : ഞാനവറ്റോളെ പടിഞ്ഞാറെ പാടത്ത് കൊണ്ടോയി കെട്ടി.

മീനാക്ഷി : എന്റീശ്വരാ... ഇങ്ങളെന്ത് പണ്യാ കാണിച്ചത് ? പടിഞ്ഞാറെ പാടത്ത് ഹാജ്യാരടെ കണ്ടത്തില് ഉഴുന്ന് വെതച്ചിട്ടില്ല്യേന്നും ? ഇനിപ്പോ വെളുമ്പീം മാളൂം അതില് ചാട്യാ അത് മതി പുകിലിന്.. ഇങ്ങക്കെന്തിന്റെ കേടാന്നും...

കുഞ്ഞി : (കണ്ണാടി പിടിച്ച് മീനാക്ഷിയുടെ നേരെ തിരിഞ്ഞ് ) അതേയ് കൃഷീടെ കാര്യൊന്നും നീയെന്നെ പഠിപ്പിക്കണ്ട. അതൊക്കെ ഞാൻ നോക്കിക്കോളാം.

മീനാക്ഷി : (പെട്ടെന്ന് പത നിറഞ്ഞ മുഖം കണ്ട് ചിരിക്കുന്നു. ഉറക്കെ ചിരിച്ച്) എന്താന്നും ഇങ്ങടെ കോലം ഇങ്ങനെ?

കുഞ്ഞി : (സ്വയം നോക്കി) എന്താപ്പോ എന്റെ കോലത്തിനൊരു കൊഴപ്പം ?

മീനാക്ഷി : എന്താന്നും ഇങ്ങള് മോത്ത് വെച്ച് തേച്ചിരിക്കണത് ?

കുഞ്ഞി : ഓ ഇതോ.... അതേയ് നമ്മളെന്തായാലും ഒരു കച്ചോടം തൊടങ്ങാൻ പോവ്വാണലോ. അപ്പോ ഇത്തിരി വൃത്തീം വെടുപ്പും ആയി തൊടങ്ങാംന്ന് വിചാരിച്ചു.



മീനാക്ഷി : കച്ചോടം തൊടങ്ങാംന്ന് തന്നെ വെച്ചോ ?

കുഞ്ഞി : എന്തേയ് എനിക്ക് തൊടങ്ങ്യാ പറ്റില്ല്യേ ? ഇയ്യ് ഈ കണ്ണാടി ഒന്ന് നേരെ പിടിച്ചു താ.(കണ്ണാടി മീനാക്ഷിയുടെ കയ്യിൽ പിടിപ്പിക്കുന്നു. അത് നോക്കി ഷേവ് ചെയ്യാൻ തുടങ്ങുന്നു.)

മീനാക്ഷി : അല്ലാ ഇങ്ങക്കെന്തിന്റെ കേടാന്നും? ഇങ്ങക്ക് കൃഷിപ്പണ്യല്ലാതെ കച്ചോടത്തിന്റെ വല്ല എ ബീ സീ ഡീം അറിയ്യോ ?

കുഞ്ഞി : പിന്നേയ് എല്ലാരും എല്ലാതും പഠിച്ച് മാഷമ്മാരായിട്ടല്ലെ ഭൂമീൽക്ക് പെറന്ന് വീഴണത്. നീയാ കണ്ണാടി നേരെ പിടിച്ചാ...

മീനാക്ഷി : ഇങ്ങള് എന്ത് ഭാവിച്ചാ ? ഇതിനൊക്കെ എത്ര തോനെ കാശ് വേണംച്ചിട്ടാ. ഇങ്ങടെ അടുത്ത് ഒരു പത്തുറുപ്പിക തെകച്ച് എടുക്കാൻണ്ടോ ?

കുഞ്ഞി : അതേയ് കാശിന്റെ കാര്യൊക്കെ ഞാൻ നോക്കിക്കോളാം. ഇയ്യ് വല്ല്യേ വർത്താനം പറയണ്ട.

മീനാക്ഷി : ഓ കാശിന്റെ കാര്യം നോക്കണ ഒരാള്.(പെട്ടെന്ന് ഓർമ്മ വന്ന്) അയ്യോ ന്റെ വെളുമ്പീം മാളൂം പാടത്ത് വെയിലും കൊണ്ട് നിക്ക്വാവും. ഞാനൊന്ന് പോയി നോക്കട്ടെ.(പോവാനായി മുറ്റത്തേക്കിറങ്ങുന്നു. കുഞ്ഞികൃഷ്ണൻ അന്തം വിട്ട് പരുങ്ങി നിൽക്കുന്നു. പെട്ടെന്ന് പിന്നാലെ ഓടിച്ചെന്ന് കൈ പിടിക്കുന്നു.)

കുഞ്ഞി : പിന്നേ.. അതേയ് കൊറച്ച് വെയില് കൊണ്ടൂച്ചിട്ട് വെളുമ്പി കറുക്വൊന്നും ഇല്ല്യ. നീയേ എനിക്കിത്തിരി ചായ ഉണ്ടാക്കിത്താ..

മീനാക്ഷി : ഓ എന്തൊരു തമാശ.. നേരം വെളിച്ചായിട്ട് ഇങ്ങള് ഒരു തുള്ളി ചായേടെ വെള്ളോം ഉണ്ടാക്കി കുടിച്ചിട്ടില്ല്യാലേ ഇങ്ങടെ ഒരു കാര്യം...

(അകത്തേക്ക് പോവുന്നു. കുഞ്ഞികൃഷ്ണൻ ആകപ്പാടെ പരുങ്ങി പരിഭ്രമിച്ച് നിൽക്കുന്നു.)

മീനാക്ഷി : (അകത്ത് നിന്ന്) അല്ലാന്നും ചായണ്ടാക്കാൻ പാലെവിടേന്നും ?

കുഞ്ഞി: പാലോ ?

മീനാക്ഷി : എന്താ ഇങ്ങള് പാല്ന്ന് ആദ്യായിട്ട് കേക്ക്യാ ? പയ്യിനെകറന്നില്ല്യേ ?

കുഞ്ഞി : (പിറുപിറുക്കുന്നു) അതിനിപ്പോ ഇവിടെങ്ങിന്യാ പാലുണ്ടാവ്യാ ?

മീനാക്ഷി : ഇങ്ങളെന്താ പിറുപിറുക്കണത് ?കറക്കാതെയാണോ പയ്യിനെ പാടത്ത് കൊണ്ടോയി കെട്ടീത്?

കുഞ്ഞി : അതേയ് പാലു മുഴ്വോനെ കുട്ടി കുടിച്ചു.

മീനാക്ഷി : (ദേഷ്യത്തോടെ) അപ്പോ ഇങ്ങള് പയ്യിനേം കുട്ട്യേം രാത്രി കെട്ടിയിട്ടില്ല്യേ ? ഇങ്ങക്കെന്തായിരുന്നു രാത്രി പണി ?

കുഞ്ഞി : അതേയ് കയറഴിഞ്ഞ് പോയതാ..

മീനാക്ഷി : ഇങ്ങള് നൊണ്യൊന്നും പറയണ്ട. എത്ര കുട്ടി കുടിച്ചാലും വെളുമ്പി എനിക്കിത്തിരി പാലു തരാതിരിക്കില്ല്യ.

കുഞ്ഞി : അതേയ് എനിക്ക് കട്ടൻ ചായ മതി. നീയ്യ് വല്ല്യേ വർത്താനൊന്നും പറയണ്ട.

മീനാക്ഷി : പയ്യിനേം കുട്ടീനേം തോന്ന്യേ പോലെ അഴിച്ച് വിട്ടിട്ട് കട്ടൻ ചായ മതീത്രെ. രണ്ട് ദിവസം ഈ വീട്ടിൽന്ന് ഒന്ന് മാറിനിന്നാ മതി ഒക്കെ അലുക്കുലുത്താക്കിക്കോളും. വല്ലാത്തൊരു കഷ്ടം തന്നെ.

(ബാലകൃഷ്ണൻ-സ്ഥലക്കച്ചവടക്കാരൻ-ഫോൺ ചെയ്തുകൊണ്ട് പടി കടന്ന് വരുന്നു)

ബാല : (ഫോണിൽ) അതെ..... 80 സെന്റ്....

നല്ല പ്ലോട്ടാ... മരങ്ങള് മുറിച്ച് വിറ്റാത്തന്നെ കാശ് മുതലാവും... .പൊറത്തക്ക് വിട്ടാ മതി... ആൾക്കാര് വന്ന് കൊത്തിക്കൊണ്ടോവും. വേണ്ടെങ്കി ദാ ഇപ്പോ പറഞ്ഞോളിൻ..

(കുഞ്ഞികൃഷ്ണൻ.. ബാലകൃഷ്ണന് കസേര യിട്ട് കൊടുക്കുന്നു)

അതേയ് ഒരു സ്ഥലം നോക്കാൻ ഇതുവഴി പോവ്വാണ്. അപ്പോ നിങ്ങടെ സ്ഥലം കൂടി കാണാംന്ന് വിചാരിച്ചു

കുഞ്ഞി : (അകത്തേക്ക് പരുങ്ങി നോക്കി ക്കൊണ്ട്) നന്നായി. ഞാനേയ് ഷേവ് ചെയ്തിട്ട് വരാം.

ബാല : ആധാരം കയ്യിലില്ല്യേ? (ഫോൺ തുട രുന്നു)

കുഞ്ഞി : (കൂടുതൽ പരിഭ്രമിച്ച്) അതൊക്കെ യുണ്ട് അല്ലെങ്കിൽ ഞാനിപ്പോ ഷേവ് ചെയ്യണില്ല്യ. നമുക്ക് വേഗം എറങ്ങാം...(താടിയിലെ സോപ്പ് പത കഴുകിക്കളയുന്നു. മീനാക്ഷി ചായയുമായി അകത്ത് നിന്ന് വരുന്നു. പുതിയ ആളെ കണ്ട് സംശയ ത്തോടെ)

മീനാക്ഷി : അല്ലാ ഇയാളാരാ...

കുഞ്ഞി : (മീനാക്ഷിക്കും അയാൾക്കുമിടയിൽ കയറിനിന്ന്)അതേയ് ഇയാള് നമ്മടെ കച്ചോട ത്തിന്റെ കാര്യം സംസാരിക്കാൻ വന്നതാ.

മീനാക്ഷി : കച്ചോടത്തിന്റെ കാര്യോ ? ഇയാളെ മുമ്പ് കണ്ടിട്ടില്ല്യാലോ. നമ്മടെ നാട്ടുകാരനല്ലേ ?

കുഞ്ഞി : നീയിപ്പോ എല്ലാ നാട്ടുകാരേം അറി യ്യല്ലേ ?

മീനാക്ഷി : എന്തേയ്... എനിക്കീ നാട്ടുകാരെ മുഴ്വോനെഅറിയാം.

കുഞ്ഞി : ശരി സമ്മതിച്ചു. നീയാ ചായ താ.. (ചായ വാങ്ങി ബാലകൃഷ്ണന് കൊടുക്കുന്നു. ബാലകൃഷ്ണൻ ഫോണിൽത്തന്നെ).

മീനാക്ഷി : ദാ..ഇയാളേ നമ്മടെ പടിഞ്ഞാറൂട്ടെ അച്ചുന്നായരടെ മര്വോനല്ലേന്നും...

കുഞ്ഞി : അതൊന്നും അല്ല.

മീനാക്ഷി : അതേന്നും. അച്ചുന്നായരടെ നല്ല ഛായണ്ട്ന്നും.

കുഞ്ഞി : അല്ലാന്ന് പറഞ്ഞില്ലേ.. നീയ് പോയി ഒരു ചായ കൂടി കൊണ്ടാ..

മീനാക്ഷി : (അകത്തേക്ക് പോവ്വാൻ തുടങ്ങു ന്നു. പെട്ടെന്ന് ഓർമ്മ വന്ന്) ദ ഇപ്പോ മനസ്സിലാ യി. ഇതാ വടക്കു പുറത്ത് ഓടിപ്പോയ ചെക്കനാ. ഓനിപ്പോ വല്ല്യേ കാശുകാരനും സുജായീം ആയി വന്നട്ടുണ്ടത്രെ. ഓൻ തന്ന്യാ ഇത്....

കുഞ്ഞി :(പരിഭ്രമിച്ച്) എന്താ മീനാക്ഷ്യേത്. അയാള് കേക്കില്ല്യേ. വീട്ടില് കയറി വന്ന ഒരാളെ ഇങ്ങന്യാ പറയാ ?

മീനാക്ഷി : അതേന്നും ഇതവൻ തന്ന്യാ.. ഇങ്ങ ക്കറിയാഞ്ഞിട്ടാ..

കുഞ്ഞി : (ഒച്ചയെടുത്ത്) മീനാക്ഷ്യേ...പോയിട്ട് ഒരു ചായ കൊണ്ടുവാ..

(മീനാക്ഷി അകത്തക്ക് പോവുന്നു).

കുഞ്ഞി : അതേയ് ചായ്യ്യാക്കെ പിന്നെ കുടിക്കാം നമുക്ക് പോവ്വാ..

(രണ്ടാളും കൂടി ധൃതിയിൽ പുറത്ത് പോവുന്നു. മീനാക്ഷി ചായയുമായി വരുന്നു.)

മീനാക്ഷി : (ആരെയും കാണാതെ) അല്ലാ ഇത്ര വേഗം എങ്ങട്ടേ മാഞ്ഞ് പോയത് ? അല്ലാ ഈ ചായേം കുടിച്ചില്ല്യേ? കച്ചോടംച്ച്ട്ട് ഇങ്ങനെണ്ടോ ഒരു പ്രാന്ത് ? അല്ലാ ആ ചെക്കൻപ്പോ ഏതാ ? അതാ വടക്കുമ്പാട്ട്ന്ന് ഓടിപ്പോയ ചെക്കൻ തന്ന്യാ.... ഒരു കള്ളലക്ഷണംണ്ട് ഓന്റെ മോത്ത്.. ഓനായിട്ട് ചേർന്ന് കച്ചോടം ചെയ്താ നന്നാവും... അയ്യോ ന്റെ വെളുമ്പീം മാളൂം പാടത്ത് വെയിലും കൊണ്ട് നിക്ക്വല്ലേ... വെളുമ്പ്യേ.... മാള്വോ...

(പുറത്തേക്ക് ഓടിപ്പോവുന്നു)

### രംഗം–2

(പാടം- കൃഷിക്കാരനും(കുഞ്ഞികൃഷ്ണൻ)കച്ച വടക്കാരനും(ബാലകൃഷ്ണൻ) കുഞ്ഞികൃഷ്ണന്റെ പാടം ടേപ്പ് വെച്ച് അളന്നുകൊണ്ടിരിക്കുന്നു).

ബാല : ഈ നിക്കണ എരിക്കിന്റെ അത് വരെയല്ലേ അതിർത്തി ?

കുഞ്ഞി : ആ കല്ലിന്റെ മേപ്പട്ട് പിടിച്ചോളൂ. അത് നമ്മുടേതാണ്.

(പലയിടത്തു നിന്നുമായി അളക്കുന്നു. കണക്ക് കൂട്ടുന്നു)

ബാല : രണ്ട് ഏക്കർ നാൽപത്തഞ്ച് സെന്റ്

കുഞ്ഞി : അതേ...അതന്ന്യാ ആധാരത്തിലുള്ള ത്.

ബാല : എന്നാ ഇനി അതിർത്തികളൊക്കെ നോക്ക്വാ....

കുഞ്ഞി : അതൊക്കെ ഇപ്പോ എന്താ നോക്കാ നുള്ളത് ? അതൊക്കെ അവ്ടെത്തന്നെ ഇല്ല്യേ ?

ബാല : എന്നാലും കാണണല്ലോ.

കുഞ്ഞി : കെഴക്ക് തോട്,പടിഞ്ഞാറ് പടി ഞ്ഞാറൂട്ടെ പത്തുപറക്കണ്ടം,തെക്ക് എടോഴി,വടക്ക് ഹാജ്യാരുടെ രണ്ട് കണ്ടം.

(ഇത് അങ്ങോട്ടും ഇങ്ങോട്ടും നടന്ന് കാണിച്ചു കൊടുക്കുന്നതിനിടയിൽ ടേപ്പ് കുഞ്ഞികൃ ഷ്ണനെചുറ്റി വരിയുന്നു. ആവേശത്തിനിടയിൽ അയാളതറിയുന്നില്ല. ബാലകൃഷ്ണൻ അതിർത്തിയിലുള്ള മറ്റ് കണ്ടങ്ങൾ നോക്കി കണക്ക് കൂട്ടുന്നു. അതിനിടയിൽ ബാലകൃഷ്ണന് ഫോൺ വരുന്നു. അയാൾ ഫോണിൽ. കുഞ്ഞികൃഷ്ണൻ ഇതറിയാതെ സംസാരിക്കുന്നു).

കുഞ്ഞി : എന്താ ഈ മണ്ണ്ന്നാ വിചാരം ? നല്ല പശിമള്ള മണ്ണ്. മൂന്ന് പൂവലും കൃഷി ചെയ്യാം.

ബാല : (ഫോണിൽ) അതേതെ...അത് പിന്നെ എനിക്കറിഞ്ഞൂടെ.

കുഞ്ഞി : നല്ല ചേറ്റാഴം ഉള്ള കണ്ടങ്ങളാ.

ബാല : (ഫോണിൽ) അതോണ്ട് പ്രത്യേകിച്ച് കാര്യൊന്നും ഇല്ല.

കുഞ്ഞി : പിന്നെ ഇഷ്ടം പോലെ വെള്ളോം.

ബാല : (ഫോണിൽ) വെള്ളത്തിന്റെ കാര്യൊന്നും പേടിക്കണ്ട. അതൊക്കെ ഞാനേറ്റു. (ഫോൺ നിർത്തി) അല്ലാ നിങ്ങളിപ്പോ എന്താ പറഞ്ഞേ ?

കുഞ്ഞി : ഇഷ്ടം പോലെ വെള്ളംണ്ട് ന്ന്.

ബാല : (ചിരി) അത്പ്പോ ഈ പാടത്ത് എവിടെ കുഴിച്ചാല്ലും വെള്ളംണ്ടാവൂലോ.

കുഞ്ഞി : പോരാത്തതിന് ദാ ഇവ്ടക്ക് വഴീംണ്ട്.

ബാല : (ചിരി) വഴ്യോ... ഇതോ... ഇതിൽകൂടെ ഒരു പോത്തിനല്ലേ വരാൻ പറ്റു.

കുഞ്ഞി : (കൊല്ലാകൊല്ലോം) ട്രാക്ടറെങ്ങനെ വഴ്യാ.

ബാല : ലോറി വരോ ?

കുഞ്ഞി : ലോറി വരില്ല്യ. (ആലോചിച്ച്) അല്ല പാടത്തേക്കെന്തിനാ ലോറി വരണത്?

ബാല : (ചിരി) നിങ്ങളിപ്പോ എന്താ വിചാരിച്ചേ? എനിക്കിത് കൃഷി ചെയ്ത് നഷ്ടം വരുത്താനുള്ളതല്ല. ഇതൊക്കെ മണ്ണിട്ട് നികത്തി പ്ലോട്ടുകളാക്കി തിരിച്ച് മറിച്ച് വിൽക്കാനുള്ളതാ.

കുഞ്ഞി : അതെന്തെങ്കിലും ആവട്ടെ നമുക്ക് കാര്യത്തിലേക്ക് കടക്ക്വാ.

ബാല : നമ്മളൊരു വെല പറഞ്ഞട്ടുണ്ടല്ലോ. അതനുസരിച്ച് കാര്യങ്ങൾ നീക്കാം.

കുഞ്ഞി : നമ്മളോ ? എന്ത് വില ?

ബാല : (പരുങ്ങുന്നു) അല്ല, ഞാനൊരു വില പറഞ്ഞിട്ടുണ്ടല്ലോ.

കുഞ്ഞി : നിങ്ങള് പറഞ്ഞതോ ? അത് വെലയാണോ ? അതോ പാട്ടത്തുകയാണോ ? അതേയ് ഇക്കണ്ട കാലമത്രേം ഞങ്ങളീ മണ്ണിൽ പണിയെടുത്താ ജീവിച്ചത്. അത് നക്കാപ്പിച്ച കാശിന് വേണംന്ന് പറഞ്ഞാ....ശര്യാവില്ല്യ.

ബാല : ഇക്കണ്ട കാലമത്രേം നിങ്ങളീ മണ്ണിൽ പണിയെടുത്തൂന്ന് പറഞ്ഞു. എന്നിട്ടെന്താ നിങ്ങക്ക് സമ്പാദിക്കാൻ പറ്റീത് ?

കുഞ്ഞി : ഒന്നുംണ്ടായില്ല്യ. അതോണ്ടാക്കെത്തന്ന്യാ ഇത് വിറ്റുപെറുക്കി ഒരു കച്ചോടം തൊടങ്ങാൻ തീരുമാനിച്ചത്.

ബാല : നിങ്ങളിപ്പോ എടുത്ത ഈ തീരുമാനം ണ്ടലോ വളരെ നന്നായി. കൊറച്ച് കഴിഞ്ഞാ നിങ്ങള് വിചാരിച്ചാൽപോലും ഈ ഭൂമി വിക്കാൻ പറ്റില്ല്യ.

കുഞ്ഞി : അതേയ് ഇതെന്റെ നെലാ......ഇതിന്റെ ആധാരം എന്റെ പേരിലാ. പിന്നെന്താ എനിക്ക് വിക്കാൻ പറ്റായ ?

ബാല : (ചിരിക്കുന്നു) അല്ലാ നിങ്ങൾക്കിത്ര വിവരംല്ല്യേ. നിങ്ങള് പേപ്പറൊന്നും വായിക്കാറില്ല്യേ? സർക്കാർ ഒരു നെൽവയൽ സംരക്ഷണനിയമം പാസ്സാക്കാൻ പോവ്വാണ്. പിന്നെ പാടം മറിച്ചുവിക്കാനൊന്നും പറ്റില്ല്യ. സംശയംണ്ടെങ്കിൽ ദാ ആ വില്ലേജാപ്പീസിൽ പോയി ചോദിച്ച് നോക്കൂ.

കുഞ്ഞി : (പരുങ്ങുന്നു) അതൊക്കെ കൊറച്ച് എനിക്കും അറിയാം.അതോണ്ടൊക്കെ തന്ന്യല്ലേ ഇതിപ്പോ വിക്കാൻ തീരുമാനിച്ചത്. എന്നുവെച്ച് നിങ്ങള് പറയണ നക്കാപ്പിച്ച കാശിന് തരണംന്ന് പറഞ്ഞാ പറ്റ്വോ ?ഇത് കൊടുക്കണോന്ന് ചോദിച്ച് ഇഷ്ടം പോലെ ആൾക്കാര് ഇവ്ടെ വന്ന് പോണുണ്ട്.

ബാല ; നിങ്ങൾക്ക് അത് നേരത്തെ അളക്കണേന് മുമ്പെ പറയായിരുന്നില്ല്യേ ? ഇത്പ്പോ ഈ പൊരി വെയില് മുഴോനെ കൊണ്ട് കഴിഞ്ഞപ്പഴാ പറയ്യാ ?.

കുഞ്ഞി : ഒരു കച്ചോടാവുമ്പോ ഇങ്ങന്യൊക്കെത്തന്ന്യല്ലേ ? വേറെ ആൾക്കാരും ചോയ്ക്കണണ്ടേ .

ബാല : (ഒരു തന്ത്രം പോലെ ചൂടാവുന്നു) ഇതാ കച്ചോടം ? ആളെ പറഞ്ഞ് പറ്റിച്ച് വെയിലും കൊള്ളിച്ച് ..നിങ്ങളേ ആർക്കാച്ചാ കൊടുത്തോളിൻ (ചൂടായി ഇറങ്ങിപ്പോവുന്നു)

ബാല : (തന്റെ മേൽ ചുറ്റിയിരിക്കുന്ന ടേപ്പ് കാണുന്നു. അഴിച്ചുമാറ്റാൻ ശ്രമിക്കുന്നു. കൂടുതൽ കുരുങ്ങുന്നു.)പാടത്തിന് ഇത്ര വെല തന്നെ കിട്ടുള്ളു. എനിക്കിപ്പോ എത്രകാലം കൃഷി നടത്താൻ പറ്റും? കുട്ട്യോൾക്കാണെങ്കിൽ തീരെ ഇഷ്ടംല്ല്യ. എന്നാ പണിക്ക് വിളിച്ചാ ഒരാളെ കിട്ട്വോ ?

അതുംല്ല്യ എന്തെങ്കിലും കൊറച്ച് കൂട്ടിചോദിച്ച് അയാൾക്കന്നെ കൊടുക്കാം.(അകലേക്ക് വിളിച്ചു പറയുന്നു ടേപ്പ് കാണിച്ച്) അതേയ് ഇത് വേണ്ടേ ?

ബാല ; (അകലെനിന്ന്) അതേയ് നിങ്ങള് ആരക്കാച്ചാ കൊടുത്തോളിൻ, എനിക്കുവേണ്ട.

കുഞ്ഞി : ഈ ടേപ്പ് ഞാനാർക്കാ കൊടുക്കണ്ടത് ഇത് നിങ്ങക്ക് വേണ്ടേ ?

ബാല : ഓ അതോ...ഞാൻ മറന്നു (തിരിച്ചു വരുന്നു ആകെ ചുറ്റിപ്പിണഞ്ഞ ടേപ്പ് കാണുന്നു) നിങ്ങളിതെന്താ കാണിച്ചു വെച്ചിരിക്കണത് ?

(രണ്ടാളും കൂടി ടേപ്പ് ദേഹത്ത് നിന്ന് അഴിച്ചു മാറ്റുന്നു).

കുഞ്ഞി : എന്തായാലും നിങ്ങളിത് വന്ന് കണ്ടു അളന്നു. നിങ്ങൾക്ക് ഇഷ്ടായ്യേനും. എന്തെങ്കിലും കൊറച്ച് കൂട്ടിത്തന്ന് ഇത് നിങ്ങളന്നെ എടുത്തോളിൻ.

ബാല : അതേയ് നേരത്തെ പറഞ്ഞ തുകയക്ക്ല്ലാതെ പത്തുപൈസ കൂട്ടിത്തരാൻ പറ്റില്ല്യാട്ടോ. അത് നിങ്ങള് ചോയ്ക്കണ്ട.

കുഞ്ഞി :എന്നാപിന്നെ നമ്മള് തമ്മില് കണ്ടിട്ടില്ല്യാന്ന് വെയ്ക്കാം. (പോകുന്നു)

ബാല : (ആത്മഗതം) തൊട്ടടുത്ത് ഹാജ്യാരുടെ കണ്ടങ്ങൾ, പടിഞ്ഞാറൂട്ടെ കണ്ടങ്ങൾ....ഇവിടുന്നങ്ങട്ട് പിടിച്ചാൽ ഒരു പത്ത് നാൽപ്പതേക്കർ ഉണ്ടാവും. ഇതെങ്ങനേങ്കിലും കയ്യിലാക്കിയാലേ ബാക്കിയുള്ളതിന്റെ കാര്യം ശര്യാവൂ. പറമ്പിന്റെ അടുത്തക്ക് പോവ്വാൻ പറ്റില്ല്യ. കൈപൊള്ളും. പാടം ചുളു വിലയ്ക്ക് കൈക്കലാക്കി മണ്ണിട്ട് നികത്തി വില്ലേജിലും പഞ്ചായത്തിലും മറ്റ് വേണ്ടപ്പെട്ടവർക്കൊക്കെ വേണ്ടത്ര കാശ് കൊടുത്താലും നല്ല ലാഭം തന്നെ ....എന്തെങ്കിലുമൊക്കെ കൂട്ടിക്കൊടുത്ത് ഇത്ങ്കട് തരാക്കാം....(ഉറക്കെ) അതേയ് ഏട്ടാ....രാമേട്ടാ....കൃഷ്ണേട്ടാ...എന്തെങ്കിലുമാവട്ടെ....ഏട്ടാ...ഒന്നിങ്ങട്ട് വരൂ....ഒരു കാര്യം ചോയ്ക്കട്ടെ.

കുഞ്ഞി : (വരുന്നു) എന്തേയ്

ബാല : ഇങ്ങട്ട് വരീൻ....ഇതാരട്യാന്നാ പറഞ്ഞേ...

കുഞ്ഞി : (ദേഷ്യത്തിൽ) ഇത് ചോയ്ക്കാനാപ്പോ എന്നെ വിളിച്ചത് ?

ബാല : നിങ്ങള് ചൂടാവാതെ...ഇതാരടെ കണ്ടാ?

കുഞ്ഞി : ഹാജ്യാരടെ....

ബാല : അതേയ് നിങ്ങളേതായാലും ഇതൊക്കെ വിറ്റുപെറുക്കി ഒരു കച്ചോടം തൊടങ്ങാൻ തീരുമാനിച്ചതല്ലേ. ഞാനായിട്ട് അതിനൊരു മൊടക്കം വരുത്തണില്ല്യ. ഞാനേതായാലും ഇത് വാങ്ങാം.

കുഞ്ഞി : ഹാവൂ...ഇപ്പഴാ എനിക്ക് സമാധാനായത്.

ബാല : പക്ഷേ നിങ്ങളൊരു കാര്യം ചെയ്യണം. ഇതാ ഈ കണ്ടങ്ങളൊക്കെ നിങ്ങള് പറഞ്ഞ് എനിക്ക് വാങ്ങിച്ചുതരണം.

കുഞ്ഞി : അത്പ്പോ ഞാൻ പറഞ്ഞാ അവര് കേക്കോണാവോ ?

ബാല : നിങ്ങള് നല്ലൊരു കൃഷിക്കാരനല്ലേ. നിങ്ങളവരെ കാര്യം പറഞ്ഞ് മനസ്സിലാക്കണം. അവർക്ക് മനസ്സിലാവാതിരിക്കില്ല്യ.

കുഞ്ഞി : ഞാൻ ശ്രമിച്ച് നോക്കാം.

ബാല : നിങ്ങള് ശ്രമിക്കാംന്ന് പറഞ്ഞാ നടന്ന പോലെയാണ്.

കുഞ്ഞി : അതേയ് എനിക്കിതിന്റെ കാശ് വേഗം കിട്ടണം ഇത് കിട്ടിയിട്ട് വേണം എനിക്കെന്റെ കച്ചോടം തൊടങ്ങാൻ.

ബാല : നാളെ കഴിഞ്ഞാൽ ഞാനിങ്ങോട്ട് വരും. രജിസ്ട്രേഷൻ സമയത്ത് മുഴുവൻ കാശും. അതാണ് കച്ചോടം. ഞാൻ പറഞ്ഞ കാര്യം മറക്കണ്ട.(ചിരിച്ചുകൊണ്ട് പോകുന്നു)

കുഞ്ഞി : (അയാൾ പോകുന്നത് നോക്കുന്നു. പാടം ചുറ്റി വിഷമത്തോടെ നടക്കുന്നു.) ഇത്രേം കാലം ജീവിച്ച മണ്ണാ. കാർന്നോമ്മാർ ശപിക്കോണാവോ ? ഏയ് അതൊന്നും ഉണ്ടാവില്ല്യ. എനിക്കും എന്റെ കുട്ട്യോൾക്കും ഒരു നല്ലകാലം വരണേന് അവര് അനുഗ്രഹിക്കന്ന്യേ ഉണ്ടാവുള്ളു.

(വെളുമ്പ്യേ...മാളോ...മീനാക്ഷിയുടെ ശബ്ദം അകലെ നിന്ന്. കുഞ്ഞികൃഷ്ണൻ പരിഭ്രമിച്ച് നോക്കുന്നു. മീനാക്ഷി അകലെ നിന്ന് വരുന്നത് കാണുന്നു. തോർത്തുമുണ്ട് തലയിലൂടെ ഇട്ട് പതുക്കെ എതിർ വശത്തേക്ക് നടക്കാൻ തുടങ്ങുന്നു.)

മീനാക്ഷി : അതേയ് ആരാ ആ പോണത് ? ഒരു പയ്യും കുട്ടീം ഇതേ്യനെ പോണ കണ്ടോ ? (പെട്ടെന്ന് ആളെ തിരിച്ചറിഞ്ഞ് അടുത്തേക്ക് ഓടി വരുന്നു. കയ്യ് പിടിച്ച് നിർത്തുന്നു.) അത് ശരി ഇങ്ങളാല്ലേ. ഇങ്ങളെന്ത് പണ്യാകാണിച്ചേ എവിടേന്നും എന്റെ പയ്യും കുട്ടീം ? മര്യാദയ്ക്ക് പറയിൻ.

കുഞ്ഞി : (പരുങ്ങുന്നു) മീനാക്ഷ്യേ നീയാ? അതേയ് ഞാനവറ്റേനെപടിഞ്ഞാറേ പാടത്ത് കെട്ടീട്ടുണ്ട്.

മീനാക്ഷി : അതേയ് നിങ്ങള് വെറുതെ വർത്തമാനം പറേണ്ട. ഞാനാ പടിഞ്ഞാറേ പാടം മുഴ്വോനെനോക്കീട്ടാ വരണത്.

കുഞ്ഞി : ശര്യാ... ഞാനേയ് കെഴക്കേപ്പാടത്താ കെട്ടീത്. മറന്നതാ മീനാക്ഷ്യേ...

മീനാക്ഷി : പടിഞ്ഞാറല്ലെങ്കിൽ കെഴക്ക്...ഇങ്ങക്ക് ന്നാ അതാദ്യം പറയാർന്നില്ല്യേ. നൊണപറയാതെ ഇങ്ങക്ക് വയ്യാല്ലേ. ഞാനേ പോയി നോക്കട്ടെ

(തിരിഞ്ഞു നടക്കുന്നു. കുഞ്ഞികൃഷ്ണൻ പതുക്കെ ഓടി രക്ഷപ്പെടാൻ നോക്കുന്നു. പെട്ടെന്ന് മീനാക്ഷി ദേഷ്യത്തിൽ തിരിച്ച് വരുന്നു)

മീനാക്ഷി : അതേയ് ഇങ്ങളെന്താ ആളെ കള്ള്യാക്കാ ? ഇഞ്ചിക്കുത്ത് ചതയ്ക്കണം ഇങ്ങളെ. ഇതന്നല്ലേന്നും കെഴക്കേപ്പാടം. അവ്ടെ നിക്കിൻ എങ്ങട്ടാ ഓടിപ്പോണ്. മര്യാദക്ക് ന്റെ കുട്ട്യോളെ കാട്ടിത്തന്നട്ട് പോയാ മതി. (പിടിച്ച് നിർത്തുന്നു)

കുഞ്ഞി :(പരുങ്ങലോടെ) അതേയ് ഞാൻ പറയാം മീനാക്ഷ്യേ.

മീനാക്ഷി : പറയാം പറയാംന്ന്ങ്ങനെപറഞ്ഞ് നിക്കാതെ പറയിൻ.

കുഞ്ഞി : (കൂടുതൽ പരുങ്ങലോടെ) പറയാം നീ ക്ഷമിക്ക്.

മീനാക്ഷി : എന്താ ഇങ്ങള് നീണ്ടകഥ പറയ്യാ ? മര്യാദക്ക് പറയിൻ.

കുഞ്ഞി : (പരുങ്ങി കള്ളത്തരം കാണിക്കുന്നതു പോലെ) അതേയ് ഞാനവറ്റേനെ വിറ്റു.

(ചെവിപൊത്തി ഇരിക്കുന്നു. മീനാക്ഷി പെട്ടെന്ന് ഞെട്ടുന്നു. കുഞ്ഞികൃഷ്ണന്റെ ഭാവം കണ്ട് ചിരിക്കാൻ തുടങ്ങുന്നു. നിർത്താതെ ചിരിച്ച് നിലത്തിരിക്കുന്നു. കുഞ്ഞികൃഷ്ണൻ ഇത് കണ്ട് അന്തംവിടുന്നു.)

കുഞ്ഞി : (ഉറക്കെ) അതേയ് ഞാനവറ്റോളെ വിറ്റൂന്ന്.

മീനാക്ഷി : നിങ്ങളിങ്ങനെ അലറണ്ട. ഞാൻ കേട്ടൂന്ന്.

കുഞ്ഞി : പിന്നെ നീയെന്തിനാങ്ങനെചിരിക്കണത് ? (മീനാക്ഷി നിർത്താതെ ചിരിക്കുന്നു) അതേയ് നീയിന്നാ ഒരു കാര്യം കൂടി കേട്ടോ. ഞാനേയ് നമ്മടെ ഭൂമീം വിക്കാൻ പോവാ.

മീനാക്ഷി : (കൂടുതൽ ചിരിക്കുന്നു) ഇങ്ങള് ന്നാ ഒരു കാര്യം ചെയ്തോളിൻ. ദാ ആകാശം ങ്ങനെമലർന്ന് കെടക്കണു. ഭൂമി മാത്രമാക്കണ്ട ഈ ആകാശോം അളന്ന് മുറിച്ച് വിറ്റോളിൻ.

കുഞ്ഞി :മീനാക്ഷ്യേ ഞാൻ പറയണത് കേക്ക്.....

മീനാക്ഷി : കേട്ടൂലോ..... അതേയ് ഞാൻ ഇങ്ങളെ ഇന്നും ഇന്നലേം കണാൻ തൊടങ്ങീതല്ലല്ലോ. കല്ല്യാണം കഴിഞ്ഞ അന്നു മുതലല്ല, അപ്പോ മുതല് ഇങ്ങള് എന്നെ എന്തൊക്കെ പറഞ്ഞ് പറ്റിച്ചിരിക്കണു. ഇങ്ങളെപ്പോലെ ഒരു നുണയനെ ഞാനെന്റെ ജീവിതത്തില് കണ്ടട്ടില്ല. ഇതിനു മുമ്പ് എത്ര പ്രാവശ്യം ഇങ്ങള് പയ്യിനെകാണാൻല്ല്യ, ഭൂമി വിക്ക്വാണ്ന്നൊക്കെ പറഞ്ഞട്ടുണ്ട്. ഞാനും കുട്ട്യോളും രണ്ടൂസം മുമ്പല്ലേ എന്റെ വീട്ടിൽക്ക് പോയത്. പോണേന്റെ അന്നല്ലേ വിരിപ്പിനുള്ള വിത്ത് നമ്മള് രണ്ടാളും കൂടി അളന്ന് വെച്ചത് ? കണ്ടം പൂട്ടാൻ ട്രാക്ടർ ഏൽപിച്ചത് ഇങ്ങളന്ന്യല്ലേ ന്ന്ട്ട്പ്പോ രണ്ടൂസംകൊണ്ട് പയ്യിനെവിക്കണു, ഭൂമി വിക്കണു, ആകാശം വിക്കണു. നല്ല തമാശ. എന്താ ഒരു സ്പീഡ് ഇങ്ങക്ക്. ഇങ്ങള് ഈ വെയിലും കൊണ്ട് ഇവ്ടെ നിക്കിൻ. ഞാനെന്റെ പയ്യും കുട്ടീം വീട്ടിലെത്ത്യോന്ന് നോക്കട്ടെ...(ചിരിച്ച് കൊണ്ട്

പോകുന്നു. കുഞ്ഞികൃഷ്ണൻ അന്തം വിട്ട് നോക്കി നിൽക്കുന്നു.)

## രംഗം–3

(പാടത്തിന്റെ കരയിലുള്ള ഒരു വീട്. ഉമ്മറത്തിരുന്ന് 10–12 വയസ്സുള്ള ഒരു പെൺകുട്ടി–അമ്മു–ഇരുന്ന് വായിച്ചു പഠിക്കുന്നു.)

അമ്മു– 'പശു ഒരു വീട്ടുമൃഗമാണ്. പശു നമുക്ക് പാൽ തരും. പാൽ വളരെ ആരോഗ്യപ്രദമായ ആഹാരമാണ്.'

(മീനാക്ഷി വെളുമ്പ്യേ.... മാളോ.. എന്ന് വിളിച്ച് പടിക്കലൂടെ നടന്ന് വരുന്നു. കുട്ടി വായിക്കുന്നത് കേട്ട് നിൽക്കുന്നു)

മീനാക്ഷി : കുട്ട്യേ... പശു നമുക്ക് പാല് മാത്രേ തരുള്ളൂ ?

കുട്ടി : പിന്നെ ചാണകോം തരും.

മീനാക്ഷി : അതു മാത്രല്ല കുട്ട്യേ ചെലപ്പോ പശു നമുക്ക് ജീവിതം തന്നെ തരും.

കുട്ടി : അതെന്താ വല്ല്യമ്മേ അങ്ങനെ പറഞ്ഞാൽ ?

മീനാക്ഷി : അത് നെനക്കറില്ല്യാല്ലേ. അതേയ് നിങ്ങളെവിടുന്നാ പാല് വാങ്ങണത് ?

കുട്ടി : നിങ്ങൾടെ അവ്ടന്ന്

മീനാക്ഷി : അതിന് നിങ്ങള് ഞങ്ങൾക്ക് കാശ് തരണില്ല്യേ? അതോണ്ടന്ന്യാ ഞാനെന്റെ കുട്ട്യോളെ പഠിപ്പിക്കണത്. പിന്നെ ചാണകോം മൂത്രോം ഒക്കെ ഇഷ്ടം പോലെ തൊടീലും പാടത്തുമൊക്കെ കൊണ്ടിടും. അപ്പോ ഇഷ്ടം പോലെ പച്ചക്കറീം നാളികേരോം നെല്ലും ഒക്കെ ഉണ്ടാവും. ഇത്ര കാലോം ഞങ്ങള് ജീവിച്ചത് അതോണ്ടൊക്കെ തന്ന്യാ. ഇപ്പോ മനസ്സിലായില്ല്യേ പശു എങ്ങിന്യാ ജീവിതം തരണത്ന്ന് ? അല്ല കുട്ട്യേ ഒരു പയ്യും കുട്ടീം ഇത്യേനെ പോണ കണ്ടോ ?

കുട്ടി : ആര് വെളുമ്പീം മാളോ ? എന്തേ വല്ല്യമ്മേ ?

മീനാക്ഷി : ഒന്നും പറയണ്ടെന്റെ കുട്ട്യേ. ഞാനും കുട്ട്യോളും രണ്ടൂസം മുമ്പെ എന്റെ വീട്ടിലേയ്ക്കൊന്ന് പോയതാ. അപ്പഴക്കും എവ്ടെ കൊണ്ടോയി കെട്ടീണാവോ ?

കുട്ടി : ആര് ? വല്ല്യച്ഛനോ ?

മീനാക്ഷി : അല്ലാതെ പിന്നാരാ ? കുട്ട്യേ ദാഹിച്ചിട്ട് വയ്യ. എത്ര നേരായി വെയിലത്ത് നടക്കണു.

കുട്ടി : (അകത്ത് പോവുന്നു) വല്ല്യമ്മേ കഞ്ഞി വെള്ളം മത്യോ ?

മീനാക്ഷി : ഹാവൂ എന്നാ നന്നായീലോ.

(കുട്ടി കഞ്ഞിവെള്ളം കൊണ്ടുവരുന്നു. മീനാക്ഷി കുടിക്കുന്നു)

മീനാക്ഷി : ഹാവൂ... കൊറച്ചാശ്വാസമായി. കുത്തരീടെ കഞ്ഞിവെള്ളം കുടിച്ചാ ദാഹം മാത്രമല്ല കുട്ട്യേ വെശപ്പും മാറും. ദാ ഇതില് കൊറച്ച് കഞ്ഞി വെള്ളം ബാക്കിണ്ട്. പാവന്റെ കുഞ്ഞിമാളു. വെയില് കൊണ്ട് പൊരിഞ്ഞട്ടുണ്ടാവും. കുഞ്ഞ്യേകുട്ട്യല്ലേ. ദാ ഇത് അതിന് കൊണ്ടു കൊടുക്കാം. പാത്രം വൈകുന്നേരം നീയ്യ് പാലിന് വരുമ്പോ തരാംട്ടോ. (എണീക്കുന്നു)

കുട്ടി : വല്ല്യമ്മേ ഞാനും വരട്ടെ വല്ല്യമ്മേടെ കൂടെ ?

മീനാക്ഷി : അപ്പോ നെനക്ക് പഠിക്കാൻല്ല്യേ ?

കുട്ടി : അതൊക്കെ കഴിഞ്ഞു. അമ്മേ...ഞാൻ വല്ല്യമ്മേടെ കൂടെ പോവ്വാ. വേഗം വരാം.

(രണ്ടുപേരും കൂടി പടി കടന്ന് പോവുന്നു)

കുട്ടി : വല്ല്യമ്മേ വെളുമ്പീനെ എവിടുന്നാ വാങ്ങീത്.

മീനാക്ഷി അതിനെ വാങ്ങീതല്ല കുട്ട്യേ:

കുട്ടി : പിന്നെ വെറുതെ കിട്ടീതാ ?

മീനാക്ഷി : അതൊക്കെ വല്ല്യേ കഥയാ കുട്ട്യേ.

(മീനാക്ഷിയും കുട്ടിയും കഥയും പറഞ്ഞു നടന്നകലുന്നു. പുറകെ കുഞ്ഞികൃഷ്ണൻ പശുവിന്റെ കയറുമായി വരുന്നു.)

കുഞ്ഞി : മീനാക്ഷി, നിൽക്കൂ ഞാൻ പറയട്ടെ, ഞാനതിനെ വിറ്റു.

(മീനാക്ഷിയും കുട്ടിയും പോയ വഴിയെ പോകുന്നു)

(മീനാക്ഷിയും കുട്ടിയും പാടത്തിന്റെ മറുകരയിലൂടെ നടന്നു വരുന്നു)

മീനാക്ഷി : അതൊക്കെ വല്ല്യേ കഥയാ കുട്ട്യേ. വല്ല്യമ്മ ചെറ്യേ കുട്ട്യാവുമ്പോ,വല്ല്യമ്മേടെ അച്ഛൻ വല്ല്യമ്മയ്ക്ക് ഒരു ചെറ്യേ പശുക്കുട്ട്യേ കൊണ്ടന്നു തന്നു.

കുട്ടി : അതാണോ വെളുമ്പി ?

മീനാക്ഷി : അതല്ല. വല്ല്യമ്മേം ആ പശുക്കുട്ടീം ഒപ്പാ കളിച്ചു വളർന്നത്. ഒരൂസം വല്ല്യമ്മ സ്കൂളിൽന്ന് വരുമ്പോ തൊഴുത്തില് നെറയെ ആൾക്കാർ. വല്ല്യമ്മ അതിന്റെടേൽകൂടെ നോക്കുമ്പോ ഒരു തുടുത്ത പശുക്കുട്ടി അതിന്റെ വയറ്റിൽ നിന്ന് വരണു.

കുട്ടി : അതല്ലേ വെളുമ്പി?

മീനാക്ഷി : അതും അല്ല. വല്ല്യമ്മ വല്ല്യച്ഛനെകല്ല്യാണം കഴിച്ച് ഇങ്ങട്ട് പോന്നപ്പോ ആ പശുക്കുട്ടീനേം കൊണ്ടാ പോന്നത്. കല്ല്യാണത്തിന്റെ പിറ്റേ ദിവസം ഇവ്ടെ എന്തായിരുന്നു പുകില് ?

(രണ്ടാളും കൂടി ചിരിച്ച് കളിച്ച് ഓടിപ്പോവുന്നു. രംഗത്താരുമില്ല.കുഞ്ഞികൃഷ്ണനും മീനാക്ഷിയും കല്ല്യാണപ്പിറ്റേന്നത്തെ വേഷവിധാനങ്ങളോടെ വരുന്നു. കുഞ്ഞികൃഷ്ണൻ കഞ്ഞികുടിക്കാനിരിക്കുന്നു)

മീനാക്ഷി : മാങ്ങാച്ചമ്മന്തിയുണ്ട്............

കുഞ്ഞി : നീയ്യ് കഴിച്ചോ ?

മീനാക്ഷി : നിങ്ങള് കഴിച്ചിട്ടാവാം..

കുഞ്ഞി : അതേയ് അത്ര വല്ല്യേ ബഹുമാനൊന്നും കാട്ടണ്ട. ഇവ്ടെപ്പോ നമ്മള് രണ്ടാളല്ലേ ഉള്ളു. വാ ഇരിക്ക് നമുക്കൊന്നിച്ച് കഴിക്കാം.

(രണ്ടാളും കൂടി കഞ്ഞികുടിക്കാൻ തുടങ്ങുന്നു. മറ്റ് രണ്ടുകൃഷിക്കാർ – നാരായണനും രാമകൃഷ്ണനും വരുന്നു. രണ്ടുപേരുടെയും കഞ്ഞികുടി കണ്ട് ചിരിക്കുന്നു. മീനാക്ഷി എണീക്കുന്നു.)

നാരായണൻ : അതുശരി കഞ്ഞികുടിച്ചിരിക്ക്യാ കന്നിനെഎറക്കണ്ടടോ ? ആൾക്കാരൊക്കെ ദാ പാടത്തെത്തീരിക്കണു

രാമ : കല്ല്യാണം കഴിഞ്ഞപ്പോ കൃഷിപ്പണി വേണ്ടാന്നായോ ?

കുഞ്ഞി : കല്ല്യാണം കഴിഞ്ഞൂന്ന് വെച്ച് കഞ്ഞി കുടിക്കണ്ടേ.ഇങ്ങള് അങ്കട് നടന്നോളിൻ ഞാൻ ദാ വരണു.

നാരാ : ഏടോ...ഈ വെളളക്കുപ്പായൊക്കെ ഇട്ടട്ടാ പാടത്തേയ്ക്കറങ്ങണത് ? അന്റൊരു കാര്യം...

കുഞ്ഞി : ഇത് ദാ അഴിച്ചിടായി.

രാമ : നാരണേട്ടോ ഇങ്ങള് ഇങ്കട് പോരിൻ... അവര് പുതുമോടികളല്ലേ, കൊറച്ച് നേരം കളിച്ചും ചിരിച്ചും കഞ്ഞികുടിച്ചോട്ടെ.

മീനാക്ഷി : അല്ലാ, നിങ്ങൾക്ക് കഞ്ഞികുടിയ്ക്കണ്ടേ ?

കുഞ്ഞി : അവര് കുടിച്ചിട്ടാവും വന്നട്ടുണ്ടാവ്വാ....

നാരാ : ഏയ് ഞങ്ങള് കഞ്ഞ്യൊന്നും കുടിച്ചിട്ടില്ല്യ. നേരം വൈകീച്ച് വേഗം പോന്നതാ.

മീനാക്ഷി : എന്നാ നിങ്ങളിരിക്കിൻ കഞ്ഞികുടിച്ചിട്ട് പോവാം (അകത്തേക്ക് പോവുന്നു)

രാമ : പുതുപെണ്ണിന്റെ കൈപ്പുണ്യം അറിയാലോ .

(രണ്ടാളും ഇരിക്കുന്നു മീനാക്ഷി കഞ്ഞികൊണ്ടുവെയ്ക്കുന്നു. രണ്ടാളും കഞ്ഞി കുടിക്കുന്നു. കുഞ്ഞികൃഷ്ണൻ കഞ്ഞികുടിച്ചെഴുന്നേല്ക്കുന്നു.)

കുഞ്ഞി : അല്ലാ നീയിങ്ങനെ പുതുപ്പെണ്ണായിട്ട് നിന്നാ പറ്റില്ല്യ. ആ വിത്തെടുത്ത് പാടത്തേയ്ക്കെറങ്ങിക്കോ.

(മീനാക്ഷി ഉമ്മറത്തിരിക്കണ വിത്ത് ചാക്ക് എടുക്കാൻ ശ്രമിക്കുന്നു)

മീനാക്ഷി : അതേയ് എനിക്കിത് തന്നെ ഏറ്റാൻ പറ്റണില്ല്യ. നിങ്ങളിതൊന്ന് ഏറ്റിത്തരിൻ.

(കുഞ്ഞികൃഷ്ണൻ വിത്ത് ചാക്ക് തലയിൽ വെച്ച് കൊടുക്കുന്നു മീനാക്ഷി മുറ്റത്തേയ്ക്കിറങ്ങുന്നു തിരിച്ചു വരുന്നു)

മീനാക്ഷി : ഞാനെന്റെ കുട്ടിയ്ക്ക് വെള്ളം കൊടുക്കാൻ മറന്നു. അതിന് വെള്ളം കൊടുത്തട്ട് പോരെ പാടത്തയ്ക്ക് പോവാൻ.

കുഞ്ഞി : എന്നാ വേഗം കൊടുത്തിട്ട് വാ..(മീനാക്ഷി ചാക്ക് തലയിലേറ്റി പോവുന്നു)

നാരാ : കുട്ട്യോ ?

കുഞ്ഞി : അതെ. അവളൊരു കുട്ട്യായിട്ടാ വന്നടക്കണത്.

രാമ : കല്ല്യാണം കഴിയണേന് മുമ്പ് കുട്ട്യോ?

കുഞ്ഞി : ഏടോ ആ കുട്ട്യല്ല. ഒരു പശുക്കുട്ട്യാ

നാരാ : അപ്പോ അണക്ക് സ്ത്രീധനായിട്ട് പയ്യിന്യാ കിട്ടീത് ?

(എല്ലാവരും ഉറക്കെ ചിരിക്കുന്നു. ഇതു കണ്ടുകൊണ്ട് മീനാക്ഷി വരുന്നു.)

മീനാ : നിങ്ങളത്ര കളിയാക്ക്വൊന്നും വേണ്ട. ഓളെന്റെ കുട്ട്യേ പോലെ തന്ന്യാ

രാമ : അന്നെ കളിയാക്കീതൊന്നുമല്ല മാളേ.. ഞങ്ങളൊരു തമാശ പറഞ്ഞതല്ലേ

(പശുക്കുട്ടി പാടത്തേക്കോടി പോകുന്നു.)

മീനാക്ഷി : (പരിഭ്രമത്തോടെ) അയ്യോ ന്റെ കുട്ടി ദാ പാടത്തേക്ക് ഓടി പോണു. അവിടെ കുണ്ടൻകുളം ഉണ്ട്ന്നല്ലേ പറഞ്ഞത്. ന്റെ കുട്ടി അതില് ചാടാണാവോ. ആരെങ്കിലും പോയി അതിനെ ഒന്ന് പിടിക്കിൻ.

കുഞ്ഞി : പിന്നെ ഇള്ളക്കുട്ട്യല്ലേ

മീനാ : അവിടെ നിൽക്ക്. നിൽക്കാനല്ലേ പറഞ്ഞേ.(തലയിൽ വിത്ത് ചാക്കുമായി പശുക്കുട്ടിയുടെ പിന്നാലെ പാടത്തേക്ക് ഓടി പോവുന്നു)

രാമ : എന്താ പുതുപെണ്ണിന്റെ ഒരോട്ടം.

.(എല്ലാവരും ഉറക്കെ ചിരിച്ച് കൂടെ പോവുന്നു. സ്റ്റേജിന്റെ മറുവശത്തുകൂടി കുട്ടി ചിരിച്ച് ഓടി വരുന്നു. പിന്നാലെ കഥ പറഞ്ഞ് ചിരിച്ച് മീനാക്ഷിയും. രണ്ട് പേരും കൂടി ചിരിച്ച് ഓടി കളിക്കുന്നു. മീനാക്ഷി കുട്ടിയെ പശുക്കുട്ടിയെ ഓടി പിടിക്കുന്നതു പോലെ പിടിക്കുന്നു).

മീനാ : അന്ന് ഞങ്ങളങ്ങനെ ഇവിടെ മുഴുവൻ ഓടി കളിച്ച് നടന്നു. ഓളും ഞാനും ഒപ്പാ പെറ്റത്. ഓള് തലേന്നും ഞാൻ പിറ്റേന്നും.

കുട്ടി : അതാണോ വെളുമ്പീ ?

മീനാ : അതെ. ഇപ്പോ ദാ വെളുമ്പി പെറ്റ് കുഞ്ഞ്യേ മാളുണ്ടായിരിക്കണൂ(പെട്ടെന്ന് പഴയ ഓർമ്മകളിൽ നിന്ന് മാറുന്നു.) അല്ല അവറ്റങ്ങള് എവിട്യാണാവോ ? ഞാനെത്ര നേരായി തെരയുണൂ.

കുട്ടി : വല്ല്യമ്മേ നേരം കൊറെയായി ഞാൻ പോട്ടെ ?

മീനാ : ശര്യാ. വേഗം പൊക്കോ. നോക്കി പോണേ. (കുട്ടി പോകുന്നു) വെളുമ്പ്യേ... മാളോ...

(പാടത്തിന്റെ മറുകരയിൽ നിന്ന് കുഞ്ഞികൃഷ്ണൻ ഓടി വരുന്നു. കയ്യിൽ പശുവിന്റെ കയർ. മീനാക്ഷിയുടെ അടുത്തെത്തുന്നു. മീനാക്ഷി അയാളെയും കയറിനെയും കാണുന്നു)

മീനാ : (കയർ പിടിച്ചു വാങ്ങിക്കൊണ്ട്) നിങ്ങൾക്കെന്താ പ്രാന്തായോ ? പയ്യിനെ അഴിച്ചു വിട്ടിട്ട് കയറായി പോരാൻ ?

കുഞ്ഞി : ഞാനെത്ര നേരായി നിന്നോട് പറയണൂ.

മീനാ : (ദേഷ്യത്തോടെ) എന്ത് പ്രാന്തോ ? നിങ്ങളിത് പറയിൻ? നിങ്ങളെവിട്യാ അതിനെ അഴിച്ചു വിട്ടത് ?

കുഞ്ഞി : ഞാൻ നിന്നോട് പറഞ്ഞില്ലേ ഞാനവറ്റകളെ വിറ്റൂന്ന്.

മീനാ : (പെട്ടെന്ന് സ്തബ്ധയാവുന്നു. അയാളെയും കയറിനെയും മാറി മാറി നോക്കുന്നു) നിങ്ങളെന്താ പറഞ്ഞേ

കുഞ്ഞി :ഞാൻ നമ്മടെ പയ്യിനേം കുട്ട്യേം വിറ്റൂന്ന്

മീനാ : (വിശ്വസിക്കാൻ കഴിയാത്തപോലെ.. ദേഷ്യം സങ്കടം) നമ്മള് കുട്ട്യോളെപ്പോലെ വളർത്ത്യേ പശുക്കളെ ങ്ങള് വിറ്റൂല്ലേ ? ങ്ങക്ക് എങ്ങനെതോന്നീ ഇത്. ഇത്ര ദുഷ്ടത്തരം കാണിക്കാൻ പറ്റും ങ്ങക്ക് ന്ന് ഞാൻ വിചാരിച്ചില്ല. ഇത്രം നേരം ങ്ങള് വിറ്റൂന്ന് പറഞ്ഞപ്പോഴൊക്കെ ഞാൻ വിചാരിച്ചത് ങ്ങടെ സ്ഥിരായ കള്ളക്കള്ള്യാണ്ന്നല്ലേ. ദുഷ്ടൻ തന്ന്യാ ഇങ്ങള്. ന്നാലും ന്റെ പാവം കുട്ട്യോള്... (ഉറക്കെ അലറി കരയുന്നു.)

കുഞ്ഞി : ന്നാ നീ ഒന്നും കൂടി കേട്ടോ ഞാൻ നമ്മടെ ഭൂമീം വിക്കാൻ പോവ്വ്വാ

മീനാ : (ദേഷ്യത്തോടെ അടുത്തുചെന്ന് അയാളുടെ തോളു പിടിച്ചു കുലുക്കുന്നു.) ഇങ്ങള് എന്ത് വിൽക്കുംന്നാ പറഞ്ഞത് ? കാർന്നോമ്മാരായിട്ട് നമ്മക്ക് കൈമാറി കിട്ടിയ ഭൂമ്യോ ? ഇത്രേം കാലം നമ്മളെ തീറ്റിപോറ്റിയ മണ്ണോ? ഇങ്ങക്കെങ്ങനെ ഇതാലോചിക്കാൻ പറ്റുന്നു ? ഇത്ര ദുഷ്ടത്തരായോ ഇങ്ങടെ മനസ്സില് ? ഇനി എങ്ങനെജീവിക്കുംച്ചിട്ടാ .

കുഞ്ഞി : അതിനല്ലേ കച്ചോടം തൊടങ്ങണത്? കച്ചോടം തൊടങ്ങാനുള്ള കാശിനല്ലേ ഇത് വിറ്റത്?

മീനാ : ഇങ്ങടെ ഒരു കച്ചോടം ? നമ്മളെ പോറ്റണ മണ്ണും നമ്മളെ കാക്കണ ജന്തുക്കളേം ബന്ധങ്ങളേം വിറ്റിട്ടല്ലേ കച്ചോടം തൊടങ്ങണത് ? (കരഞ്ഞുകൊണ്ട് )കല്ല്യാണം കഴിഞ്ഞേപിന്നേ ഇങ്ങളോട് ചോദിക്കാതെ ഞാനെന്തിലും ചെറിയ കാര്യം പോലും ചെയ്തിട്ടുണ്ടോ ഇങ്ങള് എന്നോട് ചോദിക്കാതെ എന്തെങ്കിലും ചെയ്തിട്ടുണ്ടോ. എന്നിട്ട് ഇത്രം വലിയ കാര്യം ചെയ്യുമ്പോൾ ഇങ്ങളെന്നോട് ഒരു വാക്ക് ചോദിച്ചോ ?

കുഞ്ഞി : ചോദിച്ചാൽ നീ സമ്മതിക്ക്യോ ?

മീനാ : (ദേഷ്യത്തോടെ അലറി കരഞ്ഞുകൊണ്ട്) അതു ശരി സമ്മതിക്കില്ല്യാച്ച്ട്ട് പറയാതെ എന്തു തോന്ന്യാസവും കാട്ടും ല്ലേ ? എന്തിനാ ഇങ്ങനെ കൂടെ ജീവിക്കണത് ? ഇങ്ങളെന്താച്ചാ കാട്ടിക്കോളിൻ ഞാൻ പോവ്വ്യാ. ഞാനും ന്റെ കുട്ട്യോളും എങ്ങനെയെങ്കിലും ജീവിച്ചോളാം.

എനിക്ക് മതിയായി ഇങ്ങടെ കൂടെയുള്ള ജീവിതം.(അലറിക്കരഞ്ഞുക്കൊണ്ട് ഓടിപ്പോവുന്നു)

കുഞ്ഞി : (വല്ലാത്ത വിഷമത്തോടെ സ്തബ്ധനായി നിൽക്കുന്നു) എനിക്ക് വേണ്ടീട്ടൊന്നുമല്ല നിനക്കും നമ്മടെ കുട്ട്യോൾക്കും കൂടി വേണ്ടീട്ടാ. ഇതൊന്നും മനസ്സിലാവില്ല്യാച്ചാ നീ എങ്ങട്ടാച്ചാ കടന്നു പൊക്കോ(അന്തംവിട്ട് പാടത്തിരിക്കുന്നു)

## രംഗം-4

(പാടം-പശുവിന്റെ പിന്നാലെ പിടിക്കാനോടുന്ന മറ്റൊരു കൃഷിക്കാരൻ കിട്ടുണ്ണി കയറ് പിടിച്ച കിട്ടുണ്ണിയെ വലിച്ചോടി പോകുന്ന വെളുമ്പി പശു. കിട്ടുണ്ണി താഴെ വീഴുന്നു. കുഞ്ഞികൃഷ്ണൻ തലയിൽ പീടികയ് ക്കുള്ള ബോർഡുണ്ടാക്കാനുള്ള പട്ടികകളും ഏറ്റി വരുന്നു. കിട്ടുണ്ണി പാടത്തിരിക്കുന്നത് കാണുന്നു.)

കുഞ്ഞി : എന്താ പാടത്തിരിക്കുന്നത് ?

കിട്ടുണ്ണി: കൊറച്ച് കാറ്റ് കൊള്ളാംന്ന് വെച്ച് ഇരിക്ക്യാ (പെട്ടെന്ന് കുഞ്ഞികൃഷ്ണനെകാണുന്നു.) അതു ശരി നീയാ ല്ലേ ? ഇങ്ങനോരോ ജന്തുക്കളെ എന്റെ തലയിൽ കേറ്റി വെച്ചിട്ട്... ദാ കണ്ടില്ലേ ആ ജന്തു ഈ പാടം മുഴ്വോനെ എന്നെ ഇട്ട് ഓടിക്കണത്

കുഞ്ഞി : ഞാനുണ്ടോ നിങ്ങടെ തലയിൽ കേറ്റി വെച്ചിട്ട് ? നിങ്ങള് എന്റെ വീട്ടിൽ വന്ന് കൊണ്ടോയതല്ലേ.

(കിട്ടുണ്ണി പശുവിനെപിടിക്കുന്നു അടിക്കുന്നു.)

കുഞ്ഞി : (അടിക്കുന്നതു കാണാനാവാതെ വിഷമത്തോടെ) നിങ്ങളതിനെ ഇങ്ങനെ തല്ലരുത്. ഒരു മിണ്ടാപ്രാണ്യല്ലേ അത്.

കിട്ടു : അതു ശരിയാ നിങ്ങളെയാ തല്ലേണ്ടത്.(കുഞ്ഞികൃഷ്ണൻ വരമ്പത്തുവെച്ച ഒരു പട്ടിക കഷ്ണമെടുത്ത് പോകാൻ തുടങ്ങുന്നു)

കുഞ്ഞി : അല്ല. നിങ്ങള് ഇത് പ്പോ എങ്ങട്ടാ കൊണ്ടോവണത്

കിട്ടു : പാടത്തൊരു കുറ്റി തറക്കാൻ പയ്യിനെ കെട്ടണ്ടേ ?

കുഞ്ഞി : കുറ്റ്യോ ? ഇതോ ? ഇതേയ് ഞാൻ ന്റെ പീടികയ്ക്ക് ബോർഡുണ്ടാക്കാൻ കൊണ്ടോവ്വാ. (പട്ടിക തിരിച്ചു വാങ്ങുന്നു.)

കിട്ടു : അപ്പോ നീയൊരു കച്ചോടം തൊടങ്ങാൻ പോവ്വാന്ന് കേട്ടത് ശര്യാ ?

കുഞ്ഞി : അതേ ഞാൻ എന്റെ ഭൂമീം വിറ്റു. നല്ല വിലയും കിട്ടി.

കിട്ടു : കഷ്ടായി. എന്തു നല്ല മണ്ണാ. കായിണ്ടെങ്കിൽ ഞാൻ വാങ്ങ്യേർന്നു. അല്ലാ അനക്ക് കച്ചോടം തൊടങ്ങണെങ്കിൽ എന്തിനാടോ ഈ മണ്ണ് വിക്കണത്. വല്ല ബേങ്ക്ന്നും ലോണെടുത്താൽ പോരെ ?

കുഞ്ഞി : എന്നട്ട് വേണം അതു തിരിച്ചടക്കാൻ പറ്റാതെ ഞാൻ വല്ല മരക്കൊമ്പത്തും ങ്ങനെ തൂങ്ങി ആടാൻ ങ്ങക്ക് അത് കാണണം ല്ലേ ?

കിട്ടു : അല്ലാ ഇത്പ്പോ ആരാ വാങ്ങിച്ചേ ?

കുഞ്ഞി : ആ ബാലകൃഷ്ണൻ.

കിട്ടു : ഓ എവിട്യാക്ക്യോ നാടു ചുറ്റി കൊറേ കാശായി വന്ന ആ ചങ്ങായി ല്ലേ ? അതേയ് ഓനൊരു കൃഷി ചെയ്യാനൊന്നും അല്ലാട്ടോ. ഓന് വേറെന്തൊക്ക്യോ ഉദ്ദേശ്യാ. ഓനിതൊക്കെ മണ്ണിട്ട് നികത്തും ഉറപ്പാ

കുഞ്ഞി : എന്താച്ചാ ആയിക്കോട്ടെ ഞാനെന്തിനാ അതൊക്കെ അന്വേഷിക്കണത് ?

കിട്ടു : നീയറിയണല്ലോ ? നീയൊരു കൃഷിക്കാരനല്ലേ ? എല്ലാവരും കൃഷിപ്പണി നിർത്തിയാൽ എങ്ങന്യാ ആൾക്കാര് മാമുണ്ണ്വാ. പിന്നെ ഞാനൊരു കാര്യം പറഞ്ഞേക്കാം ഈ കണ്ടങ്ങളൊക്കെ മണ്ണിട്ട് നികത്തിയാൽ എങ്ങന്യാ ആ തോട്ട്ന്നുള്ള വെള്ളം താഴത്തെ കണ്ടങ്ങളിലേക്ക് എത്ത്വാ ?എങ്ങന്യാ ആ ഇടോഴീക്കൂടെ ട്രാക്ടറെറങ്ങ്വാ

കുഞ്ഞി :(പരുങ്ങലോടെ) അതിനൊക്കെയുള്ള വഴീണ്ടാവും

കിട്ടു : വഴീണ്ടാവണം അല്ലെങ്കിൽ ഉണ്ടാക്കണം. ഇല്ലെങ്കിൽ ദാ വാങ്ങ്യോനും കുടുങ്ങും വിറ്റോനും കുടുങ്ങും പറഞ്ഞില്ല്യാന്ന് വേണ്ട. (പശു ഓടുന്നു. കിട്ടുണ്ണി പിന്നാലെ ഓടിപ്പോവുന്നു)

കുഞ്ഞി : ഇങ്ങനുണ്ടോ ഒരു കഥ ആൾക്കാരെ നേര്യാവാനും സമ്മതിക്കില്ല്യാച്ചാ(പോവാൻ തുടങ്ങുന്നു. മറ്റേ വരമ്പിൽക്കൂടെ ബാലകൃഷ്ണൻ വരുന്നു.) നിങ്ങള് നല്ല ആളാ. രണ്ടൂസം കൊണ്ട് ഒക്കെ നടത്താംന്ന് പറഞ്ഞിട്ട് ഇപ്പോ ദാ ഒരാഴ്ച്ചയായി.

ബാല : ഏട്ടാ വരൂ നമ്മക്കതൊന്ന് അള

ക്കാ.(കുഞ്ഞികൃഷ്ണനെയും കൊണ്ട് ഹാജ്യാരുടെ കണ്ടത്തിന്റെ അടുത്തേക്ക് പോകുന്നു)

കുഞ്ഞി : ഇത് ഹാജ്യാരുടെ കണ്ടല്ലേ ഇതെങ്ങനെയാ നമ്മള് അളക്ക്വാ.

ബാല : നിങ്ങള് അത് പറഞ്ഞ് ശരിയാക്കീലേ?

കുഞ്ഞി : ഞാൻ ചോദിച്ചോക്കി. അയാളത് കൊടുക്കണില്ല്യാന്നാ പറയണത്.

ബാല : അപ്പോ മറ്റേ കണ്ടങ്ങളോ

കുഞ്ഞി : അവരൊക്കെ കൊല്ലാകൊല്ലം കൃഷി നടത്തണതാ. അവരത് കൊടക്കണില്ല്യാ. നിങ്ങള് നമ്മടെ കാര്യം പറയിൻ.

ബാല : അത്പ്പോ കഷ്ടായീലോ. ഇതൊക്കെ കണ്ടിട്ടാണ് ഞാൻ നിങ്ങള് പറഞ്ഞ പൊന്നുംവില തന്ന് ഇതെടുക്കാംന്ന് സമ്മതിച്ചത്. ഇപ്പോ ഇങ്ങനെ പറഞ്ഞാൽ എങ്ങന്യാ ശര്യാവ്വാ ?

കുഞ്ഞി : അവര് കൊടുക്കാത്തതിന് ഞാനെന്താ ചെയ്യ്വാ ? ഞാനവരോടൊക്കെ ചോദിച്ചു നോക്കി.

ബാല : ആ കണ്ടങ്ങളൊക്കെ കിട്ടാതെ എങ്ങിന്യാ ഇത് ശര്യാവ്വാ.

കുഞ്ഞി : നിങ്ങളെന്താ പറയണത്. ഒക്കെ ശര്യാക്കാംന്ന് നിങ്ങള് പറഞ്ഞതനുസരിച്ച് ഞാൻ കച്ചോടത്തിന്റെ കാര്യങ്ങൾ നീക്കി. ദാ പീടികേടെ ബോർഡെഴുതാൻ പോവ്വാണ്. സാധനങ്ങൾ രണ്ടൂസം കൊണ്ട് എറക്കണം. ഇപ്പോ ഇങ്ങനെപറഞ്ഞാ ഞാനെന്താ ചെയ്യ്വാ ?

ബാല : നിങ്ങളൊന്നു മനസ്സിലാക്കണം. ഈ സ്ഥലം മണ്ണിട്ട് നെകത്തി അതിന്റെ ഒപ്പാക്കണെങ്കിൽ എത്ര ലോഡ് മണ്ണ് വേണംന്നാ. പോരാത്തേന് വില്ലേജ്കാർ, പഞ്ചായത്ത്കാർ, കരന്റ് കണക്ഷൻ കിട്ടണങ്കി KSEBക്കാര് ഇവക്കൊക്കെ കൊടുക്കണം കൈമടക്ക്. ഈ സ്ഥലം വാങ്ങണേക്കാ ചെലവു വരും അതിനൊക്കെ. ന്നാ കാര്യം നടക്ക്വോ ? ഇല്ല്യേനിം.

കുഞ്ഞി : ഇതൊക്കെ ഞാനെന്തിനാ അറിയണ്? ഒക്കെ നിങ്ങടെ കാര്യല്ലേ ?

ബാല : നിങ്ങളറിയണല്ലോ... ഇതിനൊക്കെ കൂടി എന്തായാലും കുറച്ച് സമയം എട്ക്കും. ഒരു രണ്ടു മൂന്ന് മാസേങ്കിലും വേണ്ടിവരും.

കുഞ്ഞി : എന്നുവെച്ചാ.........

ബാല : എന്നുവെച്ചാ ഒരു മൂന്നു നാലുമാസം കഴിയാതെ ഇതിന്റെ റജിസ്ട്രേഷൻ നടക്കില്ലാന്നർത്ഥം.

കുഞ്ഞി : നാല് മാസോ. അങ്ങനെ പറഞ്ഞാ എങ്ങനെ?

ബാല : ഞാൻ നിങ്ങളോട് പറഞ്ഞില്ലേ ?

കുഞ്ഞി : എന്താ പറഞ്ഞേ ? രണ്ടു ദിവസത്തിനുള്ളില് റജിസ്ട്രേഷൻന്നൊക്കെ പറഞ്ഞിട്ട്.

ബാല : അദ് ആ സ്ഥലം ശര്യാക്കി തരുംന്ന് പറഞ്ഞട്ടല്ലേ? നിങ്ങടെ ഈ കൊറച്ച് സ്ഥലത്തിനു മാത്രായിട്ട് ഇത്രേം കാശ് മൊടക്കാനും ഇത്രേം മെനക്കെടാനും വയ്യ.

കുഞ്ഞി : അവര് കൊടുക്കാത്തേന് ഞാനെന്താ ചെയ്യ്വാ.

ബാല : നാല് മാസം കഴിയാതെ നടക്കില്ല.

(ബഹളമാകുന്നു. ഇതുകേട്ട് കിട്ടുണ്ണി വരുന്നു. ഇടപെടുന്നു)

കിട്ടുണ്ണി: എന്താ, എന്താ പ്രശ്നം.

കുഞ്ഞി : ഞാൻ പറഞ്ഞില്ല്യേ ? ഇയാള് സ്ഥലം വാങ്ങീന്നും രണ്ടു ദിവസത്തിന്റെ ഉള്ളില് റജിസ്ട്രേഷൻന്നും മുഴ്വോൻ പൈസേം തരാംന്നും പറഞ്ഞ ട്ട്, പ്പൊദാ പറയണു നാലു മാസം കഴിയാതെ നടക്കില്യാന്ന്.

കിട്ടുണ്ണി: (ബാലകൃഷ്ണനോട്) എന്ത് വർത്താനാടോ ഈ പറയണത്.

ബാല : വരട്ടെ, വരട്ടെ ഞാനയാളോട് ഒരു കാര്യം പറഞ്ഞട്ട്ണ്ട്.

കുഞ്ഞി : എന്താ പറഞ്ഞേ...ഇതാ ഈ സ്ഥലം ഒക്കെ ഞാനിയാൾക്ക് വാങ്ങി കൊടുക്കണംന്ന് പറഞ്ഞോ ഞാനെന്താ ചെയ്യ്വാ.

കിട്ടുണ്ണി: (ബാലകൃഷ്ണനോട്) അതു ശരി. ഇവടെള്ള സ്ഥലൊക്കെ അങ്കട് പുളുന്താം ന്ന്...

ബാല : ഇത്യേ ഞങ്ങള് തമ്മില്ള്ള കാര്യാ. താനാരാ അതില് ഇടപെടാൻ

കുഞ്ഞി : നാട്ടുകാർക്ക് ഇടപെട്വൊക്കെ ചെയ്യാം.

കിട്ടുണ്ണി: (ബാലകൃഷ്ണനെ ഓടിച്ചിട്ടു തല്ലാനൊരുങ്ങുന്നു)നീയില്ലാങ്ങനൊരു കച്ചോടക്കാരൻ. ഒന്നെറങ്ങിപ്പോടാ അവ്ട്ന്ന്...

കുഞ്ഞി : വേണ്ട, വേണ്ട....(കിട്ടുണ്ണിയെ തടയുന്നു.)

ബാല : ആളേ വിട്ട് തല്ലിക്കാ അല്ലേ ? എനിക്ക് വേണ്ടടോ തന്റെ സ്ഥലം, ആർക്കാച്ചാ കൊടുത്തോളുണ്ടു (പോകാനൊരുങ്ങുന്നു.)

കുഞ്ഞി : അങ്ങനെങ്കട് പുവ്വല്ലേ ?

ബാല : എന്താ ?

കുഞ്ഞി : എന്താ ? കരാറ് എഴുതീട്ട്ണ്ട്, കരാറ്.

ബാല : കരാറോ ? എന്താ കരാറ് പറഞ്ഞ ദിവസത്തിനകം രജിസ്ട്രേഷൻ നടന്നില്ലെങ്കിൽ അഡ്വാൻസ് തന്ന കാശ് പൂവ്വുംന്നല്ലേ ? പൊക്കോട്ടെ. എന്നാലും നാട്ടുകാരടെ തല്ല് കൊള്ളണ്ടല്ലോ ?

കിട്ടു : അല്ലെങ്കിലും ഞങ്ങളീ സ്ഥലം കൊടുക്കണില്ല്യടോ ? (തല്ലാൻ ചെല്ലുന്നു. ബാലകൃഷ്ണൻ ഓടി പോകുന്നു) ഞങ്ങളീ സ്ഥലം ക്കൊടുക്ക്ണില്ല്യ (കുഞ്ഞികൃഷ്ണൻ കിട്ടുണ്ണിയെ ബലമായി പിടിച്ചു നിർത്തി)

കുഞ്ഞി : എന്താ പറഞ്ഞേ ?

കിട്ടു : ഞങ്ങളീ സ്ഥലം കൊടുക്കണില്ല്യാന്ന്

കുഞ്ഞി : ആര് കൊടുക്കണില്ല്യാന്ന് ?

കിട്ടു : (പരുങ്ങുന്നു) അല്ല നിങ്ങളീ സ്ഥലം.

കുഞ്ഞി : എന്റെ സ്ഥലം കൊടുക്കണോ വേണ്ട്യോന്ന് തീരുമാനിക്കണത് നിങ്ങളാ ? ദാ പ്പൊ കേറണം ന്റെ കണ്ടത്ത്ന്ന്. ഒരാളേം നേരാവാനും സമ്മതിക്കില്ല.(കിട്ടുണ്ണി കണ്ടത്തിൽ നിന്ന് കേറി. കുഞ്ഞികൃഷ്ണൻ ബാലകൃഷ്ണന്റെ പിന്നാലെ കേണപേക്ഷിച്ച് പോകുന്നു ). ഒന്നവടെ നിക്കിൻ. ഞാൻ പറയട്ടെ.

കിട്ടു : ദാ പറയണ്, ഇക്കാലത്ത് ഒരാളുടെ കാര്യത്തിലും ഇടപെട്ടൂടാ. (പോകുന്നു ബാലകൃഷ്ണനെ കുഞ്ഞികൃഷ്ണൻ കൂട്ടി കൊണ്ടുവരു

ന്നു)

ബാല : ന്നാലും ങ്ങനെആളെ വിളിച്ച് തല്ലിക്കേണ്ടേർന്നില്ല.

കുഞ്ഞി : ഞാൻ വിളച്ചട്ട് വന്നതൊന്നുല്ല. അല്ലെങ്കിലും മറ്റ്ള്ളോര് നേരാവണത് സഹിക്കാൻ പറ്റാത്ത കുറേ ആൾക്കാര് ണ്ട്. അവര്ങ്ങനെവന്ന് ഇടപെട്ടോളും.

ബാല : എനിക്ക് തിരിച്ച് തല്ലാൻ വെയ്യാഞ്ഞട്ടൊന്നുല്ല. ങ്ങക്കൊരു മോശല്ലേച്ചട്ടാ.

കുഞ്ഞി : അതൊക്കെ പോട്ടെ. ങ്ങള് കണ്ടില്ലേ. ഞാനിപ്പതാ കടേല്ക്ക് സാധനങ്ങളൊക്കെ എറക്കാൻ ഏർപ്പാടാക്കി. ബോർഡുവരെ ണ്ടാക്കാൻ പറഞ്ഞ് ഇനിപ്പോ നിങ്ങളൊഴിഞ്ഞാ ഞാൻ എന്താ ചെയ്യാ.

ബാല : നിങ്ങടെ ഈ വെഷമൊക്കെ കാണുമ്പോ ഞാനൊരു കാര്യം ചെയ്യാം.

കുഞ്ഞി : അ.

ബാല : ഞാൻ തന്നെ ഇതെടുക്കാം.

കുഞ്ഞി : ആവൂ. ഇപ്പഴാ ശ്വാസം നേരെ വീണ്.

ബാല : പക്ഷെ ഒരു കാര്യണ്ട്.

കുഞ്ഞി : എന്താദ്.

ബാല : ഞാൻ മുമ്പ് പറഞ്ഞ ചെലവൊക്കെ കണക്കാക്കി ഒരു വെല.

കുഞ്ഞി : ന്ന് വെച്ചാ

ബാല : എന്നു വെച്ചാ ഞാൻ പറഞ്ഞതിന്റെ പകുതി വെലക്കാണെങ്കിൽ ഞാൻ അതെടുക്കാം.

കുഞ്ഞി : പകുതി വെലക്കോ. (തളർന്ന് ഇരിക്കുന്നു)

ബാല : അങ്ങന്യാച്ചാൽ നാളെ രജിസ്ട്രേഷൻ ഇന്നു വൈകുന്നേരം മുഴുവൻ കാശും എണ്ണി കയ്ത്തരും. അതാ കച്ചോടം. (പോകുന്നു)

കുഞ്ഞി : പകുതി വെലക്കോ (ദേഷ്യത്തിലും സങ്കടത്തിലും) ഇത്രേംകാലം ഞങ്ങളേ തീറ്റി പോറ്റ്യേ ഈ മണ്ണ് നക്കാപിച്ച വിലക്ക് വേണംന്ന്. ഈ മണ്ണിനെന്താ ഒരു വെലേല്ല്യേ ? എനിക്കെന്താ ഒരു വെലേല്ല്യേ (ഉറക്കെ കരയുന്നു വെളിച്ചം മങ്ങുന്നു).

### രംഗം–5

(കുഞ്ഞികൃഷ്ണന്റേം മീനാക്ഷിയുടേയും വീട്. വീട്ടിൽ ആരുമില്ല. മീനാക്ഷി തലയിൽ ചക്കയും കയ്യിൽ സഞ്ചിയുമായി വിഷമത്തോടെ പടികടന്നു വരുന്നു. പരുങ്ങലോടെയാണ് വരവ്. മുറ്റവും ഉമ്മറവും ആകെ വൃത്തികേടായി കിടക്കുന്നത് കണ്ട് സങ്കടം വരുന്നു).

മീനാക്ഷി : (ആരെങ്കിലുമുണ്ടോയെന്ന് ചുറ്റും നോക്കുന്നു. വിഷമത്തോടെ) ഞാനെങ്ങനെ നോക്കി നടത്ത്യേർന്ന വീടാ. ഇപ്പോ കെടക്കണത് കണ്ടില്ല്യേ.പൊടീം മാറാലേം ചപ്പും ചവറും ആൾപ്പാർപ്പുള്ള വീടാന്ന് തോന്ന്വോ ഇത് കണ്ടാല്. തേളിനും തേരട്ടയ്ക്കും കൂടി താമസിക്കാൻ പറ്റോ ഇവ്ടെ. അപ്പഴത്തെ ഒരു ദേഷ്യത്തിന് എറങ്ങിപ്പോയീന്നേള്ളു. വേണ്ട്യേർന്നില്ല (കരയുന്നു) ഒറ്റയ്ക്കാക്കി പോണ്ട്യേർന്നില്ല. വല്ലതും തിന്ന്വേം കുടിക്ക്യേം ചെയ്യണുണ്ടാവോ ?

(സാധനങ്ങൾ വലിച്ചുവാരിയിട്ടത് ഒതുക്കിവെയ്ക്കുന്നു. ചക്കയും സഞ്ചിയും വാതിലിനടുത്ത് ഇറക്കി വെയ്ക്കുന്നു. വാതിൽ ഉന്തിനോക്കുന്നു. പൂട്ടിയിട്ടിരിക്കുന്നു. കുട്ടി പാടത്തുകൂടി പോകുന്നത് കാണുന്നു.)

മീനാക്ഷി : കുട്ട്യേ.... ഒന്നിവടെ വന്നാ

കുട്ടി : ആ വല്ല്യമ്മ വന്ന്വോ (ഓടി വരുന്നു)

മീനാക്ഷി : നീയാകപ്പാടെ കറുത്തടക്കണൂലോ. വെയിലത്തിങ്ങനെ ഓടി നടന്നിട്ടന്നെല്ലേ. അല്ലാ.... നിന്റെ അമ്മക്ക് വയ്യായ ഒന്നൂല്ല്യാലോ. പിന്നെ നീയിന്ന് വല്ല്യച്ഛനെകണ്ട്വോ ? ഇവിടെ കാണാൻല്ല്യ.

കുട്ടി : ഇല്ല്യല്ലോ വല്ല്യമ്മേ. വല്ല്യമ്മ ഇത്ര ദിവസം എവിട്യാർന്നു

മീനാക്ഷി : ഞാൻ കുട്ട്യോളേം കൊണ്ട് എന്റെ വീട്ടിൽപ്പോയതാ കുട്ട്യേ.

(മീനാക്ഷി ചൂലെടുത്ത് അടിച്ചുവാരുന്നു. മാറാല തട്ടുന്നു. കുട്ടി മീനാക്ഷി കൊണ്ടുവന്ന സഞ്ചിയെ ചുറ്റിപ്പറ്റി നില്ക്കുന്നു)

കുട്ടി : വല്ല്യമ്മ, വല്ല്യച്ഛനോട് തെറ്റിപ്പോയതാ?

മീനാക്ഷി : (ഒരു നിമിഷം സ്തബ്ധയാവുന്നു. പിന്നെ ദേഷ്യത്തോടെ) ഇത് നിന്നോടാരാ പറഞ്ഞത് ? അപ്പോ ഇതാണ് നാട്ടുകാര് പറഞ്ഞുണ്ടാക്കണത്. ആകപ്പാടെ ഒരു താക്കോലിന്റേത്രേള്ളൂ

പെണ്ണ്. വർത്തമാനം കേട്ടില്ല്യേ.. അതേയ് ഞാൻ തെറ്റീട്ടന്ന്യാ പോയത്. എന്റെ കുട്ട്യോളെപ്പോലെ ഞാൻ വളർത്ത്യേ എന്റെ പൈക്കളെ വിക്കുമ്പോ. ഭൂമി വിക്കുമ്പോ ഒരക്ഷരം ചോദിച്ചോ എന്നോട്... ഞാൻ തെറ്റിപ്പോയാ നെനക്കും നെന്റെ നാട്ടാർക്കും വിരോധൊന്നും ഇല്ല്യാലോ.

കുട്ടി : അല്ല.... വല്ല്യച്ഛൻ വിളിച്ചിട്ടാ ഇപ്പോ വല്ല്യമ്മ വന്നത്

മീനാക്ഷി : വിളിക്കാൻ വരണു. ഞാനങ്കട് പോയിട്ട് ഇത്ര ദിവസായി. ഇതുവരെ എന്നേം കുട്ട്യോളേം തിരിഞ്ഞു നോക്കീട്ടില്ല്യ. എന്നിട്ടല്ലേ വിളിക്കണത്

കുട്ടി : (കളിയാക്കിക്കൊണ്ട്) പിന്നെന്തിനാ വല്ല്യമ്മ ഇങ്ങട് പോന്നത്.

മീനാക്ഷി : അമ്പടി കേമീ...(അടുത്ത് ചെന്ന് ചെവി പിടിക്കുന്നു) നീയ്യ് കൊറെ നേരായി ചെറിയ വായിൽ വല്ല്യേ വർത്താനം പറയാൻ തൊടങ്ങീട്ട്. നീയ്യ് എന്തിനാ ഈ സഞ്ചീടെ ചുറ്റും നടക്കണത് ന്നൊക്കെ എനിക്കറിയാം.(സഞ്ചിയിൽ നിന്ന് പലഹാരമെടുത്ത് കുട്ടിക്ക് കൊടുക്കുന്നു) തിന്നോ.

വീട്ടില് കുട്ട്യോൾക്ക് ഉണ്ടാക്കിക്കൊടുത്തപ്പോ നെനക്കും വല്ല്യച്ഛനും വല്ല്യേ കൊതിയല്ലേ ചക്കയടയ്ക്ക്ന്ന് വെച്ച് കൊണ്ടന്നതാ. (കുട്ടി തിന്നുന്നു) അല്ല വീട് പൂട്ടിയിരിക്കണു. താക്കോല് നെന്റെ വീട്ടില് തന്നട്ടുണ്ടോ ?

കുട്ടി : അറീല്ല്യ. ഞാൻ പോയി ചോദിച്ചിട്ട് വരാം(കുട്ടി പോകുന്നു)

മീനാക്ഷി : വേഗം വാ ട്ടോ...അല്ലെങ്കി വേണ്ട. ഞാനും വരാം. നെന്റെ അമ്മമ്മേനെ കണ്ടട്ട് കൊറെ ദിവസായി (കുട്ടിയുടെ പിന്നാലെ പോകുന്നു കുറച്ച് കഴിഞ്ഞ് കുഞ്ഞികൃഷ്ണൻ പടി

കടന്നുവരുന്നു. ആകപ്പാടെ വിഷമിച്ചും പരിഭ്രമിച്ചും വൃത്തിഹീനമായും ഉള്ള വരവ്. ചെറിയ മതിഭ്രമത്തിന്റെ ലക്ഷണം, കയ്യിൽ പശുവിന്റെ കയർ. കയറിന്റെ അറ്റത്ത് പശു ഉള്ളതുപോലെ വലിച്ചു കൊണ്ട് വരുന്നു).

കുഞ്ഞി : ഇങ്ങട്ട് വാ.. നേരം എത്ര്യായി..പാടത്ത്ന്ന് പോരണംന്ന് ഒരു വിചാരോല്ല്യ. പുല്ലു തിന്ന് വയറ് നെറഞ്ഞില്ല്യേ ? വെള്ളം കുടിക്കണ്ടേ ? ന്നാ ഇത് കുടിച്ചോ.(ഉമ്മറത്തിരുന്ന ബക്കറ്റിലെ വെള്ളം പശുവിനെന്ന പോലെ വെച്ചുകൊടുക്കുന്നു.) ന്നാ... കുടിച്ചോ... എന്താ കുടിയ്ക്കാത്തേ അതും അറിയില്ല്യേ...ഞാൻ കുടിച്ച് കാണിയ്ക്കണോ... (ബക്കറ്റ് ഉയർത്തി വെള്ളം കുടിക്കാൻ നോക്കുന്നു വെള്ളം തലയിലൂടെ ദേഹത്തും വീഴുന്നു. അരയിൽ വെച്ചിരിക്കുന്ന ആധാരം നനയുന്നു. അതെടുത്ത് ഓരോ പേജുകളായി വായിച്ച് നിലത്ത് പരത്തി വെയ്ക്കുന്നു.) 1118 മകരം 12ന് കിഴക്കേതിൽ വിതുട്ടൂർ പാറുഅമ്മ മകൾ ജാനകിഅമ്മ എരിഞ്ഞിക്കാട്ടിൽ ലക്ഷിഅമ്മ കുഞ്ഞിലക്ഷി സ ‌। സ്ഥ ം ഗൃഹഭരണം എഴുതിക്കൊടുത്ത തീറാധാരം...(ചിരിക്കുന്നു) പട്ടിക രണ്ടിൽ 13... അതിർത്തി കെഴക്ക് തോട്, പടിഞ്ഞാറ് വടക്കേലെ പത്തുപറക്കണ്ടം, വടക്ക് റോഡ്... അല്ല... ഇതെന്താ ഇങ്ങനെ... ഇങ്ങനെ ആയേർന്നില്ല്യാലോ... മീനാക്ഷ്യേ... മീനാക്ഷ്യേ(പെട്ടെന്ന് ബോധംവന്നപോലെ)

മീനാക്ഷില്ല്യ.... കുട്ട്യോളൂല്ല്യ പശൂല്ല്യ..... അവരൊക്കെ പടിയെറങ്ങിപ്പോയീല്ല്യേ... മീനാക്ഷി പോയേല് ഒരു തെറ്റൂല്ല്യ. ദുഷ്ടത്തരം തന്ന്യാ ഞാൻ കാട്ടീത്... വെളുമ്പീനെ ഈ കയ്യോണ്ടല്ലേ അതിന്റെ തള്ളേടെ വയറ്റിൽന്ന് പൊറത്തെയ്ക്കെടുത്തത്. മീനാക്ഷിയ്ക്ക് അവള് കുട്ട്യേപ്പോലെത്തന്ന്യല്ലേ ഉണ്ടാർന്ന്? എന്നിട്ടും പടിയെറക്കി വിട്ടില്ല്യേ? (പശുവിന്റെ കയറെടുത്ത് കഴുത്തിലിടുന്നു. കണ്ണാടി നോക്കുന്നു. പെട്ടെന്ന് മീനാക്ഷിയുടെ നിഴൽ കണ്ണാടിയിൽ കണ്ടെന്ന പോലെ മീനാക്ഷ്യേയ് എന്ന് വിളിച്ച് പടിയ്ക്കലേയ്ക്കോടുന്നു. നിരാശനായി മടങ്ങുന്നു). മീനാക്ഷി ഇനി വരണുണ്ടാവില്ല്യ. ഞാൻ ദുഷ്ടൻ തന്ന്യാ.... അവളോടൊരക്ഷരം പോലും ചോദിച്ചില്ല്യാലോ... മീനാക്ഷീം കുട്ട്യോളും പശുക്കളും ഇല്ല്യാത്ത ഈ വീട്ടില് ഞാനൊറ്റയ്ക്ക്....(പെട്ടെന്ന് സ്വന്തം കഴുത്തിലെ കയർ കണ്ട് പേടിയ്ക്കുന്നു. പശു കുത്താൻ വരുന്നതുപോലെ തോന്നുന്നു) അങ്ങട്ട് മാറി നിക്ക്... നീയെന്താ എന്നെ കുത്താൻ വരണത്....പോ...മാറിപ്പോ...എന്നെയിങ്ങനെ പേടിപ്പിക്കല്ലേ.... (കഴുത്തിൽ കയറുമായി ഓടുന്നു. പേടിച്ച് കസേരയിൽ കയറിനിൽക്കുന്നു. ഒരാശയം തോന്നിയതുപോലെ കയർ മേൽപ്പുരയുടെ ഉത്തരത്തിന്മേൽ തൂക്കുന്നു). ആരുംല്ല്യാത്ത ഈ വീട്ടില് ഞാനൊറ്റക്ക്.... ആർക്കും വേണ്ടാതെ.... ഒരു വെലേം ഇല്ല്യാതെ.......

(മീനാക്ഷി പടികടന്ന് വരുന്നു. ഈ കാഴ്ച കണ്ട് പേടിച്ചോടി വന്ന് അയാളെ ഉന്തി താഴെയിടുന്നു).

മീനാക്ഷി : (അലറിക്കരഞ്ഞ്) നിങ്ങളെന്താ ഈ കാണിക്കണത് ? നിങ്ങള് എന്നേം കുട്ട്യോളേം ഒരു നിമിഷെങ്കിലും ആലോചിച്ചോ ?

കുഞ്ഞി : (അന്തംവിട്ട്) മീനാക്ഷ്യേ... നീ വന്നോ?

മീനാക്ഷി : ഞാൻ വരില്ല്യാന്ന് വിചാരിച്ചോ ? നിങ്ങളെ ഒറ്റയ്ക്കാക്കീട്ട് ഞാനങ്ങട് പോവുംന്ന് വിചാരിച്ചോ... എന്നാലും നിങ്ങക്കിത് തോന്നീലോ....ദുഷ്ടൻ തന്ന്യാ....

കുഞ്ഞി : പിന്നെ ഞാനെന്താ ചെയ്യേണ്ടത് ? എല്ലാരും പോയി ഉള്ളതൊക്കെ വിറ്റുപെറുക്കി ഒരു കച്ചോടം തൊടങ്ങാൻ നോക്കി. അതും നടന്നില്ല്യ.

മീനാക്ഷി : എന്തേ...കച്ചോടം തൊടങ്ങാൻ പറ്റാഞ്ഞത് ?

കുഞ്ഞി : നമ്മളിത്ര കാലം കൃഷി ചെയ്ത മണ്ണ്.... നക്കാപ്പിച്ച വെലയ്ക്ക് വേണംന്ന്. അതിനൊരു വെലേം ഇല്ല്യാന്ന്. ഞാൻ കൊടുത്തില്ല്യ.

മീനാക്ഷി : (സന്തോഷത്തോടെ) കൊടുത്തില്ല്യേ.... നന്നായി...എന്നാലും നിങ്ങൾക്കത് തോന്നീലോ..

കുഞ്ഞി : പക്ഷേ നമ്മൾക്കെന്താ ഉള്ളത് ?

മീനാക്ഷി : നമ്മക്ക് രണ്ട് കുട്ട്യോളില്ല്യേ ?

കുഞ്ഞി : അവർക്ക് വേണ്ടി നമ്മളെന്താ കരുതി വെച്ചിട്ടുള്ളത് ?

മീനാക്ഷി : മൂന്ന് പൂവല് കൃഷി ചെയ്യണ പാടംല്ല്യേ നമുക്ക് തൊടീലാണെങ്കിൽ ആവശ്യത്തിന് പച്ചക്കറീം വാഴേം നാളികേരോം...ഒരിക്കലും വറ്റാത്ത കിണർ... പിന്നെ എത്ര്യാക്കെ തല്ലു കൂട്യാലും ഇഷ്ടം പോലെ സ്നേഹോം... ഇതൊക്കെ പോരെ നമുക്ക് ജീവിക്കാൻ.

(തോർത്തെടുത്ത് അയാളുടെ തലയിലെ വെള്ളം തുടച്ചു കളയുന്നു)

കുഞ്ഞി : ശര്യാ... നീ പറഞ്ഞത്... എന്നാലും കാശിന് കാശ് വേണ്ടേ... നമ്മുടെ കുട്ട്യോൾക്കായിട്ട് എന്ത് സാമ്പാദ്യാ നമ്മള് കരുതീട്ടുള്ളത് ? അവർക്കും ഉണ്ടാവില്ല്യേ നല്ലോണം പോലെ ജീവിക്കണംന്ന്.... നല്ല സ്കൂളിൽ പഠിക്കണം...നല്ല ഉടുപ്പ് വേണം....

മീനാക്ഷി : (ആധാരത്തിന്റെ കടലാസുകൾ പെറുക്കി എടുത്തുകൊണ്ട് ആലോചിക്കുന്നു) ശര്യാണ്...നമ്മുടെ കുട്ട്യോൾക്കും നന്നായി ജീവിക്കണം...എന്താ അവർക്കുവേണ്ടി നമ്മൾ സമ്പാദ്യം കരുതിവെച്ചിട്ടുള്ളത് ? കാലാകാലം അവർക്ക് ജീവിക്കാനുള്ള സമ്പാദ്യം ? (പെട്ടെന്ന് സന്തോഷത്തോടെ) നമുക്ക് സമ്പാദ്യം ഇല്ല്യാന്നോ... നമ്മുടെ സമ്പാദ്യം പോലെ ഇത്ര വലിയ സമ്പാദ്യം വേറെ ഏതാ ഉള്ളത് ? നിങ്ങക്കെന്താ അത് മനസ്സിലാവാത്തത് ?

കുഞ്ഞി :(അന്തംവിട്ട്) സമ്പാദ്യോ... എന്താ നമുക്കുള്ളത് ? നെനക്കെന്താ മീനാക്ഷ്യേ ?

മീനാക്ഷി : നിങ്ങക്കറിയില്ല്യേ....ഞാൻ കാട്ടിത്തരാം...

(അകത്തേയ്ക്കോടി പോവുന്നു)

കുഞ്ഞി : എന്ത് സമ്പാദ്യം ?വല്ല പാലോ പച്ച

ക്കറ്യോ വിറ്റ് പത്തോ നൂറോ ഉറുപ്പിക ഉണ്ടാവും. അതാപ്പോത്ര വല്ല്യേ സമ്പാദ്യം.

(അവശതയോടെ നിലത്ത് തലതാഴ്ത്തി ഇരിക്കുന്നു. മീനാക്ഷി തലയിൽ മുറം ഏറ്റി ഓടി വരുന്നു. മുറത്തിലെ നെൽവിത്ത് അയാളുടെ മുന്നിലേക്ക് ചൊരിയുന്നു. അയാൾ അത്ഭുതത്തോടെ അത് നോക്കിക്കാണുന്നു.)

മീനാക്ഷി : നമ്മൾ ഏഴ് വെയിലും ഏഴ് മഞ്ഞും കൊള്ളിച്ച് പത്തായത്തിൽ വേപ്പിലയിട്ട് സൂക്ഷിച്ചുവെച്ച നമ്മുടെ വിത്ത്.. കലർപ്പില്ല്യാത്ത വിത്ത്..ഇതിനേക്കാൾ വല്ല്യേ സമ്പാദ്യം വേറെയെന്താ ഉള്ളത്?

കുഞ്ഞി : ശര്യാ... എത്ര തലമുറയായിട്ട് കൈമാറി കിട്ടീതാ... ഇനി എത്ര തലമുറ കൈമാറാണ്ടതാ...

മീനാക്ഷി : അതു മാത്രല്ല...നമ്മടെ കണ്ടം മണ്ണിട്ട് നെകത്ത്യാ എങ്ങിന്യാ ആ തോട്ടിലെ വെള്ളം മറ്റ് കണ്ടങ്ങളിൽക്ക് ഒഴുകാ ?

കുഞ്ഞി : എങ്ങിന്യാ മറ്റ് കണ്ടങ്ങളിൽക്ക് ട്രാക്ടറെറങ്ങ്വാ ? ഞാനെന്തേ ഇതൊന്നും ആലോചിക്കാഞ്ഞത്

മീനാക്ഷി : എന്തായാലും അതൊന്നും കൂടാതെ കഴിഞ്ഞൂലോ...

കുഞ്ഞി : അത് മാത്രല്ല മീനാക്ഷ്യേ...അല്ലെങ്കിത്തന്നെ ഈ ഭൂമീം ആകാശോം പൊഴേം ഒക്കെ അളന്ന് മുറിച്ച് വിക്കാൻ നമ്മക്കെന്താ ഒരവകാശംള്ളത് ?

(പടിയ്ക്കൽ ഒരു കൂക്ക് – കുഞ്ഞീഷ്ണാ... പൂയ്. കേൾക്കുന്നു കിട്ടുണ്ണി പടികടന്ന് വരുന്നു.)

മീനാക്ഷി : ഇയാളെന്തിനാണാവോ...

കുഞ്ഞി : അതേയ് ഇയാളാ നമ്മടെ വെളുമ്പീനെവാങ്ങീത്.

മീനാക്ഷി : (കിട്ടുണ്ണിയോട്) അത് ശരി നിങ്ങളാല്ലേ എന്റെ വെളുമ്പീനെകൊണ്ടോയത് ?

കിട്ടു : ഒരു വെളുമ്പി ! കുറുമ്പ്യാത് നിങ്ങളൊരു നേരും നെറീംള്ള കൃഷിക്കാരനാന്നാ ഞാൻ വിചാരിച്ചെ.

കുഞ്ഞി : അങ്ങനല്ലാന്ന് തോന്നാൻ ഇപ്പോ എന്താണ്ടായേ...

കിട്ടു : ഇനി എന്താ ഉണ്ടാവണ്ടേ....നല്ല അനുസരണള്ള പയ്യാണ്, പത്തെടങ്ങഴി പാല്കിട്ടും... ആന്യാണ് ചേന്യാണ് ന്നൊക്കെപറഞ്ഞ് എന്നെ പറ്റിച്ചിട്ട്.....

മീനാക്ഷി : പറ്റിക്ക്യേ ? ദാ നിങ്ങള് ഈ നാട്ടാരോട് മുഴ്വോനെ ചോദിച്ചോക്കിൻ. ഇതുപോലൊരു പയ്യിനെനിങ്ങക്ക് കണി കാണാൻ കിട്ടില്ല്യ.

കിട്ടു : (ദേഷ്യത്തിൽ) അതു ശര്യാ... ഇതുപോലൊരു ജന്തൂനെഞാനെന്റെ ജീവിതത്തില് കണ്ടട്ടില്ല്യ. ഞെക്കിപ്പിഴിഞ്ഞാ നാഴി പാല് കിട്ട്വോ അതിന്...

മീനാക്ഷി : എന്റെ വെളുമ്പിക്ക്യോ... ഇങ്ങനെ നൊണ പറയരുത്...

കിട്ടു : നൊണ പറയ്യാത്രെ...അതുംല്ല ചവിട്ടീട്ടും കുത്തീട്ടും അതിന്റെ അടുത്തക്ക് അടുക്കാൻ പറ്റ്വോ? ഒന്നും വേണ്ട എന്തെങ്കിലും തിന്ന്യേം കുടിക്ക്യേം ചെയ്യോ ? അതുംല്ല്യ തോറ്റു ഞാൻ.

മീനാക്ഷി : എങ്ങിന്യാ അങ്ങിനല്ലാതിരിക്ക്യാ... ജനിച്ചേപ്പിന്നെ അത് ഞങ്ങളെ വിട്ടു നിന്നട്ടില്ല്യ.

കുഞ്ഞി: അതു ശര്യാ.........

മീനാക്ഷി : എന്ത് ശരി........ഒക്കെ വരുത്തിവെച്ചിട്ടിപ്പോ ശര്യാത്രെ.

കിട്ടു:ഞാനിപ്പോ വേറൊരു കാര്യം പറയാനാ വന്നത്.

മീനാക്ഷി : ഇനിപ്പോ വേറെ കാര്യം എന്താണാവോ.....

കിട്ടു : ദാ ഇവരോട് മിണ്ടാതിരുന്നോളാൻ പറയിൻ... നിങ്ങള് വാങ്ങ്യേ കാശ് ങ്ങട് തിരിച്ചു തന്നാ ഞാനാ ജന്തൂനെ ഇവ്ടെ കൊണ്ടുവന്ന് കെട്ടിക്കോളാം....

മീനാക്ഷി : (സന്തോഷത്തോടെ) നിങ്ങളിത് പറയാനാണോ വന്നത്. എനിക്ക് മനസ്സിലായില്ല്യ

കുഞ്ഞി : ഇതെങ്ങന്യാ നിങ്ങളോട് അങ്ങട് പറയ്യാന്ന് വിചാരിച്ചിരിക്ക്യാർന്നു ഞാൻ. ഞാൻ നാളെത്തന്നെ അങ്ങട് വരാം.

മീനാക്ഷി : (ദേഷ്യത്തിൽ) നാളെയോ... ഇന്നല്ല, ദാ ഇപ്പോത്തന്നെ പോവ്വാ ഞാൻ...

കിട്ടു : അതൊന്നും വേണ്ട. ഞാനവറ്റോളെ ദാ താഴെ പാടത്ത് കെട്ടീട്ടുണ്ട്.

മീനാക്ഷി : എന്നാ നിങ്ങള് അതല്ലേ ആദ്യം പറയേണ്ടത്.. വെളുമ്പ്യേ.........മാളോ.......

(പാടത്തേക്ക് ഓടിപ്പോവുന്നു)

കിട്ടു : കണ്ടില്ല്യേ. അവരടെ ഒരു സ്നേഹം കണ്ടില്ല്യേ.... ഇത്രേം സ്നേഹള്ള പൈക്കളെ കൈമാറി കൊടുക്കരുത് ട്ടോ. മിണ്ടാപ്രാണികൾടെ ശാപം കിട്ടില്ല്യേ.

കുഞ്ഞി : ഒരു കയ്യബദ്ധം പറ്റിപ്പോയി.. ഞാനേയ് നിങ്ങടെ കാശ് ഇപ്പോത്തന്നെ തരാം. (അകത്തേക്ക് പോവുന്നു)

കിട്ടു : (അവിടെ കിടക്കുന്ന വിത്തെടുത്ത് കടിച്ച് മൂപ്പ് നോക്കുന്നു) നല്ല മൂപ്പുള്ള വിത്താണലോ. ഏതാ വിത്ത് കുട്ടാടനല്ലേ...

(കുഞ്ഞികൃഷ്ണൻ കാശുമായി വരുന്നു)

കിട്ടു : ഇതേതാ വിത്ത് ?

കുഞ്ഞി : കുട്ടാടൻ... നല്ല മൂപ്പുള്ള വിത്താ. അശ്വതി ഞാറ്റുവേലക്ക് പൂട്ടി വെതച്ചിട്ടാ പിന്നെ മകരത്തില് കൊയ്യാൻ ചെന്നാ മതി. വെള്ളം വേണം ട്ടോ.

കിട്ടു : വളോം വേണ്ട.... ഒരു കേടും വരില്ല്യാല്ലേ. വെഷം അടിക്കണ്ടലോ. മുമ്പ് നമ്മടെ പാടത്തൊക്കെ ചെയ്തേർന്നതല്ലേ. ഇപ്പോ പഴേ വിത്തൊക്കെ പോയിരിക്കണു. പഴേ മോടന്റേം തവളക്കണ്ണന്റേം കുട്ടാടന്റേം ഒക്കെ ചോറാ ചോറ്.... ഇപ്പെന്താ ഒരു വക ചേറ്.

കുഞ്ഞി : എന്നാപ്പിന്നെ നിങ്ങക്കത് ചെയ്താ പോരെ ?

കിട്ടു : വിത്തറ്റ് പോയില്ല്യേ കയ്യിൽന്ന്. അല്ലാ ഒരു പത്തു പറ വിത്ത് തരാൻണ്ടാവോ ?

കുഞ്ഞി : (കണക്ക് കൂട്ടി നോക്കുന്നു) ഉണ്ടാവും. പിന്നേയ് ഇതാ പയ്യിന്റെ കാശ് കൊറച്ച് കൊ

റവുണ്ട്. പീടികയ്ക്ക് അഡ്വാൻസ് കൊടുത്തതാ. വേഗം തന്നെ ബാക്കി തരാം.

കിട്ടു : അതൊന്നും വേണ്ട.ബാക്കിയുള്ള കാശ് നമുക്ക് ഈ വിത്തിനുള്ള വിലയ്ക്കങ്ങട് കൂട്ടാം എന്തേയ്...

മീനാക്ഷി : (സന്തോഷം കൊണ്ട് കണ്ണ് നിറച്ച്) എന്നെ കണ്ടപ്പോ എന്തായിരുന്നു അവറ്റോൾടെ സങ്കടം. കണ്ണിൽന്ന് വെള്ളംങ്ങനെ വര്യാ..

കുഞ്ഞി : നെന്റെ കണ്ണും ദാ നെറഞ്ഞിരിക്കണു.

കിട്ടു : അല്ലാ എന്താ ഒരു മണം..... പഴുത്തചക്കേടെയല്ലേ ?

മീനാ : ഈ തെരക്കില് ഞാനത് മറന്നു. നിങ്ങക്ക് വല്ല്യേ കൊത്യല്ലേന്ന് വെച്ച് ഞാൻ പഴുത്ത ചക്കയായിട്ടാ വന്നടക്കണത്. (കിട്ടുണ്ണിയോട്) നിങ്ങളീ കൊല്ലം ചക്ക തിന്നട്ടുണ്ടാവില്ല്യ. നല്ല തേൻ വരിക്കയാ ഒരു തുണ്ടം തിന്നിട്ട് പോവാം.

കിട്ട : പിന്നേ... തിന്നിട്ടന്നേ പോണുള്ളൂ. നിങ്ങള് വെട്ടിൻ.

കുഞ്ഞി : ദാ ആ കുട്ട്യതാ പാടത്ത് കളിച്ച് നടക്കുന്നു. ഇവ്ടെ വാ അമ്മ്വോ...ഒരു ചക്കത്തുണ്ടം തിന്നിട്ട് പോവാം.

(കുട്ടി ഓടി വരുന്നു. മീനാക്ഷി വെട്ടുകത്തിയെടുത്ത് ചക്ക വെട്ടാൻ നോക്കുമ്പോൾ ബാലകൃഷ്ണൻ പടികടന്നു വരുന്നു)

ബാല : അല്ല ഏട്ടാ... ആ ഭൂമീടെ കാര്യം നോക്കണ്ടേ... ദാ പറഞ്ഞ കാശ് മുഴ്വോനെ ഉണ്ട്.

(കിട്ടുണ്ണിയെ കണ്ട് പേടിയ്ക്കുന്നു പതുക്കെ തിരിച്ചു പോകാൻ തുടങ്ങുന്നു. കിട്ടുണ്ണി അയാളെ പിടിച്ചു നിർത്തുന്നു.)

കിട്ടു : അതേയ് പേടിക്കണ്ടടോ... തന്നെ തല്ലാനൊന്നും അല്ല. ദാ ഇപ്പോ കേട്ടോ... ഞങ്ങള് കൃഷിക്കാരാരും കൃഷി ഭൂമി വിൽക്കണില്ല്യ.

ബാല : അപ്പോ നിങ്ങള് കച്ചോടം തൊടങ്ങണില്ല്യേ ?

മീനാ : (വെട്ടുകത്തിയുമായി ചെന്ന്) അതേയ് ഞങ്ങളിപ്പോ തൽക്കാലം കച്ചോടം തൊടങ്ങണില്ല്യ. നിങ്ങളിതിന്റെ എടേക്കൂടെ കച്ചോടം നടത്തണ്ടാ....

ബാല : അപ്പോ ഒരാളെ നേര്യാവാനും സമ്മതിക്കില്ല.

മീനാ : ഓ... നേര്യാക്കാൻ നടക്കണ ഒരു സുജായി വന്നടക്കണു.

ബാല : ഇനിപ്പോ ഞാനെന്തിനാ ഇവ്ടെ നിക്കണത്. ഞാൻ പോവ്വാ....ഈ ചേറിലും ചെളീലും കെടന്ന് പെനയാനാവും നിങ്ങടെ യോഗം...

മീനാ : അത് ഞങ്ങളങ്ങട് സഹിച്ചു. നീയ്യ് പോവാൻ നോക്ക്.

ബാല : മറിച്ചൊരാലോചന വന്നാ ഞാൻ ഇവ്ട്യൊക്കെ ത്തന്നെയുണ്ട്ട്ടോ.(പോവാൻ തുടങ്ങുന്നു.)

കുഞ്ഞി : അതേയ് നിങ്ങളവ്ടെ നിക്കിൻ.

മീനാ : നിങ്ങൾക്കിനിയെന്തിന്റെ കേടാ

കുഞ്ഞി : ഇങ്ങട്ട് വരിൻ....(മീനാക്ഷി അയാളെ തടുക്കാൻ നോക്കുന്നു. അത് കണക്കാക്കാതെ) വരിൻ... പറഞ്ഞ കാശ് കൊണ്ടുവന്നട്ടില്ല്യേ.

(ബാലകൃഷ്ണൻ സന്തോഷത്തോടെ തിരിച്ചു വരുന്നു.)

മീനാ : (കിട്ടുണ്ണിയോട്) ഇയാൾക്കിതെന്തിന്റെ കേടാ...നിങ്ങളൊന്ന് പറയിൻ. ഇത്രവേഗം മനം മാറ്യോ...

കുഞ്ഞി : (ബാലകൃഷ്ണനെ പിടിച്ച് ചക്കയുടെ അടുത്ത് വരുന്നു.) ഏതായാലും ഇത്രടം വരെ ബുദ്ധിമുട്ടി വന്നതല്ലേ. ദാ ഒരു തുണ്ടം ചക്ക തിന്നിട്ട് പൊയ്ക്കോളിൻ.

(എല്ലാവരും ഉറക്കെ ചിരിക്കുന്നു. ബാലകൃഷ്ണൻ പരുങ്ങുന്നു.)

ബാല : ചക്ക്യോ ? നാറ്റോം മൊളഞ്ഞും....എനിക്കൊന്നും വേണ്ട...നിങ്ങളന്നെ തിന്നാ മതി.

കിട്ടു : അതേയ് മധുരം തിന്നണെങ്കിലേ കൊറച്ച് നാറ്റോം മൊളഞ്ഞും ഒക്കെ സഹിക്കേണ്ടിവരും.

മീനാ : മേലനങ്ങാൻ വയ്യാത്ത ഒരു സുജായി... ഓൻ പോട്ടേന്ന്...

കുട്ടി : വല്ല്യമ്മേ ചക്ക വെട്ടിൻന്ന്....

(ബാലകൃഷ്ണൻ പോകുന്നു. മീനാക്ഷി ചക്ക വെട്ടുന്നു എല്ലാവരും ചക്കച്ചുള പറിച്ച് തിന്നുന്നു.)

●


South India's Biggest Home Appliances Group

Nandilath G-Mart

GOPU NANDILATH GROUP

GLOBAL ELECTRONICS & HOME APPLIANCES PLAZA

G - Mart Junction, Mavoor Road, Kozhikode - 673 004

Phone: 0495 - 2723330, 2725981, 2725982

Thiruvananthapuram I Cochin I Thrissur I Kozhikode I Perinthalamanna I Kannur

**കവർസ്റ്റോറി**

എലിസബത്ത് ജോസഫ്



# തിരിച്ചറിവിലൂടെ...

**വി**ശന്നിരിക്കുമ്പോൾ കിട്ടുന്ന ഒരു പാത്രം ചൂടുകഞ്ഞി നമ്മുടെ മുമ്പിൽ എത്തുന്നതിനും മുമ്പ് എത്രമാത്രം സങ്കീർണ്ണമായ കടമ്പകൾ കടന്നിട്ടുണ്ടെന്നു ചിന്തിച്ചിട്ടുണ്ടോ? ഏതോ കർഷകൻ എവിടെയോ വിളയിക്കുന്ന നെല്ല് മറ്റൊരിടത്ത് സംസ്കരിക്കപ്പെട്ട്, കുറേ ദൂരം വീണ്ടും സഞ്ചരിച്ച് വിപണിയിലും വീട്ടിലും എത്തുന്നു. കുറേ വെള്ളവും ഊർജ്ജവും ചെലവഴിച്ച് പാചകം ചെയ്യപ്പെട്ടശേഷം അതു നമ്മുടെ ഭക്ഷണമായിത്തീരുന്നു. യഥാർത്ഥത്തിൽ പ്രകൃതി സൗജന്യമായി അന്നത്തിൽ നിക്ഷേപിച്ച സൗരോർജ്ജം മാത്രമേ നമുക്ക് അനുഭവിക്കുവാൻ സാധിക്കൂ എന്നിരിക്കെ, അതു ലഭ്യമാക്കുന്നതിനുവേണ്ടി ചെലവഴിക്കേണ്ടിവരുന്ന ഊർജ്ജം എത്രയോ മടങ്ങ് അധികമാണെന്ന് നാം ഓർക്കാറുണ്ടോ? ഈ പൊരുത്തക്കേട് ആധുനിക മനുഷ്യസംസ്ക്കാരത്തിന്റെ സംഭാവനയാണ്. സ്വാഭാവികമായി പ്രകൃതിയിൽ ജീവിക്കുന്ന ഒരു ജീവിയും വിശപ്പടക്കാൻ സ്വന്തം പ്രയത്നം അല്ലാതെ ഈ അധികം 'അന്യ' ഊർജ്ജം ചെലവഴിക്കുന്നില്ല. എല്ലാ ഊർജ്ജപ്രതിസന്ധിയും വരവിൽ കവിഞ്ഞ ചെലവുതന്നെ എന്ന സത്യം തിരിച്ചറിയുമ്പോൾ 'ഫുഡ്മൈലേജ്' (നാം കഴിക്കുന്ന ഭക്ഷണം സഞ്ചരിക്കുന്ന നിക്ക, അശോകം, നീർമരുത് തുടങ്ങിയ കുറേ ഔഷധവൃക്ഷങ്ങളും മാവ്, പ്ലാവ്, സപ്പോട്ട എന്നീ ഫലവൃക്ഷങ്ങളും നട്ടുപിടിപ്പിച്ചു. ചവറടിച്ചു തീയിടാതെയും പുതയിട്ടുകൊടുത്തും ഇവയെ സംരക്ഷിച്ചു. വേനലിൽ ശോഷിച്ചും മഴയിൽ തളിർത്തും ഈ തൈകൾ വളർന്നു. കുറച്ചൊക്കെ നശിച്ചെങ്കിലും ഭൂരിഭാഗവും രക്ഷപ്പെട്ടു. ചെടികൾക്കാവശ്യമായ സൂക്ഷ്മമൂലകങ്ങൾ ആഴത്തിൽ നിന്നും വലിച്ചെടുത്ത് മേൽമണ്ണിൽ നിക്ഷേപിക്കേണ്ട ചുമതല (പൊഴിയുന്ന ഇലകളിലൂടെയും മറ്റും) വൈവിധ്യമാർന്ന എന്റെ വൃക്ഷങ്ങൾ ഏറ്റെടുത്തു. വെള്ളത്തിനുവേണ്ടി കാലക്രമേണ കിണറുകൾ കുഴിച്ചു.

വായുവും വെള്ളവും മണ്ണും സംരക്ഷിക്കുന്നതിൽ ചെറിയ പങ്ങ് ഞാനും വഹിക്കുന്നു എന്ന സംതൃപ്തിയുണ്ടായി. ഇതൊക്കെയായിട്ടും പ്രകൃതിസംരക്ഷണത്തിനുവേണ്ടി പരിശ്രമിക്കുന്ന ഞാൻ രാസകൃഷി ഉത്പന്നങ്ങളെ ഭക്ഷിക്കേണ്ടിവരുന്നതിലെ വൈരുദ്ധ്യം എന്നെ അലട്ടിക്കൊണ്ടിരുന്നു. മനുഷ്യൻ കൃഷിചെയ്യാൻ ആരംഭിച്ചതോടെയാണല്ലോ പ്രകൃതിനശീകരണം തുടങ്ങിയത്. കഴിഞ്ഞ അരനൂറ്റാണ്ടിന്റെ രാസകൃഷിയാണ് ഈ നശീകരണം ത്വരിതപ്പെടുത്തിയതും ഇന്നു നാം നേരിടുന്ന എല്ലാ ശാരീരിക മാനസികപ്രശ്നങ്ങൾക്കും കാരണമാവുകയും ചെയ്തത്. അതുകൊണ്ട് ആകുന്നത്ര സ്വന്തഭക്ഷണം ജൈവമാർഗ്ഗത്തിലൂടെ ഉത്പാദിപ്പിക്കേണ്ട കടമയും നമുക്കില്ലേ?

ജീവൻ നിലനിർത്താനുള്ള വെള്ളം വേനലിലും ലഭ്യമായ തോടെ സ്വന്തമാവശ്യത്തിനുള്ള പച്ചക്കറികൾ ഉത്പാദിപ്പിക്കാൻ ശ്രമം ആരംഭിച്ചു. ഇഷ്ടിക ഉണ്ടാക്കാൻ മേൽമണ്ണ് എടുത്തുമാറ്റിയ സ്ഥലമായിരുന്നതുകൊണ്ട് വളക്കൂറ് തീരെയില്ലാത്ത മണ്ണിലായിരുന്നു എന്റെ പ്രയത്നം. സൂര്യപ്രകാശം സുലഭമായിക്കിട്ടുന്ന അല്പം സ്ഥലത്ത് പല അടുക്കുകളായി പച്ചിലകളും ചാണകവും മണ്ണും മാറിമാറിയിട്ട് പരുവപ്പെടുത്തിയ ബെഡ്ഡുകളിലായി കുറച്ച് പച്ചക്കറികൾ ഇന്നു ഞാൻ കൃഷി ചെയ്യുന്നു. കൃഷിയിലെ ഓരോ പ്രശ്നങ്ങളും പരിഹരിക്കാൻ ശ്രമിക്കുന്നതിലൂടെ ജൈവകൃഷിയിലെ തത്വങ്ങളും പഠിക്കുന്നു. ഇന്നും എനിക്കാവശ്യമായതെല്ലാം ഉത്പാദിപ്പിക്കുന്നു എന്ന് അവകാശപ്പെടുന്നില്ല. ലഭ്യമായ വിഭവങ്ങൾകൊണ്ട് എന്റെ ആവശ്യങ്ങൾ നിറവേറ്റുന്നു എന്നുപറയുന്നതാവും കൂടുതൽ ശരി. പ്രകൃതിക്ക് കോട്ടംതട്ടാതെ ജൈവമാർഗ്ഗങ്ങളിലൂടെ ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾ അല്പം കൂടുതൽ വിലകൊടുത്തുവാങ്ങുവാനും എനിക്ക് മടിയില്ല. നാം ഓരോരുത്തരും അല്പം തിരിച്ചറിവോടെ സ്വന്തം ജീവിതം ചിട്ടപ്പെടുത്തുകയാണെങ്കിൽ അണ്ണാറക്കണ്ണനും തന്നാലായത് എന്ന സംതൃപ്തിയോടെ ജീവിക്കാം.

ഭൂമിയും പണവും സമയവും കൃഷിയറിവും ഇല്ലെന്ന് വാദിക്കുന്നവരോട് എനിക്കുപറയാൻ ഒന്നേയുള്ളൂ. നിങ്ങൾക്കൊരു നല്ല മനസ്സുണ്ടോ? എങ്കിൽ ചുറ്റം നോക്കൂ, അങ്ങുമിങ്ങുമായി ചില പച്ചത്തുരുത്തുകൾ കാണാൻ കഴിയും. ആത്മസമർപ്പണത്തോടെ കൂട്ടായും ഒറ്റക്കും പാട്ടത്തിനു ഭൂമിയെടുത്തും ജൈവകൃഷിചെയ്യുന്ന ഒരുപറ്റം യുവാക്കളെ. ഇവരിലാണ് നമ്മുടെ പ്രത്യാശ. നമ്മുടെ മക്കളെ ഇവരുടെ വഴി കാണിച്ചുകൊടുക്കൂ. എങ്കിൽ അവർ പട്ടിണി കിടന്ന് മരിക്കേണ്ടി വരില്ല. കൂടുതൽ പണമുണ്ടാക്കാമെന്ന മോഹത്തിൽ ദയവായി ജൈവകൃഷി ചെയ്യാതിരിക്കൂ. മോഹവില കൊടുത്ത് ജൈവോത്പന്നങ്ങൾ വാങ്ങാതിരിക്കൂ. ധാർമ്മിക ഉത്തരവാദിത്വത്തിൽ നിന്നും മുഖം തിരിക്കരുത്. ശുദ്ധഭക്ഷണം ഉല്പാദിപ്പിക്കൂ. പങ്കുവെക്കൂ, ന്യായവിലക്ക് വിപണനം ചെയ്യൂ. ഉത്പാദകരും ഉപഭോക്താക്കളും നാം തന്നെയെന്ന് തിരിച്ചറിയൂ.



**പ്രകൃതിക്ക് കോട്ടംതട്ടാതെ ജൈവമാർഗ്ഗങ്ങളിലൂടെ ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾ അല്പം കൂടുതൽ വില കൊടുത്തുവാങ്ങുവാനും എനിക്ക് മടിയില്ല. നാം ഓരോരുത്തരും അല്പം തിരിച്ചറിവോടെ സ്വന്തം ജീവിതം ചിട്ടപ്പെടുത്തുകയാണെങ്കിൽ അണ്ണാറക്കണ്ണനും തന്നാലായത് എന്ന സംതൃപ്തിയോടെ ജീവിക്കാം.**


## സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകളിൽ നിന്ന്,**
**മുമ്പ് പ്രസിദ്ധീകരിക്കാത്തതും**
**മൗലികവുമായ രചനകൾ**
**(കഥ, കവിത, ലേഖനം, ചിത്രങ്ങൾ)**
***രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.***

## സംഘടിത മാസിക

**വരിസംഖ്യാ നിരക്ക്**

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |

**അനുഭവം**

ശില്പ.സി.എസ്

# വഴികാട്ടിയ വൈകുന്നേരങ്ങൾ

**സ്**കൂൾ വിട്ട് വരുമ്പോൾ, ഓട്ടോറിക്ഷയിൽ നിന്നും ചാടിയിറങ്ങി കല്ലുനിരത്തിയ പഞ്ചായത്തു റോട്ടിലൂടെ നന്നായി ഓടിയാണ് വീട്ടിലെത്താറുള്ളത്. അഞ്ചുമിനുട്ട് വേണ്ട. പുറത്തു നിന്നുതന്നെ കാണാം. പച്ചയും മഞ്ഞയും കലർന്നവ മേൽക്കുമേലായി മുറ്റംനിറച്ച് അടുക്കിയിരിക്കുന്നത്. രാവിലെ തുടങ്ങിയതാവണം. മുറ്റം മുക്കാലും നിറഞ്ഞിരിക്കുന്നു. കന്നിയുടെ സമൃദ്ധിയാണ്, ആണ്ടിന്റെ പഞ്ഞം തീർക്കുവാൻ.

മുറ്റത്തേക്കു കടന്നതേയുള്ളൂ, പുതുമഴ പെയ്ത് കുതിർന്ന മണ്ണിന്റെ മണം പോലെ, ആയിരം അനുഭൂതികൾ ഒന്നിച്ചണിഞ്ഞപോലെ, വിസ്മയകരമായ ആ ഗന്ധം മണ്ണിന്റേയും വിയർപ്പിന്റേയും കാത്തിരിപ്പിന്റേയും ഗന്ധം എന്നെ തേടി വന്നു. അസാധാരണമാം വിധം അത് അന്തരീക്ഷത്തിൽ തങ്ങി നിന്നു. ക്ഷീണം കൊണ്ട് അമ്മ വാടിയിരുന്നു. എങ്കിലും ആണ്ടിന്റെ പഞ്ഞം തീർക്കാൻ വന്ന വസന്തം ആ കണ്ണുകളെ സജീവമാക്കിയിരുന്നു. എന്റെ കാഴ്ചകൾ വൈകുന്നേരത്തേതാണല്ലോ. കൊയ്തിട്ടത് കെട്ടിവെച്ച്, ഏറ്റിവന്ന്, മെതിച്ചെടുത്ത് ചണ്ടി കളഞ്ഞ്, കാറ്റത്തിട്ട് അളന്നു പൊലിപറഞ്ഞ് എട്ടു ദിക്കിലെ ദേവതകൾക്കും മനസ്സറിഞ്ഞ് കാഴ്ചവെച്ച് "തമ്പ്രാൻ കൊണ്ടോവില്ല," എന്നുറ്റം പറഞ്ഞ് വരും, വരണ കാലങ്ങൾക്കായി താഴിട്ട് പൂട്ടിവെച്ച് കണ്ടറിഞ്ഞ് മാറ്റിവെച്ച സായാഹ്നങ്ങൾ. പിന്നീടുള്ള രാത്രികളിൽ ഭക്ഷണമെടുത്തു വെക്കുമ്പോൾ പാവം അമ്മയുടെ കൈകൾ വല്ലാതെ വേദനിക്കുന്നുണ്ടാവും, അതിന്റെ സങ്കടം തീരുക തുടർന്ന് വരുന്ന പ്രഭാതങ്ങളിൽ മഞ്ഞുതുള്ളികൾ വീണുകുതിർന്ന് നനഞ്ഞൊട്ടിയ മഹാമേരുവിൽ നിന്നും ജീവന്റെ ശ്വാസം വമിക്കുന്നതുകാണുമ്പോഴാണ്.

മഞ്ഞുതുള്ളികൾ ആ സ്വർണ്ണകനികളിൽ ജീവിതത്തിന്റെ മുകുളങ്ങൾ തീർക്കുകയാണ്. അത് നിമ്പിന്റേയും നന്മയുടേയും നാളുകളാണ്. ഓടിത്തളർന്ന കാലുകൾക്ക് നടക്കാൻ നാട്ടുവഴികളില്ലാതായി. ചാണകം മെഴുകിയ മുറ്റത്തിന്റെ ആർഭാടം മറ്റാരോ കവർന്നെടുത്തു. അമ്മയുടെ കൈകൾക്കും പരാതികൾ തീർന്നിരിക്കുന്നു, തിരിഞ്ഞും മറഞ്ഞും ഒളിഞ്ഞും നോക്കിയിട്ടും എനിക്കറിയാതെ പോയത്, കണ്ണിനെ തെളിച്ചുതന്ന നീറ്റലില്ലാതെ വമിച്ച ആശ്വാസമാണ്. ആത്മാവിനെ കുളിരണിയിച്ച, ജീവിതത്തിന്റെ നിറമെന്നുവിശ്വസിച്ച ആ പുൽതണ്ടിന്റെ ഗന്ധം ഇനിയെന്നെങ്കിലും വീട്ടുമുറ്റത്തേക്ക് തിരിച്ചുവരുമോ? ●

## എന്റെ കൃഷി അനുഭവങ്ങൾ

അമൃത.കെ.ബി



**ഞാ**ൻ പണ്ടുമുതലേ കാർഷികപ്രവർത്തനങ്ങളിൽ വിനോദം കണ്ടെത്തിയിരുന്നു. അതുകൊണ്ട് തന്നെ കൃഷി എനിക്ക് താൽപ്പര്യമുള്ള മേഖലയായിരുന്നു. സ്വന്തമായി കൃഷി ചെയ്യാനുള്ള അവസരം എൻ.എസ്.എസിൽ ലഭിച്ചു. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി വൃക്ഷത്തൈകളുടെ സംരക്ഷണത്തിൽ നിന്ന് കാർഷിക പ്രവർത്തനങ്ങൾ ആരംഭിച്ചു. പിന്നീട് 'ജീവമിത്രം' എന്ന നാമകരണത്തോടെ ഞങ്ങളുടെ കൃഷി വിവിധ ഇനങ്ങളിലേക്ക് വ്യാപിച്ചു.

'ഓണത്തിന് രണ്ട് ഓണക്കുല' പദ്ധതിയുടെ ഭാഗമായി ഇരുനൂറോളം വാഴകൃഷി പച്ചക്കറികൃഷി (10 സെന്റ്), നെൽകൃഷി എന്നീ ഇനങ്ങളിലേക്ക് കൃഷി വളർന്നു. 'സീറോ ബജറ്റ് നാച്ചറൽഫാമിങ്' ആയിരുന്നു ഞങ്ങളുടെ കൃഷിയുടെ അടിസ്ഥാനം. കൃഷിയിൽ ജീവിതവിജയം കൈവരിച്ച ഹിലാൽ സാറാണ് പ്രകൃതികൃഷിയിൽ ഞങ്ങളുടെ ഗുരു. ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന നാടൻ പശുവിന്റെ ചാണകം, മൂത്രം എന്നിവ ചേർത്ത 'ബീജ-ജീവാമൃത' ജൈവലായനികളെ മാത്രം ആശ്രയിച്ചാണ് ഞങ്ങളുടെ പ്രകൃതികൃഷി പുരോഗമിക്കുന്നത്. വിദ്യാലയത്തിലെ 10 സെന്റ് സ്ഥലത്ത് ഇപ്രകാരം പച്ചക്കറികൃഷിയും പുരോഗമിക്കുന്നു.

നശിച്ചുകൊണ്ടിരിക്കുന്ന കാർഷികസംസ്കൃതിയെ തൊട്ടുണർത്തിക്കൊണ്ട് മണ്ണിനെ പൊന്നാക്കാനും കർഷകമനസ്സുകൾക്ക് ഉണർവേകാനും വിദ്യാർത്ഥികളുടെ കൂട്ടായ്മയിൽ നെൽകൃഷിയും നാമ്പെടുത്തു. 55 സെന്റ് സ്ഥലത്തായിരുന്നു ഞങ്ങളുടെ നെൽകൃഷി. ഞാറുനടൽ വിജയകരമാക്കിക്കൊണ്ട് ഏവരും ആവേശത്തോടെ മുന്നേറി.

ഈ വർഷവും പതിവുപോലെ ജൈവകൃഷിയുടെ അടിസ്ഥാനത്തിൽ സപ്തദിനക്യാമ്പ് നടത്തി. ക്യാമ്പ് സവിശേഷത നിറഞ്ഞതായിരുന്നു. കഴിഞ്ഞ വർഷങ്ങളിൽനിന്നു വിഭിന്നമായി തികച്ചും പ്രകൃതിയോടിണങ്ങിയ പ്രദേശത്തായിരുന്നു ക്യാമ്പ് സംഘടിപ്പിച്ചത്. വളരെയേറെ ആകർഷണീയമായിരുന്നു അവിടം. നെൽവയലുകൾക്ക് നടുവിലെ മൺവീടും, കൗതുകം തുളുമ്പുന്ന ഒരുപാട് നാടൻപശുക്കളും ചേർന്ന ഒരു പ്രത്യേകസാഹചര്യം. ഏതൊരു പ്രകൃതിസ്നേഹിയെയും പോലെ ആ പ്രദേശം, ഞങ്ങളുടെ മനസ്സിനെയും കീഴടക്കി. ക്യാമ്പിൽ കൊയ്ത്ത്, മെതി പരിശീലനങ്ങൾക്കു പുറമെ സമീപത്തുള്ള വീടുകളിൽ പച്ചക്കറികൃഷിക്ക് ആരംഭം കുറിക്കുകയുണ്ടായി. കൃഷിയെ അടിസ്ഥാനപ്പെടുത്തി സംഘടിപ്പിച്ച പ്രവർത്തനങ്ങൾ കൊണ്ട് ക്യാമ്പ് അതിമനോഹരമായിരുന്നു.

പ്രവർത്തനങ്ങൾ എല്ലാം തന്നെ ഒന്നിനൊന്ന് മെച്ചമായിരുന്നു, എങ്കിലും കൊയ്ത്ത്, ഞാറുനടൽ എന്നീപ്രവർത്തനങ്ങൾ എല്ലാവർക്കും വളരെ ആസ്വാദ്യകരമായിരുന്നു. മറക്കാൻ കഴിയാത്ത ഇമ്പമാർന്ന നിമിഷങ്ങളാണ് ഞങ്ങൾക്ക് എല്ലാവർക്കും ലഭിച്ചത്. കൂടാതെ ഞങ്ങൾ സ്വയം കൊയ്ത് മെതിച്ച നെല്ല് അവിലാക്കി കഴിക്കാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായി. ഞങ്ങൾ ഏറ്റെടുത്ത കൃഷി എല്ലാവരുടേയും കൂട്ടായ പ്രവർത്തനത്തോടെ ഉത്സവമാക്കി മാറ്റുകയായിരുന്നു ഞങ്ങൾ. ഇതിലൂടെ കാർഷികമേഖലയിലെ പ്രവർത്തനങ്ങളിൽ പുതിയ തലമുറയ്ക്ക് മാതൃകയാവാൻ ഞങ്ങൾക്കു സാധിച്ചു. ●

**കവർസ്റ്റോറി**





എസ്. ഉഷ

# സ്ത്രീകൾ മണ്ണിന്റേയും വിത്തിന്റേയും സംരക്ഷകർ

**ഇ**ക്കഴിഞ്ഞ ദിവസം ഒരു പഞ്ചായത്തിൽ ചെന്നപ്പോൾ കുറേ സ്ത്രീകൾ കൂട്ടം ചേർന്ന് പാടവരമ്പത്തെ പുല്ലെല്ലാം ചെത്തിക്കൂട്ടുന്നത് കണ്ടു. ഞാനൊരു കൂട്ടുകാരിയെ കാണാൻ പോയതാണ്. അവളുടെ വീടിനു മുമ്പിലാണ് ഈ കാഴ്ച. ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു, ഈ തൊഴിലുറപ്പുകാർ കാരണം ഒരു മരുന്നുചെടിപോലും കിട്ടാനില്ലാതായിയെന്ന്. പിന്നീട് ഈ പഞ്ചായത്തിൽ തന്നെ സ്ത്രീകൾ നടത്തുന്ന ഒരു സ്ഥാപനത്തിൽ ചെന്നപ്പോൾ അവർ പറഞ്ഞു. 'ഈ തൊഴിലിരിപ്പ്' പദ്ധതി കാരണം ഞങ്ങളുടെ സെന്റർ മുന്നോട്ട് കൊണ്ടുപോകാൻ പറ്റാതായിരിക്കുകയാണെന്ന്. ഒരു മുള്ളുപോലും ഈ സ്ത്രീകൾ നടാതായി എന്ന്.

കുറേ നാളുകളായി എവിടെച്ചെന്നാലും നിരന്തരം കേൾക്കുന്ന, ചിലർ തമാശയായും മറ്റു ചിലർ ഗൗരവത്തോടെയും പുച്ഛത്തോടെയും ഒക്കെപ്പറയുന്ന ഒരുകാര്യമാണിത്. ഇതൊരു സർക്കാർജോലിയാണെന്നും അതിനാൽ ഭാവിയിൽ പെൻഷൻ കിട്ടുമെന്നും ഒക്കെ കരുതി വീട്ടിൽ വെറുതെയിരുന്ന സ്ത്രീകൾ വരെ ഈ പദ്ധതിയിൽ ചേർന്നിട്ടുണ്ടെന്നും പലരും പറയാറുണ്ട്. എനിക്ക് വ്യക്തിപരമായും ചില അനുഭവങ്ങളുണ്ട്. പാലക്കാട് ജില്ലയിലെ ഒരു പഞ്ചായത്തിൽ കളനാശിനി അടിക്കുന്ന കർഷകരോട് അതിന്റെ പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കവെ അവർ പറഞ്ഞത്, കളപറിച്ചുകൊണ്ടിരുന്ന സ്ത്രീകളെല്ലാം റോഡുവക്കിലെ കളപറിച്ചുകൊണ്ടിരിക്കയാണെന്നും അതിനാൽ കളനാശിനിയെ ആശ്രയിക്കുകയേ അവർക്ക് വഴിയുള്ളൂ എന്നുമാണ്. ചെറിയൊരു ഇടറോഡിന്റെ ഇരുവശത്തുമായി കൂട്ടംകൂടി നിന്ന് സ്ത്രീകൾ പുല്ലുപറിക്കുന്നതും ഇപ്പുറത്ത് വയലിൽ കളനാശിനി തളിച്ച് കളയെ നശിപ്പിക്കുന്നതുമായ കാഴ്ച ഒരുപാട് ചോദ്യങ്ങൾ അന്ന് മനസ്സിലുയർത്തിയിരുന്നു. എങ്ങനെയാണ് ഒരു രാജ്യത്തിന്റെ നയങ്ങൾ, അതു കാർഷികനയമായാലും വിത്തുനയമായാലും ജല

**കുറേ നാളുകളായി എവിടെച്ചെന്നാലും നിരന്തരം കേൾക്കുന്ന, ചിലർ തമാശയായും മറ്റു ചിലർ ഗൗരവത്തോടെയും പുച്ഛത്തോടെയും ഒക്കെപ്പറയുന്ന ഒരു കാര്യമാണിത്. ഇതൊരു സർക്കാർ ജോലിയാണെന്നും അതിനാൽ ഭാവിയിൽ പെൻഷൻ കിട്ടുമെന്നും ഒക്കെ കരുതി വീട്ടിൽ വെറുതെയിരുന്ന സ്ത്രീകൾ വരെ ഈ പദ്ധാതിയിൽ ചേർന്നിട്ടുണ്ടെന്നും പലരും പറയാറുണ്ട്.**

നയമായാലും ഭക്ഷണനയമായാലും സ്ത്രീകളെ തങ്ങളുടെ ഇടങ്ങളിൽ നിന്നും പ്രകൃതിയിൽ നിന്നും അന്യവത്ക്കരിക്കുന്നത്? പരിസ്ഥിതിപരിപാലനത്തിൽ നിന്ന്, വിത്തുസംരക്ഷണപ്രവർത്തനങ്ങളിൽ നിന്ന്, ഭക്ഷ്യോത്പാദനപ്രക്രിയയിൽ നിന്ന് സ്ത്രീകൾ എങ്ങനെ പുറത്താക്കപ്പെട്ടു?

കൃഷി തുടങ്ങിയതുതന്നെ സ്ത്രീകളാണെന്ന് ചരിത്രം പറയുന്നു. വിത്തുകൾ നടാനും മുളച്ചുവരുന്ന തൈകളെ പരിപാലിക്കാനും സ്ത്രീകൾ നേടിയ വൈദഗ്ദ്ധ്യമാണ് മനുഷ്യന്റെ കാർഷികസംസ്ക്കാരത്തിന് അടിത്തറ പാകിയത്. കാർഷികവികാസത്തോടെ ഉണ്ടായ സമൂഹവത്ക്കരണപ്രക്രിയയിൽ കുടുംബങ്ങളുടെ നിലനിൽപ്പിൽ സ്ത്രീകളുടെ അറിവിന് ഏറെ പ്രാധാന്യമുണ്ടായിരുന്നു. ഒരു വീടിന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വിറക്, വെള്ളം, ആരോഗ്യം എന്നിവ മുടങ്ങാതെ ലഭ്യമാക്കുന്നതിൽ സ്ത്രീകൾ കാണിച്ച ശുഷ്കാന്തി പ്രകൃതിയെക്കുറിച്ച്, പരിസ്ഥിതി വ്യവസ്ഥകളെക്കുറിച്ച് ഒക്കെ മനസ്സിലാക്കാനും അവയെ ചൂഷണം ചെയ്യാതെ തങ്ങളുടെ ആവശ്യത്തിനെടുത്തുപയോഗിക്കാനും ഉള്ള വൈദഗ്ദ്ധ്യം വളർത്താൻ സ്ത്രീകൾക്ക് സഹായകമായി. സസ്യങ്ങൾ, മൃഗങ്ങൾ, മണ്ണ്, വെള്ളം എന്നിവയുടെ പരിപാലനത്തിലൂടെ പ്രകൃതിധർമ്മങ്ങളെ അനുസരിക്കുന്ന, ജൈവവൈവിധ്യത്തെ പുനഃസൃഷ്ടിക്കുന്ന കൃഷിയിടങ്ങൾ സ്ത്രീകളുടെ നേതൃത്വത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപംകൊണ്ടു. എന്നാൽ ഈ അവസ്ഥയ്ക്ക് കാതലായ മാറ്റമുണ്ടായത് കഴിഞ്ഞ അമ്പത്-നൂറ് വർഷങ്ങൾക്കുള്ളിലാണ്. ഇതിനൊരു പ്രധാനകാരണം മിശ്രവിള സമഗ്രകൃഷിയിൽ നിന്ന് ഏകവിളകൃഷിയിലേക്കുള്ള ചുവടുമാറ്റമാണ്. നിലനില്പിനുള്ള, ഭക്ഷ്യസംരക്ഷക്കുള്ള ഒരു ഉപാധി എന്ന രീതിയിൽ നിന്ന് കൃഷി, വ്യവസായങ്ങൾക്കുള്ള അസംസ്കൃതവസ്തുക്കൾ ഉണ്ടാക്കുന്ന ഒരു പ്രവർത്തിയായി മാറിയത് ഇക്കാലത്താണ്. പ്രകൃതിസമ്പത്തിനെ ചൂഷണം ചെയ്തുകൊണ്ടുള്ള ഈ കാർഷിക വികസനത്തിനിടയിൽ മാർക്കറ്റ് വ്യവസ്ഥകൾ കൃഷിയെ നിയന്ത്രിക്കാൻ തുടങ്ങുകയും കൃഷിയിൽ സ്ത്രീകളുടെ നേതൃത്വം കുറയാൻ ആരംഭിക്കുകയും ചെയ്തു.

രണ്ടാംലോകമഹായുദ്ധത്തിനുശേഷം ലോകം കണ്ടത് കാർഷികഘടനയുടെ മൊത്തം മാറ്റമായിരുന്നു. ഭക്ഷ്യോത്പാദനത്തെ നിയന്ത്രിക്കാൻ വൻകിട രാസക്കമ്പനികൾ മുന്നിട്ടിറങ്ങിയത് ഇക്കാലത്താണ്. യുദ്ധവും വ്യവസായവത്ക്കരണവും സൃഷ്ടിച്ച ദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ സർക്കാറുകളും അവരെ ഉപദേശിക്കുന്ന സാമ്പത്തികവിദഗ്ദ്ധരും ശാസ്ത്രജ്ഞരും തിരഞ്ഞെടുത്തത് രാസക്കമ്പനികളെയാണ്. രാ



സവസ്തുക്കളുടെ ഉപയോഗം അറുപതുകളിൽ ആരംഭിച്ചു. ആടുമാടുകളെ വളർത്തി, അവയുടെ ചാണകവും പച്ചിലകളും ചേർത്ത് വളമുണ്ടാക്കി. മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തിയിരുന്നതിൽ വലിയൊരു പങ്ക് വഹിച്ചിരുന്നു സ്ത്രീകൾ. രാസവളത്തിന്റെ വരവോടെ ജൈവവളത്തിന്റെ ഉപയോഗം കാലക്രമേണ കുറയുകയും മണ്ണ്പരിപാലനത്തിൽ സ്ത്രീകൾക്ക് സ്ഥാനമില്ലാതാവുകയും ചെയ്തു. രാസക്കമ്പനികളും അവരുടെ ഏജൻസികളും എത്തിപ്പെടാത്ത, വളരെ ദാരിദ്ര്യത്തിൽ കഴിയുന്ന സ്ഥലങ്ങളിൽ ഇപ്പോഴും മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുന്നത് സ്ത്രീകളാണ്. കേരളത്തിൽ വളരെ ഗുരുതരമായ രീതിയിൽ തന്നെ ഈ മാറ്റം ഉണ്ടായി. നാണ്യവിള കൃഷിയും ഹരിതവിപ്ലവവും മണ്ണിന്റെ നൈസർഗികതയും ഫലപുഷ്ടിയും കുറക്കുകയും ഇത്തരം കൃഷികളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം കുറയുകയും ഉള്ളവരുടെ പങ്ക് തന്നെ ഒരു കാർഷികത്തൊഴിലാളി എന്ന നിലയിലേക്ക് താഴുകയും ചെയ്തു.

രാസക്കമ്പനികളെപ്പോലെ തന്നെ സ്ത്രീകളെ കൃഷിയിടത്തിൽ നിന്നും അന്യവത്ക്കരിച്ച ഒരു നയമാണ് അത്യുൽപാദനശേഷിയുള്ള വിത്തുകൾ വ്യാപിപ്പിക്കാൻ സർക്കാർ തീരുമാനിച്ചത്. നാടൻ വിത്തുകൾക്ക് പകരം സങ്കരയിനം വിത്തുകളുത്പാദിപ്പിക്കുകയാണ് വേണ്ടതെന്നും അതിലൂടെ മാത്രമേ ഇന്ത്യക്ക് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കഴിയൂ എന്നും കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ ഇതിന്റെ പ്രത്യാഘാതമുണ്ടായതും വിത്തുസംരക്ഷക എന്ന സ്ത്രീയുടെ പദവിക്കാണ്. പലതരം രീതികളിലൂടെ ഗുണമേന്മയുള്ള വിത്തുകൾ തിരഞ്ഞെടുക്കുകയും കേടുകൂടാതെ അടുത്ത കൃഷിയിറക്കുംവരെ അവ സൂക്ഷിച്ചുവെക്കുകയും ചെയ്തിരുന്നത് അന്നുവരെ സ്ത്രീകളായിരുന്നു. നമ്മുടെ അമ്മൂമ്മമാരുടെ തലമുറയിൽപ്പെട്ട സ്ത്രീകളിൽ പലരോടും ചോദിക്കുമ്പോൾ എന്തൊക്കെയാണവർ ചെയ്തിരുന്നതെന്ന് പറയാറുണ്ട്. ഭയങ്കര ആവേശത്തോടെയാണവർ വിത്തുകളെക്കുറിച്ച് പറയുക. വയനാട്ടിലെ ഒരു മുത്തശ്ശി ഒരിക്കൽ ഐആർ-എട്ട് എന്ന നെൽവിത്ത് വന്നതിനെക്കുറിച്ച് പറയുകയുണ്ടായി. "ഏലഓഫീസിൽ നിന്നാണ് ആ വിത്ത് കിട്ടിയത്. നല്ല വിളവും കിട്ടി. പക്ഷേ, അത് തിന്നാൻ പറ്റില്ല." എന്നാൽ തങ്ങളുടെ കൃഷിയിടങ്ങ

ളെ പുതിയ വിത്തുകൾ കയ്യടക്കുന്നത് നോക്കിനിൽക്കാനേ അവർക്കായുള്ളൂ. അതായിരുന്നു സർക്കാർ നയം. ഇന്നും തുടരുന്ന നയം.

സ്ത്രീകൾ നിയന്ത്രിച്ചിരുന്ന ഭക്ഷണക്രമത്തിനുമേലാണ് മറ്റൊരു പ്രത്യാഘാതമുണ്ടായത്. ഈ മാറ്റം അതിരൂക്ഷമായ ആരോഗ്യത്തകരാറുകളിലേക്കാണ് ഇന്ന് സമൂഹത്തെ എത്തിച്ചിട്ടുള്ളത്. പുരയിടകൃഷിയിൽ നിന്ന് റബ്ബറിലേക്കുള്ള മാറ്റമാണ് കേരളത്തിൽ ഇത്തരത്തിൽ വലിയൊരുമാറ്റമുണ്ടാക്കിയത്. പുരയിടകൃഷിയിലെ ഭക്ഷണവൈവിധ്യം, അവയുടെ ഉല്പാദനക്ഷമത എന്നിവ ഏറെ ഗവേഷണങ്ങൾക്കും പഠനങ്ങൾക്കും വിധേയമായിട്ടുള്ളതാണ്. കോട്ടയം ജില്ലയിലെ ഒരു വീട്ടമ്മ വളരെ സങ്കടത്തോടെ അവരുടെ അനുഭവം വിവരിച്ചത് ഞാനിപ്പോഴും ഓർക്കുന്നു. "റബ്ബർ വന്നപ്പോൾ കുറേ കാശുണ്ടായി, പക്ഷേ എന്റെ അടുക്കള ദരിദ്രമായി. ഇന്നു ഞങ്ങൾക്ക് തേങ്ങവരെ പണം കൊടുത്തു വാങ്ങണം. മുമ്പ് ഞാൻ ഉപ്പും ജീരകവും മാത്രമേ കടയിൽ നിന്നു വാങ്ങിയിരുന്നുള്ളൂ. എന്നും ഭർത്താവിനോട് കൈനീട്ടുന്നതെങ്ങിനെ? അതുകൊണ്ട് കുറച്ചു സാധനങ്ങൾ വാങ്ങി ഞാൻ കറികളൊക്കെ അഡ്ജസ്റ്റ് ചെയ്യും." ഇതു പല സ്ത്രീകളുടേയും അനുഭവമായിരിക്കുമെന്ന് ഞാൻ കരുതുന്നു. വീട്ടമ്മമാരുടെ നിസ്സഹായത അവരിൽ എനിക്ക് കാണാൻ കഴിഞ്ഞു. വയനാട്ടിൽ ഒരിടത്ത് വാഴത്തോട്ടമായി മാറിയ നെൽപ്പാടത്തിനരികെയിരിക്കുന്ന രണ്ട് ആദിവാസി സ്ത്രീകളും ഇതുതന്നെ പറഞ്ഞു. നെൽകൃഷി മാറിയപ്പോൾ അവരുടെ തൊഴിൽ മാത്രമല്ല നഷ്ടപ്പെട്ടത്, ഭക്ഷണവൈവിധ്യം കൂടിയാണ്. ഈ മാറ്റത്തിന് കർഷകരെ പ്രേരിപ്പിച്ചത് പരാധീനതകളായിരിക്കാം. എന്നാൽ അടുക്കളയിലെ ദാരിദ്ര്യം കൂട്ടാനെ ഇത് ഉപകരിച്ചുള്ളൂ. അതിന് പഴി കേൾക്കുന്നതും സ്ത്രീകളാണല്ലോ. സ്ത്രീകളുടെ ഭക്ഷ്യപരമാധികാരം നഷ്ടപ്പെട്ടതിന്റെ ചില ചിത്രങ്ങളാണിവ. ഇത്തരം ചെറിയ സംഭവങ്ങൾ, ചെറിയഗ്രാമങ്ങളിലെ മാറ്റങ്ങൾ ദേശീയതലത്തിലെ വലിയ മാറ്റത്തിന് ഇടയാക്കിയതാണ് നമ്മുടെ കാർഷിക ചരിത്രം.

ഇന്ന് കാർഷികമേഖലയിലേക്ക് നോക്കിയാൽ സ്ത്രീകളുടെ സ്ഥാനമെന്താണ്? പ്രധാനമായും സ്ത്രീകൾ തൊഴിലാളികളാണ്. അവരുടെ തീരുമാനങ്ങൾക്ക് യാതൊരു വിലയുമില്ല. മാർക്കറ്റും സർക്കാർ സംവിധാനങ്ങളും തീരുമാനിക്കുന്ന തരത്തിൽ പുരുഷന്മാർ കൃഷി നടത്തുകയും അതിൽ തൊഴിലാളിയായി ജീവിതം ജീവിച്ചു തീർക്കുകയുമാണ് സ്ത്രീകൾ. ചെറുപ്പക്കാരായ സ്ത്രീകൾക്ക് കൃഷിയിലും പ്രകൃതിപരിപാലനത്തിലും അവരുടെ പങ്കെന്താണെന്ന് കൃത്യമായി മനസ്സിലാക്കാനോ അതിനുവേണ്ടി വാദിക്കാനോ കഴിയുന്നുമില്ല. അതുകൊണ്ടാണ് ഇന്നത്തെ തൊഴിലുറപ്പു പദ്ധതിയുടെ ഇരകളായി അവർ മാറിയിരിക്കുന്നത്.

ഇതിനിടയിൽ ചെറിയതെങ്കിലും വലിയ മാനമുള്ള ഒരു മാറ്റമുണ്ടായത് ജൈവ–പ്രകൃതികൃഷിയുടെ വളർച്ചയും സ്ത്രീ സ്വയം സഹായസംഘങ്ങളുടെ വികാസവുമാണ്. ജൈവകൃഷി തുടങ്ങിയ സ്ഥലങ്ങളിലെല്ലാം നോക്കിയാൽ ഒരു കാര്യം വ്യക്തമാകും. അതിനുപുറകിൽ സ്ത്രീസാന്നിദ്ധ്യമുണ്ട്. അവരുടെ ശക്തിയും അറിവും വിശ്വാസവും കൂട്ടായ്മയും ഉണ്ട്. പല സ്ഥലത്തും ആണുങ്ങൾ മടിച്ചു നിന്നിടത്ത് സ്ത്രീകളാണ് രാസകീടനാശിനികളെയും രാസവളങ്ങളെയും ഉപേക്ഷിച്ച് പ്രകൃതിയെ സംരക്ഷിച്ചുകൊണ്ടുള്ള കൃഷിയിലേക്ക് വന്നത്. അവർക്ക് കിട്ടിയ അനുഭവങ്ങളാണ് ജൈവകൃഷിയിലേക്ക് മാറാൻ ആണുങ്ങൾക്ക് ധൈര്യം കൊടുത്തത്. "ഏയ് അതൊന്നും നടക്കില്ല. കീടനാശിനിയില്ലാതെ ഉല്പാദനമുണ്ടാവില്ല" എന്ന് പറഞ്ഞ് ആണുങ്ങൾ പിന്തിരിഞ്ഞു നിന്നപ്പോൾ സ്ത്രീകൾ മുന്നിട്ടിറങ്ങുകയും ഉല്പാദനത്തിന് ഒട്ടനവധി വഴികൾ ഉണ്ടെന്ന് കാണിച്ചുകൊടുക്കുകയും ചെയ്തു. ആന്ധ്രാപ്രദേശിലെ മേഡക്ക് ജില്ലയിലെ പാസ്താപൂർ ഇന്നറിയപ്പെടുന്നത് സ്ത്രീകളുടെ നേതൃത്വത്തിൽ നടന്ന ജൈവവിപ്ലവത്താലാണ്. നാനൂറ് മില്ലിമീറ്റർ മാത്രം മഴ ലഭിക്കുന്ന വരണ്ട ഈ ഭൂപ്രദേശത്തെ ജൈവവൈവിദ്ധ്യം തിരിച്ചുകൊണ്ടുവരാനും അവരുടെ പരമ്പരാഗത വിത്തുകളും കാർഷികരീതികളും ഭക്ഷണക്രമവുമെല്ലാം പുനർനിർമ്മിക്കാനും ഈ സ്ത്രീകൾ കാണിച്ച ആത്മാർത്ഥതയും സത്യസന്ധതയും നമ്മുടെ രാജ്യത്തിനു മാത്രമല്ല ലോകത്തെ തന്നെ ഭക്ഷ്യസുരക്ഷക്ക് ഒരു മാർഗ്ഗരേഖ സൃഷ്ടിക്കാൻ ഇടയാക്കി. ഇതുമാത്രമല്ല, മഹാരാഷ്ട്രയിലെ ഔറംഗബാദ് ജില്ലയിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കുന്ന ജൈവകൃഷിയും ജൈവചന്തകളും ആയിരക്കണക്കിന് കുടുംബങ്ങൾക്കാണ് സുരക്ഷിതമായ പോഷകമൂല്യമുള്ള ഭക്ഷണം നൽകുന്നത്. ഉത്തരഖണ്ഡിലെ ഗഢ്‌വാൾമേഖലയിലും ബംഗാളിലും ഒഡീഷയിലും (ഒഡീഷ നാരി സമാജ്) എല്ലാം ആയിരക്കണക്കിന് സ്ത്രീകളാണ് കൃഷിയിലും ഭക്ഷണത്തിലും പരിസ്ഥിതി സംരക്ഷണത്തിലും തങ്ങളുടെ കഴിവുകൾ തെളിയിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ ഈ അടുത്തകാലത്തായി കുടുംബശ്രീകളും മറ്റുപല സ്ത്രീകൂട്ടായ്മകളും ഈവഴിക്ക് നീങ്ങുന്നു എന്നത് ഏറെ പ്രതീക്ഷ നൽകുന്ന കാര്യമാണ്.

മണ്ണിനേയും പ്രകൃതിയേയും വിത്തിനേയും എല്ലാം അടുത്തറിയാൻ, അവയെ മനസ്സിലാക്കി അവയോട് പ്രതികരിക്കാൻ, അവയെ സമ്പുഷ്ടമാക്കാൻ നൈസർഗികമായ കഴിവ് സ്ത്രീകൾക്കുണ്ട്. ആ കഴിവിനെ സ്ത്രീകൾ സ്വയം തിരിച്ചറിയുകയും സമൂഹം അത് അംഗീകരിക്കുകയും ചെയ്താൽ യഥാർത്ഥത്തിലുള്ള ഒരു ഹരിതവികസനത്തിലേക്ക് നമ്മുടെ ഗ്രാമങ്ങൾക്കും നഗരങ്ങൾക്കും മാറാൻ കഴിയും. നാടുനീളെ തീയിട്ടും വെട്ടിയും ജൈവവൈവിദ്ധ്യത്തിന്റെ ശ്മശാനങ്ങൾ തീർക്കുകയും രാസവിഷങ്ങൾ ഭൂമിയിൽ കലർത്തുകയും ചെയ്യുന്ന പ്രവർത്തികളിൽ നിന്ന് പ്രകൃതിയെ സമ്പുഷ്ടമാക്കുന്ന പ്രവർത്തികളിലേക്ക് സമൂഹത്തെ കൈപിടിച്ചുയർത്താൻ സ്ത്രീകൾക്കാണ് കഴിയുക. അപ്പോൾ തൊഴിലുറപ്പുപദ്ധതി അതുദ്ദേശിച്ച ലക്ഷ്യം നേടുകയും ചെയ്യും. ●



**അനിത തമ്പി**

## മ്സ്വാഖെ മ്ബുലി –

# കവിയും കൊള്ളക്കാരനും

**പ**തിമൂന്ന് വർഷങ്ങൾക്ക് മുൻപ് ഒരു ദിവസം, ഒരു വൈകുന്നേരം തെന്നാഫ്രിക്കയിലെ ജോഹന്നസ്ബർഗ് നഗരം. ഞാനന്ന് അവിടെ ജോലിചെയ്യുകയാണ്[1]. ഓഫീസിന്റെ അടുക്കളയുടെ തളത്തിൽ ചായ കുടിച്ചിരിക്കുമ്പോൾ പത്രത്തിൽ ഒരു വാർത്ത. മ്സ്വാഖേ മ്ബുലി എന്ന തടവുകാരനെ കോടതിയിൽ ഹാജരാക്കിയതിനെപ്പറ്റി. ബാങ്ക് കൊള്ളയാണ് കുറ്റം. ജഡ്ജിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി പ്രതി കോടതിയിൽ കവിത ചൊല്ലി എന്നും.

കുടിച്ചുകൊണ്ടിരുന്ന ചായ മുഴുവനാക്കാതെ ഞാൻ എഴുന്നേറ്റു.


സ്ഥാപനത്തിലെ ഉയർന്ന ഉദ്യോഗസ്ഥൻ കറുത്തവർഗ്ഗക്കാരനായ സീസക്കേലിയുടെ ഓഫീസിലേക്ക് നേരെ ചെന്നു. പുതിയ തെന്നാഫ്രിക്കൻ മദ്ധ്യവർഗ്ഗത്തിന്റെ ലക്ഷണം തികഞ്ഞ പ്രതിനിധിയാണ് സീസക്കേലി. കതക് തുറന്നതും ഞാൻ ചോദിച്ചു.

“മ്സ്വാഖേ മ്ബുലിക്ക് എന്തു പറ്റി?” സീസക്കേലി അത് ശ്രദ്ധിക്കാതെ മറ്റെന്തോ പറഞ്ഞു.

‘‘മിസ്റ്റർ സീസക്കേലി, മ്സ്വാഖേ മ്ബുലിക്ക് എന്തുപറ്റി?”

സീസക്കേലി ചോദിച്ചു, “ആരാണയാൾ?”

ഞാൻ സ്ഥാപനത്തിന്റെ മേധാവി ഫ്രെഞ്ചുകാരിയായ ഡെസറെയോട് ചോദിച്ചു. ഒപ്പം



ജോലി ചെയ്യുന്ന തെന്നാഫ്രിക്കൻ വെളുമ്പി കരോളിനോട് ചോദിച്ചു. ചെറുപ്പക്കാരനായ വെളുമ്പൻ വാൾട്ടറോട് ചോദിച്ചു, മിശ്രവർഗ്ഗക്കാരി വനേസയോട് ചോദിച്ചു. ആർക്കുമറിയില്ല മ്ബുലിയെ.

ഒടുവിൽ ഞാൻ അടുക്കളയിലേക്ക് തന്നെ മടങ്ങി. പത്രവും കൊണ്ട് അല്പനേരം ആലോചിച്ചിരുന്നു. 21 വയസ്സുമുതൽ എനിക്കറിയാം കവിയും പാട്ടുകാരനും തെന്നാഫ്രിക്കൻ സ്വാതന്ത്ര്യസമര സഹയാത്രികനുമായ മ്സ്വാഖേ മ്ബുലിയെ. എന്റെ സുഹൃത്ത് അൻവർ അലിയുടെ ആധുനിക ആഫ്രിക്കൻ കവിതയുടെ പഠനവും വിവർത്തനവും ഉൾപ്പെടുന്ന എം.ഫിൽ തീസീസിൽ മ്സ്വാഖേ മ്ബുലിയുണ്ട്. മലയാളത്തിലേക്ക് മൊഴിമാറ്റിയ മ്ബുലിയുടെ കവിതകൾ അക്കാലത്ത് ഞങ്ങൾ ഒന്നിച്ചിരുന്ന് ഉറക്കെ വായിച്ചിരുന്നു, അങ്ങനെ ഹൃദയപൂർവ്വം പരിചയമാക്കിയ കവിയാണ്. ആ മമതയുണ്ട് ഉള്ളിൽ.

വേദികളിൽ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ കവിത നാടകീയമായി ഉറക്കെച്ചൊല്ലി അവതരിപ്പിക്കുന്ന ജനപ്രിയ കവി. തെന്നാഫ്രിക്കൻ സ്വാതന്ത്ര്യസമരകാലത്ത് മ്ബുലിയുടെ കവിതാവതരണങ്ങൾക്ക് പതിനായിരങ്ങളാണ് എത്തിയിരുന്നത്. അതുകൊണ്ടുതന്നെ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയസമ്മേളനങ്ങൾക്ക് മ്ബുലിയുടെ കവിതാവതരണം അത്യാവശ്യഘടകവുമായിരുന്നു. 1993ൽ വധിക്കപ്പെട്ട തെന്നാഫ്രിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടി തലവൻ ക്രിസ് ഹാനിയുടെ ശവസംസ്ക്കാര ചടങ്ങിനെ വികാരനിർഭരമായ കവിതാവതരണം കൊണ്ട് ഏതൊരു ജനനേതാവിനും ലഭിക്കാവുന്ന ഏറ്റവും ഹൃദയപൂർവ്വമായ ഒരു യാത്രയയപ്പാക്കി മാറ്റി മ്ബുലി. 1994ൽ വർണ്ണവിവേചനകാലഘട്ടത്തിന്റെ ഒടുവിൽ നെൽസൺമണ്ടേല രാജ്യത്തിന്റെ പ്രസിഡണ്ടായി സ്ഥാനമേറ്റെടുക്കുന്ന ചരിത്രപ്രധാനമായ ചടങ്ങിൽ മ്ബുലിയുടെ പ്രഭാഷണവും ഉണ്ടായിരുന്നു. സ്വന്തം രാജ്യത്തിന്റെ സമരങ്ങൾക്കും സങ്കടങ്ങൾക്കും അഭിമാനസന്ദർഭങ്ങൾക്കും ഇമ്മട്ടിൽ അകമ്പടിയായി മുഴങ്ങിയ ഒരു കവിയെ അയാളുടെ ജന്മനാട്ടിലെ ആളു

1) വർണ്ണ വെറിയൻ ഭരണകൂടം അരങ്ങൊഴിഞ്ഞ് കറുത്ത വർഗ്ഗക്കാരുടെ ആദ്യഗവൺമെന്റ് നെൽസൺമണ്ടേലയുടെ നേതൃത്വത്തിൽ 1994ൽ അധികാരത്തിൽ വന്നു കഴിഞ്ഞുള്ള കാലം.

കൾക്ക് അറിയാതെ വരികയോ ? എനിക്കത് മനസ്സിലായില്ല.

അടുക്കളയിലെ സഹായി കാതറീൻ എന്ന സൗമ്യയായ കറുത്തവർഗ്ഗക്കാരി അമ്മ ഒരു ചായ കൂടി കൊണ്ടുവന്നു തന്നു. ഞാൻ ചോദിച്ചു.

“അമ്മേ എവിടെയാണ് നിങ്ങളുടെ വീട്?”

അവർ ചിരിച്ചു. ‘‘എന്റെ ചെറിയ കുടുംബം ഇവിടെ നഗരത്തിൽ തന്നെയാണ് താമസം. പക്ഷേ ഞങ്ങൾ വരുന്നത് സൊവെറ്റോ[2]യിൽ നിന്നാണ്.”

“സൊവെറ്റോയിൽ നിന്നോ?[2] അമ്മേ നിങ്ങൾക്കറിയുമോ മ്സ്വാഖേ മ്ബുലിയെ? എന്തുപറ്റി അദ്ദേഹത്തിന്? ഇതാ ഈ പത്രം അദ്ദേഹം ജയിലിലാണെന്നു പറയുന്നു.”

നിമിഷം കൊണ്ട് അവർ ഭാവം പകർന്നു. ഒച്ചയുയർന്നു.

‘‘ആർക്കാണ് മ്ബുലിയെ അറിയാത്തത്. അവരദ്ദേഹത്തെ കള്ളക്കേസിൽപ്പെടുത്തി ജയിലിലാക്കിയിരിക്കുകയാണ്. ബാങ്ക് കൊള്ളയടിച്ചു എന്ന കുറ്റം ചുമത്തിയാണ് അവർ മ്ബുലിയെ അറസ്റ്റു ചെയ്തത്. അതുകേട്ട് ചിരിക്കണോ കരയണോ എന്ന് ഞങ്ങൾക്കറിയില്ല.”

ഒന്നരമണിക്കൂർ സംസാരിച്ചു ആ അമ്മ, മ്ബുലിയെപ്പറ്റി. വർണ്ണവെറിയുടെ അവശേഷിപ്പുകളും വലിയ സാമ്പത്തിക അസമത്വവും കൊണ്ട് നടന്നേറാൻ ക്ലേശിക്കുന്ന ഒരു രാജ്യത്തിന്റെ അവസ്ഥയെപ്പറ്റി, അവിടുത്തെ പാവപ്പെട്ട കറുത്തവന്റെ നിത്യജീവിത കഷ്ടതകൾ മറന്ന്, നീണ്ട സമരചരിത്രം മറന്ന്, അഴിമതിയിൽ മുങ്ങി, ഉപരിവർഗ്ഗ വെള്ളക്കാരന്റെ ജീവിതശൈലിയിലേക്കും സൗകര്യങ്ങളിലേക്കും എത്തിച്ചേരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന നേതാക്കളെപ്പറ്റി. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സ് അധികാരത്തിലേറിക്കഴിഞ്ഞ് പാർട്ടിയും ഗവൺമെന്റും നടത്തിപ്പോന്ന ക്രമക്കേടുകളേയും അധാർമ്മികതകളേയും തുറന്നെതിർത്ത ഒരു ജനകീയകവി ജയിലിലായതിനെപ്പറ്റി.

**“ആർക്കാണ് മ്ബുലിയെ അറിയാത്തത്. അവരദ്ദേഹത്തെ കള്ളക്കേസിൽപ്പെടുത്തി ജയിലിലാക്കിയിരിക്കുകയാണ്. ബാങ്ക് കൊള്ളയടിച്ചു എന്ന കുറ്റം ചുമത്തിയാണ് അവർ മ്ബുലിയെ അറസ്റ്റു ചെയ്തത്. അതുകേട്ട് ചിരിക്കണോ കരയണോ എന്ന് ഞങ്ങൾക്കറിയില്ല.”**

1958ലാണ് മ്ബുലി ജനിച്ചത്. സോഫിയാ ടൗൺ എന്ന ബ്ലാക്ക് ടൗൺഷിപ്പിൽ. വെള്ളക്കാർക്ക് പാർപ്പിടങ്ങൾ നിർമ്മിക്കാനായി വർണ്ണവെറിയൻ ഗവൺമെന്റ് അവിടം ഇടിച്ചു നിരത്തിയതിനെ തുടർന്ന് സൊവെറ്റോയിലേക്ക് കുടുംബത്തിന് മാറി പാർക്കേണ്ടി വന്നു. 80കളിലും 90കളിലുമായി കവിതാപുസ്തകങ്ങളും ആൽബങ്ങളും പുറത്തുവന്നു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സ് മുന്നണിയിൽ സാംസ്കാരിക വിഭാഗത്തിന്റെ നേതൃസ്ഥാനത്തിരുന്ന് രാജ്യത്തുടനീളം നടത്തിയ പരിപാടികൾക്കിടയിൽ 80കളിൽ പലവട്ടം അറസ്റ്റു ചെയ്യപ്പെട്ടു. പാസ്പോർട്ട് കണ്ടുകെട്ടി വിദേശയാത്രകളിൽ നിന്നു വിലക്കി. 1987ൽ പുറത്തുവന്ന ആദ്യ ആൽബം തന്നെ നിരോധിക്കപ്പെട്ടു. 1996ൽ മ്ബുലിക്കു നേരെ വധശ്രമമുണ്ടായി. അതിനെപ്പറ്റി മൊഴികൊടുക്കാനെത്തിയപ്പോൾ അറസ്റ്റു ചെയ്ത് ജാമ്യം നിഷേധിച്ച് ഒന്നരവർഷം ജയിലിൽ പാർപ്പിച്ചു. തൊണ്ണൂറുകളുടെ ആദ്യപകുതിയിൽ മ്ബുലിയുടെ സംഗീതജീവിതം രാജ്യത്തിനകത്തും പുറത്തും ഏറ്റം ഉയരങ്ങളിലെത്തി. അക്കാലത്തു നടത്തിയ യൂറോപ്പിലെ സംഗീതപരിപാടികൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. ലോകസംഗീതവേദിയിലേക്ക് കാലൂന്നിതുടങ്ങുമ്പോൾ, 1997ലാണ് ബാങ്ക് കൊള്ളയുടെ പേരിൽ അറസ്റ്റുചെയ്യപ്പെടുന്നത്.

മ്ബുലിയെ കാണണമെന്ന് എനിക്ക് തോന്നി. കാണണമെങ്കിൽ ജയിലിൽ പോകണം. എങ്ങനെയാണ് അതിനു കഴിയുക? ടെലിഫോൺ ഡയറക്ടറി എടുത്ത് പ്രിസൺ സർവ്വീസും ആഭ്യന്തരമന്ത്രാലയവും തുടങ്ങി ജയിലുമായി ബന്ധമുണ്ടാകാവുന്ന എല്ലാ ഓഫീസുകളിലേക്കും വിളിച്ച് ജയിലിൽ മ്ബുലിയെ സന്ദർശിക്കുന്നതിനുള്ള അനുവാദത്തിനായി ശ്രമിച്ചുകൊണ്ടിരുന്നു. എല്ലായിടത്തുനിന്നും ഒരേ ഉത്തരംതന്നെ പലരീതിയിൽ കിട്ടിക്കൊണ്ടുമിരുന്നു, ഫോൺ വിളികളുടെ നാലാം ദിവസം എന്റെ പരിശ്രമങ്ങൾ ശ്രദ്ധിച്ചുകൊണ്ട് ഓഫീസ് മുറിയിൽ ഇരുന്നിരുന്ന ആൻഡ്രൂ എന്ന ബ്രിട്ടീഷുകാരൻ പറഞ്ഞു. “നീയൊരു ഫൂളാണ്. സർക്കാരിനെതിരെ ശബ്ദിച്ചതിന് കള്ളക്കേസുണ്ടാക്കി പിടിച്ചു ജയിലിലിട്ടിരിക്കുന്ന ഒരാളെ കാണാൻ നിനക്ക് ഒരിക്കലും അനുവാദം കിട്ടുകയില്ല. അതും പരമാവധി സുരക്ഷാജയിലിൽ (മാക്സിമം സെക്യൂരിറ്റി പ്രിസൺ) കിടക്കുന്ന ആളെ. മാത്രമല്ല, നീ ഫോൺവിളികൾ തുടർന്നാൽ അവർ നിന്നെ അന്വേഷിച്ച് ഇവിടെ വന്നെന്നും വരാം.”

“അപ്പോൾപ്പിന്നെ ഞാനെന്തു ചെയ്യും. കണ്ടേ തീരൂ.”

‘‘നീ നേരെ ജയിലിലേക്കു പോകണം. അനുവാദം ചോദിച്ചാലല്ലെ വേണ്ടെന്നു പറയുക, ചോദിക്കണ്ട. സാധാരണ ജയിലുകളിൽ സന്ദർശകർക്ക് ഒരു ദിവസമുണ്ട്. ആ ദിവസം, സന്ദർശന സമയത്ത് ചുമ്മാ ചെന്നു നോക്കൂ. മിക്കവാറും അകത്തു കടക്കാം.”

ഞാൻ അതുതന്നെ ചെയ്തു. ജോഹന്നസ്ബർഗിൽ നിന്ന് മുക്കാൽ മണിക്കൂർ കാർയാത്ര. ജയിൽ കണ്ടുപിടിച്ചു. ഗെയിറ്റിലി

2) സൊവറ്റോ : ജോഹന്നാസ്ബർഗ് നഗരപ്രാന്തത്തിലുള്ള കറുത്തവർഗ്ഗക്കാരുടെ ടൗൺഷിപ്പ്. ആഫ്രിക്കാൻസ് ഭാഷ അടിച്ചേൽപ്പിക്കുന്ന സർക്കാരിന്റെ നയത്തിനെതിരെ 1976 ജൂൺ 16ന് പതിനായിരങ്ങൾ തെരുവിലിറങ്ങിയപ്പോൾ പോലീസ് വെടിവെപ്പിൽ ഒറ്റദിവസം കൊണ്ട് 200 ആളുകളാണ് കൊല്ലപ്പെട്ടത്. സൊവെറ്റോ കലാപം തെന്നാഫ്രിക്കൻ സ്വാതന്ത്ര്യസമരചരിത്രത്തിന്റെ ദിശ തിരിച്ചുവിട്ട അധ്യായമായി തീർന്നു.

റങ്ങി, പലവട്ടം പരിശോധനകൾ കഴിഞ്ഞ് സന്ദർശകർക്കുള്ള കട ലാസ് പൂരിപ്പിച്ചു നൽകി. ജയിൽ വളപ്പിലെ ബസ്സിൽ വീണ്ടും ഉൾഭാഗത്തുള്ള തടവറകളുടെ ഭാഗത്തേക്ക്. ഒടുവിൽ ഒരുദ്യോഗ സ്ഥൻ ജയിൽ കെട്ടിടത്തിൽ എത്തിച്ചു. ആരും ഒന്നും ചോദി ച്ചില്ല, പറഞ്ഞുമില്ല. ജയിലിൽ സന്ദർശിക്കാനെത്തിയ മറ്റേതൊ രാളെയും പോലെ ഞാനും അകത്തു കടന്നു.

അവിടെ മറ്റു സന്ദർശകർ ഇരു ന്നിരുന്നു. പ്രായമായ അമ്മമാരും അച്ഛന്മാരും ചെറിയ കുട്ടികളും എല്ലാം. എല്ലാവരുടേയും കയ്യിൽ പ്രിയപ്പെട്ടവർ വരുമ്പോൾ കൊടുക്കാനുള്ള വലിയ പൊതി കൾ. അപ്പോഴാണ് എനിക്കോർമ്മ വന്നത്, ഞാനെന്തുകൊടുക്കും. ഒന്നും കൊണ്ടുവന്നിട്ടില്ല. വരാ നുള്ള തയ്യാറെടുപ്പിലും തിടുക്ക ത്തിലും അത് മറന്നുപോയിരുന്നു.

തടവുകാർ ഓരോരുത്തരായി ഉദ്യോഗസ്ഥരുടെ അകമ്പടി യോടെ വന്നു തുടങ്ങി. കറുത്ത വർഗ്ഗക്കാരായ ഓരോ ആൾ വരു മ്പോഴും ഞാൻ എഴുന്നേറ്റു. മ്ബുലി കാഴ്ചയിൽ എങ്ങനെ യെന്ന് എനിക്കറിയില്ല. ഞാനദ്ദേ ഹത്തെ കണ്ടിട്ടില്ല. ചുറ്റും ഹൃദ യഭേദകമായ സമാഗമങ്ങൾ നട ക്കുകയാണ്. ഓടിയെത്തി കുഞ്ഞുങ്ങളെ വാരിയെടുത്ത് ഉമ്മ വെക്കുന്ന തടവുകാർ, കെട്ടിപ്പി ടിച്ചു വിതുമ്പുന്ന അമ്മ, അച്ഛൻ, ഭാര്യ, സഹോദരങ്ങൾ... ഇടറിയ വാക്കുകളും അടക്കിപ്പിടിച്ച ഗദ്ഗ ദങ്ങളും...

ഒടുവിൽ മറ്റു തടവുകാരുടെ ശരീരഭാഷകളൊന്നുമില്ലാത്ത ഒരാൾ സാവധാനം നടന്ന് സന്ദർശകമുറിയുടെ വാതിൽ ക്കൽ വന്നു നിന്നു. ആകെയൊ ന്നു കണ്ണോടിച്ചു. അതീവശാ ന്തവും ഗംഭീരവുമായ രൂപം. മനു ഷ്യവേദനകൾ തിങ്ങി നിൽക്കുന്ന ആ ചെറിയ ഇടത്തിൽ അതിനെ യെല്ലാം അതിശയിച്ച് ആ ഇട ത്തിന്റെ ചുവരുകളും മേൽക്കൂ രയും ഭേദിച്ചുയർന്നുപോകാൻ തുടങ്ങുന്നു എന്ന് തോന്നിപ്പിച്ച് അതിസുന്ദരനായ ഒരു മനുഷ്യൻ. ജയിൽവേഷം പോലും അയാൾ ക്കുമേൽ സുന്ദരമായ ഒരുടയാട യായി.

ആ നിമിഷത്തിൽ എനിക്ക് മനസ്സിലായി, ഇതാ ഞാൻ തേടി വന്ന കവി. ഞാൻ എഴുന്നേറ്റ് അടുത്തേക്ക് ചെന്നു. "മ്സ്വാഖേ മ്ബുലി?"

ആറരയടിയിലേറെ ഉയരമുള്ള നിവർന്നുറച്ച ദേഹം. കറുത്തു ചുരുണ്ട് തിങ്ങിയ മുടി. അക്ഷ രാർത്ഥത്തിൽ മിന്നൽ പായുന്ന നോട്ടം. ഇടിമുഴക്കത്തിന്റെ ശബ്ദം.

"അതെ, ഞാൻ തന്നെ മനസ്സി ലായില്ല.'' എന്ന് കണ്ണുകൾ. ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ ഏറ്റവും കുറഞ്ഞ സമയത്തിൽ പരമാവധി പറയണം, കേൾക്ക ണം എന്നെനിക്കറിയാമായിരുന്നു.

"ഇന്ത്യയിൽ നിന്ന് വരുകയാ ണ്. ഇന്ത്യയുടെ തെക്കെയറ്റ ത്തുള്ള കേരളം എന്ന സ്ഥലത്തു നിന്ന്. കവിയാണ്. താങ്കളുടെ കവിത അറിയും, എന്റെ ഭാഷ യായ മലയാളത്തിലേക്ക് എന്റെ സുഹൃത്തായ ഒരു കവി അത് വിവർത്തനം ചെയ്തിട്ടുണ്ട്. കുറച്ചു നാളിലേക്ക് ജോബർഗ്ഗിൽ വന്നതാണ്. താങ്കൾ ജയിലിലാ ണെന്ന വാർത്ത കഴിഞ്ഞ ദിവസം പത്രത്തിൽ കണ്ടു. കാണണ മെന്നു തോന്നി വന്നു."

അദ്ദേഹം അവിശ്വസനീയത യോടെ എന്നെ നോക്കുകയാണ്. തീരെ പ്രതീക്ഷിക്കാത്ത ഒരു സന്ദർശക! പരസ്പരം ഉറ്റു നോക്കി ഞങ്ങൾ അങ്ങനെ നിന്നു. പൊടുന്നനെ അദ്ദേഹം ഇരുകൈകളും കൊണ്ട് എന്നെ കെട്ടിപ്പിടിച്ചു. ആനന്ദംകൊണ്ട് ലേശം ഇടറിയ ശബ്ദത്തിൽ പറഞ്ഞു:

''എന്തൊരത്ഭുതമാണിത്, എന്തൊരു സന്തോഷം. എനിക്ക് പറയാൻ വാക്കുകളില്ല. എന്റെ കവിത ഇത്ര ദൂരത്തു നിന്നും ഒരാളെ എന്നെത്തേടി ഈ തടവ റയിൽ എത്തിച്ചെന്ന് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല."

പേടി മാറാൻ ആനയുടെ കാൽക്കീഴിൽ നൂഴുന്ന കുട്ടിയെ പോലെ ചില നിമിഷങ്ങളിലേക്ക് ഞാൻ ഇരുണ്ടുയർന്ന ആ ആശ്ലേ ഷത്തിന്റെ പ്രഭാവത്തിൽപെട്ടു പോയി.

സമയം വേഗം കഴിയുകയാ ണ്. സംസാരിക്കണം. ഞാൻ ആ കൈകളിൽ പിടിച്ചുകൊണ്ട് ചോദിച്ചു.

"എന്തുപറ്റി? എങ്ങനെയാണ് ഇവിടെ എത്തിയത്?"

''കള്ളക്കേസുകൾ. ഓരോ തവണ ഞാൻ പുറത്തിറങ്ങു മ്പോഴും പുതിയ പുതിയ കേസു കളുണ്ടാക്കി അവരെന്നെ അക ത്താക്കും. എന്നെ അകത്താ ക്കാൻ അവർക്ക് ബാങ്ക് കൊള്ള യെക്കാൾ നല്ല ഒരു കാരണമെ ങ്കിലും കണ്ടുപിടിക്കാമായിരുന്നു. 1997 മുതൽ ഞാനിവിടെയാണ്.

"എന്തിനാണ് അവരിങ്ങനെ വേട്ടയാടുന്നത്?"

''അവർക്കെന്നെ ഭയമാണ്. എന്റെ ജനപ്രിയതയെ. ഞാൻ കവിത ചൊല്ലുന്നിടത്തേക്ക് ഒഴു കിയെത്തുന്ന ആയിരങ്ങളെ, അവ രോട് ഞാൻ വിളിച്ചു പറയുന്ന സത്യങ്ങളെ, അവർക്ക് ഭയമാണ്."

"സത്യങ്ങൾ?"

''അതെ സത്യങ്ങൾ. ഞാൻ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിനൊപ്പം പോരാടിയ ഒരു കവിയാണ്. അന്നവർക്ക് എന്നെ വേണമായിരുന്നു. എന്റെ വാക്കുകൾ, എന്റെ ശബ്ദം അവർക്ക് വേണമായിരുന്നു, പക്ഷെ അവരുടെ കൊള്ളരുതാ യ്മകളെപ്പറ്റി പറഞ്ഞു തുടങ്ങിയ പ്പോൾ ഞാൻ അവർക്ക് ശത്രുവാ യി. മുൻപ് വർണ്ണവെറിയൻ ഭരണ കൂടം എന്നെ വേട്ടയാടിക്കൊണ്ടി രുന്നു. ഇപ്പോൾ എന്റെ സ്വന്തം ആളുകളായി വേട്ടക്കാർ. അവർ പുതിയ വെള്ളത്തൊലിക്കാരായി. പുതിയ കറുത്ത വെള്ളത്തൊലി ക്കാർ."

"കേസിന്റെ വിചാരണ നടക്കു ന്നുണ്ടോ?"

"ഉണ്ട്. പക്ഷെ അതൊക്കെ വെറുതെ, എനിക്കെതിരെ ഒരു തെളിവുമില്ല. സാക്ഷികളുമില്ല. അവർ പറയുന്ന ബാങ്കിലെ ക്യാമ റകൾ ആ ദിവസം മാത്രം പ്രവർത്തിച്ചില്ലത്രെ. ഓരോ തവണ കോടതിയിൽ കൊണ്ടു പോകുമ്പോഴും ഞാൻ എന്റെ കവിതകൾ ചൊല്ലും.

അവർക്കെന്റെ കവിതയെ അറസ്റ്റുചെയ്ത് ജയിലിലിടാൻ കഴിയില്ല. എന്റെ സംഗീതത്തെ ഇല്ലാതാക്കാൻ കഴിയില്ല."

അദ്ദേഹം ഒന്നു നിർത്തി, ചുറ്റിനും കണ്ണോടിച്ചു.

''അക്കാര്യങ്ങൾ കൂടുതലൊന്നും ഇവിടെനിന്ന് ഇങ്ങനെ പറയാൻ കഴിയില്ല. അപകടമാണ്. അതാ ആ വാതിലിനരികിൽ നിൽക്കുന്നത് പോലീസുകാരാണ്. നിങ്ങൾ പൊയ്ക്കഴിഞ്ഞാലും എന്റെ ജീവിതം ഇവിടെ ദുസ്സഹമാകും. നമുക്കതൊന്നും സംസാരിക്കണ്ട.''

കൈസഞ്ചിയിൽ നിന്നും കടലാസും പേനയും എടുത്തുകൊണ്ട് ഞാൻ ചോദിച്ചുതുടങ്ങി: "താങ്കളുടെ കവിതയെപ്പറ്റി പറയൂ. വേദികളിൽ വാദ്യങ്ങളോടെ കവിത അവതരിപ്പിക്കുന്നതിനെപറ്റി...''

''സുളു സംസ്കാരത്തിന്റെ തുടർച്ചയാണ് ഞാൻ. ആഫ്രിക്കൻ നാട്ടുസംഗീതങ്ങളുടെയെല്ലാം ആകെത്തുകയാണ് എന്റെ കവിതയും അതിന്റെ അവതരണവും. ഇംഗ്ലീഷിനെ ഞാൻ എന്റെ ഭാഷയിലേക്കും സംസ്കാരത്തിലേക്കും ആവാഹിച്ച് എന്റേതാക്കുകയാണ്. അത് വേറൊരു ഭാഷയാണ്, താളമേളങ്ങളും ഒച്ചയും ആട്ടവുമുള്ള വേറൊരു ഇംഗ്ലീഷ്.''

ഞാൻ തുടക്കത്തിൽ കുറിച്ചെടുക്കുവാൻ തുടങ്ങി. പൊടുന്നനെ നാല് പോലീസുകാർ ഞങ്ങളെ വന്നു വളഞ്ഞു. ഞാൻ അമ്പരന്ന് നോക്കുമ്പോൾ മ്ബുലി പറഞ്ഞു.

"അരുത്. ഒന്നും എഴുതിയെടുക്കരുത്. നിങ്ങൾ പ്രസ്സിൽ നിന്നാണെന്ന് അവർ കരുതും. പ്രശ്നമാകും.'' എന്നിട്ട് പോലീസുകാരോട് തിരിഞ്ഞ് പറഞ്ഞു. "അവർ ഇന്ത്യയിൽ നിന്നും വന്ന കവിയാണ്.'' ഞാൻ കടലാസും പേനയും സഞ്ചിയിൽ തിരികെ വച്ചു. പക്ഷെ പോലീസുകാർ അവിടെ ത്തന്നെ നിന്നു.

ഞാൻ ഒന്നു പതറിപ്പോയി. പോലീസിന്റെ സാന്നിധ്യത്തിൽ സ്വാഭാവികമായി ഒന്നും സംസാരിക്കാൻ കഴിയുന്നില്ല. കവിതയെപ്പറ്റിയും ചോദിക്കാനാവുന്നില്ല. ഞാൻ ഒന്നും മിണ്ടാതെ നിൽക്കുന്നതു കണ്ടാവണം, ചോദ്യങ്ങളില്ലാതെ തന്നെ മ്ബുലി സംസാരിച്ചു തുടങ്ങി.

''സംഗീതവും നൃത്തവും ആഫ്രിക്കൻ രക്തത്തിലുള്ളതാണ്. കടലാസിൽ സന്തുലിതവികാരങ്ങളുടെ വാക്കുകളെഴുതിവെച്ച് സുഖമായിക്കിടന്നുറങ്ങാൻ നമുക്ക് കഴിയുമോ? നമ്മുടെ വാക്ക് കടലാസിൽ ഏകാകിയല്ല. അതിന് ഒച്ചയും നിറവും ചലനവും കൂടി ഉണ്ട്. അതിന് അധികാരവും പണവും ജീവിതസൗകര്യങ്ങളും ഇല്ല. അതുകൊണ്ട് അതിന് ഉറക്കെപ്പാടി നൃത്തം ചെയ്തേ മതിയാവൂ. അതാണ് അതിന്റെ സ്വത്വം. ഇന്ത്യയും ആഫ്രിക്കയും അത്തരം ചോദനകളിൽ സഹോദരങ്ങളാണെന്ന് ഞാൻ കരുതുന്നു. അങ്ങനെയല്ലേ?.''

"അതെ, അങ്ങനെയാണ്. ഇരു ഭൂഖണ്ഡങ്ങളുടെയും ജീവിതപ്രേരണകൾ യുക്തിയിലും ചിട്ടയിലും നിന്നല്ല വരുന്നത്. മ്ബുലി, നിങ്ങളുടെ വിശ്വാസത്തെപ്പറ്റി ക്കൂടി പറയുമോ...'' അദ്ദേഹം മതവിശ്വാസിയാണെന്ന് കാതറീൻ പറഞ്ഞിരുന്നു.

"ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു. പീഢനം ഏറ്റുവാങ്ങിയ ദൈവപുത്രനിൽ വിശ്വസിക്കുന്നു. എല്ലാ മനുഷ്യർക്കും നന്മ വരട്ടെ.''

അവിശ്വാസികളോ അരവിശ്വാസികളോ ആയ നായകരൂപങ്ങളെ മാത്രം കണ്ടുവളർന്ന എന്റെ മനസ്സ് വിശ്വാസത്തിന്റെ ആ ഉൽക്കടത കണ്ട് ഒന്നിടിഞ്ഞു. കേരളത്തിൽ എഴുപതുകളിലും എൺപതുകളിലും വളർന്ന ഒരു യൗവ്വനത്തിന്റെ ആ മണ്ടൻ ചോദ്യം ഞാൻ ചോദിച്ചുപോയി.

''ജനിച്ച നാൾ മുതൽ കൊടിയ അനീതികൾക്ക് ഇരയായിക്കൊണ്ടിരിക്കുന്ന, ചുറ്റും അനീതികൾ മാത്രം കണ്ടുവളർന്ന താങ്കൾക്ക് എങ്ങനെ ദൈവത്തിൽ വിശ്വസിക്കാൻ കഴിയുന്നു? എങ്ങനെ മതവിശ്വാസിയാകാൻ കഴിയുന്നു? അതേ സമയം എങ്ങനെ മതേതരമായ ഇടപെടലുകളിൽ ജനങ്ങൾക്കൊപ്പം നിൽക്കാൻ കഴിയുന്നു?''

മ്ബുലി എന്നെ ഒന്നു നോക്കി. ആ നോട്ടത്തിൽ എന്റെ ചെറിയ ജീവിതത്തിന്റെ അതുവരെയുള്ള കഥയത്രയും അനാവരണം ചെയ്യപ്പെട്ടിരിക്കണം എന്നിപ്പോൾ എനിക്കറിയാം. അദ്ദേഹം പറഞ്ഞു.

"എനിക്ക് ദൈവത്തെ വേണം. വേദനകൾ ഏറ്റുവാങ്ങുന്ന, മനുഷ്യനെ സ്നേഹിക്കുന്ന ദൈവത്തെ. അത് ദൈവത്തിന്റെ ആവശ്യമല്ല, എന്റെ ആവശ്യമാണ്.''

പോലീസുകാർ സമയം കഴിയുന്നുവെന്ന് അറിയിച്ചു. ഒന്നും പറഞ്ഞില്ല, വേണ്ടത്ര കേട്ടുമില്ല എന്നെനിക്ക് തോന്നി. അൻവർ പരിഭാഷപ്പെടുത്തിയ മ്ബുലിയുടെ കവിതകൾ ഞാൻ കൊണ്ടുപോയിരുന്നു. അത് ഞാൻ കാട്ടിക്കൊടുത്തു. മലയാളലിപികളിലൂടെ കൗതുകപൂർവ്വം വിരലോടിച്ച് ചിരിച്ചുകൊണ്ട് അദ്ദേഹം വലിയ അക്ഷരങ്ങളിൽ ഇങ്ങനെ എഴുതി:

എല്ലാ അധികാരങ്ങൾക്കുമെതിരെ, ഭരണകൂടങ്ങളുടെ, ദേശത്തിന്റെ, വംശത്തിന്റെ, വർഗ്ഗത്തിന്റെ, പണത്തിന്റെ, എല്ലാ കെട്ട അധികാരങ്ങൾക്കുമെതിരെ മനുഷ്യർ പൊരുതി ജയിക്കട്ടെ, മണ്ണിൽ എല്ലാ മനുഷ്യർക്കും സമാധാനമുണ്ടാകട്ടെ, സന്തോഷമുണ്ടാകട്ടെ, നന്മ വരട്ടെ. ദൈവത്തിനു സ്തുതി.

വരികൾക്കു താഴെ പേരെഴുതി കടലാസിന്റെ വക്കുകൾ കവിയുന്ന ഒപ്പ്.

എന്റെ പക്കൽ അദ്ദേഹത്തിനു കൊടുക്കാൻ ഒന്നുമുണ്ടായിരുന്നില്ല. ഒരു ചോക്കലേറ്റ് പോലും. സഞ്ചിയിൽ പരതിയപ്പോൾ ആ ദിവസങ്ങളിൽ ഞാൻ വായിച്ചുകൊണ്ടിരുന്ന ഒരു പുസ്തകം മാത്രം. സി. പി.സുരേന്ദ്രന്റെ മരണാനന്തര കവിതകൾ (Posthumous Poems). അതിന്റെ ആദ്യപേജിൽ, കൊച്ചു കേരളത്തിലെ, ഇന്ത്യയിലെ, സ്നേഹിക്കുന്ന എല്ലാ മനുഷ്യർക്കും വേണ്ടി, ഹൃദയപൂർവ്വം എന്നെഴുതി ഞാൻ സമ്മാനിച്ചു. പോരുമ്പോൾ ഒരു കടലാസ് തുണ്ട് അദ്ദേഹം പോലീസുകാർ കാണാതെ കൈമാറി.

"ഇതിൽ എന്റെ സുഹൃത്തിന്റെ നമ്പറുണ്ട്. നിങ്ങൾ അദ്ദേഹത്തെ ബന്ധപ്പെടൂ. എല്ലാ വിവരങ്ങളും അദ്ദേഹം പറയും.''

കെട്ടിപ്പിടിച്ച് യാത്രപറയുമ്പോൾ കവിതപാടും പോലെ താളത്തിൽ മ്ബുലി പറഞ്ഞു,

"മുൻപ് ഞാൻ കണ്ടിട്ടില്ല. ഇനി

എന്നെങ്കിലും കാണുമോ എന്നും അറിയില്ല. ഏകാന്തരാത്രിയിലെ ഒറ്റ നക്ഷത്രം പോലെയാണ് വന്നത്. ആ അപ്രതീക്ഷിതവെളിച്ചത്തിന് നന്ദി."

കണ്ണുകൾ നനഞ്ഞു എന്നെഴുതാൻ എനിക്കിഷ്ടമില്ല. പക്ഷെ സത്യത്തിൽ ഞങ്ങളുടെ കണ്ണുകൾ നനഞ്ഞിരുന്നു.

മടങ്ങിയെത്തി ഞാൻ മ്ബുലി തന്ന നമ്പറിൽ വിളിച്ചു. സുഹൃത്തിനോട് സംസാരിച്ചു. ഇന്ത്യയിലേക്ക് മടങ്ങിപ്പോരും വരെ മ്ബുലിയുടെ പിൻതുണക്കാരുമായി ബന്ധപ്പെടുകയും ഒരളവ് സഹകരിക്കുകയും ചെയ്തുപോന്നു. രാജ്യത്തിനുള്ളിലും പുറത്തും നിന്നുള്ള നിരന്തരസമ്മർദ്ദങ്ങളെത്തുടർന്ന് 2003ൽ മ്ബുലി മോചിപ്പിക്കപ്പെട്ടു എന്നറിഞ്ഞു. തെളിവുകളോ സാക്ഷികളോ ഇല്ലാതെ ശിക്ഷിക്കപ്പെട്ട ആ കേസിൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത പോലീസ് ഓഫീസർമാരിലൊരാൾ പിന്നീട് ആത്മഹത്യ ചെയ്തു എന്നു.

ജയിലിലാകും മുമ്പ് രാജ്യന്തര സംഗീതരംഗത്ത് പുതിയ ശബ്ദവും ശൈലിയുമായി ഉദിച്ചുയർന്നു തുടങ്ങിയിരുന്ന അദ്ദേഹത്തിന്, പിന്നീട് അങ്ങനെയൊരു വേദി കീഴടക്കാൻ കഴിഞ്ഞില്ല. 2004നു ശേഷം ആൽബങ്ങൾ ഇറങ്ങിയിട്ടുമില്ല. 2008ൽ അദ്ദേഹം വീണ്ടും അറസ്റ്റു ചെയ്യപ്പെട്ടു. തന്റെ അമ്മാവനെ കൊലചെയ്തവരെ കണ്ടെത്താൻ അഞ്ച് പേരെ തട്ടിക്കൊണ്ടുപോയി ഭീഷണിപ്പെടുത്തി എന്നായിരുന്നു കേസ്. ഇഴഞ്ഞു നീണ്ട കേസിനൊടുവിൽ കഴിഞ്ഞ വർഷം അദ്ദേഹം കുറ്റക്കാരനല്ലെന്ന് കോടതി വിധിച്ചു. അമ്മാവന്റെ കൊലയെപ്പറ്റി അന്വേഷണമോ അറസ്റ്റോ ഉണ്ടായതുമില്ല. കോടതി കയറിയിറങ്ങി ക്ഷീണിതനായിപ്പോയി താനെന്ന് അദ്ദേഹം പറയുന്നുണ്ട്, എഴുതാനും പാടാനും ആവാത്തവിധം ക്ഷീണിതൻ. തനിക്കെതിരേ കേസ് കെട്ടിച്ചമച്ചതിന് ഭരണകൂടത്തിനെതിരെ 10 മില്യൻ റാൻഡ് നഷ്ടപരിഹാരത്തിന് കേസു കൊടുക്കാൻ മുതിരുകയാണ് മ്ബുലി എന്ന് ഒരു പത്രവാർത്ത കണ്ടു. വാർത്തക്കൊപ്പം കവി കോടതിമുറ്റത്തു നിൽക്കുന്ന ചിത്രവും. പതിമ്മൂന്നു വർഷങ്ങളിൽ വൃദ്ധനായിരിക്കുന്നു, അദ്ദേഹം. ജീവിതത്തിലുടനീളം അധികാരകേന്ദ്രങ്ങൾ വിടാതെ പിന്തുടർന്ന് തളർത്തിയ, ഒരിക്കൽ ജനങ്ങളുടെ നാവും നടനവുമായിരുന്ന കവി!

ഭരണകൂടത്തിന്റേയും, വർഗ്ഗ, വർണ്ണ, ലിംഗ, ധന മേൽക്കോയ്മകളുടേയും ഹിംസകൊണ്ട് പ്രകടവും പ്രച്ഛന്നവുമായ ഹിംസകൊണ്ട്, ഇരയും വേട്ടക്കാരും മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ലോകത്ത്, ഈ കാലത്ത്, ഓർമ്മയിൽ നിന്ന് ഇങ്ങനെ ഈ കുറിപ്പെഴുതി നിർത്തുമ്പോൾ അത്തരം അധികാരകേന്ദ്രങ്ങളോട് പൊരുതി ക്ഷയിച്ചുപോയ ആ അകാലവൃദ്ധനെ ഇനിയൊരിക്കൽക്കൂടി കാണാൻ ഞാൻ ആഗ്രഹിക്കുന്നുണ്ടോ എന്ന് നിശ്ചയമില്ല. ആഗ്രഹിച്ചാൽ തന്നെ അതിനു കഴിയുമോ എന്നും. ഒരു പക്ഷേ കാണാതിരിക്കലാവും ഭംഗി. കവിതയും സംഗീതവും കൈമോശം വന്ന പഴയ പോരാളിയുടെ ഇടിഞ്ഞ നായകത്വം നിരാശപ്പെടുത്തിയേക്കാം എന്നെ. അദ്ദേഹത്തെ തളർത്തിയ കഴിഞ്ഞ അതേ പതിമൂന്നു വർഷങ്ങൾ, ഈ സഹോദരഭൂഖണ്ഡത്തിൽ എന്റെ അഭിരുചികളുടെ നിഷ്കളങ്കതയും ഇല്ലാതാക്കിയിട്ടുണ്ട്, എന്നെ സംശയാലുവാക്കിയിട്ടുമുണ്ട്. ●

*(മ്ബുലിയുമായുള്ള കൂടിക്കാഴ്ചയെപ്പറ്റി എന്നോട് സംസാരിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ മനു റഹ്മാൻ തയ്യാറാക്കിയ ഒരു കുറിപ്പ് ചന്ദ്രിക ആഴ്ചപ്പതിപ്പിൽ ഒരു മാസം മുമ്പ് പ്രസിദ്ധീകരിച്ചിരുന്നു.)*

# പ്രിയ സുഹൃത്തുക്കളോട്

**'സംഘടിത'യുടെ ഹൃദയംഗമമായ ആശംസകൾ!**

**ഇരുപത്തഞ്ച്** ലക്കങ്ങൾ പിന്നിട്ട 'സംഘടിത'യുടെ എന്നാൽ ഈ മാസികയുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഞങ്ങളുടെ സംരംഭത്തോട് കച്ചവട സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതാണ്. സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്, നിങ്ങളുടെ 'സംഘടിത' ടീം.

ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:
അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



അജിത. കെ

# സൂര്യനെല്ലിക്കേസ് ചരിത്രപരമായ വഴിത്തിരിവിൽ...

**2012** ഡിസംബർ 16-ാംനു ഞായറാഴ്ച വൈകീട്ട് ഓടുന്ന ബസ്സിൽവെച്ച് അതിക്രൂരമാം വിധം കൂട്ടബലാത്സംഗത്തിന്നിരയായി പിന്നീട് ദാരുണമായി മരണമടഞ്ഞ ഒരു പെൺകുട്ടി ഇന്ന് ഇന്ത്യയിൽ അഭൂതപൂർവ്വമായ ഒരു ഉണർവ്വിന് കാരണക്കാരിയായി. സ്ത്രീകളും കൊച്ചുപെൺകുട്ടികളും ബലാത്സംഗം ചെയ്യപ്പെടുമ്പോൾ, ലൈംഗികമായി പീഡിപ്പിക്കപ്പെടുമ്പോൾ, വീട്ടിന്നകത്തുവെച്ചു പോലും പീഡനങ്ങളേൽക്കേണ്ടിവരികയും കൊല്ലപ്പെടുകയുമൊക്കെ ചെയ്യുമ്പോൾ ഇതൊക്കെ സ്വാഭാവിക സംഭവങ്ങളാണെന്നും അതിന് കാരണക്കാർ ഇരകൾ തന്നെയാണെന്നും വാദിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഒരു മാനസികഘടനയാണ് പൊതുവെ സമൂഹത്തിനുള്ളത്. ആക്രമണത്തിന്റെ ഭൗതികമായ ആഘാതത്തേക്കാൾ എത്രയോ മടങ്ങ് ദ്രോഹകരമാണ് ഇരയെ സംബന്ധിച്ചിടത്തോളം നിരന്തരം വേട്ടയാടപ്പെടുന്ന ഈ അനുഭവങ്ങൾ.

നമ്മുടെ സൂര്യനെല്ലിക്കേസ് തന്നെ എടുക്കാം. 1996ലുണ്ടായ സൂര്യനെല്ലിക്കേസ് ഇപ്പോൾ വർഷങ്ങൾ നീണ്ടുപോയ അവഗണനക്കുശേഷം സുപ്രീംകോടതിയുടെ സ്പെഷൽ ബെഞ്ചിന്റെ പരിഗണനക്ക് വന്നിരിക്കുന്നു. കേസ് ഓരോന്നായി എടുത്തുകൊണ്ട് വേഗത്തിലുള്ള ഒരു വിചാരണ പ്രകിയയിലൂടെ കോട്ടയത്തെ സ്പെഷൽകോടതി 35 പ്രതികളെ ശിക്ഷിച്ചുവെങ്കിലും പ്രതികൾ കൊടുത്ത അപ്പീലിൽ ഹൈക്കോടതി ഒരാളെയൊഴികെ മറ്റ് പ്രതികളെ മുഴുവനും വിട്ടയച്ചു. അതിലുപരി പെൺകുട്ടിയെക്കുറിച്ച് അതിനീചമായ പരാമർശങ്ങളടങ്ങിയ ആ ഹൈക്കോടതി വിധി ഏറെ ഞെട്ടലാണ് സമൂഹത്തിലുണ്ടാക്കിയത്. ആ വിധിയെ ചോദ്യം ചെയ്തുകൊണ്ടുള്ള സർക്കാർ അപ്പീലും, പെൺകുട്ടിയുടെ അപ്പീലും ജനാധിപത്യ മഹിളാ അസോസിയേഷന്റെ പെറ്റീഷനുമാണ് സുപ്രീംകോടതിയിൽ പരിഗണനക്ക് വരുന്നത്. രാജ്യസഭാസ്പീക്കറായ പി.ജെ.കുര്യനെ കേസിലുൾപ്പെടുത്തണമെന്ന മൊഴി പെൺകുട്ടി നൽകിയതിനുശേഷമാണ് അവൾക്കും അവളുടെ അച്ഛനമ്മമാർക്കുമെതിരായ അപവാദ പ്രചരണങ്ങൾ ചില മാധ്യമങ്ങൾ ആരംഭിച്ചത്. കേസ് സുപ്രീംകോടതിയിൽ പരിഗണിക്കപ്പെടാൻ സാദ്ധ്യതയുണ്ടെന്ന ആശങ്കമൂലമായിരിക്കണം, സർക്കാറിന്റെ ഒരു പ്രത്യേക കല്പനപ്രകാരം കിട്ടിയ ഒരു ജോലി ചെയ്ത് ആരേയും ദ്രോഹിക്കാതെ ഇപ്പോൾ താമസിക്കുന്ന കോട്ടയത്ത് അജ്ഞാതയെന്നോണം കഴിഞ്ഞിരുന്ന പെൺകുട്ടിയെ ഒരു ദിവസം പകൽ അവൾ ഓഫീസിൽ പോകുന്ന വഴിക്ക് പരസ്യമായി പോലീസ് അറസ്റ്റ് ചെയ്തത്. അവളുടെ പേരിൽ യാതൊരു അടിസ്ഥാനവുമില്ലാതെ ഒരു മോഷണക്കേസ് ചാർജ്ജ് ചെയ്തതുകൊണ്ടാണ് പോലീസിത് ചെയ്തത്. പെൺകുട്ടി മോശം സ്വഭാവക്കാരിയാണെന്ന് സുപ്രീംകോടതിയെ ബോധ്യപ്പെടുത്താൻ പ്രതികൾക്കു വേണ്ടി തട്ടിക്കൂട്ടിയ ഒരു നാടകമാണ് ഈ കേസ്. നീതിക്കുവേണ്ടി കേസ് ഫയൽ ചെയ്തതാണ് തങ്ങൾ ചെയ്ത ഒരേയൊരു കുറ്റമെന്ന് ഈ കുടുംബം സമൂഹത്തോട് വിളിച്ചുപറയുന്നു.

ജസ്റ്റിസ് ജെ.എസ്.വർമ്മകമ്മീഷന്റെ നിർദ്ദേശങ്ങൾക്കു ശേഷം സുപ്രീംകോടതി ഇത്തരം കേസുകളെ കൈകാര്യം ചെയ്യുന്നതെങ്ങനെയായിരിക്കുമെന്ന് രാജ്യം ഉറ്റുനോക്കുകയാണ്. വളരെ പക്വവും സമചിത്തതയോടെയും എന്നാൽ ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്ന സർക്കാർ സംവിധാനങ്ങളെ നിശിതമായി വിമർശിച്ചുകൊണ്ടുമുള്ള വർമ്മ കമ്മീഷൻ നിർദ്ദേശങ്ങളെക്കുറിച്ച് അടുത്ത പെൺപക്ഷത്തിൽ വിശദമായി എഴുതാം.... ●

---

*അടിക്കുറിപ്പ് : സൂര്യനെല്ലിക്കേസിലെ ഹൈക്കോടതിവിധി റദ്ദാക്കിക്കൊണ്ട് വീണ്ടും കേസ് വിചാരണ ചെയ്യാൻ സുപ്രീംകോടതി വിധിച്ചു. ചരിത്രപ്രധാനവും ദൂരവ്യാപകവുമായ ഈ വിധിക്കു ശേഷം കേരളത്തിലെ ചാനലുകളിൽ ഇപ്പോൾ പി.ജെ.കുര്യന്റെ കേസിലെ പങ്കിനെക്കുറിച്ചുള്ള ചർച്ചകൾ സജീവമായിക്കൊണ്ടിരിക്കുകയാണ്. വരാൻ പോകുന്ന ഹൈക്കോടതി വിചാരണയും സർക്കാറിന്റെ നിലപാടുകളുമൊക്കെ കേരള രാഷ്ട്രീയത്തിൽ വൻ ചലനങ്ങളുണ്ടാക്കാൻ പോകുന്നു.*

# മുലകഥ

**ദിവ്യ ദിവാകരൻ**

**മു**ല കണ്ടാൽ
കാമം വരുന്നവരോട്...
നാണം കൊണ്ട്
ഓടിയൊളിക്കുന്നവരോട്...
സദാചാരത്തിന്റെ വാളുകൊണ്ട്
മുലച്ഛേദം നടത്തുന്നവരോട്...

പെറ്റുവീണപ്പോൾ
നിങ്ങൾ ആദ്യം തിരഞ്ഞത്
മുലകളെയായിരുന്നു.

മുലപ്പാൽ
മൂക്കുമുട്ടെ കുടിക്കുമ്പോൾ
എവിടെയുമുണ്ടായിരുന്നില്ല,
കാമം
നാണം
സദാചാരം

ജീവൻ തന്നത്
പെണ്ണിന്റെ മുലയും പാലും

പാലൂറ്റിക്കുടിച്ചു
ജീവൻ വച്ചപ്പോൾ
മുലകൾ നിങ്ങൾക്ക്
അശ്ലീലമായി!
ലൈംഗികതയായി!

മുലക്കച്ചയണിയിച്ച്
മാറ് മറപ്പിച്ച്
നിങ്ങൾ കാത്തത്
സമുദായത്തിന്റെ മാനമാണുപോൽ!
മുറുക്കിക്കെട്ടിയത്
പെണ്ണിന്റെ സ്വാതന്ത്ര്യവും


കച്ചകെട്ടുകൾക്കപ്പുറം
സ്വാതന്ത്ര്യം തേടിയവരുടെ
മുലകൾ ഛേദിച്ചു
സദാചാര ലക്ഷ്മണന്മാർ!

പിന്നെയെപ്പോഴോ
മുലകൾ നിങ്ങൾക്ക്
അടങ്ങാത്ത ജിജ്ഞാസയായി...
കാമമായി...
ഭ്രാന്തായി....

കണ്ണുകൾ ഒളിക്യാമറകളാക്കി
നിങ്ങൾ മുലകൾ തേടി നടന്നു

ഇരുട്ടിന്റെ മറവിൽ
കച്ചകൾ നിങ്ങൾ വലിച്ചു കീറി
മുലകൾ നിങ്ങൾ കടിച്ചു കീറി

അടങ്ങാത്ത കാമത്തിന്റെ
ദാഹം ശമിപ്പിക്കാൻ
ഒരിക്കൽ പാലൂട്ടിയ
മുലകളിൽ നിന്ന്
നിങ്ങൾ ഇപ്പോഴും
രക്തമൂറ്റിക്കുടിച്ചുകൊണ്ടേയിരിക്കുന്നു...



# മിന്നാമിനുങ്ങുകഥ

**സുനില എ രാജ**

**മു**റിക്കപ്പുറം തളംകെട്ടുമിരുളിൻ തഴംപായയിലൊരു-
പിഞ്ചുപൈതലിൻ രോദനമലയുന്നപോലെ,
മേൽക്കുമേലുരിഞ്ഞിട്ടൊരധികാരത്തിരുവസ്ത്ര-
ദുർഗന്ധമൂറുംതെരുവിലെങ്ങുനിന്നോ ദീനദീന-
മിടനെഞ്ചുപിഞ്ഞിയൊരുപെൺകിടാവിൻതേങ്ങ-
ലലയുയർന്നാഞ്ഞടിക്കുംപോലെ, പിന്നെയും-
തെന്നലിലൊഴുകിയെത്തുന്ന ഗദ്ഗദനാദങ്ങൾ...
ഓമനത്തിങ്കൾക്കിടാവാം ദ്രുമത്തിൻ തണൽകാത്തു
വാർദ്ധക്യമൗനങ്ങ, ളുയരും പഴയ താരാട്ടുകൾ...
കേവലമൊരുമുറിക്കുള്ളിലേകയായോരോന്നു
ചിന്തിച്ചുപായ്യാരമോതിവശംകെട്ടു, ഞാനീ-
കൊച്ചുകൈത്തിരിയുമൂതിക്കെടുത്താനൊരുമ്പെട്ടു
മെല്ലെക്കുനിഞ്ഞിങ്ങു കൈനീട്ടിനിൽക്കവേ...
ഒരുമിന്നുവെട്ടമുണ്ടിരുളിലൂടൊഴുകിയൊഴുകിയി-
ക്കിളിവാതിലും കടന്നരുമയായ് തൊട്ടിരിക്കുന്നു,
എൻകൈവിളക്കത്തൊരുപുതുനാളമെന്നപോൽ.
അരുതരുതെന്നു പയ്യെയെൻ കയ്യിൽവന്നരുമയായ്
മുത്തുമീ മിന്നുവെട്ടമിതെങ്ങുനിന്നെത്തി, ഹാ!
കൊച്ചുമിന്നാമിനുങ്ങുകളെന്നുമെവിടെയുമുണ്ടവ
വന്നെത്തിടാറുണ്ടു സ്നേഹദീപവുമേന്തി
ധർമ്മകാഹളത്തോടെ പുത്തൻകൊടിക്കൂറപാറി-
ച്ചലിവോടുണർത്തുവാൻ, ദേവദൂതരായ്,
മിച്ചമുള്ളൊരാക്കൊച്ചുനക്ഷത്രമത്സ്യങ്ങളെ
"ഇത്രയുമെങ്കിലുമാകട്ടെ" യെന്നൻപോടെ
ജലധിയിലൊഴുക്കിയ മഹാമനസ്സായുണരുക
ചിത്പ്രകാശമേ, നിരാശതന്നിരുളിൽ...
അണയാതെകാത്തിടാമന്തിയിലേറ്റു വാങ്ങിയീ
കൊച്ചുമൺകുടിലിലെൻ കൈവിളക്കുഞാൻ,
പുത്തൻപുലരിയുദിച്ചെത്തിടുംവരെ, പകരാ-
മാവതുപോൽ വിഭോ, കാത്തീടുകനാരതം.

# പെൺകുരുന്നിന്റെ ദുഃഖം

**ലീലാവാസുദേവൻ**

**പെ**ൺകുരുന്നായി ഞാനമ്മയിലൂറിയ-
തെൻകുറ്റമായി ഭവിച്ചോ?
സങ്കടമായീടുമച്ഛനുമമ്മയ്ക്കും
പെൺകുഞ്ഞു ഞാനും പിറന്നാൽ
പ്രാരാബ്ധമൊട്ടേറെപ്പെണ്ണു ജനിയ്ക്കുകിൽ
നേരിടുന്നല്ലോ പിതാക്കൾ
ഞാൻ വളർന്നിടുമ്പോഴേവർക്കും വൻ ഭാര-
മാവുന്നതോർക്കയാലാവാം
ഗർഭപാത്രത്തിൽനിന്നമ്മയും കൂട്ടരു-
മൊത്തുപുറന്തള്ളിയെന്നെ
പെൺകുരുന്നായി ഞാനമ്മയിലൂറിയ-
തെൻകുറ്റമായി ഭവിച്ചോ?
ഒന്നോർത്തുനോക്കുകീ ഭൂവിൽ ജനിക്കും പെൺ-
കുഞ്ഞുങ്ങൾക്കുണ്ടാം ദുരിതം
മർത്ത്യനുവേണം മനംമാറ്റ, മിത്തരം
ദുഃസ്ഥിതിയെങ്കിലേ മാറൂ.



# അവൾ

**ആർ. ശ്രീലതാവർമ്മ**

**മു**ടി പകുത്തു പിന്നി,
പതിവുപോലെ
കുഞ്ഞുപൊട്ട്, നെറ്റിയിൽ
പൊന്നിൻ കുടമാണേലും
പൊട്ടുവേണേ
എന്ന് പാട്ടുപാടി
അമ്മയ്ക്ക്, നെറ്റിയിൽ പതിവുമ്മ
അച്ഛന്,
കൈവീശി, ഉറക്കെ ബൈ....
പതിവുപോലെ,
പടിയിറങ്ങി, അവൾ
തീയാണുള്ളിൽ
തിരിച്ചെത്തുവോളം,
അമ്മയ്ക്ക്, കാതുകൾ നൂറാണ്
കണ്ണുകൾ നൂറിലേറെയാണ്
വരുന്നു സ്കൂൾവാർഷികം
വേണം ചമയങ്ങൾ,
നൃത്തശില്പത്തിന്
പോയി കൂട്ടുകാരിയോടൊപ്പം
പതിവില്ലാതെ,
അന്ന്, അവൾ.
കടയ്ക്കകം, ഇരുട്ട്,
നാലഞ്ചുപേർ
കൂർത്തനോട്ടങ്ങൾ, നരകം
പോകാം നമുക്കെന്ന്
ഇറങ്ങാൻ തുടങ്ങുന്നതിന് മുൻപ്
മൂടിപ്പോയി മുഖം തൂവാലയാൽ,
തീക്ഷ്ണവായുവിൽ
ഓർമ്മ പോലൊരു പിടച്ചിൽ
പിന്നെ,
ഒടുവിലത്തെ ഓർമ്മയായി
അവളെ സമാഹരിച്ചത്
ഇന്നലെയായിരുന്നു,
അമ്മയുടെ പ്രാണനിൽ, അച്ഛന്റെ ചങ്കിൽ





ഉഷ പി.ഇ

# ചെറുത്തു നിൽപ്പിന്റെ പാടുകൾ

ദൽഹി കൂട്ടബലാത്സംഗം തീർത്ത പ്രതിഷേധം തുടരുമ്പോഴും ഇന്ത്യയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാക്കിയ ചരിത്രപരമായ മുറിവുകൾ മറക്കാവുന്നതല്ല. അതിൽ നിന്നെല്ലാം വിഭിന്നമായിക്കണ്ടത് ഈ പ്രതിഷേധത്തിൽ യുവാക്കളുടേയും പുരുഷന്മാരുടേയും വലിയ സംഘങ്ങളുണ്ടായിരുന്നു/ഉണ്ട് എന്നതാണ്. ഇത് ഒരു 'സ്ത്രീപ്രശ്നം' ആയി ചുരുങ്ങിപ്പോയില്ല എന്നതുതന്നെ. അതേസമയം സോഷ്യൽ നെറ്റ്‌വർക്ക് വഴിയും മറ്റുമായി സ്വരൂപിക്കപ്പെടുന്നതായതുകൊണ്ട് തന്നെ അതിന് സാധ്യമായ ഒരു സമൂഹത്തിന്റെ മേൽക്കയ്യിലാണ് ഈ പ്രതിഷേധക്കൂട്ടായ്മ ഉണ്ടായത് എന്നുമുള്ളതാണ്. മുല്ലപ്പൂവിപ്ലവവും ഒക്ക്യുപ്പൈ വാൾസ്ട്രീറ്റുമെല്ലാം ന്യൂമീഡിയയുടെ സജീവത ഉപയോഗിച്ചതുകണ്ടതിന്റെ തുടർച്ചയാവാമിതും. പ്രതിഷേധക്കാർ ഉയർത്തിയ പ്ലക്കാർഡുകൾ, ലിംഗസമത്വം, സഞ്ചാരസ്വാതന്ത്ര്യം വസ്ത്രധാരണസ്വാതന്ത്ര്യം, സുരക്ഷിതത്വം എന്നിങ്ങനെയുള്ള അടിസ്ഥാനപ്രശ്നങ്ങൾ തന്നെയാണ് ഉന്നയിച്ചത്. ലിംഗസമത്വത്തെക്കുറിച്ച് അവബോധമുള്ള ഒരു സംഘം തന്നെയാണത് എന്ന് നമുക്ക് ഉറപ്പിക്കാനാവും. പലപ്പോഴും ഇത്തരം പ്രതിഷേധങ്ങൾ ഉണ്ടാവുമ്പോൾ പെട്ടെന്നുണ്ടായ ഒരു സംഭവത്തിൽ മാത്രം കേന്ദ്രീകരിക്കുകയും വ്യാപകമായ സാമൂഹ്യപ്രത്യാഘാതങ്ങളുള്ള സാമൂഹ്യഅനീതികളെ സ്പർശിക്കാതിരിക്കുകയും ചെയ്യുകയാണ് പതിവ്. പ്രത്യക്ഷത്തിൽ അനുഭവപ്പെട്ട അനീതിക്കെതിരെ എന്ന ഒരു ധാരണപരത്തുന്ന രീതി സ്ത്രീപ്രശ്നങ്ങളിലെ കാതലായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ മടിക്കുകയും ചെയ്യുന്നു. കാരണം അത്തരം പ്രശ്നങ്ങളെ സ്പർശിച്ചാൽ സമൂഹത്തിന്റെ ബലതന്ത്രങ്ങൾ നിയന്ത്രിക്കുന്ന ചില ഘടകങ്ങളിൽ കൈവെക്കേണ്ടിവരുമല്ലോ.

ഇന്ത്യയിലെ ബലാത്സംഗങ്ങളുടെ നിയമങ്ങൾ ചില പ്രത്യേക കേസുകളുമായി ബന്ധപ്പെട്ട് മാറ്റങ്ങൾക്ക് വിധേയമായിട്ടുള്ളവയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മഥുരക്കേസ് ആണ്. മഹാരാഷ്ട്രയിലെ ചന്ദ്രാപ്പൂരിലെ ദേശായ്ഗഞ്ച് പോലീസ്‌സ്റ്റേഷനിൽ ബന്ധുക്കൾ പുറത്തു നിൽക്കെ സ്റ്റേഷനിലെ തുക്കാറാം, ഗണപത് എന്ന രണ്ടു പോലീസുകാർ മഥുര എന്ന ആദിവാസി പെൺകുട്ടിയെ ബലാത്സംഗം ചെയ്തു. ബലാത്സംഗമായതുകൊണ്ടുതന്നെ ചെറുത്തുനിൽപ്പി

**മുല്ലപ്പൂവിപ്ലവവും ഒക്ക്യുപ്പൈ വാൾസ്ട്രീറ്റുമെല്ലാം ന്യൂമീഡിയയുടെ സജീവത ഉപയോഗിച്ചതുകണ്ടതിന്റെ തുടർച്ചയാവാമിതും. പ്രതിഷേധക്കാർ ഉയർത്തിയ പ്ലക്കാർഡുകൾ, ലിംഗസമത്വം, സഞ്ചാരസ്വാതന്ത്ര്യം വസ്ത്രധാരണസ്വാതന്ത്ര്യം, സുരക്ഷിതത്വം എന്നിങ്ങനെയുള്ള അടിസ്ഥാനപ്രശ്നങ്ങൾ തന്നെയാണ് ഉന്നയിച്ചത്. ലിംഗസമത്വത്തെക്കുറിച്ച് അവബോധമുള്ള ഒരു സംഘം തന്നെയാണത് എന്ന് നമുക്ക് ഉറപ്പിക്കാനാവും.**

ന്റെ അടയാളങ്ങൾ തെളിവായിക്കണ്ടെത്താനാവാഞ്ഞതുകൊണ്ട് മഥുരയെ ബലാത്സംഗം ചെയ്തതായിപ്പറയാനാവില്ല എന്നതായിരുന്നു സെഷൻസ് കോടതി കണ്ടെത്തിയത്. ആ പെൺകുട്ടി, പുറത്ത് ബന്ധുക്കൾ കാത്തുനിൽക്കെ അകത്ത് പോലീസുകാരുമായി ലൈംഗികബന്ധത്തിലേർപ്പെടുന്ന സ്വഭാവമുള്ളവൾ പോലുമായി. എന്നാൽ ബോംബെ ഹൈക്കോടതിയുടെ നാഗ്പൂർബെഞ്ച് എതിർത്തുനിൽപ്പിന്റെ തെളിവില്ലാത്തത് സമ്മതത്തിന്റെ തെളിവ് ആവില്ല എന്ന് നിരീക്ഷിച്ചു. പക്ഷെ സുപ്രീംകോടതി സെഷൻസ് കോടതിയെ ശരിവെക്കുകയാണുണ്ടായത്. തുടർന്ന് സ്ത്രീ സംഘടനകൾ ബലാത്സംഗത്തിലെ സമ്മതം. തെളിവുകൾ എന്നിവയെ സംബന്ധിച്ചു നിയമനിർമ്മാണത്തിന്നായി നീണ്ട സമരങ്ങൾ നയിച്ചു. തുടർന്നാണ് തെളിവുകളിൽ എതിർത്തുനിന്നുവെന്നുള്ളതിന്റെ അടയാളങ്ങൾ നിർബന്ധമല്ലാത്ത അവസ്ഥയിലെത്തപ്പെട്ടത്. ഇതിലേറെ സങ്കടകരമാണ് രാജസ്ഥാനിലെ ബൻവാരിദേവിയെ ബലാത്സംഗം ചെയ്ത കേസ്. പ്രതികൾ ഉയർന്ന ജാതിക്കാരായതിനാൽ സ്പർശിക്കാൻ ആവില്ല. അതുകൊണ്ട് ബലാത്സംഗം ചെയ്യപ്പെട്ടില്ല എന്ന ജയ്പൂർ ഹൈക്കോടതിയുടെ കണ്ടെത്തൽ സുപ്രീംകോടതിയിൽ വിധി കാത്തു കിടക്കുന്നു. 1992ൽ നടന്ന സംഭവമാണ്. 20 വർഷത്തിനു ശേഷം അവർക്ക് ആ കേസിൽ എത്ര അനുകൂലമായ വിധി വന്നാലും നീതി ലഭിച്ചുവെന്നുപറയാനാകുമോ? അതേ സമയം തൊഴിൽ സ്ഥലത്ത് സ്ത്രീകൾക്ക് ആത്മാഭിമാനത്തോടെ തൊഴിൽ ചെയ്തു ജീവിക്കാനുള്ള അവകാശം ഉണ്ട് എന്നു വെളിവാക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സുപ്രീംകോടതി പുറപ്പെടുവിച്ചത് ബൻവാരിദേവി കേസിലാണ്. സ്ത്രീയുടെ അവകാശങ്ങളെ കൈപിടിച്ച് മുന്നോട്ട് നയിക്കുമ്പോഴും അവൾ സ്വയം അവൾക്ക് നേരിട്ട ദാരുണ അനുഭവത്തിൽ നീതികിട്ടാതെ വർഷങ്ങൾ തള്ളിനീക്കേണ്ടി വരുന്നു. നീതിയെക്കുറിച്ചുള്ള സങ്കല്പം തന്നെ മാറ്റേണ്ടിവരുന്നു!

**ബലാത്സംഗം/സ്ത്രീപീഡനക്കേസുകൾ എല്ലാം തന്നെ അധികാരസ്വാധീനത്തിന്റെ വലിയ പാഠങ്ങളാണ്. അത് ആദിവാസി മേഖലകളിലാകട്ടെ ആദിവാസി സ്ത്രീകളെ നിസ്സാരവൽക്കരിക്കുന്നവ കൂടിയാണ്. എത്രയോ സ്ത്രീകൾ ബലാത്സംഗത്തിനു ശേഷം കൊല്ലപ്പെട്ടിട്ടും തെളിയിക്കപ്പെടാതെ കിടക്കുന്നു.**

ബലാത്സംഗം/സ്ത്രീപീഡനക്കേസുകൾ എല്ലാം തന്നെ അധികാരസ്വാധീനത്തിന്റെ വലിയ പാഠങ്ങളാണ്. അത് ആദിവാസി മേഖലകളിലാകട്ടെ ആദിവാസി സ്ത്രീകളെ നിസ്സാരവൽക്കരിക്കുന്നവ കൂടിയാണ്. എത്രയോ സ്ത്രീകൾ ബലാത്സംഗത്തിനുശേഷം കൊല്ലപ്പെട്ടിട്ടും തെളിയിക്കപ്പെടാതെ കിടക്കുന്നു. മാസങ്ങളും! വർഷങ്ങളും! അതിനു പുറകെ പോകാൻ ആരുണ്ട്. കേസുകളിലെല്ലാം തന്നെ പ്രഹസനമാകുന്ന ചില അന്വേഷണങ്ങൾ ക്കൊടുവിൽ പലതും മറന്നുപോകുന്ന സംഭവങ്ങളാകുന്നു. കൊല്ലപ്പെട്ട സ്ത്രീകളെ സംബന്ധിച്ച് തെറ്റിദ്ധാരണ പരത്തുന്ന പരാമർശങ്ങൾ ഉണ്ടാകുന്നത് സാധാരണമാണ്. അട്ടപ്പാടിയിലെ കക്കുപ്പടി ഊരിലെ ലക്ഷ്മി എന്ന സ്ത്രീ കൊല്ലപ്പെട്ടത് ബലാത്സംഗത്തിനൊടുവിലാണ് എന്ന പോസ്റ്റ്മോർട്ടം റിപ്പോർട്ട് പറയുന്നു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ആദ്യഭാഗത്ത് ‘drink and disowned’ (കുടിച്ചുമരിച്ചു) എന്നു പറയുന്നുണ്ട്. അത് പോലീസ് ധാരാളം ഇടങ്ങളിൽ പറഞ്ഞു. അതേസമയം റിപ്പോർട്ടിലെ കീഴ്ത്താടിയിലെ മുറിവുകൾ forcefull manifestation of ethige alchohol’ കൊണ്ടുണ്ടായതാണെന്ന് അവർ പറയുന്നുമില്ല. മദ്യപിച്ചു മരിച്ചുപോയ ഒരു പെണ്ണിന്റെ മരണത്തിൽ ഇടപെടാൻ സദാചാരികൾക്ക് വിഷമമുണ്ടാവുമെന്നറിയാവുന്ന പോലീസ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ ആദ്യഭാഗം മാത്രമേ വായിക്കുന്നുള്ളൂവെന്നത് യാദൃശ്ചികമല്ല. അതുപോലെ പുഴയോരത്തുള്ള ഊരിൽ സ്ഥിരം കയറി ഇറങ്ങി അവരുടെ സ്വകാര്യതയിൽ ഇടപെട്ടുകൊണ്ട് ഞങ്ങൾക്കിനി ഈ കേസ് അന്വേഷിക്കേണ്ടതില്ല എന്ന് ഊരിലെ ആൾക്കാരെക്കൊണ്ട് തന്നെ പറയിപ്പിക്കാൻ പോലീസിന് വലിയ പ്രയാസമുണ്ടായില്ല. ലക്ഷ്മിയുടെ ബന്ധുവായ പുഷ്പ SC/ST കമ്മീഷന് നൽകിയ പരാതിയിൽ പോലീസ് അന്വേഷണം നടത്തിയത്, ആ പരാതി ആരാണ് എഴുതിയത് എന്നതിനെ സംബന്ധിച്ചായിരുന്നു. തുടർന്ന് അത് ഇന്ന ആളാണ് എഴുതിയത് എന്ന ഒരു സ്റ്റേറ്റ്മെന്റ് നൽകാൻ പുഷ്പയോട് പറഞ്ഞ് അതിൽ വിരലടയാളമിടുവിച്ചു. അതേ സമയം ആ പരാതിയിൽ പറഞ്ഞ വസ്തുതകളെ പോലീസ് അന്വേഷിച്ചില്ല എന്നു മാത്രമല്ല അവഗണിക്കുകയും ചെയ്തു. കമ്മീഷനും അക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചില്ല. ഇത് ആദിവാസികൾക്കു നേരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കാനുള്ള സ്പെഷൽ മൊബൈൽ സ്ക്വാഡും കമ്മീഷനും ആണെന്നതും ശ്രദ്ധേയമാണ്.

ദൽഹിയിൽ കണ്ട പ്രതിഷേധങ്ങളെ നമ്മുടെ പ്രാന്തവൽകൃതമേഖലകളിലേക്ക് നീട്ടിപ്പിടിക്കേതുണ്ട്. അത് കാശ്മീരിലായാലും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലായായാലും ശരി. ബലാത്സംഗം/അതിക്രമം അധികാരസ്വാധീനങ്ങളുടെ പരിസരത്തുനിന്നു തന്നെ വിലയിരുത്തപ്പെടുകയും വേണം.

നമ്മുടെ സമൂഹത്തെ ലിംഗനീതി അടിസ്ഥാനമാക്കുന്ന രീതിയിൽ പുനർനിർവ്വചിക്കുന്ന രീതിയിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഉണർവ്വിനെ മാറ്റിയെടുക്കേണ്ടതുണ്ട്. അതല്ലാതെ പ്രധാനമന്ത്രി ചെയ്തപോലെ ‘ഠീക് ഹേ നാ?’ എന്ന രീതിയിൽ സാഹചര്യങ്ങളുടെ സമ്മർദ്ദത്തിനു വഴങ്ങി എന്തെങ്കിലും ചില ചൊട്ടുവിദ്യകൾകൊണ്ട് അവസാനിപ്പിക്കരുത്. ●

*ഡൽഹി സംഭവങ്ങൾക്ക് ശേഷം സ്ത്രീകൾക്കു നേരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ തടയാനായി എന്തെല്ലാം നിയമപരിഷ്കാരങ്ങൾ കൊണ്ടുവരാൻ പറ്റും എന്ന് നിർദ്ദേശിക്കാനായി കേന്ദ്ര സർക്കാർ രൂപീകരിച്ച ജസ്റ്റിസ് ജെ.എസ്.വർമ്മകമ്മീഷന് അന്വേഷി നൽകിയ നിർദ്ദേശങ്ങൾ:*

## ബഹുമാനപ്പെട്ട ജസ്റ്റിസ് വർമ്മയ്ക്ക്,

കമ്മീഷൻ മുമ്പാകെ അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ സമർപ്പിക്കുന്ന ഹരജി. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്കെതിരായി ഏകദേശം 20 വർഷത്തോളമായി വടക്കൻ കേരളത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണ് അന്വേഷി. ബലാത്സംഗം, യുവതികളെയും കൗമാരക്കാരെയും ചതിക്കുഴിയിൽ വീഴ്ത്തി നടത്തുന്ന ലൈംഗിക കച്ചവടം തുടങ്ങിയ കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഞങ്ങൾ ഒരുപാട് ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കേണ്ടിവരുന്നുണ്ട്. ഈ ഹർജി സമർപ്പിക്കുന്നത് അതിക്രമങ്ങൾ നേരിടേണ്ടി വരുന്നവർക്ക് അവരിൽ തന്നെയും സമൂഹത്തിലും, നമ്മുടെ ഭരണവ്യവസ്ഥയിലും പ്രതീക്ഷയുണ്ടാക്കാനുതകും വിധം എന്തെങ്കിലും മാറ്റം ഉണ്ടാവുമെന്ന വിശ്വാസത്താലാണ്. ഇരകളെ അതിജീവിച്ചവരായി രൂപാന്തരപ്പെടുത്തുന്ന പ്രക്രിയ ഏറ്റെടുക്കുന്നതിലൂടെ അവർക്ക് ആത്മവിശ്വാസത്തോടെയും അഭിമാനത്തോടെയും അവരുടെ ജീവിതം പടുത്തുയർത്താൻ ഞങ്ങൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സർ, സത്യസന്ധതയോടെ ഗവൺമെന്റ് ഈ കേസുകൾ കൈകാര്യം ചെയ്യുമെങ്കിൽ താഴെ കൊടുക്കുന്ന ഞങ്ങളുടെ ചില നിർദ്ദേശങ്ങൾ (അവ പൂർണ്ണമല്ലെന്ന് ഞങ്ങൾക്കറിയാം) കൂടി പരിഗണിക്കുമെന്ന് വിശ്വസിക്കുന്നു.

1. ലൈംഗിക അതിക്രമങ്ങൾ, ബലാത്സംഗം, പെൺവാണിഭം തുടങ്ങിയ കേസുകൾ കൈകാര്യം ചെയ്യുന്നതിന് അതിവേഗ കോടതികൾ സ്ഥാപിക്കുക. ഈ കോടതികളിൽ ജഡ്ജിമാരായി ജെൻഡർ ട്രെയിനിംഗ് കിട്ടിയവരെ മാത്രം നിയമിക്കുക. ഇതിനായി സ്ത്രീകൾക്ക് പ്രത്യേക പരിഗണന കൊടുക്കുക.

2. അപ്പീൽ കോടതികളായ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസുകൾ അതിവേഗത്തിൽ തീർപ്പുകല്പിക്കുക.

3. ഇങ്ങനെയുള്ള കേസിന്റെ അന്വേഷണം ലിംഗാവബോധമുള്ളതും നല്ല പരിശീലനം കിട്ടിയതുമായ പ്രത്യേക വനിതാപോലീസ് ടീമിനെ ഏൽപ്പിക്കുക.

4. ഇരുപത്തിനാലു മണിക്കൂറിനകം ഇരകളിൽ നിന്നും മൊഴിയെടുക്കുന്ന രീതിയിൽ തെളിവുനിയമം ഭേദഗതി ചെയ്യുക. പ്രധാന മൊഴി ഒരു ജുഡീഷ്യൽ മജിസ്ട്രേറ്റാണെടുക്കേണ്ടത്. ഈ മൊഴി പ്രധാന തെളിവായി കോടതി മുമ്പാകെ ഹാജരാക്കണം. എന്തുകൊണ്ടെന്നാൽ ഇരയും സാക്ഷിയുമായ വാദി മറ്റുള്ള സമ്മർദ്ദങ്ങളിലും വിലപേശലുകളിലും ഭീഷണികളിലും പെട്ട് മൊഴി മാറ്റാതിരിക്കുവാനാണത്. ഞങ്ങൾ ഇടപെട്ടിട്ടുള്ള ഇത്തരം കേസുകളുടെ അനുഭവങ്ങളുടെ വെളിച്ചത്തിലാണിത് പറയുന്നത്.

5. കോടതികളിൽ കെട്ടിക്കിടക്കുന്ന എല്ലാ കേസുകളിലും ആറുമാസത്തിനകം തീർപ്പുകല്പിക്കേണ്ടതാണ്.

6. ഗവൺമെന്റ് കൊടുക്കുന്ന ശുപാർശകളിൽ പ്രഥമപ്രാധാന്യം ഇരകളെ ശാരീരികമായും മാനസികമായും സാമൂഹ്യ ജീവിതത്തിലേക്കു കൊണ്ടുവരുന്നതിനായിരിക്കണം. ഇതിനായി ഗവൺമെന്റ് നേതൃത്വത്തിൽ പുനരധിവാസകേന്ദ്രങ്ങളും "ആന്റിറെയ്പ്പ്ക്ലിനിക്കു"കളും സ്ഥാപിക്കണം.

7. ഇത്തരം കുറ്റം ആരോപിക്കപ്പെട്ട രാഷ്ട്രീയനേതാക്കളെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിക്കരുത്.

ഇത്രയുമാണ് ഞങ്ങളുടെ ചില നിർദ്ദേശങ്ങൾ. അനുകൂലമായതും സുദൃഢവുമായ എന്തെങ്കിലും മാറ്റം സംഭവിക്കുന്ന പ്രതീക്ഷയോടെ.

ബഹുമാനപൂർവ്വം
കെ.അജിത
പ്രസിഡണ്ട്, അന്വേഷി

*( പേജ് 12 തുടർച്ച)*

ക്തി സ്ത്രീകളാണ്. പരിസ്ഥിതിക്കിണങ്ങിയ, ചെറുതുകളുടെ മനോഹരമായ സംയോജനം സാധ്യമാക്കുന്ന, ഈ മാതൃക ഉണ്ടായതുതന്നെ നമ്മുടെ അമ്മമാരുടെ അടുക്കളത്തോട്ടങ്ങളിൽനിന്നാണ്. ഒരുപക്ഷെ വലിയ കൃഷിയിടങ്ങളേക്കാൾ, നാളെ നമ്മുടെ ഭക്ഷ്യസുരക്ഷയെ, ശുദ്ധമായ ഭക്ഷണം എന്ന അവകാശത്തെ, പോഷണആവശ്യങ്ങളെ, എല്ലാം നിറവേറ്റാൻ പോകുന്നത്, ഈ മാതൃക തന്നെ ആണെന്നുവരാം.

കേരളത്തിലോ കേരളത്തിനു പുറത്തോ, എടുത്തുപറയാവുന്ന കരുത്തും ധനശേഷിയുമുള്ള ഒരു കാർഷികസംരംഭകയെ ഞാനിതുവരെ കണ്ടെത്തിയിട്ടില്ല. കാർഷികമേഖലയുടെ തകർച്ചക്കിടയിൽ പുരുഷനുതന്നെ പിടിച്ചുനിൽക്കാൻ പ്രയാസമാണെന്നിരിക്കെ ഒരു സ്ത്രീ സംരംഭകയുടെ സ്ഥിതി ഊഹിക്കാവുന്നതാണ്. ഏതെങ്കിലും കാരണത്താൽ കുടുംബനാഥനില്ലാതാവുമ്പോൾ, സാമ്പത്തികമായ പശ്ചാത്തലവും ഇല്ലെന്നുവരുമ്പോൾ, കുടുംബം നോക്കാൻ വേണ്ടി ഒരു പശുവിനെ വാങ്ങുന്ന, കോഴിയെ വളർത്തുന്ന, വീട്ടമ്മ തന്നെയാണ് ഇന്നും കേരളത്തിലെ ശരാശരി കൃഷിക്കാരി. അതൊരു നഷ്ടമായി കണക്കാക്കാതെ, പരിസ്ഥിതിക്കിണങ്ങുന്ന ഒരു കാർഷികസാധ്യതയായിക്കണ്ട് ആ മാതൃകയെ സുസ്ഥിരവും കരുത്തുള്ളതുമാക്കാൻ നമുക്ക് ശ്രമിക്കാം. ●



ഡോ. ഖദീജ മുംതാസ്

# സാറാജോസഫിന്റെ നോവലുകൾ - 2
# ദേശം-സംസ്കാരം-പ്രതിരോധം

## മാറ്റാത്തി-എന്നും ജയിക്കുന്നവന്റെ ചിരി




**മരിയപുരമായി മാറിയ കോക്കാഞ്ചറയിൽ അരങ്ങേറുന്ന ജീവിതങ്ങളാണ് 'മാറ്റാത്തി'യിൽ നാം കാണുന്നത്. ഇവിടെ പണത്തിന്റെയും ആധിപത്യത്തിന്റെയും അഹങ്കാരം ആൾരൂപമെടുത്തു നിൽക്കുന്നത് ഒരു സ്ത്രീയിൽ തന്നെയാണ്.**

**മ**രിയപുരമായി മാറിയ കോക്കാഞ്ചറയിൽ അരങ്ങേറുന്ന ജീവിതങ്ങളാണ് 'മാറ്റാത്തി'യിൽ നാം കാണുന്നത്. ഇവിടെ പണത്തിന്റെയും ആധിപത്യത്തിന്റെയും അഹങ്കാരം ആൾ രൂപമെടുത്തു നിൽക്കുന്നത് ഒരു സ്ത്രീയിൽത്തന്നെയാണ്. അനാഥയും അവിഹിതസന്തതിയുമായ ലൂസിയുടെ വകയിലൊരെളേമ്മയും രക്ഷാധികാരിയും യജമാനത്തിയും ഒക്കെയായ ബ്രിജിത്തയെന്ന അസാധാരണവൃദ്ധയിൽ. തലചായ്ക്കാനൊരു മേൽക്കൂരയ്ക്കപ്പുറം ഒന്നും കൊടുക്കാതെ ലൂസി എന്ന അനാഥയിൽ നിന്നും ബ്രിജിത്ത കവർന്നെടുക്കുന്നത് അവളുടെ ജീവിതകാലം മുഴുവനുമുള്ള അധ്വാനഭാരവും വിനയവും വിധേയത്വം സ്നേഹവും ഉറക്കവും ജീവിതം തന്നെയുമാണ്. ലൂസിയുടെ കൗമാരയൗവന കാമനകളും സ്വപ്നങ്ങളും കൂടി ബ്രിജിത്തയുടെ വാർദ്ധക്യത്തിന്റെ ഉരുക്കു കാൽക്കീഴിൽ ഞെരിഞ്ഞമരുകയാണ്. ലൂസിയെപ്പോലെത്തന്നെ ആ വൃദ്ധയുടെ ക്രൂര അവഹേളനങ്ങൾ ഏറ്റുവാങ്ങേണ്ടിവരുന്നവരാണ് അവളെ അന്വേഷിച്ചെത്തുന്ന സഹപാഠികളായ അധഃസ്ഥിതർ, ചന്ദ്രുവും, സുന്ദരിയും, പിന്നെ അലക്കുകാരി ചൊറോണയും. ഗൾഫിൽ പോയി പണമുണ്ടാക്കി വന്ന ഓപ്പന്റെയും കുടുംബത്തിന്റെയും ഐശ്വര്യങ്ങൾക്കുനേരെ അവർ കാറിത്തുപ്പി 'ശുത്തമാർക്കംകൂടികൾ'!

ബ്രിജിത്തയുടെ മരണം പോലും ലൂസിയെ ശാരീരികമായോ മാനസികമായോ അവരിൽ നിന്നു സ്വതന്ത്രയാകുന്നില്ല. നോവലവസാനം അഴുക്കുകൾ അടിച്ചുവെളുപ്പിച്ച് നിരന്തരം വിരിച്ചിടുന്ന ലൂസിയുടെ ചിത്രം എല്ലാ അവഹേളനങ്ങളും ക്രൂരതകളും പേറി അന്യന്റെ മനസ്സിന്റെ വിഴുപ്പുകൾ ക്ഷമയോടെ പുഞ്ചിരിയോടെ, മുറുമുറുപ്പുകളില്ലാതെ നിസ്വാർത്ഥം ഏറ്റുവാങ്ങുന്ന സ്ത്രീയുടെ, അധഃകൃതന്റെ, പ്രകൃതിയുടെ, ജലത്തിന്റെ ചിത്രമായി മാറുകയാണ്.

രണ്ടു'നഗറുകൾ' ദേശാതിർത്തിയിൽ പുതിയതായി ഉയർന്നുവരുന്നതിന്റെ കഥ കൂടിയുണ്ട് നോവലിൽ. പരസ്പരവൈരുധ്യമുള്ള രണ്ടു ആവാസകേന്ദ്രങ്ങൾ. കുറിക്കമ്പനിക്കാരൻ ചേറു അഞ്ചേരിപ്പാടം നികത്തിയെടുത്തു നടത്തുന്ന വീട്ടുകൃഷിയുടെ ഉല്പന്നമായ 'ശാന്തിനഗർ.' മരിയപുരത്തെ വീടില്ലാത്തവർക്കെല്ലാം ജാതിമത ഭേദമെന്യെ കൂരയുണ്ടാക്കിക്കൊടുക്കാനിറങ്ങിയ നന്മനിറഞ്ഞവനും ഫലിതപ്രിയനും പിന്നെയൊരിക്കൽ നക്സലുമായി നാം അത്ഭുതത്തോടെ കാണുന്ന പുരോഹിതന്റെ മനസ്സിലുദിച്ച ആശയമായ 'പാപ്പാനഗർ'. ഗോസായിക്കുന്നിടിച്ച് പാടം നികത്തി ശാന്തിനഗർ യാഥാർത്ഥ്യമാകുന്നതിലെ ആസുരമായ വേഗതയും കൃത്യതയും പൂർണ്ണതയും പാപ്പാനഗറിന്റെ പരിതാപകരമായ ഇഴഞ്ഞുനീങ്ങലിനെ നോക്കി കൊഞ്ഞനം കുത്തുന്നത് നാം കാണുന്നു. അവിചാരിതമായ തടസ്സങ്ങളും പ്രകൃതിയുടെ തന്നെ തിരി

ച്ചടികളും പാപ്പാനഗറിന്റെ നിർമ്മിതിയിൽ വന്നുചേരുന്നതു കാണുമ്പോൾ അലക്കുകാരി ചൊറോണയുടെ വാക്കുകൾ തന്നെയാണ് ഓർമ്മവരിക. "തട്ടിപ്പും മത്തങ്ങേ്യയിട്ട് ജീവിക്കണോർക്ക് മാത്രേ ഈ കാലത്ത് ഗതീള്ളു."

**ഒരു കറുത്ത സെമിനാരിയുടെ അനിവാര്യത- ഒതപ്പ്**

തെറ്റ്, അപഭ്രംശം എന്നൊക്കെ അർത്ഥം വരുന്ന ഒതപ്പിൽ മർദ്ദകപക്ഷത്തു നിൽക്കുന്നത് സവർണ്ണകത്തോലിക്കാ മതമേധാവിത്വമാണ്. ദേശം കൃത്യമായും പഴയതുതന്നെ. 'ആലാഹയുടെ പെൺമക്കളിലെ' ആനി കാണുന്ന 'വിശുദ്ധ'രുടെ വാസസ്ഥലത്തു ജനിച്ചു വളർന്നവൾ മർഗലീത്ത. തൃശൂർപട്ടണത്തിൽ ആദ്യകാലത്തു കുടിയിരുത്തപ്പെട്ട 64 ആഢ്യ ക്രിസ്ത്യൻകുടുംബങ്ങളിലെ പിന്മുറക്കാരും ബിസിനിസ്സുകാരും പള്ളിയും പട്ടക്കാരും ഉൾപ്പെട്ടതാണ് നോവലിലെ ഉപരിവർഗ്ഗം. മറുവശത്തു മാർക്കംകൂടികളും താഴ്ന്ന വരുമാനക്കാരുമായ അവശക്രൈസ്തവരെപ്പോലുള്ളവർ. ഏതുവർഗ്ഗത്തിൽ നിന്നുള്ളവരായാലും കന്യാസ്ത്രീമഠം എന്ന ഇടുക്കുതൊഴുത്തിൽപ്പെട്ടുപോയ സ്ത്രീജന്മങ്ങൾ അവശപക്ഷത്തു തന്നെ. അതുകൊണ്ടു മർഗലീത്തയും.

ചാത്തമ്പറയന്റെയും അയ്യക്കുട്ടിയുടെയും പിൻമുറക്കാരിലാരെയും തൃശൂർപട്ടണം മുഴുവനുമെടുത്താലും അച്ചമ്മാരുടെ കൂട്ടത്തിൽ ചൂണ്ടിക്കാണിക്കാനില്ലെന്ന സത്യത്തെപ്പറ്റി മർഗലീത്ത ബോധവതിയാകുന്നത്, ബ്രദർ മാണികൃത്തെ പരിചയപ്പെട്ടതിനു ശേഷം. തെറദിയെന്ന ത്രേസ്യാമ്മയുടെ മകനായ മാണിക്യന് ദൈവശാസ്ത്രം മാത്രമല്ല, സാഹിത്യവും ശാസ്ത്രവും തത്വചിന്തയും രാഷ്ട്രമീമാംസയും സ്വായത്തമായിട്ടും ബൈബിളും ഖുറാനും വേദങ്ങളും വ്യാഖ്യാനിക്കാനായിട്ടും സെമിനാരിയിൽ ചേരാനാകുന്നില്ല. മാർക്കം കൂടികൾക്കും പുതുക്രിസ്ത്യാനികൾക്കും കാനോൻ വിശ്വാസമനുസരിച്ചു തന്നെ അച്ചമ്പട്ടത്തിനു ചേരാൻ പറ്റില്ലത്രെ. 'ചെമ്മാച്ചൻ കുടുംബത്തിൽ പിറന്നവനാകണം, കാശുണ്ടായാൽ നന്ന്. വെളുത്തിട്ടാകണം, ഒരു കാരണവശാലും കറുത്തിട്ടാകരുത്' എന്നിങ്ങനെ പൊതുബോധവുമുണ്ട്. അവസാനം ബ്രദർമാണികൃത്തിന് ആഗ്രഹസാക്ഷാത്കാരത്തിനായി ഒരു കറുത്ത സെമിനാരിയുടെ സാധ്യത കാട്ടിക്കൊടുക്കുകയാണ്. പീഡിതരുടെ ആശ്രയകേന്ദ്രമായ 'പട്ടിപ്പുണ്യാളന്റെ ആശ്രമ'ത്തിലെ അഗസ്റ്റിനച്ചൻ. സേവനമെന്ന വാക്കിന്റെ യഥാർത്ഥ അർത്ഥവ്യാപ്തി മർഗലീത്തയെ പഠിപ്പിച്ചതും അഗസ്റ്റിനച്ചൻ തന്നെ. കറുത്ത സെമിനാരിയുടെ ചിട്ടയിലുള്ള കാട്ടിലെ കുർബാന മർഗലീത്ത കാനനമധ്യത്തിലുള്ള ആ ആശ്രമത്തിൽവെച്ചുകാണുകയാണ്. കത്തോലിക്കാപൗരോഹിത്യ കുർബാനയുടെ ആഢ്യത്വത്തേയും അധീശത്വത്തേയും ആഡംബരങ്ങളെയും നിഷേധിക്കുന്ന കുർബാന. ക്രിസ്തുവിന്റെ രക്തവും മാംസവുമാകാൻ സ്വർണ്ണപ്പാത്രങ്ങളിലെ വീഞ്ഞിനും അപ്പത്തിനും പകരം അധഃകൃതർ കൊണ്ടുവന്ന വെള്ളവും വാട്ടുകപ്പയും മതിയെന്നു നിശ്ചയിച്ച കുർബാന. പിന്നെ, കാട്ടിലെ കിളികൾക്കും, മുള്ളൻപന്നികൾക്കും, കീരികൾക്കും വീതം കൊടുത്തുകൊണ്ടുള്ള പട്ടിണിക്കാരുടെ പന്തിഭോജനം.

പരമദരിദ്രരായ തോട്ടംതൊഴിലാളികളുടെ അടിസ്ഥാനമനുഷ്യാവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി ചാട്ടവാറേന്തിയ യേശുവിനെപ്പോലെ ശക്തനാകുന്ന അഗസ്റ്റിനച്ചനെയും ഒരുവേള മർഗലീത്ത കാണുന്നുണ്ട്. താൻ പ്രണയത്തോടെ ഹൃദയവും ശരീരവുമർപ്പിച്ച കരീക്കനച്ചനേക്കാൾ എത്രയോ ഉയരത്തിലാകുന്നു അഗസ്റ്റിനച്ചൻ മാർഗ്ഗലീത്തയുടെ മനസ്സിലപ്പോൾ. അതു വെറും ആരാധനമാത്രമല്ല പ്രണയത്തിന്റെ മറ്റൊരു രൂപഭാവം തന്നെയെന്നവൾ തിരിച്ചറിയുന്നുമുണ്ട്.

മുൻസിപ്പാലിറ്റികോളനിയെന്ന നഗരപ്രാന്തവത്ക്കരുടെ പ്രദേശത്ത് സമാധാനപ്രവർത്തനത്തിന് അനുമതി കിട്ടാനായി വികാരിയച്ചനോട് വാദിക്കുന്ന പുരോഗമനചിന്താഗതിക്കാരനായ അസ്തേന്തി തന്നെയായാണ് ജോയ് ഫ്രാൻസിസ് കരീക്കനെ നാമാദ്യം കാണുന്നത്. വികാരിയച്ചന്റെ അഭിപ്രായത്തിൽ ബുൾഡോസർ കൊണ്ടുവന്ന് നിരപ്പാക്കേണ്ട നിഷേധികളും നീചന്മാരും വാഴുന്നിടമാണ് മുൻസിപ്പാലിറ്റികോളനി. സഭാനേതൃത്വത്തോടുള്ള നിരന്തരമായ അതൃപ്തിയോടും അതിനേക്കാളുപരി മർഗ്ഗലീത്തയോടുള്ള പ്രണയത്തോടും കൂടി സഭയിൽ നിന്നും പുറത്തുവന്ന കരീക്കൻ പക്ഷേ പിന്നീട് സ്വന്തം കുടുംബത്തോടും സഭയോടും തെറ്റുചെയ്തു പോയി എന്ന കുറ്റബോധത്താൽ തന്നെ താനാക്കിയ പെണ്ണിനെ പെരുവഴിയിലുപേക്ഷിച്ചു രക്ഷപ്പെടുന്ന ഭീരുവായി പരിണമിക്കുന്നത് നാം കാണുന്നു. മർഗ്ഗലീത്തയാവട്ടെ, സ്ത്രീത്വത്തിന് സഹജമായ സഹനസന്നദ്ധതയോടും ആത്മധൈര്യത്തോടും കൂടി തന്റെ ഗർഭത്തിലുള്ള കരീക്കന്റെ കുഞ്ഞിനെയും അഗസ്റ്റിനച്ചൻ സംരക്ഷിക്കാനേൽപ്പിച്ച നാണുവിനേയും ഹൃദയത്തോടടുക്കിപ്പിടിച്ച് മറ്റൊരു രീതിയിൽ ജീവിക്കാനുറച്ച് മുന്നേറുന്നു. അതെ സഭാനേതൃത്വത്തോടു മാത്രമല്ല, മനുഷ്യത്വമില്ലാത്ത സാമൂഹ്യനിയമങ്ങളോടും ബന്ധുജനങ്ങളുടെ സ്വാർത്ഥതയോടും തന്റെ പുരുഷന്റെ തന്നെ ഭീരുത്വത്തോടും സൗമ്യമായി പോരാടി അവൾ ജീവിക്കുന്നു.

തൃശ്ശൂരിലെ ക്രിസ്ത്യാനികളുടെ ചരിത്രമെഴുതാനായി ഗവേഷണത്തിലും വായനയിലും പഠനങ്ങളിലും മുഴുകിയിരിക്കുന്ന കുഞ്ഞിപ്പാലു എന്ന വന്ദ്യവയോധികനായ സുറിയാനി ക്രിസ്ത്യാനി ചരിത്രകാരൻ നോവലിലുണ്ട് 'തൃശൂരിലെ ക്രിസ്ത്യാനികളുടെ ഉത്ഭവവും, വളർച്ചയും, വികാസവും, എന്നാണ് അദ്ദേഹം തന്റെ ഗവേഷണ കൃതിക്ക് കണ്ടെത്തിയപേര് 'തോമാശ്ലീഹായുടെ ശരിയായ പിന്തുടർച്ചക്കാർ കൽദായ സുറിയാനികളോ, റോമൻകത്തോലിക്കരോ? എന്നതു ഗവേഷണ



# വാസ്തവം

ജാൻസി

**പെ**ണ്ണിന്റെ നീതിയെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും സ്വതന്ത്രതയെക്കുറിച്ചും പറയാൻ അവകാശമാർക്കാണ്? വീടിനകത്തിരിക്കാൻ ഒരു കൂട്ടർ പറയുമ്പോൾ, പുറത്തിറങ്ങാൻ മറ്റൊരുകൂട്ടർ. അകത്തിരുന്നാലും പുറത്തിറങ്ങിയാലും ബലാത്സംഗത്തിന് വേറൊരു കൂട്ടർ. സ്ത്രീയെ യഥേഷ്ടം ഉപയോഗിക്കാനുള്ളതാണെന്ന മിഥ്യാധാരണയിൽ ചിലരൊക്കെ സ്ത്രീപുരുഷ സമത്വമെന്നത് പ്രകൃതിവിരുദ്ധമാണെന്ന് വിളിച്ചുകൂവുന്നുമുണ്ട്. അമ്മയുമച്ഛനും മാത്രം പറയുന്നത് അനുസരിച്ചാൽ പെണ്ണുങ്ങൾക്ക് ഈ ഗതി വരില്ല എന്നു കരുതുന്നവരുമുണ്ട്, മാതാപിതാക്കളെ അനുസരിക്കുന്ന ആൺമക്കളുണ്ടായാൽ തന്നെ നാടുനന്നാവാൻ മറ്റെന്തെങ്കിലും വേണോ? അനുസരിക്കാത്ത പെണ്ണിനെ പിഴപ്പിക്കാം എന്ന മനോഭാവം തന്നെ മാറിയാൽ നന്ന്. ഞങ്ങളുടെ നാട്ടിൽ (കോഴിക്കോട്) അത്തിപ്പാറ എന്നൊരു സ്ഥലമുണ്ട്. അത്തിപ്പാറ ചെത്തിപ്പാറയായതിനു പിന്നിൽ കുറെ കഥകളൊന്നുമില്ല. ഒരു ഭാര്യയും ഭർത്താവും മാത്രമാണ് അതിലെ കഥാപാത്രങ്ങൾ. ഭർത്താവ് മറ്റു സ്ത്രീകളെയും പെൺകുട്ടികളെയും സ്വന്തം അനുജത്തിയെയും മക്കളെയും തന്നെ ലൈംഗികോപയോഗത്തിന് ശ്രമം തുടങ്ങിയപ്പോൾ നിവർത്തികെട്ട് ഭാര്യ ഭർത്താവിന്റെ ലിംഗം തന്നെ ഛേദിച്ചു. തുന്നിപ്പിടിപ്പിച്ച ലിംഗവുമായി ഭർത്താവും മനഃസമാധാനത്തോടെ ഭാര്യയും കഴിഞ്ഞുപോരുന്നു. അന്നുമുതൽ അത്തിപ്പാറ എന്ന പേരു പോലും ജനങ്ങൾ മറന്നു എന്നതാണ് സത്യം. ചെത്തിപ്പാറയിലെ സംഭവം ആവർത്തിക്കണമെന്ന് ഞാൻ പറയില്ല. പക്ഷെ അത്രയും ധൈര്യമുള്ള ഭാര്യമാരും അമ്മമാരും സഹോദരിമാരും പെൺമക്കളുമുണ്ടായാൽ മതി എന്നു ഞാൻ പറയും. എന്തൊക്കെ ചെയ്താലും നാലുകൈയും നീട്ടി സ്വീകരിക്കേണ്ടവരല്ല സ്ത്രീകൾ. ഇരകൾ വിശ്രമിക്കട്ടെ. ഭർത്താവിനെയും അച്ഛനെയും സഹോദരനേയും മകനേയും നിലക്കുനിർത്താൻ കഴിഞ്ഞാൽ ഓരോ പെണ്ണിനും ശരീരത്തെ ഭയക്കാതെ കിടന്നുറങ്ങാം, സഞ്ചരിക്കാം, പുറത്തിറങ്ങാം, തൊഴിൽ ചെയ്യാം. നിയന്ത്രിക്കാനാകാത്ത പുരുഷ ലൈംഗികതകളും നിയന്ത്രിതമായ സ്ത്രീയുമുള്ളിടത്തോളം കാലം ഇതിവിടെ തുടർന്നുകൊണ്ടേയിരിക്കും. കരുത്തുനേടുകയും ശക്തി തിരിച്ചറിയുകയും ചെയ്താൽ നമുക്ക് രക്ഷപ്പെടാം. അല്ലാതെ കുറച്ചാളുകളെ വിളിച്ചുകൂട്ടി ഷോ നടത്തിയാലോ പെണ്ണുങ്ങളുടെ വസ്ത്രധാരണത്തെക്കുറിച്ച് ബോധമില്ലാതെ പറഞ്ഞതുകൊണ്ടോ ഇവിടെ യാതൊരു മാറ്റവും നടക്കാൻ പോകുന്നില്ല. നാടിളക്കി സമരം ചെയ്തിട്ടും കൂട്ടബലാത്സംഗങ്ങൾ കൂടിവരുന്നതേയുള്ളൂ. അതുകൊണ്ടാണ് ഇതിനുള്ള പ്രതിവിധി സ്ത്രീകൾ തന്നെ കാണണം എന്നുപറയുന്നത്. ജീവിക്കാനുള്ള അവകാശത്തിനു വേണ്ടി 'ചെത്തിപ്പാറ'കൾ ആവർത്തിക്കേണ്ടി വന്നാലും ●

---

ത്തിനിടെ ഉയർന്നു വന്ന വിവാദ വിഷയം. റോമാക്കാരും സുറിയാനികളും തമ്മിലുള്ള തർക്കത്തിൽ തകർന്ന് വീണ പള്ളികളും വിഗ്രഹങ്ങളും വിശ്വാസങ്ങളും അവയുടെ പുറകിൽ പ്രവർത്തിച്ച വഞ്ചനകളും ഒക്കെ അദ്ദേഹത്തിന്റെ പഠനവിഷയങ്ങൾ. 'ഒരുപാടു തകർച്ചകളുടെ നടുക്കവും ഒച്ചയുമുണ്ട് ഞങ്ങളുടെ മനസ്സിൽ. പഴയമണ്ണ് എന്തെല്ലാം സഹിച്ചിരിക്കുന്നു.' എന്നദ്ദേഹം ഒരിക്കൽ കരീക്കനോടു പറയുന്നുമുണ്ട്. പക്ഷേ ആ സഹനങ്ങളൊന്നും സഹനങ്ങളായിരുന്നില്ലെന്ന് അയാളെ ഞെട്ടലോടെ മനസ്സിലാക്കിച്ചു, പുസ്തകത്തിന്റെ കയ്യെഴുത്തുപ്രതി വായിച്ച ബ്രദർ മാണിക്യത്തിന്റെ ഒരു ചോദ്യം. 'അവശക്രിസ്ത്യാനികൾ ബൈബിൾ കത്തിച്ച് സ്വതന്ത്രരായ സംഭവം കേരളത്തിലെ ക്രൈസ്തവരുടെ ചരിത്രത്തിൽ പെടില്ലേ?' ആ വയോധികന്റെ ആത്മബോധത്തിനേറ്റ കടുത്ത പ്രഹരമായിരുന്നു ആ ചോദ്യം. അന്നുവരെ അങ്ങനെയൊരു ചരിത്രത്തെപ്പറ്റി അദ്ദേഹം ആലോചിച്ചിട്ടേ ഇല്ലായിരുന്നു. 'പറയരും പുലയരും മാർഗ്ഗംകൂടി ക്രിസ്ത്യാനികളായാൽ അവർ ക്രിസ്ത്യാനികൾക്കിടയിലെ നീചജാതിക്കാരായി തുടരുമെങ്കിൽ അവർക്കെന്തിനു ബൈബിൾ?' എന്ന ചോദ്യം പൊതു ക്രിസ്ത്യൻസമൂഹത്തോടു കൂടിയുള്ള ചോദ്യമാവുകയാണ്, ഇവിടെ. ●



രോഹിണി.കെ

# കാർഷികവൃത്തിയിൽ ഒരു വിദ്യാർത്ഥികൂട്ടായ്മ

മനുഷ്യൻ എന്ന ജീവിവർഗത്തിന്റെ പുരോഗമനത്തിന്റെ ആദ്യചവിട്ടുപടിയും ഇന്നകന്നുപോവുന്നതുമായ കൃഷിയെ നേരിട്ടു കണ്ടും കേട്ടും അനുഭവിച്ചും അറിയാൻ സാധിച്ച അപൂർവ്വമായി കൊണ്ടിരിക്കുന്നവരിൽ ഒരാളാണ് ഞാൻ. കൃഷി ഇന്ന് ദുരുപയോഗപ്പെട്ടും ഇല്ലായ്മചെയ്തും ഇരിക്കെ പുത്തൻ തലമുറകൾക്കത് പാഠപുസ്തകങ്ങളിലൊതുങ്ങി നിൽക്കുന്ന ഒന്നായി മാറുകയാണ്. കൈ നനയാതെ മീൻപിടിക്കാൻ ശ്രമിക്കുന്ന സമൂഹത്തിൽ നിന്ന് ആരെങ്കിലും ഒക്കെ കർഷകനായി മാറാൻ മനസ്സു കാണിക്കട്ടെ.

വിദ്യാർത്ഥികളിൽ പഠനത്തിനൊപ്പം പ്രകൃതി-കാർഷികമേഖലകളിലെ അറിവുകൂടി നേടാൻ നാഷണൽ സർവ്വീസ് സ്കീം (NSS) പോലുള്ള സംഘടനകൾ വളരെയധികം സഹായിച്ചിട്ടുണ്ട്. ഹൈസ്കൂൾ ആയപ്പോഴേക്കും ഒരു കാർഷികുടുംബത്തിലെയും പരിസ്ഥിതി ക്ലബ്ബുകളിലെയും അംഗമായിരുന്നെങ്കിലും മാനസികമായി കൃഷിയിൽ നിന്നും ഞാനകന്നുകൊണ്ടിരിക്കയായിരുന്നു. ഹയർസെക്കന്ററി വിദ്യാഭ്യാസത്തിനൊപ്പം എൻ.എസ്.എസ്സിലും അംഗമായിരിക്കെയാണ് ഞാൻ നഷ്ടപ്പെട്ടുപോയതെല്ലാം തിരിച്ചുപിടിക്കാൻ ശ്രമിച്ചത്. വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുന്നതിനു പുറമേ ഞങ്ങളുടെ ഈ സംഘടന വാഴ, നെല്ല്, പച്ചക്കറി തുടങ്ങിയ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു. 15 ഏക്കറിൽ ഞാറുനട്ടായിരുന്നു തുടക്കം കുറിച്ചത്. പിന്നീടതേ 15 ഏക്കറിലെ തന്നെ വിളഞ്ഞ നെൽക്കതിരുകൾ കൊയ്തെടുക്കാനും ഞങ്ങൾക്കു കഴിഞ്ഞു. ഇതിലൂടെ പലർക്കും പറയാനുണ്ടായിരുന്നത് ഇങ്ങനെയാണ്. “ഞങ്ങൾ ഞാറുനട്ടവരാണ് അത് കൊയ്തവരാണ്, ഉണ്ടവരാണ്”.

രണ്ടാംവർഷത്തിൽ ഞങ്ങൾ നാച്യുറൽഫാമിംഗ് അഥവാ പ്രകൃതികൃഷി എന്നപേരിൽ 55 സെന്റ് സ്ഥലത്ത് നെൽകൃഷിക്ക് തുടക്കമിട്ടു. രാസ-ജൈവവളങ്ങളുടെ ഉപയോഗമില്ലാതെ, കൂനയും പരുത്തശരീരവും ഉള്ള ഇന്ന് അന്യം നിന്നു പോകുന്ന നാടൻ പശുവിന്റെ ചാണകവും മൂത്രവും കൊണ്ട് ഉണ്ടാക്കുന്ന ബീജ-ജീവാമൃത പ്രകൃതിലായനികളെ മാത്രം ആശ്രയിച്ച് അതിപ്പോഴും മുന്നോട്ടു പോവുന്നു. ഇതേ രീതിയിലാണ് വാഴക്കൃഷിയും നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത്തരം ലായനികൾക്കൊപ്പം മറ്റ് സമ്പ്രദായങ്ങളും ഉപയോഗപ്പെടുത്തി പച്ചക്കറികൃഷിയും ഞങ്ങളാരംഭിച്ചിട്ടുണ്ട്.

ഒന്നാംവർഷ വിദ്യാർത്ഥികളുടെ സപ്തദിനക്യാമ്പ് കൊയ്ത്തും, മെതിപരിശീലനവും ഓരോ വീട്ടിലും കഴിഞ്ഞ വർഷത്തെപ്പോലെ പച്ചക്കറികൃഷിക്ക് തുടക്കമിട്ടുകൊടുക്കലും എല്ലാം തുടങ്ങി എല്ലാംകൊണ്ടും നന്നായിരുന്നു. ഞങ്ങളുടെ ഒന്നാംവർഷം താണ്ടിയതോർക്കുമ്പോൾ ഇപ്രാവശ്യത്തെ അർദ്ധവാർഷിക പരീക്ഷാഫലങ്ങൾ ഞങ്ങളെ ഒരുപാട് തളർത്തിയിട്ടുണ്ട്. പഠിച്ചത് മുഴുവൻ ഇത്തരം കൃഷിയെക്കുറിച്ചാണ്.

എല്ലാം മറ്റുള്ളവർക്കുവേണ്ടി ചെയ്യുക (Not me But you), എത്ര വലിയ ഉദ്യോഗസ്ഥനായാലും പരമ്പരാഗത കാർഷിക മേഖലയെ വളർത്താൻ ശ്രമിക്കുക, സ്വന്തം അന്നത്തിന് സ്വന്തം കൈകളെ ആശ്രയിക്കുക തുടങ്ങി ലഭിച്ച പാഠങ്ങൾ ഏറെ.

ചുറ്റുപാടും ദുർഗന്ധമുളവാക്കുന്ന ബീജ-ജീവാമൃതം പുന്നെല്ലരി ചോറിന്റെ സുഗന്ധത്തിനു കാരണമാവുന്നു എങ്കിൽ എന്തുകൊണ്ടീ ഒഴിഞ്ഞ വയറുമായി നിൽക്കുന്ന ജീവിതത്തിന്റെ കൈകൾ മൃഷ്ടാന്നഭോജനവും ആരോഗ്യവും തരുന്ന കാർഷികമേഖലയുടെ നേരെ നീട്ടിക്കൂടാ? ●



വായനാനുഭവം

ഡോ. എൽ. സുഷമ

# ഉള്ളിൽ ഒരു കടലിരമ്പുന്നു

*ഗീതാഹിരണ്യന്റെ കഥകൾ*

**ജീ**വിതത്തെ പല തരത്തിൽ പല വിധത്തിൽ വീക്ഷിക്കാം. പല വിധത്തിൽ ചിത്രീകരിക്കുകയുമാകാം. ജീവിതം തന്നെ കഥയാക്കാം. ജീവിതവും കഥയും കൂട്ടിപ്പിണഞ്ഞു ഏതേതെന്നു തിരിച്ചറിയാതെയും വരാം. കഥ വഴി സ്വന്തമായ ഒരു ലോകം സൃഷ്ടിക്കുകയുമാവാം. ധാരാളം സാധ്യതകളുടെ ലോകത്ത് ഗീതാഹിരണ്യൻ 'എഴുതിയതും എഴുതാൻ പോകുന്നതുമായ കഥകളിൽ പരിചയക്കാരെ പ്രവേശിപ്പിക്കുകയില്ലെ'ന്നു ഒരു കഥയിൽ പറഞ്ഞിട്ടുണ്ട്.

'എനിക്കു പരിചയക്കാരെ മടുത്തുകഴിഞ്ഞു. പുതിയ ചങ്ങാത്തങ്ങൾ, പുതിയ ലോകങ്ങൾ, പുതിയ ഭാഷ (പുറം : 166) അതാണു വേണ്ടതെന്നു തീരുമാനിക്കുന്നുണ്ട്. കോഴിക്കോടിനപ്പുറം ഭൂമിയുണ്ടെന്നു കണ്ടറിഞ്ഞിട്ടില്ലാത്ത, രാജ്യസഞ്ചാരിയല്ലാത്ത ഞാൻ അതുകൊണ്ട് സ്വപ്നമുരുക്കി എനിക്കായി ഭൂഗോളം തീർക്കുന്നു. എഴുതുന്നവളുടെ ലോകം,' എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് കഥകളിലേക്കു നടക്കുന്നത്. അതുമാത്രമല്ല 'ഇങ്ങനെയാണെങ്കിൽ ഞാൻ ഒളിച്ചോടുമെന്നു ഭർത്താവിനോടു പല പ്രാവശ്യം ഭീഷണി മുഴക്കിക്കൊണ്ട് കഥയോടൊപ്പം ഞാൻ ഒളിച്ചോടി.' (പുറം : 160) 'എഴുത്തുകാരിയാകുന്നതു തീയ്യിൽ ചാടുന്നതിനു തുല്യമാണെന്ന് ആവേശത്താൽ അറിഞ്ഞില്ല. - വാക്കാണ് എന്റെ ഒരേയൊരു സ്വത്ത്' (പുറം : 160 - 161) എന്ന തീരുമാനത്തോടെ കഥയിലേക്കു ഓടിയൊളിച്ചു.

ചുറ്റുമുള്ള യഥാർത്ഥലോകം വല്ലാതെ വരിഞ്ഞുമുറുക്കി ബുദ്ധിമുട്ടിച്ചപ്പോൾ വാക്കിലൂടെ നിവർന്നു നിൽക്കുന്ന ഒരു ലോകം ഗീതാഹിരണ്യൻ സൃഷ്ടിച്ചു. അവിടെ തന്റെ സ്വത്തിനെ എല്ലാവർക്കും പങ്കു വെച്ചുകൊണ്ട് പുതിയപുതിയ വാക്കുകൾ സൃഷ്ടിച്ചു. സാമൂഹികമായ അസമത്വങ്ങളിൽ നിന്നും സാംസ്കാരികമായ പുരുഷാധിപത്യത്തിൽനിന്നുമെല്ലാം മാറിനിന്ന് സ്ത്രീ അവളുടെ കാഴ്ചയെ തന്റേതായ വാക്കുകളിലൂടെ ക്രമീകരിക്കുന്നു. അത്തരത്തിലൊരു ശബ്ദതാരാവലി തന്നെ ഇവരുടെ കഥകളിൽ നിന്നുണ്ടാക്കാൻ സാധിക്കും. ഇതുവരെ ഉപയോഗിച്ചു വന്നിരുന്ന വാക്കുകൾ മറ്റാരുടേതൊക്കെയോ ആണ്. സ്വന്തമായ പദസൃഷ്ടിയിലൂടെ താൻ അടയാളപ്പെടുത്തുന്ന ലോകത്തെ കൃത്യമായി വരച്ചിടാനുള്ള കഴിവ് ഈ വാക്കുകൾ നൽകുന്നു.

ചോരസഞ്ചി-ഹൃദയം

അഴകമ്മ-കണ്ണാടി

ചായ കുടിയന്മാർ -പെണ്ണുകാണൽ സ്ഥിരം തൊഴിലാക്കിയവർ

എലിപ്പുള്ള -മൗസ്

വീട്ടിലെ രാഷ്ട്രപതി-അച്ഛൻ

തച്ചുടയ കൈമൾ-പാത്രം വലിച്ചെറിഞ്ഞു പൊട്ടിക്കുന്ന ഭർത്താവ്

എളുപ്പം ചൂടില് കുന്തം-മൈക്രോവേവ് അവൻ

ചെറു കാശ്മീർ- സഹോദരൻ

പുലർച്ചെ രക്തസാക്ഷിത്വം - ഷേവ് മുറിവ്

വെളുത്ത വീടൻ-വൈറ്റ് ഹൗസ് പ്രസിഡന്റ്

ഒഴുക്കൻ കുപ്പായം-മാക്സി

വീടാനി-ഭാര്യ

ബ്രസീൽ - അടുക്കള -കൂടുതൽ കാപ്പി കയറ്റിയയക്കുന്ന സ്ഥലം

ചെടിമാഷ് - തോട്ടക്കാരൻ

ചതുരക്കട്ട - ടി.വി.

തപാൽ ദാമ്പത്യം -ദൂരതാമസം

സീ. ടി.-ചന്തി തഴുകൻ

കാശു തീനി പിശാച് - കുളിമുറി

തൂറൽ കസേരകൾ -കമോഡുകൾ

ഒഴിവില്ലക്കാവടികൾ -കുട്ടികൾക്ക് രോഗം വരുമ്പോൾ അമ്മ എടുത്തുകൊണ്ടു നടക്കുന്നത്.

ചക്കരക്കള്ളം - കള്ളമെന്ന അറിവിൽ തന്നെ സുഖിപ്പിക്കാൻ

കുമ്മായക്കാല്-പ്ലാസ്റ്ററിട്ട കാല്

കടൽക്കുതിര - ചുരിദാറിട്ട ഗർഭിണി

ശബ്ദസ്വീകരണി - ചെവി

ശബ്ദഗ്രാഹി - വായ

ഉടുപ്പിട്ട സസ്തനി - സ്ത്രീ

പെൻഗ്വിൻ - കന്യാസ്ത്രീ

കാര്യസ്ഥൻ - ഭർത്താവ്

ദാരിക ഭദ്രകാളി വധം - ദാമ്പത്യം കലഹം

വിസേം പാസ്പോർട്ടും - സ്വാതന്ത്ര്യം

ഇവയൊന്നും കൃത്രിമമായി നിർമ്മിക്കുന്നതല്ല. കാഴ്ചപ്പാടിൽ നിന്നു സന്ദർഭാനുസൃതം ഉരുത്തിരിഞ്ഞു വരുന്നവയാണ്. അവയ്ക്ക് സ്ത്രൈണതയുടെ ചന്തവും ചൂരുമുണ്ട്. 'തെറിയുടെ ഭാഷയും രാഷ്ട്രീയത്തിന്റെ ഭാഷയും കണ്ടെത്തി പ്രചരിപ്പിച്ചത് പുരുഷലോകമാണ് (പുറം : 64)' എന്ന തിരിച്ചറിവുമുണ്ട്.

'രാഷ്ട്രീയം പുരുഷന്റേതാണ്. രാവിലെ എല്ലാ വീട്ടിലേയും പത്രത്തിന്റെ ആദ്യവായനക്കാരൻ അവനല്ലേ (പുറം 64).'

എന്തിനും എവിടെയും സ്നേഹമെന്നു തുടങ്ങുന്ന ഇവറ്റകൾക്കു വേറൊന്നും അറിയില്ലേ വേറൊന്നും കാണുന്നില്ലേ എന്നൊക്കെ പുരുഷന്മാർക്കുപരിപ്ലവമായി ചോദിക്കാം. എന്തിലും ഏതിലും ഗൗരവപൂർവ്വം, നാട്യങ്ങൾ വഴി ജീവിക്കുന്ന പുരുഷന്റെ ഉള്ളുകള്ളികളെ തുറന്നു കാണിക്കുന്ന കഥയാണ് 'സമുദ്രം മുഴങ്ങാത്ത വാക്ക്.' വിപ്ലവകാരിയുടെ ഭാര്യയുടെ കഥയിലൂടെ കാലംകൊണ്ടു നാട്യം മാറ്റിയ പുരുഷന്റെ ആത്മാർത്ഥതയില്ലാത്ത രാഷ്ട്രീയ നിലപാടുകൾക്കിട്ടു കിഴുക്കുന്നുണ്ട്. പുറമെ കാണുന്നതല്ല സ്ത്രീ. അവളുള്ളിൽ ധീരയും ശക്തയുമാണെന്നു ജി. കെ. തിരിച്ചറിയുന്നുണ്ട്. ഒപ്പം പുരുഷന്റെ വാക്കുകളിൽ സമുദ്രം മുഴങ്ങുന്നില്ലെന്നും സ്ത്രീ ഉള്ളിൽ സമുദ്രം സൂക്ഷിക്കുന്നുവെന്ന മുന്നറിയിപ്പും കഥ നൽകുന്നുണ്ട്. ഈ കടൽ നിലനിൽക്കുന്ന അസമത്വസ്ത്രീപുരുഷ ബന്ധങ്ങളെ എല്ലാം ഒഴുക്കികളയുന്ന സുനാമിയേക്കാൾ ശക്തമായ ഒന്നു കൊണ്ടുവരാൻ കഴിയുന്നതാണ്. അകവും പുറവും സൃഷ്ടിക്കുന്ന ഈ അന്തരാളത ഏതൊരു സ്ത്രീയുടെയും സ്വത്വത്തിൽ സൃഷ്ടിക്കുന്ന സംഘർഷാത്മകത വ്യക്തമാക്കുന്ന അനേകം കഥകൾ ഗീതാഹിരണ്യനെഴുതിയിട്ടുണ്ട്. (അകത്തും പുറത്തും, അസംഘടിത, ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല ഒരു ജന്മസത്യം). കരഞ്ഞിട്ടും കാലുപിടിച്ചിട്ടും നീട്ടികൊണ്ടുപോകുന്ന ജന്മമായിട്ടല്ല, നിവൃത്തിയില്ലായ്മയിലൂടെ സഞ്ചരിക്കുമ്പോഴും താൻ സൃഷ്ടിക്കുന്ന ലോകം. അതിൽ ആനന്ദിച്ചും വെല്ലുവിളിച്ചും കൊണ്ടുള്ള നീക്കം സൃഷ്ടിക്കുന്ന പ്രതിരോധം. അതുതന്നെയാണ് ഈ കഥകളുടെ അകക്കാമ്പിന്റെ ദൃഢത.

എല്ലാ ഭൗതിക നിയന്ത്രണങ്ങളിൽ നിന്നും മനസ്സ് സ്വാതന്ത്ര്യം പ്രഖ്യാപിക്കുമ്പോഴാണോ പ്രണയത്തിലെത്തുന്നത്. പ്രണയമെന്നത് ആഹ്ലാദം നൽകുന്നതാണ്. സ്നേഹത്തിനുവേണ്ടിയുള്ള ചില ഒളിച്ചുകളികൾ 'ഘരെ ബായ്രെ,' 'സെല്ലുലാർ' എന്നീ കഥകളിൽ കാണാം. ടാഗോറിന്റെ കഥയുടെ ഓർമ്മയിൽ നിന്നു മുന്നോട്ടു വായിക്കത്തക്കവിധത്തിലാണു ഘരെ ബായ്രെ എഴുതിയിട്ടുള്ളത്. സ്നേഹം ശരീരാർത്തിയായി അത് അവസാനിക്കുമ്പോഴേയ്ക്കും അവൾക്കു സ്വയം പുച്ഛം തോന്നുന്നുണ്ട്.

'ഇതേപോലെ ഹരിയുടെ ഭാര്യ ഉമ, മറ്റൊരാൾടെ കൂടെ ഇരിക്കുന്നത് ഓർത്ത് നോക്ക് എന്തുതോന്നും.

വെച്ചേക്കില്ല ഞാൻ കണ്ണാടിയിലെ ആൾ രൂപം ചിരിച്ചുകൊണ്ടാവും പറയുന്നത്. അവൾ നോക്കി. ഇല്ല അയാൾ ചിരിക്കുന്നില്ല.

'ശരിക്കും?' അവൾ ചിരിച്ചുകൊണ്ടാണ് ചോദിച്ചത്.

'ശരിക്കും.' 'സ്വപ്നത്തിന്റെ കാൽക്കീഴിൽ നിന്നും ഭൂമി മാറി മാറി അവൾക്കു സ്ഥലവും ജലവും തെളിഞ്ഞു' (പുറം 60). താൻ പൊട്ടിപ്പെണ്ണു മാത്രമല്ല പൊട്ടപെണ്ണുമായല്ലോ എന്ന തിരിച്ചറിവിലൂടെ പുരുഷൻ സ്ത്രീയെ അങ്ങനെതന്നെയല്ലെ കാണുന്നതെന്ന ചോദ്യം വായനക്കാർക്കു വിട്ടു തന്നിട്ടുണ്ട്. കഥകളൊന്നും കൂടുതൽ വാചാലമാകുന്നില്ല. ചില നിമിഷങ്ങളെ പിടിച്ചു കൂട്ടിലിട്ടു കാണിച്ചു തരികയാണ്. സെല്ലുലാറിലും ദാമ്പത്യേതരപ്രണയം നൽകുന്ന സുഖത്തിൽ ഭർത്താവിനോടു ഫോണിലൂടെ പറയുന്ന കള്ളത്തരങ്ങൾ കേൾക്കുന്ന കാമുകൻ അവളെ ബുദ്ധിമതി എന്നു വിളിച്ച് ഓമനിക്കുന്നുണ്ട്. കഥ നമ്മളെ ഓർമ്മിപ്പിക്കുന്നത് കള്ളി എന്ന വാക്കിനെ തന്നെയാണ്.

ഇരുട്ടിന്റെ ചിറകൊച്ചകൾ മരണത്തിന്റെ തൊട്ടടുത്തു നിൽക്കുന്ന രോഗിയുടെ കഥയാണ്. അവളുടെ കൂടെ വീട്ടിൽ ഒരു ചെറിയകുട്ടി മാത്രമാണുള്ളത്. കുട്ടി കളിച്ചുകൊണ്ടു നടക്കുകയാണ്. രോഗിയുടെ ഉള്ളിൽ നടക്കുന്ന വൈകാരിക സംഘർഷങ്ങളൊന്നും കുട്ടിക്കു മനസ്സിലാകുന്നില്ലെന്നാണു നാം കരുതുന്നത്. എന്നാൽ കഥയുടെ ഒടുവിൽ കുട്ടി പറയുന്ന വാക്കുകൾ നമ്മളെ ഞെട്ടിപ്പിക്കും. രോഗിയേക്കാൾ ജാഗ്രത്തായ ബോധത്തോടെയാണ് അവളവിടെ കളിച്ചുകൊണ്ടിരുന്നത്. കുട്ടിയുടെ ഉൽകണ്ഠ, രോഗത്തിന്റെ ചിറകടിയൊച്ച ഇതെല്ലാം വൈകാരിക തീവ്രതയോടെ വാഗ്ധോരണികളില്ലാതെ ഭാവഗീതം പോലെ അനുഭവിപ്പിക്കാൻ കഥാകൃത്തിനു കഴിയുന്നുണ്ട്.

നമ്മുടെ നാട്ടിൽ എവിടെയും കണ്ടുമുട്ടാറുള്ളതും സ്ത്രീവായനക്കാർക്ക് നിത്യപരിചിതങ്ങളുമായ കഥാപാത്രങ്ങളും ചിന്തകളും ഈ കഥകളിൽ നിറഞ്ഞുനില്ക്കുന്നു. സ്ത്രീവീക്ഷണത്തിൽ ത്തന്നെയാണ് എല്ലാ കഥകളും എഴുതിയിട്ടുള്ളത്. ഒറ്റയായ ഒരു നിലപാടിന്റെ വിഷയമായി കഥയെ ലഘൂകരിക്കാതിരിക്കലാണ് അതുയർത്തുന്ന പ്രശ്നങ്ങളെ ഉയർത്തിക്കാട്ടാനുള്ള വഴി. അതുതന്നെയാണ് ഈ കഥകളിൽ കാണുന്നത്. ഉള്ളുതുറന്നു കാണിച്ച് പ്രേമമാണെന്ന് പറയാൻ അവൾക്ക് പേടിയുണ്ട് (അകത്തും പുറത്തും). കാരണം കുറുക്കനോ കുറുനരിയോ എന്ന് തിരിച്ചറിയില്ലല്ലോ? അവൾക്കു തന്നെ ഒളിപ്പിക്കാനുമാവുന്നില്ല. എണ്ണത്തിൽ പെടാത്ത ഒരാൾ കൂടി കൂട്ടത്തിൽ ഉണ്ടെന്ന് അവൾക്കറിയാം. 'ഞാൻ രണ്ടു കളി കളിക്കുന്നു. ഞാൻ പ്രേമിക്കുന്നു. ചിലപ്പോൾ ഞാൻ നിരസിക്കുകയും ചെയ്യുന്നു. എന്നാൽ അക്കളി കുട്ടിക്കാലത്തെ ഏകാകികളായ കുട്ടികൾ പതിവുള്ള പോലെ ഞാനും പൊട്ടനുമെന്നു സങ്കൽപ്പിച്ച് ഇടംകയ്യും വലംകയ്യും കൊണ്ട് കളിക്കുന്ന ഇരട്ടക്കളി പോലെ

യല്ല. അത്തരം കളിയിൽ ഞാൻ നിശ്ചയമായും ജയിക്കണമല്ലോ?. പൊട്ടൻ തോൽക്കാനുള്ള കളിയാണതെല്ലാം. എന്നാൽ ഈ സൽ പേര് മോഷണം പോകുമോ എന്ന ഭയമുള്ള ഒരുവളും പ്രണയത്തിൽ ആനന്ദിക്കുന്ന മറ്റവളും തമ്മിലുള്ള കളിയാണ്.' ഇത്തരത്തിൽ സ്ത്രീജാതിയുടെ പ്രശ്നങ്ങളാണ് കഥയിലുള്ളത്. അതുതന്നെ മതിയല്ലോ ധാരാളം കഥയുണ്ടാക്കാൻ. പ്രശ്നങ്ങളെ വലുതാക്കി വീർപ്പിച്ചു പൊട്ടിക്കാതെ അവയെ അവയുടെ വഴി വിടാനും മാറിനിന്നു ചിരിപ്പിക്കാനും അവർക്കു കഴിയുന്നുണ്ട്.

വാനപ്രസ്ഥമെന്ന കഥ വലിയ ഒരു പറമ്പിലൊറ്റപ്പെട്ടുപോയ സ്ത്രീയുടെ കഥയാണ്. ധാരാളം ബന്ധുക്കളുണ്ട്. പട്ടണങ്ങളിലും ഫ്ളാറ്റുകളിലും കഴിയുന്നവർ. അവർക്കു ഇവരുടെ കൂടെ ചിലവാക്കാൻ ഒരിക്കലും സമയമോ പങ്കിടാൻ സന്തോഷനിമിഷങ്ങളോ ഉണ്ടായിരുന്നില്ല. എന്നാൽ എല്ലാവർക്കും സ്വത്തിലും പണത്തിലുമുള്ള മോഹം ചില്ലറയല്ല. ദുരാഗ്രഹങ്ങളുമായി അടുത്തു കൂടുന്നവരെ ഭയന്ന് മതിലിൽ നിരന്നിരിക്കുന്ന കിളികൾ കൂട്ടാണല്ലോ എന്നു കരുതുന്ന ഒറ്റപ്പെട്ട ഒരു വൃദ്ധ. പരിചിതമായ ഇതിവൃത്തമാണെങ്കിലും ആഖ്യാനത്തിന്റെ വഴികളിലൂടെ നമ്മളും അറിയാതെ ആ വീട്ടിൽ ചെന്നകപ്പെടുന്നുണ്ട്.

സ്ത്രീ അവളുടെ ദുഃഖം പറയുമ്പോഴും ആ ദുഃഖങ്ങൾ കൊച്ചമ്മമാരുടെ ദുഃഖം മാത്രമായി പോകാതെ അടിസ്ഥാന വർഗ്ഗത്തിന്റെ വേദനകളും സ്വപ്നങ്ങളും ഒപ്പിയെടുക്കുന്നതിന്റെ കഥകളാണ് 'ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല ഒരു ജന്മസത്യം, 'വിഴുപ്പ്' എന്നിവ. എല്ലാവരുടെയും വിഴുപ്പ് വൃത്തിയാക്കുകയും പ്രായമായി കിടപ്പിലായവരെ ശുശ്രൂഷിക്കുകയും ചെയ്യുന്ന കമലയുടെ കഥയാണ് വിഴുപ്പ്. കമലക്കറിയാം നായ എല്ലാവരേയും നക്കും, നായയെ ആരും നക്കില്ലെന്ന്. സാമ്പത്തിക അസമത്വങ്ങൾ സൃഷ്ടിക്കുന്ന സാമൂഹിക വിഭജനത്തെ എത്ര ഭംഗിയായി ഈ കഥ വാഗ്ധോരണികളില്ലാതെ വരച്ചു വെച്ചിരിക്കുന്നു.

പ്രായമായി ഓർമ്മകളെല്ലാം ക്രമം തെറ്റി മനസ്സിലുള്ളതു മുഴുവൻ വിളിച്ചു പറയുവാൻ തുടങ്ങുന്ന അമ്മാനപ്പനെ (ഹൃദയ പരമാർത്ഥി) കുറിച്ചോർത്തപ്പോൾ ചിരിവന്നു. 'അയ്യേ മനുഷ്യന് വയസ്സാകുന്തോറും അത്യന്തം പരമാർത്ഥക്കാരും ഒട്ടും ഒളിച്ചുവെയ്പില്ലാത്തവരും ആയിരിക്കുമോ ഈശ്വരാ. എനിക്കെങ്ങാനും വയസ്സുകാലത്ത് ഇതുപോലെ പരമാർത്ഥം പറച്ചിൽ തുടങ്ങിയാൽ, അയ്യോ വളരെയുണ്ട് എന്റെ ഹൃദയത്തിൽ' എന്തായിരിക്കും ഈ ഹൃദയത്തിലെന്നു മറ്റൊരു കഥയിൽ പറയുന്നുണ്ട്.

'അതെ എന്നെ സ്നേഹിക്കുന്നുവെന്നും സർവ്വ വ്യസനങ്ങളിലും ശരണം നിൽക്കുന്നുവെന്നും തോന്നിപ്പിക്കുന്ന മനസ്സിന്റെ ഈ സുഖസ്വപ്നപ്രദേശം ഇനി മറ്റുള്ളവർ പറയുമ്പോലെ ഒരു രോഗമാണോ? (ഒറ്റ സ്നാപ്പിൽ ഒതുക്കാനാവില്ല ഒരു ജന്മസത്യം). പുറം പണിക്കാരിയുടെ അരികു ജീവിതത്തിൽ വിഭ്രാന്തിയിലൂടെ ഒരുസ്വപ്നപ്രദേശം തനിക്കുണ്ടെന്ന തോന്നൽ കഥ ജനിപ്പിക്കുന്നു. സ്ത്രീയെ മുന്നോട്ടു നയിക്കുന്ന ചാലകമോഹമായി ഇതിനെ വായിക്കാം. ആ ദേശവും സ്നേഹവും ഭൂമിയിൽ കണ്ടെത്താനാവാത്തതാണെങ്കിലും അവളുടെ ഉള്ളിൽ അത് സത്യമാണ്, ഭ്രമമല്ല. കടുത്ത ജീവിത യാഥാർത്ഥ്യത്തിൽ നിന്നുള്ള ഒളിച്ചോട്ടത്തിൽ അവൾ സൃഷ്ടിക്കുന്ന, അവളെ പിന്തുടരുന്ന അജ്ഞാത ലോകത്തിലെ കാമുകനെ ഈ ലോകവാസികൾ ബ്രഹ്മരക്ഷസ്സ് എന്നാണ് വിളിക്കുന്നത്. ചിരിയുടെ അർത്ഥതലങ്ങളിലേക്കു കടക്കത്തക്കവിധമുള്ള ആഖ്യാനരീതിയാണു ഈ കഥയുടെ ഹൃദ്യതയ്ക്കു നിദാനം.

കടൽ മകളോട് പറഞ്ഞ കഥയിൽ കുട്ടിക്കു കരയുമ്പോൾ മനസ്സിലാകുന്നു അമ്മ പറഞ്ഞതെല്ലാം സത്യമാണെന്ന്. 'കടൽ എന്റെ കണ്ണിനുള്ളിൽ രണ്ടു കുഞ്ഞി സമുദ്രം വെച്ച്ണ്ട്ന്ന്. കരഞ്ഞപ്പോ, കവിള് നാവോണ്ട് തൊട്ടപ്പോ കവിളിനും ഉപ്പ് ചൊവയ്ക്ക്യാ. സത്യം! എന്റെ കണ്ണിലാ കടല്.' കടൽ എന്ന പ്രതീകം ഇവടെ കഥകളിൽ കടന്നുവരുന്നുണ്ട്.

കുടുംബിനിയും എഴുത്തുകാരിയും ഉദ്യോഗസ്ഥയുമായ പെണ്ണിന്റെ ത്രിതല സംഘർഷങ്ങൾ 'ഉണ്ണിക്കുട്ടന്റെ അമ്മയ്ക്കും ഒരു ദിവസം' എന്ന കഥയിലുണ്ട്. തന്റെ എഴുത്തിനെക്കുറിച്ച്, അതിന്റെ ഭാഷയെക്കുറിച്ച്, പ്രമേയത്തെക്കുറിച്ച്, മറ്റുള്ളവരുടെ അഭിപ്രായങ്ങളെക്കുറിച്ചുള്ള ഉൽകണ്ഠകൾ ഈ കഥ പങ്കുവെക്കുന്നുണ്ട്. ഇത് എന്നും നിലനിന്നുപോകുന്ന ഒരു സംഘർഷത്തിന്റെ ഭാഗമാണ്. ഒരു കഥ കെട്ടിയുണ്ടാക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യം തന്നെയാണ്. സ്വൈരമായി ചിന്തിക്കാൻ ധാരാളം സമയം വേണം. ഓഫീസിൽ പോകാതെ, കരയുന്ന കുട്ടിയെ ക്രഷിലാക്കി അവൾ എഴുതാൻ വേണ്ടി ലൈബ്രറിയിൽ എത്തുന്നു. അവിടെയും അവളുടെ സമയം മറ്റുള്ളവർ അപഹരിക്കുന്നു. തുത്തന്റെ പാട്ടാണു അമ്മയുടെ കഥയുടെ അവതരണഗാനം. അങ്ങനെ തുത്തന്റെ അമ്മ കഥയ്ക്കുവേണ്ടി ഓടുന്ന കഥ രസകരവും ചിന്തിപ്പിക്കുന്നതുമാണ്. സ്ത്രീ ഏറ്റെടുക്കുന്ന ഭാരങ്ങളുടെ കാവടിയാട്ടം ഈ കഥ കാണിച്ചുതരുന്നു.

ഇവരുടെ കഥകളിൽ പുരുഷൻ വില്ലനല്ല. സമൂഹത്തെയും പ്രതികാരവാഞ്ചയോടെ വെല്ലുവിളിക്കുന്നില്ല. എന്നാൽ എല്ലാത്തിനും ഒരു മറുപുറമുണ്ടെന്ന സൂചന എല്ലാ കഥകളും മുന്നോട്ടു വെയ്ക്കുന്നുണ്ട്. പുരുഷനെ നിസ്സാരമായി വീഴ്ത്തുന്ന ചില ഒടിവിദ്യകളറിയാവുന്നതുകൊണ്ടു തന്നെ പുരുഷനും വലിയ അടവുകളെടുക്കുന്ന വില്ലനായിമാറുന്നില്ല. ഇതേ അടവുതന്നെ അവനും അറിയാവുന്നതുകൊണ്ടു പരസ്പരം ഒരൊത്തുകളി വഴി ഭദ്രകാളി ദാരികവധം ഒഴിവാക്കിപ്പോകുന്നു.

●

**ലേഖനം**



ഡോ.മിനിപ്രസാദ്

# ശബ്ദം അപഹരിക്കപ്പെട്ട ഇരകൾ



**ശാ**സ്ത്രത്തിന്റേയും സാങ്കേതികവിദ്യകളുടെയും വളർച്ച യുടെ ശേഷപത്രമാണ് വികസനം. ലോകത്തിന്റേയും സമൂഹത്തി ന്റേയും മുന്നോട്ടുള്ള വളർച്ചക്ക് വികസനം ആവശ്യമാണ്. പുരോ ഗതി എന്ന അർത്ഥത്തിലാണ് വികസനം എന്നപദം സ്വീകരിക്കു ന്നതെങ്കിൽ ഒരു ചോദ്യം സംഗതമാവുന്നു. എന്താണ് വികസനം? കഴിഞ്ഞ നിയമസഭാലോകസഭാ തിരഞ്ഞെടുപ്പുകളിൽ കൊടി യുടെ നിറഭേദമെന്യേ എല്ലാ സ്ഥാനാർത്ഥികളും വികസനത്തി നാണ് വോട്ടു ചോദിച്ചത്. പക്ഷേ അവരാരും തന്നെ ആ വാക്കിനെ നിർവ്വചിച്ചില്ല. ജീവിത സൗകര്യങ്ങളുടെ വർദ്ധനവ് എന്ന വളരെ പരിമിതമായ ഒരർത്ഥമാണ് അതിന് നാം കൊടുക്കുന്നതെങ്കിൽ ഇപ്പോൾ നടക്കുന്നത് വികസനമാണെന്ന് സമാശ്വസിക്കാം. പക്ഷേ ന്യൂനപക്ഷത്തിന്റെ സുഖസൗകര്യങ്ങൾക്കായി ഭൂരിപക്ഷം ത്യാഗം ചെയ്യുന്നതാണോ വികസനം? വികസനത്തെക്കുറിച്ചുള്ള ചർച്ച കളിലൊന്നും അതുളവാക്കുന്ന പ്രത്യാഘാതങ്ങളോ അതിന്റെ പാരിസ്ഥിതിക പ്രതിസന്ധികളോ ചർച്ചചെയ്യപ്പെടാറേയില്ല. ഇത്തരം വിപത്തുകൾ ചൂണ്ടിക്കാണിക്കുന്നവരൊക്കെ വികസന വിരോധികളായി മുദ്രകുത്തപ്പെടും. സഞ്ചിയും തൂക്കി ബഹളം വെക്കാൻ നടക്കുന്നവർ എന്നാക്ഷേപിക്കപ്പെടും. ഇത്തരം ഭീമൻ പ്രോജക്ടുകളുമായി വരുന്നവർ നല്ല സ്വാധീനവും ആൾ ബലവും ഉള്ളവരാകയാൽ ഭീഷണികൾ – ജീവനു തന്നെ സംഭവിക്കുന്നു. 1950 മുതൽ ഇങ്ങോട്ട് ഇന്ത്യയിലും കേരളത്തിലുമുണ്ടായതായി നമ്മുടെ ഭരണീയ നേതൃത്വം വീമ്പുപറയുന്ന എല്ലാ പദ്ധതിക ളിലും അതിന്റെ പാർശ്വഫലങ്ങൾ അതീവരൂക്ഷമായിരുന്നു. ഡാമുകൾ, റോഡുകൾ, വിമാനത്താവളങ്ങൾ, നഗരവളർച്ചകൾ, വമ്പൻ ഫാക്ടറികൾ, ടൂറിസം ഇവയൊക്കെ നടപ്പിൽ വരാനായി ത്യാഗം സഹിച്ച ഒരു ജനസമൂഹം ഇവയുടെ മാലിന്യങ്ങളാൽ, പ്രത്യാഘാതങ്ങളാൽ വീർപ്പുമുട്ടുന്നവർ ഇവരാരും ചരിത്രത്തി ന്റെയോ ചർച്ചകളുടെയോ ഭാഗമല്ല. അതുകൊണ്ടാണ് എല്ലാ വിക സനചർച്ചകളും പിതൃആധിപത്യ കാഴ്ചപ്പാടുകളുടേതാണെന്ന് വന്ദനാശിവ അഭിപ്രായപ്പെട്ടത്.

ഇത്തരം വികസനമുന്നേറ്റങ്ങളിൽ വളരെ നിശ്ശബ്ദമാവുന്ന/ നിശ്ശബ്ദമാക്കപ്പെടുന്ന ഒരു സമൂഹം എപ്പോഴും പാർശ്വത്കൃത സമൂഹമായിരിക്കും. അരിക്ക് വിലകൂടിയാൽ പാലും മുട്ടയും കേയ്ക്കും കഴിച്ചാൽ പോരേ എന്നു ചോദിക്കുന്ന ഭരണീയവർഗ്ഗ ങ്ങൾക്കോ ഉന്നതകുലജാതർക്കോ സമ്പന്നവർഗ്ഗങ്ങൾക്കോ ഈ വേദനകൾ ഒരിക്കലും മനസ്സിലാവില്ല. ഇതോടൊപ്പം ഇത്തരം പദ്ധ തികളുടെ ദുരന്തവും ദുരിതവും ഏറ്റുവാങ്ങുന്ന ഒരു സമൂഹം



സ്ത്രീകളാണ്. കാണുന്ന എല്ലാറ്റിലും ഒരു സ്ത്രീപക്ഷം പറയുകയല്ല. അത്തരം സത്യങ്ങളെ അവഗണിക്കുക, ചൂണ്ടിക്കാണിക്കുമ്പോൾ അതിക്രൂരമായി പരിഹസിക്കുക, ഭീഷണിപ്പെടുത്തുക എന്നിവ സ്ഥിരം കലാപരിപാടികളാണ്. പെണ്ണുങ്ങൾക്കെന്താവേണ്ടത്? നല്ല കളറുള്ള സാരി. പിന്നെ ടീവി. ഇത്തരം ഡയലോഗുകൾ ഉപരിവർഗ്ഗത്തിനോ മധ്യവർഗ്ഗത്തിനോ ചേരും. അതിനുമപ്പുറത്ത് നാം നിസ്സാരർ എന്നു വിളിക്കുന്ന ഒരു സമൂഹം കൂടി ഇവിടെ നിലനിൽക്കുന്നു. അവരാണ് മറ്റുള്ളവരെ നിലനിർത്തുന്നത്. അവർ തന്നെയാണ് നിശ്ശബ്ദരായി വികസനത്തിന്റെ ഇരകളാവുന്നതും. ഇതൊരു വെറും പ്രസ്താവനയല്ലെന്നു തെളിയിക്കാൻ അനേകം ഉദാഹരണങ്ങളുണ്ട്.

വമ്പൻ പദ്ധതികൾ, അണക്കെട്ടുകൾ, വിമാനത്താവളങ്ങൾ, വ്യവസായ സാങ്കേതിക സംരംഭങ്ങൾ ഇവയൊക്കെ കടന്നുവരുമ്പോൾ ആദ്യം നടക്കുന്നത് കുടിഒഴിപ്പിക്കലാണ്. പിന്നെ പുനരധിവാസം. അവരുടെ ജീവിതസാഹചര്യങ്ങൾ, അവർ ചെയ്തിരുന്ന തൊഴിലുകൾ എന്നിവയിൽ നിന്ന് വളരെ അപരിചിതമായ പഴയ തൊഴിൽ സാഹചര്യങ്ങൾക്ക് ഒട്ടും തന്നെ യോജിക്കാത്ത ഒരു സ്ഥലത്തേക്കുള്ള പറിച്ചുനടീൽ ഏറ്റവും ദുരിതത്തിലാക്കുന്നത് സ്ത്രീകളെയായിരിക്കും. അവരുടെ സുരക്ഷിതബോധ്യങ്ങൾ തന്നെ ഇല്ലാതെയാവുമ്പോൾ മാനസികനിലതന്നെ തെറ്റിപ്പോവാം. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന് ഏറ്റെടുത്തത് എറണാകുളം ജില്ലയിലെ ഏറ്റവും നല്ല നെൽപാടങ്ങളായിരുന്നു, (കൊച്ചിയിൽ ഒരു വിമാനത്താവളം നിലവിലുള്ളപ്പോഴാണ് ഇതെന്നുകൂടി ഓർക്കണം) ആ നെൽപ്പാടങ്ങൾ നഷ്ടപ്പെട്ട കർഷകരെയും കർഷകത്തൊഴിലാളികളെയും പുനരധിവസിപ്പിച്ചത് കുഴിപ്പളം എന്ന സ്ഥലത്തായിരുന്നു. വിമാനത്താവളത്തിലെ മലിനജലമത്രയും ചെന്നുപതിക്കുന്ന ഒരു സ്ഥലത്ത്. അവിടെയെത്തിയപ്പോൾ സ്ഥലം നഷ്ടപ്പെട്ട ഊലി എന്നൊരുകർഷകത്തൊഴിലാളി സ്ത്രീക്ക് ഭ്രാന്തായി. അവരുടെ ദയനീയമായ നിലവിളികൾ കുഴിപ്പളത്തെ "പുനരധിവാസി"കളുടെ ഉറക്കം കെടുത്തി. ഇവരൊക്കെ വിമാനങ്ങളുടെ ഇരമ്പലിന്റെ താരാട്ടുകേട്ട് ഉറങ്ങുകയാണെന്ന നമ്മുടെ ഭരണാധികാരികളുടെ വമ്പുപറച്ചിൽ എത്ര പൊള്ളയാണെന്നു കാണിക്കാനാണ് ഇതുദ്ധരിച്ചത്. ഇത് ഇതേ അളവിൽ ഓരോയിടത്തും സംഭവിക്കുന്നുണ്ട്. കുടിയിറക്കു ഭീഷണികളിലും വൻകിട പദ്ധതികൾക്കെതിരെയുള്ള സമരങ്ങളിലും സ്ത്രീകൾ കൂടുതൽ കടന്നുവരുന്നത് അവരുടെ നിലനിൽപ്പിനെപ്പറ്റിയുള്ള ഭയം കൊണ്ടാണ്. അവ തങ്ങൾക്കുമേൽ ഉളവാക്കുന്ന അപകടങ്ങൾ അവരെ ഭയപ്പെടുത്തുന്നു. ആരും അവരെ ഉന്തിത്തള്ളി സമരത്തിന് എത്തിക്കുകയല്ല അവർ സ്വയമേ എത്തുകയാണ്. പ്ലാച്ചിമട സമരത്തിന് ഊഴമിട്ട് പണിക്കുപോയി സമരത്തിനെത്തിയ സ്ത്രീകളെ ഓർമ്മയില്ലേ. "ഇവർക്കൊന്നും വേറെ പണിയില്ലേ കൊക്കക്കോള കുടിച്ച് ഇരുന്നാൽപ്പോരേ" എന്നൊക്കെ ക്രൂരമായി ചോദിക്കാതെയെങ്കിലും അവരോട് അനുഭാവം പുലർത്തുക.


പിതൃ ആധിപത്യവ്യവസ്ഥിതി നിലനിൽക്കുന്ന ഇന്ത്യൻ കുടുംബ വ്യവസ്ഥയിൽ കുടിവെള്ളം ശേഖരിക്കുന്നത് സ്ത്രീകളുടെ ചുമതലയാണ്. ഈ വൻകിട വികസനപദ്ധതികളോരോന്നും കുടിവെള്ളസ്രോതസ്സുകൾ ഇല്ലായ്മ ചെയ്യുന്നുണ്ട്. മലിനീകരണവും അലഭ്യതയും ഒരേപോലെ ഇതിനെ ബാധിക്കുന്നു. ഇത്തരം പദ്ധതികൾക്കുചുറ്റും വളർന്നുവരുന്ന സമ്പന്ന സമൂഹത്തിന് ആവശ്യമുള്ള വെള്ളം അവരുടെ ലോണുകൾ നനയ്ക്കാനും അത്യാധുനിക കുളിമുറികളിൽ ബാത്ത്റൂമിൽ കുളിക്കാനുമൊക്കെ ഇഷ്ടം പോലെ ലഭിക്കും. നാം ഓരോ തവണ ഫ്ളഷ് ചെയ്ത് കളയുന്നത് ആറ് ലിറ്റർ വെള്ളമാണ്. നഗരപ്രാന്തത്തിലെ ഓരോ പൈപ്പിൻ ചുവട്ടിലും ആറുമണിക്കൂറിലധികം സ്ത്രീകൾ ഓരോ കുടം വെള്ളത്തിന് കാത്തുനിൽക്കേണ്ടിവരുന്നു. കുടിവെള്ളം തേടി ഇന്ത്യൻസ്ത്രീകൾക്ക് മൈലുകളോളം സഞ്ചരിക്കേണ്ടിവരുന്നു. ഇവ തലയിലും ഇടുപ്പിലും വെച്ചു ഏറ്റിക്കൊണ്ടിവരുന്നതിനാൽ ഇവർക്കൊക്കെ നടുവേദന. ഡിസ്ക് പ്രശ്നങ്ങൾ ഇവ സാധാരണമാണ്. ഇത്തരം അലച്ചിലും സമയത്ത് ഭക്ഷണം കഴിക്കാനാവാത്തതും ഇവരിൽ കടുത്ത വിളർച്ചയുണ്ടാക്കുന്നു. പലപ്പോഴും അബോർഷനുകളും സംഭവിക്കുന്നു. അതും സ്ത്രീകളുടെ എന്തോ കുഴപ്പമായി പരിഗണിക്കപ്പെടുന്നതിനിടക്ക് ഇതൊന്നും ആർക്കും മനസ്സിലാവുന്നില്ല. അമ്മമാരുടെ ഇത്തരം അലച്ചിലുകളിൽ പെൺമക്കളും ഭാഗഭാക്കുകളാവുന്നു. അവരുടെ പഠനം പോലും മുടങ്ങുന്നു. (കേരളത്തിന്റെ സാമൂഹ്യാവസ്ഥയിൽ ഇത് അവിശ്വസനീയമായിത്തോ

ന്നാം. പക്ഷേ വടക്കേ ഇന്ത്യൻ ഗ്രാമങ്ങളെ സംബന്ധിച്ച് ഇത് കഠിനമായ യാഥാർത്ഥ്യമാണ്) വി.പി സിംഗ് സർക്കാർ ഗ്രാമാന്തരങ്ങളിലെ സ്ത്രീകളുടെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ എന്തുചെയ്യണം എന്ന് കണ്ടെത്താനായി രാമമൂർത്തിക്കമ്മറ്റിയെ നിയമിച്ചിരുന്നു. ഗ്രാമാന്തരങ്ങളിൽ കുടിവെള്ളം എത്തിക്കാനായിരുന്നു കമ്മറ്റി ശുപാർശ ചെയ്തത്.

ആളോഹരി ജല ഉപഭോഗത്തിന്റെ കാര്യമെടുത്താൽ സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ വെള്ളം ആവശ്യമുണ്ട്. ജൈവ പ്രത്യേകതകളാലാണത്. പ്രസവം, ആർത്തവം തുടങ്ങിയ കാലങ്ങളിൽ ലഭ്യമാകുന്ന വെള്ളത്തിന്റെ അളവ് കുറയുന്നതോടെ അവർക്ക് കഠിനമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുന്നു. വിലക്കു വാങ്ങുന്ന വെള്ളം ഏറ്റവും സൂക്ഷിച്ച് ഉപയോഗിക്കാൻ ശ്രദ്ധിക്കുന്നയിടത്ത് ഇത്തരം ആരോഗ്യപ്രശ്നങ്ങളും ആരംഭിക്കുന്നു. നമ്മുടെ വികസനത്തിന്റെ വമ്പൻ മുഖങ്ങളായ ഷോപ്പിങ്ങ് മാളുകളിലും മറ്റും ജോലി ചെയ്യുന്ന പെൺകുട്ടികൾക്ക് ടോയ്ലെറ്റ് സൗകര്യങ്ങൾ എത്രയോ പരിമിതമാണ്. ജോലി സമയത്ത് ടോയ്ലെറ്റിൽ പോകാൻപോലും അവർക്കനുവാദവുമില്ല. പുരോഗതിയെപ്പറ്റി അഭിമാനിക്കുമ്പോൾ പിന്നാമ്പുറചിത്രങ്ങൾ മറക്കരുത്!

കുടിവെള്ളം പോലെത്തന്നെ വിറകിന്റെ ശേഖരണവും സ്ത്രീകളുടെ ജോലിയാണ്. വർഷത്തിൽ ആറ് ഗ്യാസ്കുറ്റി വേണോ നാലു വേണോ എന്ന ചർച്ചയുടെ പരിധിയിൽപെടാത്ത സമൂഹമാണല്ലോ വിറകിനായി ഓടുന്നത്. വനസമ്പത്തിന്റെ കുറവ് വിറകിനായുള്ള അലച്ചിൽ വർദ്ധിപ്പിക്കുന്നു. മൈലുകളോളം ഈ സ്ത്രീകൾ വിറകിന് സഞ്ചരിക്കേണ്ടിവരുന്നു. നമ്മുടെ എല്ലാ വികസന പദ്ധതികളും വനം കയ്യേറ്റങ്ങളോട് ചേർന്നാണ് നിൽക്കുന്നത്. വനം വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കരുത് എന്ന നിയമം നിലനിൽക്കുമ്പോൾത്തന്നെയാണ് ഇതെന്നും ഓർക്കുക. വനം ആദിവാസി സമൂഹങ്ങളിലെ സ്ത്രീകൾക്ക് നിലനിൽപ്പിന്റെ ഇടമാണ്. അവർ ഭക്ഷ്യയോഗ്യമായ അനേകം വിഭവങ്ങൾ ശേഖരിക്കുന്ന ഇടം. ഔഷധമൂല്യമുള്ള ചെടികളും കായകളും ശേഖരിച്ച് വില്പന നടത്തി ജീവിക്കാനുള്ള വകതേടുന്ന ഇടത്തേക്കാണ് ടൂറിസം വികസിപ്പിച്ച് നമ്മൾ വനം കയ്യേറുന്നത്. ജൈവസമ്പത്തിന്റെ ശോഷണം മനുഷ്യന്റെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കും. വികസനവാദികൾ ഓർക്കേണ്ട ഒരു കാര്യം വനമെന്നാൽ കുറേ മരങ്ങൾ കൂടിനിൽക്കുന്ന ഒരു സ്ഥലം മാത്രമല്ല എന്നതാണ്.

ആരോഗ്യം, പാരിസ്ഥിതികപ്രശ്നങ്ങൾ, സാമ്പത്തികം എന്നീ മേഖലകളിൽ കീടനാശിനികളുടെ അമിതോപയോഗം ഉളവാക്കുന്ന ദുരന്തങ്ങൾ സ്ത്രീകളെയും പുരുഷന്മാരെയും ബാധിക്കുന്നത് ഒരേ തരത്തിലല്ല. ലിംഗവ്യത്യാസത്തിൽ ഇവ ഇന്നേവരെ പഠിക്കപ്പെട്ടിട്ടുമില്ല. മിക്ക ആഫ്രിക്കൻ രാജ്യങ്ങളിലും തൊണ്ണൂറ് ശതമാനം വരെ ഭക്ഷ്യോത്പാദനം സ്ത്രീകളുടെ വകയാണ്. ഇതേ ദരിദ്ര രാജ്യങ്ങളിൽ പലയിടത്തും എയ്ഡ്സ് മൂലം ഭർത്താക്കന്മാർ മരിക്കുകയും സ്ത്രീകൾ കുടുംബനാഥകളാവുകയും ചെയ്ത കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുമുണ്ട്. ഭർത്താവിൽ നിന്നും എയ്ഡ്സ് പകർന്നുകിട്ടിയ ഈ സ്ത്രീകൾ പൊതുവേ രോഗപ്രതിരോധശക്തി കുറഞ്ഞവരാണ്. അതുകൊണ്ട് കൃഷി സ്ഥലങ്ങളിൽ പണിയെടുക്കുന്ന ഇവർ മാരക കീടനാശിനികളേറ്റ് പെട്ടെന്ന് രോഗബാധിതരാവുന്നു. നയതന്ത്രജ്ഞരും ഗവേഷകരും ഭരണകർത്താക്കളും ആവർത്തിച്ചുപറയുന്ന ഒരു കാര്യം ഇവ തളിക്കുന്നത് പുരുഷന്മാരാണ് എന്നതാണ്. ഇത് ഭാഗികമായി സത്യമാണെങ്കിലും സ്ത്രീകൾ ഇതിനോട് മുഖാമുഖം വരുന്നത് അനേകം വഴികളിലൂടെയാണ്. വിഷാംശം തങ്ങി നിൽക്കുന്ന പാടങ്ങളിൽ പണിയെടുക്കുന്നതാണ് ഒന്നാമത്തെ വഴി. വിളവെടുപ്പും ശേഖരണവും സ്ത്രീത്തൊഴിലാളികളാണ് ചെയ്യുന്നത്. വിളവെടുപ്പിന് തൊട്ടുമുൻപ് കീടനാശിനി തളിക്കുന്നത് ഇപ്പോൾ സ്ഥിരമാണ്. മരുന്നു തളിക്കലിന്റേയും വിളവെടുപ്പിന്റേയും ഹ്രസ്വമായ ഇടവേളകളിൽ കീടനാശിനികളുടെ അവശിഷ്ടങ്ങളത്രയും പാടശേഖരങ്ങളിലും തോട്ടങ്ങളിലും തങ്ങിനിൽക്കുന്നുണ്ടാവും ഇവയുമായി സ്ത്രീത്തൊഴിലാളി നേരിട്ട് ബന്ധപ്പെടുന്നു. കീടനാശിനി തളിക്കുന്ന പുരുഷനായ കർഷകത്തൊഴിലാളി മുഖംമൂടിയും കൈയ്യുറകളും ധരിക്കുന്നുണ്ടെങ്കിലും സ്ത്രീത്തൊഴിലാളികൾക്ക് അത്തരം പ്രതിരോധ സംവിധാനങ്ങൾ ഒന്നുമില്ല. തമിഴ്നാടിന്റെ ഉൾനാടുകളിൽ പരുത്തി, പച്ചക്കറി തോട്ടങ്ങളിൽ കീടനാശിനികൾ കൂട്ടുവാനും തളിക്കാനും സ്ത്രീകൾ കൈകളും വേപ്പിൻ കൊമ്പുമൊക്കെയാണ് ഉപയോഗിക്കുന്നത്. ഈ സ്ത്രീത്തൊഴിലാളികൾ പലപ്പോഴും പാടശേഖരങ്ങ



*ശേഷം പേജ് 55 ൽ*



**കഥ**

# അപരിഹാര്യം



**പ്രസീത.കെ.പി**

*(സംഘടിതയുടെ കഴിഞ്ഞ ലക്കത്തിൽ കൊടുത്ത 'അപരിഹാര്യം' എന്ന കഥയിൽ കഥാകാരിയുടെ പേരും ഫോട്ടോയും മാറിപ്പോയതിൽ നിർവാജ്യം ഖേദിക്കുന്നു. ആ കഥ ഈ ലക്കത്തിൽ വീണ്ടും പ്രസിദ്ധീകരിക്കുന്നു.*

*-പത്രാധിപസമിതി)*

**ആ**ലസ്യത്തിന്റെ പുതപ്പുമാറ്റി ശരണ്യ പതിയെ നടന്നത് പുതിയ വാടകവീടിന്റെ തുരുമ്പിച്ച ഗ്രില്ലിനടുത്തേക്കാണ്. നല്ല തണുപ്പ്. പവിഴമല്ലിയുടെ ഗന്ധത്തിൽ മുക്കിയ ഒരിളം കാറ്റ് ഗ്രില്ലിനിടയിലൂടെ മുഖത്തേക്ക് കൈയെത്തിത്തഴുകുന്നുണ്ട്. പതിയെ മുറ്റത്തേക്കിറങ്ങി. ചെറുതാണെങ്കിലും ഒതുക്കമുള്ള വീട്. എറണാകുളത്തെ തിരക്കിനിടയിൽ ഇത്രയും സ്വകാര്യമായൊരിടം അതിശയം തന്നെ. ജോൺ എല്ലാം നേരത്തെ തന്നെ ശരിയാക്കിയിരുന്നു, ജീവിതത്തെക്കുറിച്ച് ജോണിന് കുറെ കണക്കുകൂട്ടലുകളുണ്ട്. ഇറങ്ങിപ്പോരുമ്പോൾ അച്ഛന്റെയും അമ്മയുടെയും മുഖത്ത് നിശ്ശബ്ദതയിൽ ചാലിച്ച വല്ലാത്തൊരു നിസ്സംഗഭാവമായിരുന്നു. പൊട്ടിത്തെറികളോ തേങ്ങലുകളോ ഒന്നും തന്നെയില്ലായിരുന്നു. എന്തിനോ... തനിച്ചായിപോയ അനിയത്തിയുടെ കൈ മുറുകെ പിടിക്കുക മാത്രം ചെയ്തു. ഒരു നിശ്ചലചിത്രം പോലെ ആ ദൃശ്യം മനസ്സിൽ നിന്ന് മായുന്നതേയില്ല. രണ്ടുദിവസത്തെ വല്ലാത്ത തിരക്കിൽ മനസ്സ് ശൂന്യമായിരുന്നു. മുറ്റം നിറയെ മഞ്ഞനിറം വീണ പ്ലാവിലകൾ കൊഴിഞ്ഞുകിടക്കുന്നു. മതിലിനോട് ചേർന്ന് മെലിഞ്ഞ് നീണ്ട ഒരു പ്ലാവ് അപ്പോഴാണ് കണ്ണിൽപ്പെട്ടത്. നാമമാത്രമായ ശാഖകൾ. അതിലൊന്നിൽ കാക്ക കൂടുകൂട്ടുന്നുണ്ടായിരുന്നു. കുറേ നേരം അത് നോക്കി നിന്നു.

"വിശപ്പില്ലേ... ഭക്ഷണം പുറത്തു നിന്നാവാം അല്ലേ?... എന്താ ഒരാലോചന, ഒന്നും വേണ്ടായിരുന്നെന്ന് തോന്നുന്നുണ്ടോ?...." ജോൺ പുറകിൽ വന്നു നിന്ന് ചോദിച്ചു. ജോണിനെ കണ്ടപ്പോൾ ശരിക്കും ചിരിവന്നുപോയി. പുതുമണവാളനെപ്പോലുണ്ട്. കുളിക്കാനായി വസ്ത്രങ്ങളുമെടുത്ത് നടന്നു. ഷവറിൽ നിന്നും വെള്ളം മന്ദഗതിയിൽ ഒഴുകുന്നു. നഗരത്തിന്റെ തിരക്കൊന്നും വെള്ളത്തിനില്ല. ഒരു ജോലി അന്വേഷിക്കണം. ജോണിനെ വെറുതെ ബുദ്ധിമുട്ടിക്കണ്ടല്ലോ, പക്ഷെ ആകെ ബി.കോം സർട്ടിഫിക്കറ്റ് മാത്രമുണ്ട്. "ശരണ്യാ... വേഗം." ജോണിന്റെ വിളി കേട്ടപ്പോഴാണ് കുളിക്കാൻ തുടങ്ങിയില്ലല്ലോ എന്നോർത്തത്. പഴക്കത്താൽ ചുമരിലെ പെയിന്റിളകി മാപ്പു വരച്ചതുപോലിരിക്കുന്നു.

ഭക്ഷണം കഴിഞ്ഞ് ശരണ്യയെ വീട്ടിലാക്കി ജോൺ കുറിക്കമ്പനിയിലേക്ക് യാത്രയായി.

"വാതിലടച്ചോളൂ, ടൗണാണ്. നേരത്തെവരാൻ നോക്കാം."

ഇത്രയും തിടുക്കത്തിൽ പറഞ്ഞ് ജോൺപോയി. തലേന്ന് വാങ്ങിയ വീട്ടുസാധനങ്ങൾ പരന്നു കിടക്കുന്നു. ഒരു തുടക്കത്തിനായി ശരണ്യ അടുക്കളയിലേക്ക് നടന്നു.

ഒറ്റപ്പാളിയുള്ള ജനൽ, മുത്തശ്ശി പറയാറുള്ള കഥയിലെ ഒറ്റക്കണ്ണൻഭൂതത്തെപ്പോലെ ഒറ്റക്കണ്ണൻ ഭൂതം അനുസരണക്കേട് കാണിക്കുന്ന പെൺകുട്ടികളെ പിടിച്ചോണ്ടുപോയി മൺകുടത്തിലടക്കും.

നോക്കുന്തോറും... ഒറ്റക്കണ്ണൻ നടന്നു മുന്നോട്ടു വരുന്നതായി തോന്നി.... പേടി തോന്നി. ജോണിനെവിളിക്കാൻ ഫോൺ നോക്കിയപ്പോൾ ചാർജ്ജില്ലാതെ അതോഫായിരിക്കുന്നു.

എവിടെ നിന്നോ സംഭരിച്ച ധൈര്യവുമായി പോയി ഒറ്റക്കണ്ണൻ ജനൽ തുറന്നു. അതിശയിച്ചുപോയി.

ഇടതൂർന്ന മരങ്ങൾക്കു താഴെ ഭംഗിയുള്ള കുളം, കല്പടവുകൾ കെട്ടി ഭംഗിയാക്കിയിരിക്കുന്നു. ഈ നഗരത്തിൽ ഇങ്ങനെയും ഒരിടമോ... അതോ... തോന്നിയതോ.

കുറെ ദിവസം കഴിഞ്ഞപ്പോഴേക്കും വീടുമായി ഒരു പരിചയം വന്നു. ജോണിന് തിരക്കുതന്നെ. കൂടുതൽ പണം നേടാനുള്ള തന്ത്രങ്ങൾ തേടുന്നു. ഫോൺ വിളികൾ... അയ്യായിരം രൂപയടച്ചാൽ മൂന്ന് മാസം കൊണ്ട് ഇരട്ടി വരുമാനം. ആളുകളെ ചേർത്തണം. ടൂർ പാക്കേജുണ്ട്. ഹണിമൂൺ സൗജന്യമായി. പ്രണയത്തിന്റെ ബിസിനസ്സ് ഭാഷയുമായി ജോൺ ശരണ്യയെ ചേർത്ത് പിടിച്ചപ്പോഴാണ് ശരണ്യ ജോലിയന്വേഷിക്കുന്നതിനെക്കുറിച്ച് പറഞ്ഞത്.

താല്പര്യമെങ്കിൽ അന്വേഷിക്കാം. ശരണ്യയുടെ കൂട്ടുകാരി പറഞ്ഞാണ് സഹൃദയ ചാനലിൽ അവതാരികയെ ആവശ്യമുണ്ടെന്നറിഞ്ഞത്. സൗന്ദര്യവും ഭാഷയും മാത്രം മതി.

പച്ചക്കരയുള്ള കോട്ടൺസാരിയുടുത്ത് കണ്ണാടിയിൽ നോക്കി ഒരു പൊട്ടുകൂടി തൊട്ടു. ആദ്യമായി പൊകുന്നതിനാൽ ജോൺ കൂടെ ചെന്നു.

ചാനൽ ഓഫീസിലെത്തി, അവരുടെ പുതിയ പ്രോഗ്രാമാണ്. 'അവതാരക' യുടെ ജോലിയാണ്. കേട്ടപ്പോൾ നന്നെന്ന് തോന്നി.

എങ്കിലും ആ തണുത്ത മുറിയിലിരുന്നാകെ വിയർത്തു. പ്രോഗ്രാം ഓഫീസർ നാളെ വരാൻ പറഞ്ഞു. ജോണിനും സന്തോഷമാ

യി. പുതിയ കമ്പനിക്ക് കൂടുതൽ പണം നിക്ഷേപിക്കാം. ശരണ്യയുടെ പരിചയക്കാരെയും ചേർക്കാം.

സൈഡിൽ ആളുകൂടിയാൽ കമ്മീഷൻ കൂടിക്കൊണ്ടേയിരിക്കും. വീട് പെട്ടെന്ന് വാങ്ങാം. ശരണ്യ ചിരിച്ചു. നേർത്തകാറ്റിൽ ആശ്വാസത്തിന്റെ നനുത്ത സ്പർശം ഉണ്ടായിരുന്നു.

പ്രോഗ്രാമിന്റെ ഡീറ്റൈൽസ് പഠിക്കാൻ നാളെ നേരത്തെ ചെല്ലണം. അടുക്കളയിലെ ഒറ്റക്കണ്ണൻ ജനാലമാത്രം എപ്പോഴുമൊരസ്വസ്ഥതയായിരുന്നു. മുത്തശ്ശിയെ ഓർത്തുപോയി. താൻ പടിയിറങ്ങുമ്പോൾ മൂകരായി നിന്ന മാതാപിതാക്കളെയും അനിയത്തിയേയും ഓർത്തു. ഒരു വിവരവും ഇല്ല.

അന്നത്തെ പുലരി തിരക്കിന്റേതായിരുന്നു. ജോണിനോടൊപ്പം ഇറങ്ങണം. ധൃതിയിലിറങ്ങുമ്പോഴാണത് ശ്രദ്ധിച്ചത്. പ്ലാവ് കായ്ക്കാൻ തുടങ്ങിയിരിക്കുന്നു. നനുത്ത മഞ്ഞിന്റെ തലോടലിൽ കുഞ്ഞുകായ്കൾ ആകാശത്തിന്റെ നേർക്ക് കൈ നീട്ടുന്നു. ഓഫീസിലെത്തി. ആളുകൾ തിരക്കു പിടിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഡയറക്ടറുടെ മുറിയിലാണ്. അയാൾ പ്രോഗ്രാമിനെക്കുറിച്ച് പറഞ്ഞു. സൊല്യൂഷൻ എന്ന പരിപാടിയാണ്. സാധാരണക്കാരുടെ പ്രശ്നങ്ങൾ നാം രംഗത്ത് കൊണ്ടു വരികയാണ്. പരിഹാരം കാണാനുള്ള നിർദ്ദേശങ്ങൾ... ഇതെല്ലാം... ശരണ്യ അവതാരകയാണ്. പിന്നെ വേഷം മാറ്റണം. അത് ശരണ്യയുടെ മിടുക്കാണ്. വേഷത്തി ലൂടെയും ഭാഷയിലൂടെയും ആളുകളെ കയ്യിലെടുക്കണം. എന്നാലേ റേറ്റിംഗ് കൂടൂ. അയാളുടെ കണ്ണുകൾ അവളുടെ ഉടലളവുകളിലുടക്കുന്നത് അസ്വാസ്ഥ്യത്തോടെയറിഞ്ഞു. മേക്കപ്പിനായി ഒരു തടിച്ച സ്ത്രീവന്നു.

“സാരി വേണ്ട” അവർ പറഞ്ഞു. ഇറക്കം കുറഞ്ഞ മിഡി. തിളങ്ങുന്ന സ്ലീവ്‌ലെസ്സ്, ബ്രാ... കുറച്ചുകൂടി ടൈറ്റാവണം. ഷെയ്പ്പ് വേണം. ആകെ ശ്വാസം മുട്ടുന്നു. കണ്ണ് നിറയുന്നത് ആരും കാണാതിരിക്കാൻ ശ്രമിച്ചു. കണ്ണാടിയിൽ നോക്കി. അപരിചിതയായ ആരോ ആണെന്ന് തോന്നി. ഇത് ശരിയാവില്ല. ഇന്നത്തോടെ അവസാനിപ്പിക്കാം. തന്റെ മനമറിഞ്ഞ പോലെ ഡയറക്ടർ പറഞ്ഞു. “രണ്ടുദിവസം കൊണ്ട് ഒക്കെ ശരിയാകും.” അയാളുടെ വായ് ഒരു കുറുക്കന്റേതുപോലെ തോന്നിച്ചു. ആദ്യത്തെ ഷൂട്ടിംഗ്, സ്വത്ത് മുഴുവൻ ബലമായി എഴുതി വാങ്ങി സ്വന്തം മകൻ തെരുവിലുപേക്ഷിച്ച വൃദ്ധമാതാവിനെക്കുറിച്ചാണ്. വഴിയരുകിൽ നിന്ന് ശരണാലയത്തിലെത്തിയതാണവർ പാവം.. കരഞ്ഞുകൊണ്ട് എന്തെല്ലാമോ പറയുന്നു. ക്യാമറയിലെല്ലാം പകർത്തുന്നുണ്ടായിരുന്നു. ആരും ഒരു സാന്ത്വനത്തിനും ചെല്ലുന്നില്ല. കൂടുതൽ വലിയ കരച്ചിലും കാത്ത് ക്യാമറ കാത്തുനിൽക്കുന്നു.

അതിനിടയിലാണ് ശരണ്യയുടെ ശോകത്തിൽ മുക്കിയ വാചകങ്ങൾ മുഴങ്ങേണ്ടത്. എങ്ങിനെയോ പറഞ്ഞു. അഴിഞ്ഞ് വീഴുമെന്നും അവരുടെയെല്ലാം മുന്നിൽ നഗ്നയാകുമെന്നുമുള്ള വേവലാതിയായിരുന്നു മനസ്സിൽ.

ഒടുവിൽ അത് തീർന്നു. വീട്ടിലെത്തി. ജോൺ പതിവില്ലാതെ നേരത്തെയെത്തി. മുഖം മ്ലാനമായിരിക്കുന്നു,

“എന്തുപറ്റി ജോൺ?”

“ഒന്നുമില്ല... പിന്നെ ആരെങ്കിലും വിളിച്ചാൽ ഞാനിവിടുണ്ടെന്ന് പറയണ്ട....”

“എന്താ... ജോൺ പ്രശ്നം വല്ലതും?”

“ചില നിക്ഷേപകർ ചതിച്ചതാണ്. പണവുമായി മുങ്ങി. താഴെ ചേർന്ന് പണമടച്ചവർ... പണത്തിനായി അവരെ തിരഞ്ഞ് നടക്കുന്നു.

അവർ പ്രകോപിതരാണ്.

വളരെ പ്രതീക്ഷയോടെയാണ് പണം നിക്ഷേപിച്ചത്. കടം വാങ്ങിയും... പലിശയ്ക്കെടുത്തും. മറ്റും. ഞാൻ ചേർത്തിയവർ ഒരു മറുപടിക്കായി എന്നെയും അന്വേഷിക്കുന്നു. ഞാനെന്തു പറയും, രണ്ട് ദിവസം മാറി നിൽക്കണം.”

ഇറുകിയ മേൽ വസ്ത്രവും കുഞ്ഞുമിഡിയുടെ ജാള്യതയുമൊന്നും തല്ക്കാലം പറയാൻ തോന്നിയില്ല.

പുറത്ത് മൂടൽമഞ്ഞ് കനക്കുന്നു. കാഴ്ചകളെല്ലാം അവ്യക്തം, ഭാവിയുടെ അനിശ്ചിതത്വം ഒരു വരൾച്ചയുണ്ടാക്കി മനസ്സിൽ. കാറ്റിന്റെ ഇലയനക്കം പോലുമില്ല. തണുപ്പ് പടരുന്നു. കാൽവിരൽ തുമ്പിലൂടൊരു മരവിപ്പായി ശരീരമാകെ... ഒരു തരം മരണത്തിന്റെ മരവിപ്പ്. ആൾക്കൂട്ടത്തിനു നടുവിൽ ചാനലിന്റെ പാവയെ പോലെ കയ്യിൽ മൈക്കുമായി ശരണ്യ. ഇറുകിയ വസ്ത്രത്തിന്റെ പിടുത്തം വിട്ടതും ശരണ്യ ഓടുകയായിരുന്നു. മുന്നിൽകണ്ടവഴിയിലൂടെ... നഗ്നയായി. സ്ക്രീനിൽ കാണാത്ത ഈ ദൃശ്യം അനേകായിരം മൊബൈലിലൂടെ നാടുമുഴുവൻ പടരുന്നു. ഇന്റർനെറ്റിലെ കോമിക് തമാശയായി

സുഹൃത്തുക്കളുടെ ഇടയിൽ പിന്നെയും പിന്നെയും ആവർത്തിക്കുന്ന ദൃശ്യങ്ങളായി....

ഞെട്ടിയുണർന്നു. ചുറ്റും നോക്കി. തൊണ്ട വരണ്ടുപോയി. ജോണിന്റെ മൂളിച്ചകൾ. ഇരുട്ട് മുടിയഴിഞ്ഞു വീണുലഞ്ഞ യക്ഷിയെ പോലെ പടർന്നു.

എപ്പോഴോ മൂടൽമഞ്ഞിനെ കീറി സൂര്യരശ്മികൾ താഴേക്കൊഴുകിയെത്തി. മുറ്റത്തെ കുഞ്ഞു പുൽനാമ്പുകളിലൊക്കെ മഞ്ഞുതുള്ളിയുടെ

ആശ്ലേഷം. അടുത്ത രാവിനെ കാത്ത് തലേന്നത്തെ ഈറൻ സ്മരണകളുമായി അവ കുനിഞ്ഞു നിൽക്കുന്നു. ഉറക്കം കനം തൂങ്ങിയ കണ്ണുമായി ഓഫീസിലേക്ക് യാത്രയായി. ജോൺ ഉണർന്നിട്ടില്ല. കാലങ്ങളായി വൈദ്യുതിയെത്താത്ത കാണിശ്ശേരി പഞ്ചായത്തിലെ വീട്ടിലാണ്. വൃദ്ധയും പത്താംക്ലാസുകാരി പേരക്കുട്ടിയും മാത്രമാണ് താമസം. വൈദ്യുതിക്കപേക്ഷിച്ചിട്ട് കാലങ്ങളായി. സൊല്യൂഷൻ പരിപാടിയിലൂടെ അവർ വെളിച്ചം തേടുന്നു. ക്യാമറക്കണ്ണുകൾ ഇടയ്ക്കിടെ തന്റെ ഇറുകിയ ടോപ്പിനിടയിലേക്കെത്തിച്ചു നോക്കുന്നു.

മഞ്ഞിന്റെ കനത്ത പാളി മുഴുവൻ പകൽ സൂര്യൻ ഉരുക്കിക്കളഞ്ഞിരിക്കുന്നു.

ഷൂട്ടിംഗ് കഴിഞ്ഞ് തിരിച്ചുള്ള യാത്രയിലാണ്. വഴിയോരത്ത് ഉണങ്ങിയ വൃക്ഷങ്ങൾ ഇലപൊഴിഞ്ഞ് നഗ്നരായി നിൽക്കുന്നു. ഒരു നിസ്സഹായത നിഴലിക്കുന്നു.

ഡയറക്ടറുടെ ശബ്ദം ചിന്തകളിൽ നിന്നും ഉണർത്തി.

“ശരണ്യ.... പ്രോഗ്രാമിന് നല്ല പേരാണ്. ശരണ്യയുടെ അവതരണം നന്നാകുന്നു.”

തന്റെ ഉടലിനെ തഴുകുന്ന അയാളുടെ മിഴിത്തിളക്കം ശരണ്യ അറിയുന്നുണ്ടായിരുന്നു. വേഗം വീട്ടിലെത്തണമെന്ന് തോന്നി. ധൃതിയിൽ വീട്ടിലേക്കുള്ള ബസ്സ് കിട്ടാനായി അവിടുന്ന് രക്ഷപ്പെട്ടു.

താക്കോൽ ചെടിച്ചട്ടിയിൽ വെച്ചിരിക്കുന്നു.

ജോൺ വീട്ടിലില്ല. എവിടെ പോയതായിരിക്കും തന്നോടൊന്നും വിളിച്ചുപറഞ്ഞില്ലല്ലോ.

മുറ്റം നിറയെ കരിയിലകൾ രണ്ടു ദിവസത്തെ തിരക്കിൽ ഒന്നും ശ്രദ്ധിച്ചിരുന്നില്ല. പ്ലാവിലെ കുഞ്ഞുകായ്കൾ മുഴുവൻ പൊഴിഞ്ഞത് ഒരു വല്ലാത്ത നൊമ്പരമുണ്ടാക്കി. പകലിന്റെ കടുത്ത ചൂടിൽ കുഞ്ഞു പുൽച്ചെടികളും വാടിയിരിക്കുന്നു. നേരം സന്ധ്യയോടടുക്കുന്നു. ഒരു വിളറിയ മഞ്ഞ നിറം തനിക്കു ചുറ്റും പരക്കുന്നുണ്ടെന്ന് തോന്നി. ഒരു മഞ്ഞക്കണ്ണടവെച്ച് നോക്കും പോലുണ്ട്. പ്രകൃതി ഒരു മഞ്ഞപ്പിത്തക്കാരനെ പോലെയിരിക്കുന്നു.

രാത്രിയേറെ വൈകിയിട്ടും ജോൺ എത്തിയിട്ടില്ല. വൈകിയാൽ വിളിക്കുന്നതാണ്. ഇന്നെന്തുപറ്റി?

ഇനി പിണങ്ങിയോ...

ഹൃദയത്തിലൊരു നീറ്റൽ. പതിയെ ശരീരം മുഴുവൻ അത് വ്യാപിക്കുന്നു. വേവലാതിയുടെ നെഞ്ചിടിപ്പ് വീട് മുഴുവൻ മുഴങ്ങുന്നു. വെള്ളമെടുക്കാൻ അടുക്കളയിലേക്ക് നടന്നു. ഓടി രക്ഷപ്പെടണമെന്ന് തോന്നി. ഒറ്റക്കണ്ണൻ തുറിച്ചു നോക്കുന്നു. അത് അടുത്തടുത്ത് വരികയാണോ?

അടുക്കളയിൽ നിന്നും ഓടി തളത്തിലേക്ക് എത്തി. ആഹാരം തണുത്തുറഞ്ഞിരിക്കുന്നു. അതിന്റെ പഴകിയ മണം പരന്നു. അനങ്ങാൻ സാധിക്കുന്നില്ല. നേരം വെളുക്കാറായി. ജോൺ ഇനിയും മടങ്ങിയെത്തിയില്ല.

പുൽനാമ്പുകൾ ആലസ്യം വിട്ടുണർന്ന് വേർപാടിന്റെ ഈറൻ മിഴികളോടെ നിൽക്കുന്നു. പകലിന്റെ പൊള്ളുന്ന ആശ്ലേഷമോർത്ത് മൂകമായി. പകൽ കടന്നുപൊയ്ക്കൊണ്ടിരുന്നു. ശരണ്യ ഇരുന്ന ഇരുപ്പിൽ നിന്നനങ്ങിയില്ല. എന്തു ചെയ്യണം.. മനസ്സ് ശൂന്യമായി കഴിഞ്ഞിരുന്നു. ഒറ്റക്കണ്ണൻ അടുത്തടുത്ത് വരുന്നു. കൈയിലൊരു വലിയ മൺകുടം . . . അവളാകെ വിറയ്ക്കുന്നുണ്ടായിരുന്നു. ക്യാമറക്കണ്ണുകൾ മിഴിതുറന്നടക്കുന്നു. പണവുമായി മുങ്ങിയ ഇടനിലക്കാരനെതേടി പുൽനാമ്പുകളെ ചവിട്ടിമെതിച്ച് ആളുകൾ... എന്തെല്ലാമോ പറയുന്നു. കയ്യിൽ മൈക്കുമേന്തി, കൂർത്തമാറിടമുള്ള ഇറക്കമില്ലാത്ത പാവാട ധരിച്ച ഒരുവൾ എന്തൊക്കെയോ... ചാഞ്ഞും ചരിഞ്ഞും പറയുന്നു. അവളുടെ ചുണ്ടിലെ ചായത്തിന് ഉണങ്ങിയ രക്തത്തിന്റെ നിറമായിരുന്നു. ●

---

*പേജ് 52 തുടർച്ച*

ളിൽ ബോധം കെട്ടുവീഴുന്നു. വെയിലിന്റെ കാഠിന്യം എന്ന വ്യാഖ്യാനം മാത്രമേ ഇതിനൊക്കെ ലഭിക്കുന്നുള്ളൂ. വലിയ ഫാമുകളിലും മറ്റും കൃഷിയിടത്തോട് ചേർന്നുതന്നെയാണ് കർഷകത്തൊഴിലാളികളുടെ പാർപ്പിടങ്ങളും. കരാർ തൊഴിലാളികൾക്ക് താമസത്തിനു നൽകുന്ന ഷെഡ്ഡുകളിൽ തന്നെയാണ് മിക്കയിടത്തും കീടനാശിനികളും സൂക്ഷിക്കുന്നത്. ഇത്തരം കരാർ തൊഴിലാളികൾ പലപ്പോഴും സ്ത്രീകളായിരിക്കും പിതൃ ആധിപത്യ വ്യവസ്ഥിതിയിൽ സ്ത്രീകൾക്ക് സ്വത്തവകാശമോ കുടുംബവരുമാനത്തിൽ നിയന്ത്രണമോ ഇല്ല. അതുകൊണ്ടുതന്നെ ആരോഗ്യപരിരക്ഷ അവരുടെ പരിധിക്കപ്പുറമാണ്. മറ്റൊരു പ്രധാനകാര്യം സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് ശാരീരികതൂക്കം കുറവും കൊഴുപ്പിന്റെ അളവ് കൂടുതലുമാണ്. ഈ കൊഴുപ്പുകാരണം കീടനാശിനികളുടെ അവശിഷ്ടങ്ങൾ അടിയാനുള്ള സാദ്ധ്യത കൂടുതലാണ്. ആരോഗ്യപ്രവർത്തകർക്കു പോലും കീടനാശിനികളുടെ പരിണതഫലമായുണ്ടാവുന്ന രോഗങ്ങൾ തിരിച്ചറിയാനോ പ്രതിവിധി നിർദ്ദേശിക്കാനോ കഴിയുന്നില്ല. പനി, ഉദരരോഗങ്ങൾ, ശ്വാസകോശരോഗങ്ങൾ എന്നിങ്ങനെ യാഥാർത്ഥ്യത്തിനപ്പുറത്തേക്ക് ഇവ വ്യാഖ്യാനിക്കപ്പെടുന്നു.

ഭോപ്പാൽ ദുരന്തം നടന്നിട്ട് ഇരുപത്തിയഞ്ചു വർഷം കഴിഞ്ഞിരിക്കുന്നു. അവിടെ ഇന്നും വിഷമയമാണ് എന്നൊക്കെ പൊതുവേ പറയുമ്പോഴും അവിടുത്തെ സ്ത്രീസമൂഹം ഇതിന്റെ കെടുതികൾ നിശ്ശബ്ദമായി സഹിച്ചുകൊണ്ടിരിക്കുകയാണ്. അവരെല്ലാം ആർത്തവക്രമക്കേടുകൾ ഉള്ളവരാണ്. മൂന്നോനാലോ മാസം കൂടുമ്പോൾ മാത്രം മാസമുറ വരികയും അപ്പോൾ അമിതമായ രക്തസ്രാവം ഉണ്ടാവുകയും ചെയ്യുന്നു. ഈ സമയത്ത് കണ്ണിന്റെ കാഴ്ചപോലും മങ്ങുന്നു. ഇവയൊന്നും ആരോടും തുറന്നുപറയാനാവുന്നുമില്ല. ആർത്തവത്തിലെ ക്രമമില്ലായ്മ അണ്ഡോല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. തുടർച്ചയായി അബോർഷനുകൾ സംഭവിക്കുന്നു. പല പെൺകുട്ടികളും വിവാഹം കഴിക്കാൻ ധൈര്യമില്ല എന്ന് തുറന്നു പറയുന്നവരാണ്. അബോർഷനുകൾ തുടർച്ചയായി സംഭവിക്കുന്നതിനാൽ വിവാഹമോചനങ്ങളും സാധാരണമാണ്. ഇതൊന്നും ഇരുപത്തിയഞ്ചു വർഷത്തിനു മുമ്പ് നടന്ന ദുരന്തത്തിന്റെ ബാക്കിപത്രമാണെന്ന് വിശ്വസിക്കാനോ മനസ്സിലാക്കാനോ ആർക്കും ആവുന്നില്ല.

വികസനപദ്ധതികളെക്കുറിച്ച് ചിന്തിക്കുമ്പോൾ പാരിസ്ഥിതിക പ്രതിസന്ധികൾ എന്ന നിലയിൽ ചർച്ചകൾക്കൊപ്പം സ്ത്രീപ്രശ്നങ്ങൾ വിശാലമായ അർത്ഥത്തിൽ സ്വീകരിക്കേണ്ടതുണ്ട്. അത്തരം ചർച്ചകൾ നടക്കാത്തതിനാൽ കൊടിയ ദുരന്തങ്ങൾ നമ്മെ ഗ്രസിച്ചുകഴിഞ്ഞു. അതിൽ നിന്ന് മുന്നോട്ട് പോവാതെ ദുരന്തങ്ങളുടെ കാഠിന്യം കുറക്കാനാണ് നാം ശ്രമിക്കേണ്ടത്. ഭരണീയ നേതൃത്വങ്ങളുടേയും ഗവേഷകരുടേയും പഠനങ്ങളും കാഴ്ചപ്പാടുകളും അത്തരത്തിലാണ് നീങ്ങേണ്ടത്. ശബ്ദം അപഹരിക്കപ്പെട്ട ഇരകളുടെ ദുരന്തങ്ങൾ ഇങ്ങനെനീളുന്നു.●

സിനിമ






സുനീത ടി.വി

# എന്റെ നേരെ വരുമ്പോൾ മാത്രം പ്രതികരിക്കുന്നവർക്കായി ഒരു ചിത്രം – 'എന്റെ'

**അ**ന്യായങ്ങളുടേയും പെരുമകളുടേയും അധ്യായങ്ങൾ ഒരുപാടുണ്ട് കേരളീയ സ്ത്രീചരിത്രത്തിന്. സാമൂഹ്യനീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളുടെ നീണ്ടചരിത്രത്തിൽ തിരിച്ചറിയപ്പെട്ടവരും അല്ലാത്തവരുമായ നിരവധി സ്ത്രീകളുടെ 'ചോരയും കണ്ണീരും നനഞ്ഞ വഴികളുണ്ട്'. എന്നാൽ ഈ ചരിത്രം ഇനിയും വേണ്ടത്ര രേഖപ്പെടുത്തപ്പെട്ടിട്ടില്ല. എന്നാൽ കൃത്യമായി തിരിച്ചറിയാനാവുന്ന ഒന്നുണ്ട്. അന്തമില്ലാത്ത അന്യായങ്ങൾക്ക് ഇരകളാക്കപ്പെട്ട സ്ത്രീകൾക്ക് ഒരിക്കലും നീതി കിട്ടുന്നില്ല എന്ന സത്യം. സൂര്യനെല്ലിപ്പെൺകുട്ടിയുടെ 16 വർഷത്തെ കഠിനമായ ജീവിതം അതിനൊരു ഉദാഹരണം മാത്രം. പത്രങ്ങൾക്ക് ദിവസേന 'പ്രത്യേകപതിപ്പുകൾ' ഇറക്കാൻ മാത്രം അത്രയുമധികം സ്ത്രീപീഡന വാർത്തകൾ വന്നുകൊണ്ടിരിക്കുന്നുമുണ്ട്.

ഈ സന്ദർഭത്തിലാണ് 'എന്റെ' എന്ന സിനിമ തിയേറ്ററുകളിലെത്തുന്നത്. ഒരു ലൈംഗിക അതിക്രമത്തെ അതിജീവിച്ച്, സമാനസാഹചര്യങ്ങളിലകപ്പെട്ട ആയിരക്കണക്കിന് സ്ത്രീകളെ രക്ഷിച്ച 'പ്രജ്വല' എന്ന സംഘടന രൂപീകരിച്ച് പ്രവർത്തിക്കുന്ന ഡോ.സുനിതാകൃഷ്ണൻ നിർമ്മിച്ച സിനിമ. 'ലൈംഗിക വാണിഭം കാലങ്ങളായി തുടരുന്ന വലിയൊരു സാമൂഹ്യപ്രശ്നമാണ്. അതിന് ഇരയാവുന്ന സ്ത്രീകളെ വീണ്ടും കുറ്റപ്പെടുത്തുന്ന രീതിയാണ് സമൂഹത്തിനുള്ളത്. ഇത്തരം കാര്യങ്ങൾ തങ്ങൾക്ക് സംഭവിക്കില്ല എന്നാണ് ജനങ്ങൾ ചിന്തിക്കുന്നത്. ആ ധാരണ മാറ്റാൻ വേണ്ടിയാണ് സിനിമ എന്ന ജനകീയമാധ്യമം ഞാൻ തിരഞ്ഞെടുത്തത്' - ഡോ.സുനിതാകൃഷ്ണൻ ചിത്രത്തിന്റെ നിർമ്മാണോദ്ദേശ്യം വ്യക്തമാക്കുന്നു. 11 വർഷം മുമ്പ് അവർ നേരിട്ടുസാക്ഷിയായ ഒരു യഥാർത്ഥസംഭവത്തെ ആധാരമാക്കിയാണ് ചിത്രം രൂപപ്പെടുത്തിയിരിക്കുന്നത്. സുനിതയുടെ ഭർത്താവായ പ്രസിദ്ധ സംവിധായകൻ രാജേഷ് ടച്ച്റിവറാണ് ചിത്രത്തിന്റെ തിരക്കഥയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്നത്.

***കഥാസാരം***

ദുർഗ്ഗ (അഞ്ജലി പട്ടേൽ) ഒരു ലൈംഗികവാണിഭകേന്ദ്രത്തിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്നതും പരാജയപ്പെടുന്നതുമായ ഞെട്ടിപ്പിക്കുന്ന രംഗ



ങ്ങളോടെയാണ് ചിത്രം ആരംഭിക്കുന്നത്. തുടർന്ന് ദുർഗ്ഗയുടെ ഭൂതകാലത്തിലേക്ക് എത്തിനോക്കുന്നു.

കേരള-തമിഴ്നാട് അതിർത്തിയിലുള്ള ഒരു ഗ്രാമത്തിലെ സ്കൂളിൽ ഉന്നതവിജയം നേടിയ ദുർഗ്ഗയെ അഭിനന്ദിക്കുന്ന യോഗം. തന്റെ വിജയം സ്നേഹസമ്പന്നനായ അച്ഛന് സമർപ്പിച്ച മകളെ ചേർത്തുനിർത്തി വിതുമ്പുന്ന അച്ഛൻ ശ്രീനിവാസൻ (സിദ്ദിഖ്), വീട്ടമ്മയായ അമ്മ (നീനാകുറുപ്പ്). ഗ്രാമത്തിൽ സന്തോഷമായി ജീവിക്കുന്ന കുടുംബം. സർവ്വസമ്മതനും പൊതുകാര്യ പ്രസക്തനുമായ അച്ഛൻ ശ്രീനിവാസന് ഹൈദരാബാദിലാണ് ജോലി. തുടർവിദ്യാഭ്യാസത്തിന് അച്ഛന്റെ എതിർപ്പു വകവെയ്ക്കാതെ മകൾ ഹൈദരബാദിലെത്തുന്നതോടെയാണ് അവളുടെ ജീവിതം ദുരന്തത്തിലേക്ക് വലിച്ചെറിയപ്പെടുന്നത്.

ഒരു ലൈംഗികവാണിഭസംഘം അവളെ തട്ടിക്കൊണ്ടുപോവുന്നു. പിന്നീട് അവളെത്തേടി വേശ്യാലയങ്ങൾ തോറും ഹോട്ടലുകൾ തോറും അലയുകയാണ് അച്ഛൻ. പിന്നീട് അവൾ ഞെട്ടലോടെ തന്റെ അച്ഛന്റെ തൊഴിലെന്തായിരുന്നുവെന്ന് തിരിച്ചറിയുന്നു! തുടർന്നുണ്ടാവുന്നത് സംഭവബഹുലമായ ദിവസങ്ങളാണ്.

സിനിമയുടെ അന്ത്യം പതിവുരീതികളെ തകർത്തുകൊണ്ട് മിതവും ഉചിതവും ഉജ്ജ്വലവുമായി ചിത്രീകരിക്കുന്നു. വീടിന്റെ ഉമ്മറപ്പടിയിൽ നിറകണ്ണുകളുമായി ഇരിക്കുന്ന അവളുടെ ചുണ്ടിൽ വിരിയുന്ന ചെറുചിരി എന്തെന്ന് വ്യാഖ്യാനിക്കാനുള്ള അവസരം നമുക്കു വിട്ടുതന്നുകൊണ്ടാണ് സിനിമ അവസാനിക്കുന്നത്. കണ്ടിറങ്ങിയ ഓരോരുത്തരെയും നിരന്തരമായി അസ്വസ്ഥരാക്കിക്കൊണ്ട് ദുർഗ്ഗ ഇരിപ്പു തുടരുന്നു.

പ്രസിദ്ധ മറാത്തി നടിയായ അഞ്ജലിപട്ടേൽ ദുർഗ്ഗയുടെ വേഷം ഗംഭീരമാക്കി. സിദ്ദിഖും തന്റെ കഥാപാത്രത്തെ അവിസ്മരണീയമാക്കി. ലക്ഷ്മിമേനോൻ, നീനാക്കുറുപ്പ്, രത്നാശേഖർ, അനൂപ് അരവിന്ദൻ, വാറൻ ജോസഫ്, സുനിൽ കുടവട്ടൂർ തുടങ്ങിയവരാണ് മറ്റ് അഭിനേതാക്കൾ. ഛായാഗ്രഹണം രാമതുളസി. കലാസംവിധാനം രാജീവ്നായർ. എഡിറ്റർ ഡോൺമാക്സ്, 'ത്രീ ഇഡിയറ്റ്സ്'-ലൂടെ പ്രസിദ്ധനായ ശന്തനുമൊയ്ത്രയാണ് പശ്ചാത്തലസംഗീതം. ഗാനങ്ങൾ ആലപിച്ചിരിക്കുന്നത് ശ്രേയാഘോഷാൽ.




**സിനിമയുടെ അന്ത്യം പതിവുരീതികളെ തകർത്തുകൊണ്ട് മിതവും ഉചിതവും ഉജ്ജ്വലവുമായി ചിത്രീകരിക്കുന്നു. വീടിന്റെ ഉമ്മറപ്പടിയിൽ നിറകണ്ണുകളുമായി ഇരിക്കുന്ന അവളുടെ ചുണ്ടിൽ വിരിയുന്ന ചെറുചിരി എന്തെന്ന് വ്യാഖ്യാനിക്കാനുള്ള അവസരം നമുക്കുവിട്ടുതന്നുകൊണ്ടാണ് സിനിമ അവസാനിക്കുന്നത്.**

***ചുരുക്കത്തിൽ***

നിർമ്മാണം, സമകാലികപ്രസക്തി എന്നിവയോടൊപ്പം തന്നെ സുനിതാകൃഷ്ണന്റെ ഈ ചിത്രത്തെ ശ്രദ്ധേയമാക്കുന്നത് പ്രമേയം കൈകാര്യം ചെയ്യുന്നതിലെ കയ്യടക്കവും മികച്ച കലാമേന്മയും കൂടിയാണ്. എല്ലാവരും നിർബന്ധമായും കണ്ടിരിക്കേണ്ട പടം. തന്റെ നേരെ വരുമ്പോൾ മാത്രം പ്രതികരിക്കുകയും മറ്റെല്ലാത്തിനും നേരെ നിസ്സംഗതയോടെ കണ്ണടച്ചിരിക്കുകയും ചെയ്യുന്ന നമ്മുടെ സമൂഹത്തിന്റെ സ്വസ്ഥത കെടുത്താൻ പോന്നത്ര ശക്തമായ ഇത്തരമൊരു മലയാളചിത്രം സമീപകാലത്തൊന്നും ഉണ്ടായിട്ടില്ല. അത്തരം ഇരട്ടത്താപ്പുകലർന്ന സമൂഹത്തിന്റെ പ്രതീകമാണ് ചിത്രത്തിലെ ദുർഗ്ഗയുടെ അച്ഛൻ ശ്രീനിവാസൻ. മറ്റു പെൺകുട്ടികളെ ഒരു കാരുണ്യവും കൂടാതെ വേശ്യാലയത്തിലേക്ക് വഞ്ചിച്ച് എത്തിക്കുന്നയാൾ സ്വന്തം മകൾക്ക് അതു സംഭവിച്ചപ്പോൾ തകർന്നുപോയത് അതുകൊണ്ടാണ്. ഇരകളെ വീണ്ടും വീണ്ടും പഴിച്ച് ഇരകളാക്കി നാം സ്വസ്ഥമായിരിക്കുമ്പോൾ നാളെ നമ്മളോ നമ്മുടെ മക്കളോ അതുപോലെയാവുമ്പോൾ എന്തു സംഭവിക്കും എന്ന് ഓർമ്മിക്കുന്നത് നന്നായിരിക്കും എന്ന് താക്കീതു നൽകുന്നു ഈ ചിത്രം. ●

## പുസ്തകപരിചയം




**അക്ഷരക്കിനാവ്**
സുൾഫി
പരിധി പബ്ലിക്കേഷൻസ്
വില : 50

ഈ സമാഹാരത്തിലെ ഓരോ കൊച്ചുകവിതകളിലും പ്രാപഞ്ചികമായ ജൈവവിസ്തൃതികളുടെ ബിന്ദുഭാവങ്ങളുണ്ട്. ഈ കവിതകളോടു കൂടുതൽ അടുക്കുമ്പോൾ ശിശുഭാവങ്ങളിൽ അധിഷ്ഠിതമായ ജിജ്ഞാസകളോടൊപ്പം അവരുടെ ചിന്തക്ക് തുണയായി ഉത്ഭവിക്കുന്ന ഭാഷയുടെ രേണുക്കളെ ഉണർവിന്റെ ഒരു ഘടമായിത്തന്നെ കവയിത്രി കാണുന്നു.



**തണലിനെ മോഹിക്കുന്നവർ**
റെഷീദ തൈവളപ്പിൽ
വിദ്യ പ്രിന്റ്സ്
വില : 30


റെഷീദയുടെ 26 കവിതകളടങ്ങിയ പ്രഥമകവിതാസമാഹാരമാണിത്. സാധാരാണക്കാരന് മനസ്സിലാകും വിധം പ്രതീക്ഷകളും, വിഹ്വലതകളും, സ്വപ്നങ്ങളുമൊക്കെ ഈ കവിതകളിലുണ്ട്. ഒരു വീട്ടമ്മ സമയം കിട്ടുമ്പോൾ കുറിച്ചുവെച്ച ചില വരികളാണിതെങ്കിലും അവ എത്രമാത്രം അർത്ഥ സമ്പൂർണ്ണമാണെന്ന് ഈ കവിതകൾ വായിക്കുമ്പോൾ മനസ്സിലാകും.




**മലാല യൂസഫ്സായ്**
ഒരു പാകിസ്ഥാനി സ്കൂൾ വിദ്യാർത്ഥിനിയുടെ ജീവിതക്കുറിപ്പുകൾ
ഇൻസൈറ്റ് പബ്ലിക്ക
വില : 100

മലാലയെ പാകിസ്ഥാനിലെ ആൻ ഫ്രാങ്ക് എന്ന് വിളിക്കാം. സ്വാത്തിലെ ഈ പെൺകുട്ടി പാകിസ്ഥാനെ പുനർനിർവചിച്ചിരിക്കുന്നു. ഈ ഗ്രന്ഥം ഒരു പക്ഷേ മലാലയെ കുറിച്ചുള്ള ലോകത്തിലെ തന്നെ ആദ്യഗ്രന്ഥമാകാം.

## ലോങ്ങ് ഷോട്ട്




കബിത മുഖോപാധ്യായ



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara